KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 37877

Author മാധവവൈപെ. ആർ. ഇരവൂർ

Title ഒരു പ്രസാധകന്റെ അനുഭവ ങ്ങൾ

1422

# ഒരു പ്രസാധകന്റെ അനുഭവങ്ങൾ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
37877

ആർ. മാധവപ്പൈ, തുറവൂർ

ശ്രീ. നരസിംഹവിലാസം ബുക്കു് ഡിപ്പോ
തുറവൂർ കേരളം
3-50

## മാധവപ്പൈയുടെ കൃതികൾ

ദ്രോണർ
* അമ്മായിഅമ്മ
* സഹകരണദീപിക
* വായ്പസഹായി
* നമ്മുടെ സഹകരണസംഘങ്ങൾ
* സഹകരണ പ്രവേശിക
* ജാലവിദ്യകൾ

അപരാധിനി
* കളികൾ
* സാഹിത്യകുശലൻ ശേഷഗിരിപ്രഭു

ബാലാരാമം
* ചരിത്രപാഠങ്ങൾ
* ചിത്രകഥാവലി

എക്സ്റെ

സ്വധർമ്മസുധ
* ലൈബ്രേറിയൻ
* വയോജന വിദ്യാഭ്യാസം
* ശ്രീമദ് സുകൃതീന്ദ്രതീർത്ഥസ്വാമികൾ
* ഫൗണ്ടൻ പേന
* ജതിൻദാസ്
* ഗ്രന്ഥസംഭരണം
* പരഹൃദയജ്ഞാനം

ഗ്രന്ഥശാലകൾ പൊതുജനദൃഷ്ടിയിൽ

ഒരു പ്രസാധകൻെറ അനുഭവങ്ങൾ

---

* അടയാളം കാണുന്നവ സ്കൂൾ ലൈബ്രറികൾക്കു വേണ്ടി കേരള ഗവൺമെൻറ് അംഗീകരിച്ചവയാണ്.

# I

## ചില വസ്തുതകൾ

സാഹിത്യപ്രവൎത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നാലു വിഭാഗമായി തിരിക്കാമെന്ന് ഒരവസരത്തിൽ സഹോദരൻ ശ്രീ കെ. അയ്യപ്പൻ ബി. ഏ. പറയുകയുണ്ടായി. നോവലോ, കഥയോ, കവിതയോ, നാടകമോ, ശാസ്ത്രമോ, ഉപന്യാസമോ, എന്നുവേണ്ട സാഹിത്യത്തിൻെറ ഏതു വിഭാഗത്തിലും ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ രചിക്കുന്നവരാണ് അവരിൽ ആദ്യത്തെ കൂട്ടർ. ഗ്രന്ഥകർത്താക്കൾ എഴുതി തയ്യാറാക്കുന്ന ഗ്രന്ഥങ്ങളെ അച്ചടിപ്പിച്ചു പുസ്തക രൂപത്തിൽ തയാർചെയ്യുന്ന പ്രസാധകർ രണ്ടാംസ്ഥാനം വഹിക്കുന്നു. പ്രസാധകർ തയ്യാറാക്കുന്ന പുസ്തകങ്ങൾ നാടൊട്ടുക്കുള്ള വായനക്കാർക്ക് കിട്ടാൻ സൗകര്യപ്പെടത്തക്കവിധത്തിൽ ആ പുസ്തകങ്ങളുടെ വില്പന നടത്തുന്ന പുസ്തകവ്യപാരികളാണ് മൂന്നാംതരക്കാർ. ആ പുസ്തകങ്ങൾ വായിച്ച് ആസ്വദിക്കുകയോ വിമർശിക്കുകയോ അപഹസിക്കുകയോ ചെയ്യുന്ന പുസ്തകപാരായണക്കാരത്രെ നാലാമത്തെ കൂട്ടർ. ഈ നാലു കൂട്ടരും യഥോചിതം പ്രവർത്തിക്കുമ്പോഴാണ് സാഹിത്യപ്രവർത്തനം സുശക്തമായി പുരോഗമിക്കുക.

ഒരു പുസ്തകത്തിൻെറ അന്തസ്സത്തയെ സംബന്ധിച്ചുള്ള എല്ലാ മേന്മയും അതിൻെറ രചയിതാവിനെ, അതായതു് ഗ്രന്ഥകർത്താവിനെ ആശ്രയിച്ചാണിരിക്കുന്നതു്. ബാഹ്യമായ മോടികൾ വരുത്തുവാനേ പ്രസാധകനെക്കൊണ്ടു കഴിയൂ. നല്ല കട്ടിയും മേനിയും ഉള്ള കടലാസ്സിൽ അച്ചടിക്കുക, അച്ചടിപ്പിഴകൾ ഉണ്ടാവാത്ത വിധത്തിൽ ശരിക്കും പ്രൂഫ് പരിശോധിക്കുക, ഉറപ്പായി ബയൻറു ചെയ്യുക, ഹൃദ്യമായ കവർചിത്രം ചേർക്കുക; തുടങ്ങിയുള്ള കാര്യങ്ങളിൽ ശ്രദ്ധിച്ചു് പ്രസാധകനു് ആ ഗ്രന്ഥത്തിൻെറ മൂല്യത്തെ വർദ്ധിപ്പിക്കാം. പുസ്തകം കാണുമ്പോൾ അതൊന്നു കൈയിലെടുക്കണമെന്നും കൈയിലെടുത്തു കഴിയുമ്പോൾ ഒന്നു തുറന്നുനോക്കണമെന്നും തുറന്നു നോക്കി കഴിയുമ്പോൾ അതൊന്നു വായിച്ചു നോക്കണമെന്നും ആശ ജനിപ്പിക്കുന്നതിനു് പ്രസാധകൻെറ കലാവിരുതിനു കഴിയും. വായിച്ചു തുടങ്ങിയാൽ പിന്നെ അവസാനംവരെ വായിക്കുവാനുള്ള പ്രേരണ ചെലുത്തേണ്ടതു് ഗ്രന്ഥകാരൻെറ കഴിവുകൊണ്ടാണു്.

പുസ്തകത്തെപ്പററി സ്തുതിപരങ്ങളായ വിവരങ്ങൾ ഉൾക്കൊള്ളിച്ചും മണ്ഡനപരമായ അഭിപ്രായങ്ങളിലെ പ്രസക്തഭാഗങ്ങൾ ഉദ്ധരിച്ചുചേർത്തു് ആകർഷകങ്ങളായ പരസ്യങ്ങൾ ധാരാളമായി പ്രസിദ്ധം ചെയ്തും വായനക്കാരുടെ ഇടയിൽ താല്പര്യം വർദ്ധിപ്പിക്കാനും അങ്ങനെ വില്പന കിട്ടാൻ സൗകര്യപ്പെടുത്തുവാനും പുസ്തകവ്യാപാരിക്കു കഴിയും. ഒരു തരത്തിൽ പറഞ്ഞാൽ ആ പുസ്തകത്തെ സംബന്ധിച്ചിടത്തോളം വിജയത്തിൽ ഏററിയപ

കിനും ഉത്തരവാദിയായിരിക്കുക പുസ്തകവ്യാപാരിതന്നെയാണു്.

പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ വില്പന നടത്തുക എന്ന കൃത്യം മാത്രം നിർവ്വഹിക്കുന്നവരായി ഇന്നും പലരുണ്ടെങ്കിലും പ്രസാധനം മാത്രം നിർവ്വഹിച്ചു് വില്പന മുഴുവൻ വില്പനക്കാർക്കായി വിട്ടുകൊടുക്കുന്നതരത്തിലുള്ള പ്രസാധകർ ഇക്കാലത്തു് തീരെ ചുരുക്കമത്രെ. പ്രസാധകർ എല്ലാവരും തന്നെ പുസ്തകവ്യാപാരികളും കൂടിയാകുന്നു എന്നു പറഞ്ഞാൽ അതിൽ ഏറെ തെറ്റൊന്നും ഉണ്ടാകുവാൻ വഴിയില്ല. ഒരു സ്ഥലത്തു് പ്രസാധനം നടന്നുകൊണ്ടിരിക്കുമ്പോൾ പല സ്ഥലത്തു് വില്പന നടത്തുവാൻ സൗകര്യപ്പെടുത്തുന്ന പ്രസാധകരും ഇപ്പോൾ വിരളമല്ല. പല സ്ഥലങ്ങളിൽ വില്പനയ്ക്കു് അവരുടെ ബ്രാഞ്ചുകൾ ഉണ്ടാവും. പക്ഷേ ആ ബ്രാഞ്ചുകളിലെങ്ങും പ്രസാധനം ഉണ്ടാവുകയില്ല. പ്രസിദ്ധീകരണശാല ഹെഡ് ഓഫീസിനോടു ചേർന്നുമാത്രമാകും. ഈ വസ്തുതകൾ വച്ചുനോക്കുമ്പോൾ ശ്രീ അയ്യപ്പൻെറ അഭിപ്രായപ്രകാരമുള്ള നാലു ഘട്ടങ്ങളെ മൂന്നാക്കി ചുരുക്കാൻ കഴിയും. ഗ്രന്ഥകാരൻ, പുസ്തകവില്പന കൂടി നടത്തുന്ന പ്രസാധകൻ, വായനക്കാരൻ എന്നു മതിയാകും വിഭജനം.

മദ്ധ്യവർത്തികളെ എവിടെയും ഏതു കാര്യത്തിലും കാണുവാൻ കഴിയും. കാർഷികോല്പന്നങ്ങളെ സംബന്ധിച്ചാണെങ്കിൽ ഉല്പാദകൻെറയും ഉപഭോക്താവിൻെറയും ഇടയ്ക്കുനിന്നു പ്രവർത്തിക്കുന്ന വ്യാപാരി ഉണ്ടു്. വസ്തുവോ കെട്ടിടമോ അതുപോലുള്ള മററു സാധനങ്ങളോ വില്ക്കുവാൻ ആഗ്രഹിക്കുന്ന ഉടമസ്ഥൻെറയും അതു വാങ്ങുവാൻ

ആഗ്രഹിക്കുന്ന ആവശ്യക്കാരൻേറയും ഇടയ്ക്കുമുണ്ട് ഒരു തരം മദ്ധ്യവത്തികൾ. അവരെ ദല്ലാളന്മാർ എന്നാണു് നാം സാധാരണ പറയുക. വിവാഹം സംബന്ധിച്ചു വരൻെറ കൂട്ടരെയും വധുവിൻെറ കൂട്ടരെയും തമ്മിൽ കൂട്ടിമുട്ടിക്കുവാനോ യോജിപ്പിക്കാനോ ശ്രമിക്കുന്ന ഒരു കൂട്ടരുണ്ടല്ലോ, വിവാഹദല്ലാളന്മാർ എന്ന പേരിൽ അറിയപ്പെടുന്നവരായിട്ടു്. ഒരു പെൺകുട്ടിയുടേയോ ആൺകുട്ടിയുടേയോ വിവാഹം ഉടനെ നടന്നാൽ കൊള്ളാമെന്നാഗ്രഹിച്ചു കഴിയുന്നവരുടെ ഭവനത്തിൽ വിവാഹദല്ലാൾ എന്നും സംപൂജ്യനായ ഒരു അതിഥിയാണു്. തങ്ങളുടെ ഭാവിശ്രേയസ്സ് മുഴവൻ ആ ആളിൻെറ പിടിയിൽ ഒതുങ്ങിയിരിക്കുന്നു എന്നാണു് അക്കാലത്തെ വിശ്വാസം. എങ്ങനെയും വിവാഹമൊന്നു നടന്നു കഴിയുകയേ വേണ്ടൂ അയാളൊരു കറിവേപ്പിലപ്രായമാകുവാൻ. ആഹാരസാധനത്തിനു രുചിയുണ്ടാവാൻ വേണ്ടി തൻെറ ജീവരസ്സത്തപോലും ബലി കഴിക്കുന്ന വസ്തുവാണല്ലോ കറിവേപ്പില. ആ സാധനങ്ങൾ ആഹരിച്ചു തുടങ്ങുന്നതിനുമുമ്പു് ആ കറിവേപ്പിലയെയെല്ലാം നുള്ളിപ്പെറുക്കി ബഹിഷ്ക്കരിക്കുന്നവരാണല്ലോ നാം. ഏതെങ്കിലും കാര്യസാദ്ധ്യത്തിനു് മദ്ധ്യവർത്തികളെ ആവശ്യമാകും. അക്കാലത്തവരെ സ്ഥാനത്തും അസ്ഥാനത്തും മാനിക്കും. കാര്യം സാധിച്ചുകഴിഞ്ഞാലോ പിന്നീടിക്കൂട്ടരെ സർവ്വത്ര പുച്ഛമാണു്. അവർ നടത്തിയ വെട്ടിപ്പിനേയും തട്ടിപ്പിനേയുംപററിയുള്ള ഉൽഘോഷണങ്ങളായിരിക്കും സർവ്വത്ര. അങ്ങനെ അതങ്ങനിൽക്കുകയാണെങ്കിലും തരക്കേടില്ലായിരുന്നു. അടുത്ത അവസരത്തിൽതന്നെ പിന്നെയും ഒരാവശ്യം വന്നുകൂടിയാൽ, തങ്ങൾ അങ്ങേയററം നിന്ദിച്ചവരുടെ കാലു പിടിക്കാൻ പോകേണ്ട എന്നൊന്നും ന

മുക്കു തോന്നുകയില്ല. സ്തുതിഗീതങ്ങളുമായി നാം ആ മദ്ധ്യവർത്തികളെ സമീപിക്കും. പണ്ടത്തെ കാര്യങ്ങളെല്ലാം മറന്നു് ഒരുപക്ഷേ സ്വല്പമായ ലാഭേച്ഛയോടുകൂടിയായാലും അയാൾ ആ കാര്യം എങ്ങനെയും വഹിച്ചു എന്നു വരട്ടെ പിന്നീടുള്ള ആക്ഷേപങ്ങൾ പണ്ടത്തേതിന്റെ പത്തിരട്ടിയാകും. മദ്ധ്യവർത്തികളുടെ ഗതികേടാണതു്.

ഗ്രന്ഥകാരന്റെയും വായനക്കാരന്റെയും ഇടയ്ക്കു നിന്നു് അവരെ തമ്മിൽ പരിചയിപ്പിക്കുകയും അടുപ്പിക്കുകയും ചെയ്യുന്ന മദ്ധ്യവർത്തിയാണു് പ്രസാധകൻ. പണ്ടൊക്കെ ഗ്രന്ഥകാരന്മാർ സ്വന്തം ചെലവിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ചു് പ്രസിദ്ധം ചെയ്യാറുണ്ടായിരുന്നു; അതുമൂലമുള്ള ലാഭനഷ്ടങ്ങൾ സ്വയം സഹിക്കാമെന്നു് സമാധാനിച്ചുകൊണ്ടു്. സാമർത്ഥ്യമുള്ള അപൂർവ്വം ചിലർക്കു് ലാഭവും ബഹുഭൂരിഭാഗത്തിനും നഷ്ടവും വരുത്തുന്ന ഇടപാടായിരുന്നു അതു്. ഇക്കാലത്തു് അത്തരം ബുദ്ധിമുട്ടുകൾ സ്വയം സഹിക്കുന്ന ഗ്രന്ഥകർത്താക്കളെ കണ്ടുകിട്ടാൻ തന്നെ പ്രയാസമാണു്. എല്ലാവരും പ്രസാധകരുടെ സഹായം തേടുകതന്നെ ചെയ്യുന്നു. പക്ഷേ ഗ്രന്ഥകാരന്റെയും വായനക്കാരന്റെയും ഇടയ്ക്കു് ഒരു മദ്ധ്യവർത്തിയായി നിലകൊള്ളുന്ന പ്രസാധകന്റെ പരാധീനതകൾ മുകളിൽ വിവരിച്ചതിൽനിന്നു് ഒട്ടും ഭിന്നമായിട്ടുള്ളതല്ല. അക്രൂട്ടർ ഏൽക്കേണ്ടിവരുന്ന ഒളിയമ്പുകൾക്കും ക്രൂരമ്പുകൾക്കും യാതൊരു കണക്കുമില്ല, ഒരു എഴുത്തുകാരൻ "രാക്ഷസന്മാർ ജീവിക്കുന്നു" എന്ന പേരിൽ ഒരു പുസ്തകം തന്നെ എഴുതി പ്രസിദ്ധം ചെയ്യുകയുണ്ടായി. ആരാണീ രാക്ഷസന്മാരെന്നറിയാമോ? പ്രസാധക

ന്മാർതന്നെ. നമ്മുടെ പ്രിയംകരനായ മഹാകവി ചങ്ങമ്പുഴ സാഹിത്യത്തിലെത്തിനോക്കിത്തുടങ്ങിയ ആദ്യകാലത്തു് വിദ്യാഭ്യാസാവശ്യങ്ങൾക്കും മററും വേണ്ടത്ര സാമ്പത്തികശേഷിയില്ലാതെ കഷ്ടപ്പെട്ടുകയായിരുന്നു. ചങ്ങമ്പുഴയ്ക്കു് എന്തെങ്കിലും സൗകര്യങ്ങളൊക്കെ ഉണ്ടാക്കിക്കൊടുത്താൽ കൊള്ളാമെന്നു് ഹാസ്യസാമ്രാട്ടായിരുന്ന ഈ. വി. കൃഷ്ണപിള്ളക്കുതോന്നി. അദ്ദേഹം തൻെറ ആത്മാർത്ഥസുഹൃത്തും ശ്രീരാമവിലാസം പ്രസ്സിൻെറ അന്നത്തെ സർവ്വാധിപതിയും ആയിരുന്ന കെ. ജി. ശങ്കറിൽ സ്വാധീനം ചെലുത്തി. ചങ്ങമ്പുഴയുടെ ചില കൃതികൾ പ്രസിദ്ധം ചെയ്യിക്കുകയും അക്കാലസ്ഥിതിക്കു് കാമ്യമായ പ്രതിഫലം കൊടുപ്പിക്കുകയും ചെയ്തു. ചങ്ങമ്പുഴയ്ക്കു് അന്നതൊരു വലിയ ആശ്വാസമായിരുന്നു. അതിൽ അദ്ദേഹം അങ്ങേയററം കൃതജ്ഞനുമായിരുന്നു. പക്ഷേ കാലം കുറേ കഴിഞ്ഞപ്പോൾ ഈ. വി. കൃഷ്ണപിള്ളയും കെ. ജി. ശങ്കറും കൂടിച്ചേൎന്നു് തന്നെ ചൂഷണം ചെയ്യുകയായിരുന്നു എന്നു പറഞ്ഞു് ചങ്ങമ്പുഴ പരിതപിച്ചു. അവരുടെ മേൽ പഴിചാരിക്കൊണ്ടു് പരസ്യമായ പ്രസ്താവനപോലും ചങ്ങമ്പുഴയിൽനിന്നുണ്ടായി. വെറും അല്പജ്ഞന്മാരിൽ നിന്നു മാത്രമല്ല പേരും പെരുമയും നേടിയ സാഹിത്യശിരോമണികളിൽ നിന്നുപോലും ഇത്തരം അനുഭവങ്ങൾ പ്രസാധകന്മാൎക്കുണ്ടാകുന്നു എന്നു കാണിക്കുവാൻവേണ്ടിയാണു് ചങ്ങമ്പുഴയുടെ ആത്മാവിനോടു് മാപ്പിരന്നുകൊണ്ടു് ഈ വസ്തുത രേഖപ്പെടുത്തുന്നതു്.

ഈ എഴുത്തുകാരനും എളിയ രീതിയിൽ സാഹിതീദേവിയെ ആരാധിക്കുന്ന കൂട്ടത്തിലാണു്. മണവും ഗുണവും എങ്ങനെയിരുന്നാലും കുറേ പുഷ്പങ്ങൾ ഞാനും

ദേവിയുടെ കാലടികളിൽ അർപ്പിച്ചിട്ടുണ്ട്. പേർ പറയാവുന്നതായി ഇരുപതിലധികം ലഘുഗ്രന്ഥങ്ങളുണ്ടെന്നു പറയാം. അതിൽ ആദ്യത്തെ ഒരെണ്ണം മാത്രമേ അന്യനായ ഒരു പ്രസാധകനിൽക്കൂടി വെളിച്ചം കണ്ടതായുള്ളു. നാല്പതിലേറെ കൊല്ലങ്ങൾക്കുമുമ്പ് എൻെറ ബാല്യകാലത്തെ ഒരു സംഭവമാണതെന്നു പറയാം. അക്കാലത്തു് അതിപ്രശസ്തമായി പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഒരു പ്രസിദ്ധീകരണശാല ആ ലഘുഗ്രന്ഥം പ്രസിദ്ധം ചെയ്തു എന്നുള്ളതിൽ അന്നും ഇന്നും എനിക്കഭിമാനമാണുള്ളതു്.

കാലാന്തരത്തിൽ എനിക്കൊരു പ്രസിദ്ധീകരണശാല സ്വന്തമായുണ്ടായി. ഒരു ഗ്രന്ഥകാരനെന്ന നിലയിൽ ഒട്ടേറെ പ്രസാധകന്മാരുമായിടപെടാനുള്ള ഭാഗ്യമുണ്ടായില്ലെങ്കിലും ഒരു പ്രസാധകനെന്നനിലയിൽ അനേകം ഗ്രന്ഥകാരന്മാരുമായി ഇടപെടുവാനുള്ള ഭാഗ്യം സിദ്ധിച്ചു. വ്യാവസായിക ദൃഷ്ടിവച്ചുനോക്കുമ്പോൾ അത്യന്തം വേദനയ്ക്കിടനൽകുന്ന തിക്തകാനുഭവങ്ങൾ ഇതിനിടയ്ക്കു് ധാരാളമുണ്ടായിട്ടുണ്ട്. ആ അനുഭവങ്ങളെതന്നെ അല്പം നർമ്മബോധത്തോടുകൂടി വീക്ഷിക്കുമ്പോൾ ഊറി ഊറി ചിരിക്കാനുള്ള വകയും ലഭിക്കാറുണ്ട്.

ഭാവനാസമ്പന്നന്മാരാണല്ലോ ! സാഹിത്യകാരന്മാർ. യാഥാർത്ഥ്യ ബോധത്തിൽനിന്നു് ആവുന്നിടത്തോളം അകന്നു് സങ്കല്പലോകത്തിൽ സഞ്ചരിക്കുകയാണവർ അധികം സമയവും. ആ സങ്കല്പസഞ്ചാരത്തിൽ അവർക്കുണ്ടാകുന്ന അനുഭൂതി വിശേഷങ്ങൾ വായനക്കാരെ ഹഠാദാകർഷിക്കുവാൻ പര്യാപ്തമായിത്തീരുന്നു. ഇവിടെ ഒരു ചെറിയ സംശയത്തിനു് ഇടമുണ്ടാകുന്നു. സങ്കല്പസഞ്ചാ

രങ്ങളും അനുഭൂതിവിശേഷവും ഭാവനാസ്പുരണവുമെല്ലാം സാഹിത്യത്തിൽ മാത്രം പോരേ? ജീവിതത്തിലും അതു വേണമോ എന്നതാണാസംശയം. ജീവിതത്തിലും ജീവിതത്തിനിടയ്ക്കു് സല്പസഞ്ചാരികളല്ലാത്തവരുമായുള്ള ഇടപാടുകളിലും ഭാവനയേക്കാളധികമായി യാഥാർത്ഥ്യബോധം പ്രകടമാക്കുകയായിരിക്കില്ലേ നല്ലതു്?

സുദീർഘകാലത്തെ പ്രസാധനത്തൊഴിലിനിടയ്ക്കു് എനിക്കുണ്ടായിട്ടുള്ള അനുഭവശതങ്ങളിൽനിന്നു ചില ഏട്ടുകൾ ഇതിനുപരി നിരത്തിവയ്ക്കാമെന്നു വിചാരിക്കുകയാണു്. ചിലതൊക്കെ ചിരിക്കു വക നൽകുന്നവയാവാം. അതിലേറെ ചിന്തയ്ക്കവസരമുണ്ടാക്കുന്നവയുമാവാം. കൈവശമിരിക്കുന്ന ഫയലുകളിൽനിന്നു് വേണ്ടത്ര തെളിവു ഹാജരാക്കാമെന്ന ഉറപ്പോടുകൂടിയാണു് ഓരോ കാര്യവും പ്രസ്താവിക്കുന്നതെങ്കിലും ഗ്രന്ഥകാരന്മാരുടേയോ ഗ്രന്ഥങ്ങളുടേയോ നാമങ്ങൾ ആവുന്നത്ര മറച്ചുവയ്ക്കുവാൻ തന്നെയാണാഗ്രഹിക്കുന്നതു്. ആളല്ലല്ലോ കാര്യമാണല്ലോ ചിരിയ്ക്കും ചിന്തയ്ക്കും വകനൽകുക.

## II

# അച്ഛൻ രണ്ടു തവണമരിച്ചു.

പുന്നപ്ര വയലാർസമരം നടന്നുകഴിഞ്ഞകാലം. അതിൻെറ വേദനയുടെ ചൂട് അല്പം പോലും ആറിക്കഴിയുവാനുള്ള കാലമായിട്ടില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ 'വയലാർ ബാലൻ' എന്ന പേരിൽ ഒരു നോവലിൻെറ കൈയെഴുത്തുപ്രതി തപാൽ വഴി വന്നുചേർന്നു. ഇവിടെനിന്നും എഴുപതു മൈലിലധികം അകലത്തിൽ മലനാട്ടിലെ ഒരു ഭാഗത്തു നിന്നാണു് ആ കൈയെഴുത്തുപ്രതി വന്നുചേർന്നതു്. പ്രഖ്യാതമായ വയലാർ സമരത്തെ പശ്ചാത്തലമാക്കി രചിച്ച ഒരു ആഖ്യായികയുടെ കൈയെഴുത്തുപ്രതി അയയ്ക്കുന്നു എന്നും അതു് ഏറെറടുത്തു് പ്രസിദ്ധീകരിക്കണമെന്നു് സദയം അപേക്ഷിക്കുന്നു എന്നുമുള്ള ഒരു കത്തുംകൈയെഴുത്തുപ്രതിയിൽ അടക്കം ചെയ്തിരുന്നു.

പ്രമേയത്തിൻെറ പ്രാധാന്യംകരുതി വളരെവേഗം കൈയെഴുത്തുപ്രതി വായിച്ചു തീർത്തു. അതിൽ വയലാറും സമരവും ഉണ്ടെങ്കിലും വയലാർ സമരത്തെ സംബന്ധിച്ചുള്ള വസ്തുതകളിൽ ലേശംപോലും ഉണ്ടായിരുന്നില്ല. വിവരം വിശദമായി കാണിച്ചും പ്രസിദ്ധം ചെയ്വാൻ താല്പര്യമില്ലെന്നറിയിച്ചും ഉടനെ മറുപടി അയ

ച്ചു. രണ്ടുമാസം കഴിഞ്ഞു ഒരു ദിവസം ആ ഗ്രന്ഥകാരൻ നേരിട്ടിവിടെ വന്നു. എറണാകുളത്തേയ്ക്കാമെറോ പോകുന്ന വഴിക്കു് ഒന്നു കയറിയതാണെത്രേ. വസ്തുതകാഠം നേരിട്ടുപറഞ്ഞു ബോധ്യപ്പെടുത്തുവാൻ അങ്ങനെ ഒരവസരം ലഭിച്ചു. വയലാറിൽ വെടി പൊട്ടുന്നതുകേട്ടു് അന്ധാളിച്ച ബാലൻ —ആ ബാലനാണു് നോവലിലെ പ്രധാന കഥാപാത്രം —. പരിഭ്രമിച്ചു് നേരെ കിഴക്കോട്ടോടിയെന്നും അങ്ങനെ ഒരു മൂന്നു മൈലോളം ഓടിക്കഴിഞ്ഞപ്പോഠം നാലുവശത്തു നിന്നും റോഡുകഠം വന്നു സന്ധിക്കുന്ന ഒരു കവലയിൽ എത്തി എന്നും, ഇനിയും എങ്ങോട്ടു തിരിയണം എന്നന്ധാളിച്ചു് കുറേനേരം നിന്നു എന്നും, അവസാനം വടക്കോട്ടേയ്ക്കുതന്നെ തിരിക്കാമെന്നുറപ്പിച്ചു എന്നും വടക്കോട്ടുതിരിഞ്ഞു് ഏഴെട്ടു മൈൽ നടന്നപ്പോഠം എറണാകുളം പട്ടണത്തിലെത്തിയെന്നും, വിവരിക്കുന്ന ഒരു ഭാഗമുണ്ടായിരുന്നു ആ കൈയെഴുത്തുപ്രതിയിൽ. വയലാർ സമരത്തിൽ വെടിപൊട്ടിയ സ്ഥലത്തുനിന്നും ഒന്നുരണ്ടു ഫർലോംഗ് കിഴക്കോട്ടു നീങ്ങിയാൽ പിന്നെ കായലാണു്. ആ കായൽ ഏതുവിധവും നീന്തിക്കടന്നു് രണ്ടുമൂന്നു മൈൽ കിഴക്കോട്ടു ചെന്നാലിക്കട്ടെ ആഴവും വിസ്താരവുമേറിയ വേമ്പനാട്ടുകായലിലാണെത്തുക. അവിടെയെങ്ങും നാലുറോഡും കൂടുന്ന കവലയില്ല. അവിടെനിന്നും ഏഴു മൈൽ നടന്നാലൊന്നും എറണാകുളത്തെത്തുകയില്ല; ഇരുപതു മൈലിലധികം നടന്നേ പറ്റൂ. അതിനുമുണ്ടു് ബുദ്ധിമുട്ടു്. അരൂക്കുററിയിലെത്തിയാൽ പിന്നെ ഏതാണ്ടു് ഒരു മൈലോളം വിസ്താരം വരുന്ന അപകടം നിറഞ്ഞ കായൽ കടക്കേണ്ടതുണ്ടു്. ഈ വിവരമെല്ലാം വിശദമായി പറഞ്ഞുകൊടുത്തു.

വയലാറിലേക്ക് ഇവിടെനിന്നും നാലുമൈലേ ദൂരമുള്ളു എന്നും, ഇവിടെ വന്ന സ്ഥിതിക്ക് അവിടംവരെ പോയി സ്ഥലമൊക്കെ കണ്ടു മനസ്സിലാക്കുകയും സമരകാര്യങ്ങൾ വല്ലതുമൊക്കെ അറിയാൻ ശ്രമിക്കുകയും ചെയ്താൽ കൊള്ളാമെന്നും, അങ്ങനെ ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ നോവലൊന്നു മാറി എഴുതിയാൽ ഒരു പക്ഷേ പ്രസിദ്ധീകരണാർഹമായേക്കുമെന്നും കൂടി ഞാൻ പറയാതിരുന്നില്ല. പക്ഷേ ആ ആൾക്ക് അതിനുള്ള താല്പര്യമൊന്നുമില്ലായിരുന്നു. വയലാറിലേയ്ക്ക് ഇനിയൊരിക്കൽ പോകാമെന്നു പറഞ്ഞ് കൈയെഴുത്തുകോപ്പിയും മടക്കി വാങ്ങി ആ എഴുത്തുകാരൻ അന്ന് മടങ്ങിപ്പോയി. ആ നോവൽ ഇന്നേവരെ ആരും പ്രസിദ്ധം ചെയ്തു കണ്ടിട്ടില്ല എന്ന വസ്തുത കൂടി ഇവിടെ പറയേണ്ടതുണ്ട്.

പറയാനുദ്ദേശിക്കുന്ന പ്രധാന കഥയ്ക്കു് ആമുഖമായി ഒരു ഉപകഥയാണീ പറയുന്നതു്; ഇനിയും നമുക്കു പ്രധാന കഥയിലേക്കു കടക്കാം.

ബങ്കിംചന്ദ്ര ചാറററർജിയുടെ ഒരു നോവൽ ഹിന്ദിയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ഈ എഴുത്തുകാരൻ അയച്ചുതന്നു. അപ്പോഴും ഉണ്ടായിരുന്നു 'സദയം അപേക്ഷിക്കുന്ന' ഒരു കത്തു്. ആ മാററർ എത്തായാലും പ്രസിദ്ധം ചെയ്യാമെന്നു വച്ചു വിവരമറിയിക്കുകയും ചെയ്തു. പെട്ടെന്നുതന്നെ ആൾ ഇവിടെ വന്നെത്തി. പ്രതിഫലമൊക്കെ പറഞ്ഞു സമ്മതിച്ച് എഗ്രിമെന്റെഴുതി വാങ്ങി. കുറെ തുക അന്നുകൊടുത്തു. ബാക്കി മൂന്നു മാസം കഴിഞ്ഞു് കൊടുക്കാമെന്നും സമ്മതിച്ചു.

ഏതാണ്ടു് ഒന്നൊന്നര മാസം കഴിഞ്ഞപ്പോൾ ആ ആളിൽ നിന്നും ഒരു കത്തു കിട്ടുകയുണ്ടായി. പുസ്തകത്തി

ൻെറ അച്ചടി തുടങ്ങിയിരിക്കുമല്ലോ എന്നുള്ള അന്വേഷണവും ബാക്കി സംഖ്യ നിശ്ചിത സമയത്തുതന്നെ അയക്കണമെന്നൊരഭ്യൎത്ഥനയും ആ കത്തു് ഉൾക്കൊണ്ടിരുന്നു. അതിൻെറ കൂടെ ഒരു ദുഃഖ വാൎത്തകൂടി. "ഒരുകാൎയ്യംകൂടി ഖേദപൂൎവ്വം അറിയിച്ചുകൊള്ളുന്നു. എൻെറ വന്ദ്യപിതാവു് ഈ മാസം 17-ാം തിയതി പരലോകപ്രാപ്തനായി." ദുഃഖ വാൎത്തയിൽ അനുശോചനം അറിയിച്ചതോടൊപ്പം സന്ദർഭത്തിൻെറ പ്രാധാന്യത്തെ പരിഗണിച്ചു് മൂന്നുമാസംകഴിഞ്ഞു് കൊടുക്കാമെന്നു സമ്മതിച്ചു നിർത്തിയിരുന്ന തുക പെട്ടെന്നയച്ചുകൊടുക്കുകയുമുണ്ടായി.

മൂന്നുകൊല്ലത്തിലധികംകാലംകഴിഞ്ഞതിനു ശേഷമാണു് ആ എഴുത്തുകാരനിൽ നിന്നും മറെറാരു മാററർ കിട്ടിയതു്. അതു പ്രസിദ്ധം ചെയ്യുവാൻ അത്രയധികം താല്പൎയ്യം തോന്നിയില്ല. ഏതായാലും ഏതാനും ദിവസങ്ങൾക്കുള്ളിൽ ഗ്രന്ഥകാരൻ നേരിട്ടു വന്നുചേർന്നു. കോയമ്പത്തൂരിൽ നിന്നും ഒരു എം. എ. എൽ. ടി. ക്കാരൻ എഴുതിയ ഒരവതാരികയും അന്നു് ആ ആൾ കൊണ്ടുവന്നിരുന്നു. മുൻപു പ്രസിദ്ധം ചെയ്ത ഒരു പുസ്തകത്തിൻെറ എഴുത്തുകാരൻ എന്ന പ്രത്യേക പരിഗണനയിന്മേൽ ആ ഗ്രന്ഥകാരൻെറ നിർബന്ധത്തിനു വഴിപ്പെട്ടു് ആ മാററവും സ്വീകരിക്കാമെന്നു വച്ചു. പ്രതിഫലമൊക്കെ നിശ്ചയിച്ചു് എഗ്രിമെൻറുവാങ്ങി. തുകയൊന്നും അപ്പോൾ കൊടുക്കാൻ തരപ്പെട്ടില്ല. മാററർ പ്രസ്സിൽ കൊടുക്കാനുള്ള സൗകൎയ്യമാകുമ്പോൾ തുക അയച്ചുകൊടുക്കാമെന്നു് പറഞ്ഞുവിടാനേ പററിയുള്ളു.

ഇവിടെയും ഭവിണ്ടിയിരിക്കുന്നു ഒരു ചെറിയ ഉപ

കഥ. എം. എ, എൽ ടി ക്കാരൻെറ അവതാരിക അതിനുശേഷം സാവധാനത്തിൽ വായിച്ചുനോക്കി. ഗ്രന്ഥകാരൻെറ കൈപ്പടയിൽ തന്നെയായിരുന്നു അതു്. ഒറിജിനൽ കൈവശം സൂക്ഷിച്ചു് അതിൻെറ പകർപ്പു് എഴുതിക്കൊണ്ടു പോന്നതായിരിക്കുമെന്നാണു് ആദ്യഘട്ടത്തിൽ കരുതിയിരുന്നതു്. പക്ഷെ ആ കോപ്പി ഒറിജിനലാണെന്നായിരുന്നു സങ്കല്പം. എന്തെന്നാൽ അതിൽ അവസാനം അവതാരികാകാരൻെറ പേരോടൊപ്പം ഒപ്പുംകൂടി ഉണ്ടായിരുന്നു. ഇംഗ്ലീഷറിയാൻ പാടില്ലാത്ത മലയാളി ഇംഗ്ലീഷിലൊപ്പിട്ടാൽ ആ ഒപ്പു് എങ്ങനെയിരിക്കുമോ അത്തരത്തിലായിരുന്നു ആ ഒപ്പു്. ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ: ആ പേരിൽ ഒരു എം. ഏ. എൽ. ററി ക്കാരൻ കോയമ്പത്തൂരിലില്ല. മറെറവിടെയെങ്കിലും ഉണ്ടോ എന്ന കാര്യവും സംശയമാണു്. ഏതായാലും വിചിത്രമായ ആ അവതാരിക പുസ്തകത്തിൽ ചേർക്കുവാൻ ധൈര്യം തോന്നിയില്ല എന്ന വസ്തുത മാത്രം രേഖപ്പെടുത്തിക്കൊണ്ടു് ആ ഉപകഥയ്ക്കു വിരാമമിട്ടുകൊള്ളട്ടെ.

വീണ്ടും നമുക്കു പ്രധാന കഥയിലേയ്ക്കുതന്നെ മടങ്ങാം. മാററർ പ്രസ്സിൽ കൊടുക്കാൻ സൗകര്യമായോ എന്നു ചോദിച്ചും തുക കാലതാമസം കൂടാതെ കിട്ടിയാൽ കൊള്ളാമെന്നഭ്യർത്ഥിച്ചും നാലഞ്ചാഴ്ച കഴിഞ്ഞപ്പോൾ കക്ഷിയുടെ ഒരു കത്തുകിട്ടി. "സദയം അപേക്ഷിക്കുന്ന" സമ്പ്രദായം ആ കത്തിലും ഉണ്ടായിരുന്നു. കത്തിൻെറ അവസാന ഭാഗം ഇപ്രകാരമായിരുന്നു. "...വിശ്ശേഷിച്ചു് എൻെറ പിതാവു് ഇക്കഴിഞ്ഞ... 17 -ാംനു- പരലോകം പൂകിയ ദുഃഖവാർത്തയും സദയം അറിയിച്ചുകൊള്ളുന്നു."

ഇതേപ്പററി, പ്രിയപ്പെട്ട വായനക്കാരെ നിങ്ങാം ക്കെന്താണുതോന്നുന്നതു്? ആ എഴുത്തുകാരനോടു് ഒരു വെറപ്പാണോ? ആയിരിക്കാം. ഞാൻ ചോദിക്കുന്നു അ യാളെ വെറത്തിട്ടെന്താണു കാര്യമെന്നു്. പാവം! അ യാളോടു നമുക്കു അനുകമ്പ തോന്നിയാൽ മാത്രം മതി. അല്ലേ? അതല്ലേ വേണ്ടതു്?

കഥ തുടരാം. പുസ്തകത്തിന്റെ അച്ചടി തുടങ്ങു മ്പോാം കൊടുക്കേണ്ട തുക അല്പം കാലേക്കൂട്ടിക്കൊടുത്തു എന്നുള്ളതിൽ തരക്കേടൊന്നുമില്ല എന്നു സമാധാനിച്ചു് അയാാംക്കു് ഉടനെ ചെക്കയച്ചുകൊടുത്തു. മറുപടിക്ക ത്തിൽ ഇത്രയുംകൂടി എഴുതി, 'പിതാവു്...ാംനു- പര ലോകം പൂകി എന്നു് താങ്കാം എഴുതിയിരിക്കുന്നു. മൂ ന്നുകൊല്ലം മുമ്പു്...തീയതി താങ്കാം എഴുതിയ കത്തി ലും ഇതേ ദുഃഖവാർത്ത കുറിച്ചിരുന്നു. താങ്കളുടെ ഏതെ ങ്കിലും മാററത്തിനെപ്പററി ഇവിടെ ആലോചിക്കുന്ന ഘട്ട ങ്ങളിലെല്ലാം പിതാവു് അന്തരിക്കുക എന്ന ഗതികേടു് താങ്കാംക്കു സംഭവിക്കുന്നു എങ്കിൽ ഞങ്ങാംക്കു് താങ്കളോ ടുകാണിക്കാൻ കഴിയുന്ന ഏററവും വലിയ സൗമനസ്യം താങ്കളുടെ മാററർ ഇനിയും ആലോചനക്കെടുക്കാതിരി ക എന്നതു മാത്രമാണല്ലോ.'

ഈ കത്തിനും പുള്ളി മറുപടി അയക്കാതിരുന്നില്ല. അച്ഛൻ മരിച്ച വിവരം താൻ ഇപ്പോാം മാത്രമെ അറി യിച്ചിട്ടുള്ളു എന്നും സുഖമില്ലാതിരിക്കുന്ന വിവരം ഒരു പക്ഷേ മുൻപു്എഴുതിയിരിക്കാമെന്നും ആയിരുന്നു ആ മറുപടിയിൽ പറഞ്ഞിരുന്നതു്. 'നിങ്ങളുടെ...നു- യി ലെ കത്തിന്റെ ശരിപ്പകർപ്പു് ഇതു സഹിതം അയയ്ക്കു ന്നു.' എന്നു കുറിച്ചു് കക്ഷിയുടെ മുൻ കത്തിന്റെ ശരി പ്പകർപ്പു് ടിയാനു് അയച്ചുകൊടുത്തു. പിന്നെ ഇന്നേ

വരെ യാതൊരു ശബ്ദവുമില്ല.

ഈ എഴുത്തുകാരനോട് വെറുപ്പുതോന്നേണ്ട കാൎയ്യമില്ല; അനുകമ്പ മാത്രമേ ആ ആൾ അർഹിക്കുന്നുള്ളു എന്ന് മുൻപു പറഞ്ഞുവല്ലോ. ഒരു നല്ല ബുക്ക്സ്റ്റാളല്ലേ; പല ക്ലാർക്കന്മാരുണ്ടാവും. മൂന്നുനാലു കൊല്ലങ്ങൾക്കു മുമ്പുള്ള ഒരു കത്തിലെ കാൎയ്യം ഇന്നത്തെയാളുകൾ എങ്ങനെ ഓർക്കാനാണു്? എന്നെല്ലാമായിരിക്കും കക്ഷി വിചാരിച്ചുപോയതു്. ഓരോ ആളിനും ഓരോ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകമായി ഓരോ ഫയൽ ഇവിടെ സൂക്ഷിക്കുന്നുണ്ടെന്നും ഓരോ ഫയലും മിക്കവാറും ഒരേ ആൾ തന്നെയാണു് കൈകാൎയ്യം ചെയ്യുന്നതെന്നും ഏതെങ്കിലും ഒരു ഫയൽ കൈകാര്യം ചെയ്യുന്നയാളിന് ആ ഫയലിലെ കാൎയ്യങ്ങൾ മിക്കവാറും ഹൃദിസ്ഥമാണെന്നും ഉള്ള വസ്തുത കക്ഷി മനസ്സിലാക്കിയില്ല എന്നു മാത്രം.

ഈ സാഹിത്യകാരൻ ഇപ്പോൾ എവിടെയാണെന്നു് ഒരു രൂപവുമില്ല. കക്ഷിയുടെ ഇപ്പോഴത്തെ മേൽവിലാസം അറിയാമെങ്കിൽ അറിയിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടു് കക്ഷിയുടെ സ്വദേശത്തുനിന്നു് ചിലപ്പോൾ കത്തുകൾ ലഭിക്കാറുണ്ടു്.

## III

## ഒരേ മാററർ രണ്ടു പ്രസാധകർക്കു്

ഡിററക്ടീവു നോവലുകൾക്കു് ചൂടുള്ള അപ്പത്തേക്കാൾ കൂടുതൽ പ്രിയമുള്ള കാലം. കേരളത്തിലെ ഏററവും വലിയ പുസ്തകവ്യാപാരികൾ എന്ന പറയപ്പെട്ട എൻ. ബി. എസ്. പോലും ഡിററക്ടീവു് നോവൽ ഏതും 25 കോപ്പി വീതം അയച്ചുകൊള്ളൂ എന്ന നിർദ്ദേശിക്കുന്ന സന്ദർഭം. 'ഈ ചെറുകഥാനിർമ്മാണമൊക്കെ ഒന്നു നിർത്തി വല്ല ഡിററക്ടീവു് നോവലെങ്കിലും എഴുതികൊള്ളൂ' എന്നു് ശ്രീ എം. പി പോൾ സാഹിത്യപരിഷത്തിൻെറ അദ്ധ്യക്ഷവേദിയിൽ നിന്നു ഉപദേശിച്ചു് ഏറെ നാളൊന്നും കഴിഞ്ഞിട്ടില്ല. ഡിററക്ടീവു് നോവൽ ഒരു പ്രിയമുള്ള വില്പനച്ചരക്കായിത്തീർന്നപ്പോൾ ആളുകൾക്കു് പ്രിയമുള്ള ആ സാധനത്തിൻെറ നിർമ്മാണത്തിലായി പ്രസാധകരുടെ പ്രധാന ശ്രദ്ധ. സാഹിത്യത്തിൽ അതിനു മുമ്പൊരിക്കലും പേർകേട്ടിട്ടില്ലാത്ത പലരും ഡിററക്ടീവു് നോവലിൻെറ രചയിതാക്കളായി പ്രത്യക്ഷപ്പെട്ടുതുടങ്ങി. നാടോടുമ്പോൾ നടുവേ ഓടണമെന്നാണല്ലോ പഴമക്കാർ പറയാറുള്ളതു്.

അക്കാലത്തൊരിക്കൽ ഭയങ്കര ഭവനം എന്ന പേരിൽ ഒരു നോവലിൻെറ മാററർ ഇവിടെ അയച്ചുകിട്ടി.

37877

താൻ ബി. എൽ-ന് പഠിച്ചുകൊണ്ടിരിക്കുകയാണെന്നും നോവൽ പ്രസിദ്ധം ചെയ്യാനെടുത്തു്, പ്രതിഫലം തന്നാൽ പഠിത്തത്തിനു് വലിയ സഹായമായിരിക്കുമെന്നും ഒരു കത്തും ഉണ്ടായിരുന്നു. അടുത്തുള്ള ഒരു പട്ടണത്തിൽ നിന്നായിരുന്നു ആ കത്തു്. അതിനടുത്ത ഒരവസരത്തിൽ ആ പട്ടണത്തിൽ പോകേണ്ടിവന്നപ്പോൾ, കൂട്ടത്തിൽ ആ ഡിറക്ടീവ് നോവൽക്കാരനേയും ഒന്നു കണ്ടു കളയാം എന്നു കരുതി. കത്തിൽ കുറിച്ചിട്ടുള്ള മേൽവിലാസ സ്ഥലത്തു് ചോദിച്ചും പറഞ്ഞുമൊക്കെ എത്തിച്ചേർന്നു. കത്തിൽ പറയുന്ന പേരുകാരനെ അന്വേഷിച്ചു. പ്രായമായ ഒരു തള്ളയാണവിടെ ഉണ്ടായിരുന്നതു്. എത്ര ചോദിച്ചിട്ടും അങ്ങനെയൊരു പേരുകാരൻ അവിടെയില്ല, അവർ അങ്ങനെയൊരാളിനെ അറിയുകയുമില്ല, എന്നായിരുന്നു മറുപടി. കുറേ കഴിഞ്ഞു് ഒരു വിദ്യാർത്ഥിനിയായ പെൺകുട്ടിയുമായി ആലോചിച്ചശേഷം അവർ ചോദിച്ചു. 'നിങ്ങൾക്കു് തമ്പിയെയാണോ കാണേണ്ടതു്?' എന്നു്. യാതൊരു പിടിയുമില്ലാതിരുന്നതിനാൽ അല്ലെന്നു പറഞ്ഞു് ഞാനവിടെനിന്നും രക്ഷപ്പെട്ടു. വിവരം കാണിച്ചു് അടുത്തദിവസം മേൽവിലാസക്കാരനു് ഒരു കത്തയക്കുകയും ചെയ്തു.

ഏറെനാൾ കഴിയുന്നതിനുമുമ്പു് കക്ഷി ഇവിടെ വന്നു. ഒരു ശുപാർശക്കത്തും ആ ആൾ കൊണ്ടുവന്നിരുന്നു. എനിക്കു് ഏററവും വേണ്ടപ്പെട്ട ബഹുമാന്യനായ ഒരു സാഹിത്യകുശലന്റേതായിരുന്നു ശുപാർശക്കത്തു്. "ഭയങ്കരഭവനത്തിന്റെ ഗ്രന്ഥകാരൻ ഈ വരുന്ന ആളാണു്; ആൾ ഇപ്പോൾ ഒരു ബി. എൽ. വിദ്യാർത്ഥിയാണു്; പരീക്ഷാഫീസ് കൊടുക്കേണ്ട ഘട്ടമായിരിക്കുന്നു.

 37877 

മാററർ സ്വീകരിക്കാൻ താങ്കൾക്കു് സമ്മതമാണെന്നാണു് അറിയുന്നതു്. അതിനുള്ള പ്രതിഫലം ഈ അവസരത്തിൽ കൊടുത്തു് സഹായിക്കുന്നതു് വലിയ പുണ്യമായിരിക്കും." എന്നൊക്കെയായിരുന്നു കത്തിൻെറ ഉള്ളടക്കം. ആ കത്തിനെ അങ്ങേ അററം മാനിക്കാൻ തികച്ചും ബാദ്ധ്യസ്ഥനായിരുന്നു. എഗ്രിമെൻെറഴുതിവാങ്ങി തുകയും കൊടുത്തു കക്ഷിയെ വിട്ടു.

ഡിററക്ടീവു് നോവലുകൾക്കു് വളരെ പ്രിയമുള്ള കാലമായിരുന്നതിനാൽ ഏതാനും ദിവസങ്ങൾക്കകമായിത്തന്നെ മാററർ പ്രസ്സിൽ ഏൽപ്പിച്ചു. ആ പേരിനോടു് വളരെ സാമ്യമുള്ള പേരിൽ മറെറാരു പുസ്തകമുള്ളതിനാൽ കഥയ്ക്കു് അത്യന്തം യോജിക്കുന്ന മറെറാരു പേർ, ഗ്രന്ഥകാരൻെറ സമ്മതത്തോടെതന്നെ ഗ്രന്ഥനാമമായി സ്വീകരിച്ചുകൊണ്ടാണു് പുസ്തകം തയ്യാറാക്കിയതു്. മുറയ്ക്കു് അതിൻെറ വില്പനയും ആരംഭിച്ചു.

രണ്ടു മൂന്നു മാസം കഴിഞ്ഞു് കോട്ടയത്തു് നാഷണൽ ബുക്കു് സ്റ്റാളിൽ സന്ദർഭവശാൽ പോകാനിടയായപ്പോൾ അവിടത്തെ സെയിൽസ്മാനിൽനിന്നും പുതിയ ഒരറിവു ലഭിച്ചു. "നിങ്ങളുടെ [illegible] എന്ന പുസ്തകം തന്നെയാണല്ലോ ഈ അജ്ഞാതഘാതകൻ. ഇതാ നോക്കൂ." ഞാൻ പുസ്തകം വാങ്ങിനോക്കി. കാര്യം ശരിതന്നെ. ഞാൻ മടങ്ങിപ്പോരുമ്പോൾ അജ്ഞാതഘാതകൻെറ ഒരു കോപ്പിയും വിലയ്ക്കുവാങ്ങി.

ഈ വസ്തുത സെയിൽസ്മാൻ സ്വയം അറിയുകയല്ല ഉണ്ടായതെന്നു് പിന്നീടു മനസ്സിലാക്കാൻ കഴിഞ്ഞു. കിട്ടുന്ന ഡിററക്ടീവു് നോവലുകളെല്ലാം വാങ്ങുന്ന ശീലമുള്ള ഒരു ഗ്രന്ഥശാലാപ്രവത്തകൻ ഈ രണ്ടു പുസ്തകങ്ങളും ഒരേ സമയത്തു് വാങ്ങുവാനും സ്വയം അടുത്തടു

ത്തായി വായിക്കുവാനും ഇടയായി. ആ വായനക്കാരൻ വീണ്ടും N. B. S.-ൽ എത്തിയപ്പോൾ അറിയിച്ചതാണ് ഈ വസ്തുത. രണ്ടു പുസ്തകവും ഒത്തുനോക്കിയപ്പോൾ സെയിൽസ്മാന് അതു ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതാണ്.

എട്ടുപത്തു ദിവസം കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തുനിന്നും ഒരു സഹൃദയൻെറ ഒരു കത്തു കിട്ടി. ഈ രണ്ടു പുസ്തകങ്ങളും ഒന്നാണെന്നും എന്നാൽ ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും രണ്ടു കൂട്ടരാണെന്ന് കാണുന്നു എന്നും ഇങ്ങനെ ഒരേ പുസ്തകം രണ്ടുപേരിൽ പ്രസിദ്ധം ചെയ്ത് വായനക്കാരെ ചൂഷണം ചെയ്യുന്നതു് മഹാ പാപമാണെന്നു, ഈ കത്ത് അജ്ഞാതഘാതകൻെറ പ്രസാധകനും കൂടി അയക്കുന്നുണ്ടെന്നും മററും ചുരുക്കിപ്പറയാവുന്ന വിധത്തിൽ ഒട്ടേറെ ശാപവാക്കുകളായിരുന്നു പ്രസ്തുത കത്തിൻെറ ഉള്ളടക്കം. ഇതിനകം അച്ചടിക്കാനായി പ്രസ്സിൽ ഏൽപ്പിച്ചിരുന്ന മാററർ തിരിച്ചുവരുത്തുകയും രണ്ടു പുസ്തകവും സൂക്ഷ്മമായി ഒത്തുനോക്കുകയും ചെയ്തു കഴിഞ്ഞിരുന്നു.

ഒരേ പുസ്തകം രണ്ടു പ്രസാധകന്മാർ പ്രസിദ്ധം ചെയ്യാനിടയാകുക; രണ്ടിൻേറയും ഗ്രന്ഥകർത്താക്കൾ രണ്ടുപേരായിരിക്കുക; ഇതെങ്ങനെ സംഭവിച്ചു എന്ന് ആരായേണ്ടിവരിക സ്വാഭാവികമാണല്ലോ. അങ്ങനെ അന്വേഷണങ്ങൾ നടത്തിയപ്പോഴാണ് ഒരു കാര്യം മനസ്സിലായതു്. മഹാവിഷ്ണു, ശ്രീപരമേശ്വരൻ, ദുർഗ്ഗാദേവി തുടങ്ങിയ ദൈവങ്ങൾക്കു് സഹസ്രനാമങ്ങൾ ഉള്ളതുപോലെ ഭൂലോകത്തിൽ സഹസ്രനാമങ്ങളുടെ അവകാശിയാകുവാൻ ഉററു പരിശ്രമിക്കുന്ന ഒരാളാണത്രെ ഈ കക്ഷി.

മുപ്പതു് വയസ്സ് തികയുന്നതിനകം ഒരുനൂററിമുപ്പതു പുസ്തകങ്ങളുടെ ഗ്രന്ഥകാരനാവണം എന്നു ശപഥംചെയ്തു് പ്രവത്തിച്ചുകൊണ്ടിരിക്കുകയുമാണത്രേ. ചിലപ്പോഠം അനുജനായും, ചിലപ്പോഠം അതേപേർ തമ്പിയായും, മററ ചില അവസരങ്ങളിൽ പോളായും പിന്നെ ആവശ്യമായി വരുമ്പോഠം മററപല പേരുകളുടെ ഉടമസ്ഥനായും പ്രത്യക്ഷപ്പെടുന്ന ആളാണത്രേ. പഠിക്കുന്ന വിദ്യാലയത്തിലെ രജിസ്റ്ററിൽകൊണ്ടപേർ ഇതൊന്നുമല്ലത്രേ. ഈ വിവരങ്ങളൊക്കെ അറിവായപ്പോഠം മുമ്പൊരിക്കൽകണ്ട പ്രായമായ തള്ളയെ ഓത്തുപോയി. 'നിങ്ങഠം പറയുന്നപേരിൽ ഒരാളിവിടെ ഇല്ല. അങ്ങനെ ഒരാളെ ഞങ്ങഠംക്കറിയാനും വയ്യ. തമ്പിയെയാണോ നിങ്ങഠംക്കു് കാണേണ്ടതു്?' തങ്ങളുടെ ഈ 'തമ്പി' പലപല പേരുകഠം സ്വീകരിച്ചിട്ടുള്ള ഒരു സഹസ്രനാമാത്ഥിയാണെന്ന വസ്തുത ഈ പാവപ്പെട്ട തള്ളയും ഒരുപക്ഷേ അറിഞ്ഞിട്ടില്ലായിരിക്കാം.

അജ്ഞാതഘാതകൻെറ എഴുത്തുകാരനും ഇവിടത്തെ പുസ്തകത്തിൻെറ എഴുത്തുകാരൻ തന്നെയാണെന്നു ബോദ്ധ്യമായപ്പോഠം ആ കക്ഷിക്കു് സൗമ്യമായി ഒരു കത്തയക്കാനാണു് ആദ്യം തോന്നിയതു്. ഇവിടെ പ്രസിദ്ധം ചെയ്ത പുസ്തകവും അജ്ഞാതഘാതകനും ഒന്നുതന്നെയാണെന്നു കാണുന്നുവെന്നും ഇതു് പലപല ആക്ഷേപങ്ങഠംക്കു കാരണമായിത്തീന്നിട്ടുണ്ടെന്നും അതു് സംബന്ധിച്ചാലോചിക്കുവാൻ ഇവിടംവരെ പ്രഥമസൗകര്യത്തിൽ വന്നുചേരണമെന്നും കാണിച്ചു്. സ്നേഹപൂർവ്വം ഒരു കത്തയച്ചു. ഞങ്ങഠംക്കേററവും വേണ്ടപ്പെട്ട സാഹിത്യകുശലൻെറ ശുപാർശക്കത്തുമായി വന്നയാഠം എന്ന മമതയായിരുന്നു ആ സൗമനസ്യത്തിൻെറ ഉറവിടം.

ഈ കത്തിനു് കക്ഷിയിൽനിന്നുകിട്ടിയ മറുപടി ഇതാണു്:-

"കത്തുകിട്ടി. 200 പേജ്കളോളമുള്ള ഒരു പുസ്തകവും നൂറു പേജിലധികം വരുന്ന ഒരു പുസ്തകവും തമ്മിൽ എന്തു സാമ്യവൈഷമ്യമാണെന്നു മനസ്സിലാകുന്നില്ല. ഏതായാലും സംഗ്രഹമല്ലേ ആകുന്നുള്ളു. പിന്നെ, ഇവിടത്തെ ഒരു പ്രമുഖ അഡ്വോക്കററിനെ പുസ്തകങ്ങൾ കാണിച്ചു് ഞാൻ അഭിപ്രായം ചോദിക്കുകയും ചെയ്തു; എൻെറ പേരിൽ നിയമപരമായി ബലഹീനത ഒന്നും ഇല്ലെന്നാണു പറഞ്ഞതു്. 'ഭയങ്കരഭവന'ത്തിൻെറ പകർപ്പവകാശമാണു് ഞാൻ താങ്കൾക്കു തന്നതും."

സ്നേഹപൂർവ്വം അയച്ച ഒരു കത്തിനു് നിയമപരമായി പരാമർശിച്ചുകൊണ്ടാണു് മറുപടി കിട്ടിയതു്. 200 പേജ്കളോളം എന്നു പറഞ്ഞാൽ 150 പേജിലധികം 200 വരെ എത്രയുമാകാമല്ലോ. നൂറുപേജിലധികം എന്നു പറഞ്ഞാൽ 150 വരെ ആകാനും വിരോധമില്ലല്ലോ. അച്ചുകളുടെ വലിപ്പച്ചെറുപ്പവും ബോഡിവ്യത്യാസവും കൊണ്ടു് പുസ്തകത്തിൻെറ പേജ്കൾ കൂടുകയും കുറയുകയും ചെയ്യും എന്ന വസ്തുത ഇക്കാലത്തു് ആർക്കാണു് അറിയാൻ പാടില്ലാത്തതു്? ഏതായാലും രണ്ടുപേരുകാരനും താൻ തന്നെയാണെന്നൊരു സമ്മതം ഈ കത്തിടപാടിൽനിന്നു് വന്നുവല്ലോ എന്നു സമാധാനിച്ചു.

രണ്ടു പുസ്തകങ്ങൾക്കും തമ്മിലുള്ള സാമ്യത്തെപ്പററി ഒരു വായനക്കാരനു് ഉണ്ടാകുന്ന ധാരണ എന്തെന്നറിയുവാൻ പ്രസിഡൻസി ലൈഫ് അഷ്വറൻസ് കമ്പനിയുടെ തിരുവനന്തപുരം ബ്രാഞ്ചിൽ നിന്നുകിട്ടിയ കത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

"...ഈ രണ്ടു ബുക്കുകളിലും ഉപയോഗിച്ചിട്ടുള്ള വാചകങ്ങൾ പോലും ഒന്നുതന്നെയാണെന്നു പറയാം. രണ്ടു ബുക്കിലെയും അദ്ധ്യായങ്ങളുടെ പേരുകൾ മാററിയിട്ടുണ്ടെന്നല്ലാതെ അതിലെ വാചകങ്ങൾക്കോ കഥയ്ക്കോ യാതൊരു മാററവുമില്ല! ഇതിൽനിന്നും വായനക്കാരായ ഞങ്ങൾ എന്താണ് തീരുമാനിക്കേണ്ടതു്? ഒന്നുകിൽ ഈ രണ്ടാളുകളിൽ ആരെങ്കിലും ഒരാൾ ഈ കഥ കട്ടെഴുതിയതായിരിക്കണം. എന്തിന്നു് വെറുതെ മനുഷ്യരെ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നു? ആരെങ്കിലും ഒരാൾ എഴുതിയിട്ടുള്ള കഥ പേരുമാത്രം മാററി പുറത്തിറക്കിയാൽ അയാളും ഗ്രന്ഥകർത്താവാകുമോ? പക്ഷെ, എല്ലാ മനുഷ്യരും ശുദ്ധ മറയന്മാരാണെന്നും അവർ മാത്രമേ ബുദ്ധിയുള്ളവരായിട്ടുള്ളുവെന്നും അവർ വിചാരിക്കുന്നതാണത്ഭുതം.''

ഒരു ഗ്രന്ഥകാരന് പ്രതിഫലം കൊടുത്തു് മാററർ വാങ്ങി പ്രസിദ്ധം ചെയ്തതിൻെറ പേരിൽ ഒരു പ്രസാധകന് ഉണ്ടാകുന്ന പരാധീനത നോക്കുക!

നിയമപരമായി കൈകാര്യംചെയ്യാനുള്ള കക്ഷിയുടെ പ്രവണത കണ്ടപ്പോൾ നിയമാനുസൃതമായ നോട്ടീസുതന്നെ അയച്ചു എന്നും അതു് കക്ഷിക്കു് കിട്ടിയപ്പോൾ കക്ഷിയുടെ പ്രേരണയിന്മേൽ അജ്ഞാതഘാതകൻെറ പ്രസാധകൻ അഡ്വക്കേററു മുഖാന്തിരം ഞങ്ങൾക്കൊരു നോട്ടീസ് അയച്ചുതന്നുവെന്നും വായ് മൂടിക്കെട്ടാൻ പററിയ വിധത്തിലുള്ള ഒരു മറുപടി അതിന്നു കൊടുക്കാൻ കഴിഞ്ഞുവെന്നും "ചെറുപ്പത്തിൻെറ അവിവേകംകൊണ്ടു്". ഒരാൾ വിക്രിയകൾ കാട്ടിയാലും ആ ചെറുപ്പക്കാരൻെറ ഭാവിയെ നശിപ്പിക്കത്തക്കവിധത്തിൽ നാം എന്തെങ്കി

ലും ചെയ്യുന്നതു് ഉചിതമല്ല" എന്നുള്ള ചില പ്രമുഖവ്യക്തികളുടെ ഉപദേശത്തെ ആദരിച്ചു് മേൽ നടപടിക്കുള്ള ശ്രമം ഞങ്ങൾ ഉപേക്ഷിച്ചു എന്നും അതിനിടയ്ക്കും നരസിംഹ വിലാസം എന്ന പേരിൽ ഒരു നോവൽ എഴുതിക്കൊണ്ടിരിക്കുന്നു എന്നു് കക്ഷി നേരിട്ടു കണ്ട അവസരത്തിൽ ഒരു ഭീഷണിയായി പറഞ്ഞു എന്നും ഉള്ളതു് അനന്തര സംഭവങ്ങളാണു്.

ഈ സംഭവങ്ങളൊക്കെ നടന്നു് മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ ഒരു ദിവസം ഒരു ബുക്കുപോസ്റ്റും കത്തും കിട്ടി. പ്രസ്തുത സഹസ്രനാമക്കാരൻേറതുതന്നെ.

"ഇതോടൊന്നിച്ചു് മൂന്നു പുസ്തകങ്ങൾ അയയ്ക്കുന്നു. മററു യാതൊരു ഗത്യന്തരവുമില്ലാത്തതുകൊണ്ടു് താങ്കളെ ആശ്രയിക്കുകയാണു്" കാലുപിടിക്കുന്നവനെ കുതറിവിടാനുള്ള നിർദ്ദയത്വം താങ്കൾക്കു് ഉണ്ടാവുകയില്ലല്ലോ. ഞാൻ വളരെയേറെ വിഷമിക്കുന്ന സന്ദർഭമാണു്. കഥകളും എഴുതി ലഭിക്കുന്ന ചുരുങ്ങിയ വരുമാനം മാത്രം കൊണ്ടാണു് മുന്നോട്ടു പോകുന്നതു്. ഞാൻ മൂലം താങ്കൾക്കു് എന്തെങ്കിലും നഷ്ടം പററിയിട്ടുണ്ടെങ്കിൽ അതിനു് ഈ അയക്കുന്നതിലെ ഏതെങ്കിലും ഒരു പുസ്തകം താങ്കൾ പ്രതിഫലം കൂടാതെ എടുത്തുകൊള്ളു. ബാക്കി രണ്ടെണ്ണത്തിനു് പ്രതിഫലം തന്നാൽ മതി. താങ്കൾ നിശ്ചയിക്കുന്ന പ്രതിഫലം എന്തുതന്നെ ആയാലും അതു് ഞാൻ സ്വീകരിക്കാം. 10ക. M. O. ആയി ഈ കത്തു കിട്ടുമ്പോൾ അയ്ക്കുണേ! താങ്കളുടെ മറുപടി കിട്ടിയാൽ ഉടനെ പകർപ്പവകാശരസീതയയ്ക്കാം."

മൂന്നുനാലുദിവസം കഴിഞ്ഞു് വീണ്ടും—

"ഞാൻ ഇതിനുമുമ്പു് ഇങ്ങനെ ഒരു കത്തു് അയ

ച്ചിട്ടില്ല എന്നു് അറിയാമല്ലോ. ഞാൻ താങ്കളുടെ കാലു പിടിച്ചു് അപേക്ഷിക്കുകയാണു്. ഈ കത്തു് കിട്ടുമ്പോഠം ദയവുചെയ്തു് 10ക. M. O. ആയി അയച്ചു് എന്നെ സഹായിക്കുക. ഓരോ മെയിൽ വരുമ്പോഴും ഞാൻ M. O. കാത്തിരിക്കും.''

പാവം ഈ ആളും നമ്മുടെ വെറുപ്പിനെയാണോ അനുകമ്പയെയാണോ അർഹിക്കുന്നതു്?

# IV

## പാരീസ് സാഹിത്യഅക്കാദമിക്കാരൻ

"പാരീസ് സാഹിത്യ അക്കാദമിയുടെ മേൽനോട്ടത്തിൽ ലോകഭാഷകളിലേക്കു വിവൎത്തനം ചെയ്യപ്പെട്ടന്ന എൻെറ...നോവലിനു ശേഷം ഞാനെഴുതിയ മതിലകം തകരുന്നു എന്ന നോവൽ നരസിംഹവിലാസം ബുക്കുഡിപ്പോയുടെ മേൽനോട്ടത്തിൽ പ്രസിദ്ധീകരണാൎത്ഥം അയയ്ക്കുന്നതിനാഗ്രഹിക്കുന്നു' എന്നു തുടങ്ങുന്ന ഒരു കത്തു് കിട്ടിയതോടെയാണു് ഈ കഥ ആരംഭിക്കുന്നതു്. അച്ചടിച്ചു് തീരേണ്ടതായി വളരെയധികംമാററർ കൈവശം ഇരിക്കുന്ന ഘട്ടമായിരുന്നതിനാൽ "പെട്ടെന്നെന്തെങ്കിലും ചെയ്യാൻ സൗകൎയ്യമില്ലാത്ത സമയമാണു്" എന്നു വിവരിച്ചുള്ള ഒരു മറുപടി കത്തു് കിട്ടിയ അന്നുതന്നെ അയയ്ക്കുകയുണ്ടായി.

എഴുത്തുകാരൻ അതുകൊണ്ടൊന്നും മടിച്ചില്ല. മൂന്നു നോവലുകളുടെ കൈയെഴുത്തുപ്രതി അടങ്ങിയ ഒരു മുഴുത്ത കെട്ടു് മൂന്നുനാലു ദിവസത്തിനകം തപാലിൽ വന്നു ചേൎന്നു. ഒരു നോവലിനെപ്പററി അന്വേഷിച്ചപ്പോഴാണല്ലോ അസൗകൎയ്യമറിയിച്ചതു്. എന്നാൽ മൂന്നാകട്ടെ എന്നു കരുതിയതാവാം. ഈ കാൎയ്യം മറെറാരനുഭവത്തെ അനുസ്മരിപ്പിക്കയും ചെയ്തു.

അഞ്ചുവയസ്സ് പൂർത്തിയാവാത്ത കുട്ടികളെ ഒന്നാം ക്ലാസിൽ ചേർക്കാൻ പാടില്ല എന്നു കർശനമായ ഒരു ഓർഡർ നിലവിലിരിക്കുന്ന കാലമാണു്. ഒരു രക്ഷകത്താവിനു നാലരവയസ്സുള്ള തൻെറ കുട്ടിയെ സ്ക്കൂളിൽ ചേർത്തേ പററൂ. ജനനത്തിയതി മാററിപ്പറയാൻ പററുകയില്ല. രക്ഷകത്താവു് സ്വാധീന ശക്തിയുള്ള പൗരനാണു്. എങ്ങനെയെങ്കിലും കുട്ടിയെ ചേത്താൽ കൊള്ളാമെന്നു് ഹെഡ്മാസ്റ്റർക്കും ആഗ്രഹമുണ്ടു്. നിലവിലുള്ള ഓർഡർ സശ്രദ്ധം വായിച്ചുനോക്കി. "അഞ്ചു വയസ്സ് തികയാത്ത യാതൊരു കുട്ടിയേയും ഒന്നാം ക്ലാസ്സിൽ ചേർക്കുവാൻ പാടില്ല." വ്യക്തമായ നിർദ്ദേശമാണു്. ആ നിർദ്ദേശത്തെ അവഗണിക്കാതെതന്നെ കുട്ടിയെ സ്ക്കൂളിൽ ചേക്കാനുള്ള മാർഗ്ഗം ഹെഡ്മാസ്റ്റർ കണ്ടു പിടിച്ചു. "ഒന്നാം ക്ലാസ്സിൽ ചേക്കുവാൻ പാടില്ല." എന്നു വ്യക്തമായി ശാസിച്ചിട്ടുള്ളതിനാൽ നാലരവയസ്സു പ്രായമുള്ള ആ കുട്ടിയെ രണ്ടാം ക്ലാസ്സിൽ ചേത്തു. ചേക്കുന്നതു് രണ്ടാം ക്ലാസ്സിലാണെങ്കിലും കുറെ നാളത്തേക്കു് കുട്ടിയെ ഒന്നാം ക്ലാസ്സിൽ ഇരുത്തിയാൽ മതി എന്ന അഭിപ്രായത്തോടെ രക്ഷകത്താവു് തൃപ്തിപ്പെടുകയും ചെയ്തു. ബുദ്ധിമാനായ ഈ ഹെഡ്മാസ്റ്ററുടെ ജ്യേഷ്ഠനോ അനുജനോ ആവാം ഈ ഗ്രന്ഥകാരൻ എന്നു തോന്നിപ്പോയി.

അയച്ചുകിട്ടിയ മൂന്നു മാററിൽ ഒന്നു് ഒരു വാരികയിൽ പ്രസിദ്ധം ചെയ്തതിൻെറ പേപ്പർ കട്ടിംഗ്സ് ആയിരുന്നു. അതുതന്നെ ആദ്യമായി പരിഗണനയ്ക്കെടുത്തു. പത്രത്തിൽ അതു ചേർത്തിരിക്കുന്ന വിധവും ക്രമവും ഒക്കെ കണ്ടപ്പോറം ആ വാരികക്കാർ തന്നെയോ അഥവാ അവരുടെ വല്ല മിത്രങ്ങളോ അതു് പുസ്തകമാ

ക്കിയിരിക്കണം എന്നു തോന്നി. മാത്രമല്ല, പത്രത്തിൽ കൊടുത്തിട്ടുള്ള പേരിലല്ല, മറെറാരു പേർ ഗ്രന്ഥനാമമായി സ്വീകരിച്ചുകൊണ്ടു് പ്രസിദ്ധീകരണം നിർവ്വഹിക്കണമെന്നാണു് ഗ്രന്ഥകാരൻ നിർദ്ദേശിച്ചിട്ടുള്ളതും. ഏതായാലും കോഴിക്കോട്ടൊരു വാരികയ്ക്കു് വിവരങ്ങൾ ആരാഞ്ഞു് ഒരു കത്തയയ്ക്കാമെന്നു തോന്നി. ഗൗരവാവഹമായ കാര്യമായതുകൊണ്ടായിരിക്കാം ഉടനെ ഒരു മറുപടി തരുവാൻ വാരികക്കാർക്കു് ദയവുണ്ടായി.

"താങ്കളുടെ കാർഡു് കിട്ടി......എന്ന കഥ തന്നെയാണു. ഞങ്ങൾ കന്നിയാറെറാഴുകുന്നു എന്നപേരിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പുസ്തകം. അതിൻെറ സർവ്വാവകാശവും ഞങ്ങൾക്കു് എഴുതിത്തന്നു് കാശു് വാങ്ങിയതാണു്. ഇപ്രകാരമുള്ള മററു പല കള്ളക്കച്ചവടവും അയാളുടെ നിത്യത്തൊഴിലാണെന്നു് ഇപ്പോൾ ഞങ്ങൾ അറിയുന്നുണ്ടു്. ചിലരുടെ അച്ചടിച്ച പുസ്തകം തന്നെ കഥാപാത്രങ്ങളുടെ പേരും മററും തിരുത്തി ഇവിടെ ചില പ്രസ്സുകാർക്കു് വിററു് കാശു വാങ്ങി. ആ പുസ്തകം പുറത്തു കാണിക്കാതെ പ്രസ്സുകാർ വച്ചിട്ടുള്ളതു് ഞങ്ങൾക്കറിയാം. താങ്കൾക്കു് ഒരു കാർഡിട്ടു് വിവരം അറിയാൻ തോന്നിയതിൽ അഭിനന്ദിക്കുന്നു." നീണ്ട ആ കത്തിൻെറ ആദ്യഭാഗം മാത്രമാണിതു്.

സാഹിത്യത്തിലെ ഇത്തരം തട്ടിപ്പുകാരോടു് ഏതു വിധമാണു് ഇടപെടേണ്ടതു്, എന്ന കാര്യത്തെപ്പററി ഏറെ ചിന്തിക്കേണ്ടിവന്നു. അയച്ച മൂന്നു മാററിൽ വയലും വഞ്ചിയും വായിച്ചു എന്നും അതിൻെറ പൂർണ്ണമായ അവകാശം വിട്ടുതരുന്നതിനു് എന്തു പ്രതിഫലം കിട്ടണമെന്നു് അറിയിച്ചുതരണമെന്നും കാണിച്ചു് ഗ്രന്ഥകാരനു് ഒരു കത്തയച്ചു. രണ്ടു മൂന്നാഴ്ച കഴിഞ്ഞാണു്

മറുപടി കിട്ടിയതു്. അതിലെ ചില ഭാഗങ്ങൾമാത്രം ഇവിടെ ചേക്കാം.

"...ഇരുപതു ദിവസം മുമ്പു് എൻെറ മൂന്നു പുസ്തകം N. B. S. കോട്ടയം, പ്രസിദ്ധീകരണത്തിനെടുത്തതു് 100 പേജിനു് 450ക എന്ന തോതിലാണു്......അതിനാൽ മൂന്നു് ബുക്കുകൾക്കുംകൂടി പൂണ്ണമായ അവകാശം വിട്ടുതരുന്നതിനു് 1200ക 'തരിക...കൂടുതൽ പുസ്തകങ്ങൾ പുറത്തുവന്നുകൊള്ളട്ടെ എന്നുള്ള വിചാരത്താൽ മാത്രമാണു്. അതുപോലെ തന്നെ പാരീസ് സാഹിത്യ അക്കാദമിയുടെ മേൽനോട്ടത്തിൽ ലോകഭാഷകളിലേക്കു് വിവത്തനം ചെയ്യപ്പെടുന്ന കടലും കൈത്തോട്ടും ഇപ്പോൾ 9-ാംപതിപ്പു് അച്ചടി നടന്നുകൊണ്ടിരിക്കുകയാണു്.."

ഈ കത്തു കിട്ടിയിട്ടു് ഇപ്പോൾ ഒൻപതുകൊല്ലം കഴിഞ്ഞു. ഈ ഗ്രന്ഥകാരൻേറതായി ഏതെങ്കിലും ഒരു പുസ്തകം ഇന്നേവരെ N. B. S. പ്രസിദ്ധീകരിച്ചുകണ്ടിട്ടില്ല. കടലും കൈത്തോട്ടും എന്ന പുസ്തകത്തിൻെറ കഥയാണെങ്കിലോ രണ്ടാഴ്ചയ്ക്കുമുമ്പുപോലും അതിൻെറ പ്രസാധകർ അയച്ചുതന്നിരിക്കുന്നതു് ഒന്നാം പതിപ്പിലെ കോപ്പികളാണുതാനും.

വയലും വഞ്ചിയും എന്ന മാററിനെപ്പററി മാത്രമാണു് ഞങ്ങൾ ചോദിച്ചതെന്നു കാണിച്ചു് വീണ്ടും എഴുതുവാനും അതിനു് 400രൂപാ പ്രതിഫലം കിട്ടണമെന്നു കാണിച്ചു് മറുപടി കിട്ടുവാനും ഇടയായി.

തീറത്ഥത്തിനു് നൂറിനു് 2 രൂപയാണു് അന്നത്തെ മുദ്രവില. 8 രൂപയുടെ പത്രം വാങ്ങി ,അതിൽ പകർപ്പവകാശത്തീറു് എഴുതി അയക്കാൻ നിർദ്ദേശിക്കാമെന്നും അങ്ങനെ അയച്ചുകിട്ടുമ്പോൾ കോഴിക്കോട്ടെ

കാര്യം അറിയിക്കാമെന്നും ആ വിധത്തിൽ ഒരു എട്ടു രൂപയെങ്കിലും ഈ തട്ടിപ്പിനു പ്രായശ്ചിത്തമായി ചെലവാക്കിക്കാമെന്നുമൊക്കെ മനസ്സിൽ തോന്നി. കുറെ ആലോചിച്ചപ്പോൾ അതു ശരിയല്ലെന്ന് അന്തഃകരണം ശാസിക്കുകയാണുണ്ടായതു്. ''തെററു് ചെയ്തവനെ ശിക്ഷിക്കാൻ തനിക്കെന്തധികാരം? അയാൾ തെററു ചെയ്തതിനുപകരം താൻ മറെറാരു തെററു ചെയ്താൽ താനും അയാളും ഒരേ പന്തിയിലായിത്തീരുകയല്ലേ ചെയ്യുന്നതു്? അതു പാടില്ല." ഇതായിരുന്നു ആ ശാസനം. ഉടനെതന്നെ കാര്യങ്ങൾ തുറന്നുപറഞ്ഞുകൊണ്ടു് കക്ഷിക്കൊരു കത്തയച്ചു.

"പ്രകാശത്തിൽ പ്രസിദ്ധംചെയ്ത അറബിക്കടൽ ശാന്തമാണു് എന്ന തുടർക്കഥയും അമലാ ബുക്കു് സെൻററിൻെറ കന്നിയാറൊഴുകുന്നു എന്ന പുസ്തകവും 400 രൂപയ്ക്കു് ഞങ്ങൾക്കു് അവകാശം വിട്ടുതരാമെന്നു പറയുന്ന വയലും വഞ്ചിയും എന്ന കഥയും ഒന്നുതന്നെയാണല്ലോ. എന്താണു് ഇതിൻെറയൊക്കെ അത്ഥം? വസ്തുതകൾ വിശദീകരിക്കുന്ന ഒരു കത്തു് ഉടനെ കിട്ടുമെന്നാശിക്കുന്നു."

ഈ കത്തിനു് ഒരു മറുപടി അയക്കുവാൻ കക്ഷിക്കു് ഒരു സങ്കോചവുമുണ്ടായില്ല. കക്ഷി എഴുതി:

''അമലാ പബ്ളിക്കേഷൻസിൻെറ കന്നിയാറൊഴുകുന്നു എന്ന നോവൽ എൻെറ അറബിക്കടൽ ശാന്തമാണു് എന്ന നോവൽ തന്നെയാണു് എന്നു് നിങ്ങളോടൊപ്പം ഞാനും അറിയുന്നതു് വ്യാഴാഴ്ചമാത്രമാണു് അതിനാൽ അറബിക്കടൽ ശാന്തമാണു് എന്ന മാററർ സദയം മടക്കി അയയ്ക്കുക. മററുള്ളവ പുറത്തുവന്നിട്ടില്ലാത്തതിനാൽ തകരാറു് ഒന്നുംതന്നെയില്ല."

വയലും വഞ്ചിയും എന്ന പേരിൽ അയച്ചുകിട്ടിയ മാററററിൽ ഗ്രന്ഥകാരൻെറ ഇതരകൃതികൾ എന്ന പേജിൽ കന്നിയാറൊഴുകുന്നു എന്ന നോവലിൻെറ പേർ ഉൾപ്പെട്ടിട്ടുണ്ട്, എന്ന വസ്തുതകൂടി ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

പ്രിയപ്പെട്ട വായനക്കാരേ, നിങ്ങൾക്കെന്തുതോന്നുന്നു? കടലും കൈത്തോട്ടും എന്ന പുസ്തകത്തിനു പത്തുമാസംകൊണ്ടു് ഒൻപതു പതിവു് വേണ്ടിവന്നിരിക്കുക; പ്രസിദ്ധം ചെയ്ത ആ ഏകനോവൽ പാരീസ് സാഹിത്യ അക്കാദമിയുടെ മേൽനോട്ടത്തിൽ ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുക; മൂന്നു നോവലുകൾ ഒരു പതിപ്പിനു് 100 പേജിനു് 450 രൂപാ റോയൽററി എന്ന നിരക്കിൽ N. B S. പെട്ടെന്നു് ഏറെറടുത്തിരിക്കുക; ആ ഗ്രന്ഥകാരൻ ഇരുനൂററിയൻപതോ മുന്നൂറോ പേജ് വന്നേക്കാവുന്ന വയലും വഞ്ചിയും എന്ന നോവൽ വെറും 400 രൂപയ്ക്കു് സർവ്വാവകാശത്തിന്മേൽ വിട്ടുതരുവാനുള്ള സൗമനസ്യം കാണിക്കുക. ഒരു പ്രസാധകൻ ആ വെട്ടിൽ വീണുപോകുന്നു എങ്കിൽ അത്ഭുതത്തിനു വകയുണ്ടോ? പിന്നീടുള്ള അനുഭവം എന്തായിരിക്കും? എല്ലാ ചെലവുകളും വഹിച്ചു് പുസ്തകം അച്ചടിപ്പിച്ചു് തയ്യാറാക്കിയാൽ പുറത്തൊന്നും കാണിക്കാതെ ഭദ്രമായിവച്ചു് സൂക്ഷിക്കാം—അത്രമാത്രം ഭാഗ്യംകൊണ്ടു് അഥവാ ദൈവാധീനംകൊണ്ടു് ആ അപകടത്തിൽ പെടാതെ കഴിഞ്ഞു എന്നല്ലാതെ എന്താണു് പറയാനുള്ളതു്? മററ രണ്ടു മാററററിനെപ്പററി ഗ്രന്ഥകാരൻ എന്താണു് പറയുന്നതെന്നു നോക്കൂ. "അവ പുറത്തുവന്നിട്ടില്ലാത്തതിനാൽ തകരാറില്ല" എന്നുമാത്രമാണു്. എവിടെയൊക്കെയോ കൊടുത്തിട്ടുണ്ടു്. പക്ഷേ ഇതേവരെ പുറത്തുവന്നില്ല എന്ന

അത്ഥത്തിൽ വേണ്ട അതു് മനസ്സിലാക്കുവാൻ?

ഇത്രയുംകൊണ്ടും ഈ കഥ അവസാനിക്കുന്നില്ല. പിന്നെയുമുണ്ടു് കത്തിടപാടുകൾ പലതു്. മാറ്ററെല്ലാം മടക്കി അയക്കാനാവശ്യപ്പെട്ടു് കത്തുകിട്ടി. വാരികയിലും പുസ്തകരൂപത്തിലുമൊക്കെ അടിച്ചുകഴിഞ്ഞ മാറ്റർ തിരിച്ചുകിട്ടുക അത്യാവശ്യമല്ലല്ലോ എന്നും, കിട്ടണമെങ്കിൽ ഞങ്ങളാവശ്യപ്പെടാതെ അയച്ച മാറ്ററായതുകൊണ്ടു് മടക്കിഅയക്കാനുള്ള സ്റ്റാമ്പു് അയച്ചുതരണമെന്നും കാണിച്ചെഴുതി. അതിനു കിട്ടിയ മറുപടിയിലെ ചില ഭാഗങ്ങൾ കണ്ടുകൊള്ളൂ.

"ഇന്നോളം ഞാൻ അയച്ച മാറ്ററുകൾ ഒന്നും തിരിച്ചയക്കുവാൻ ചെലവു് അയച്ചുകൊടുക്കേണ്ടിവന്നിട്ടില്ല. അങ്ങനെയെങ്കിൽ ഈ നിസ്സാരമായ കാര്യത്തിനുവേണ്ടി എനിക്കു് നിയമത്തെ അനുസരിക്കേണ്ടിയിരിക്കുന്നു. തട്ടിപ്പാണെന്നും വെട്ടിപ്പാണെന്നും പറഞ്ഞു് പാവപ്പെട്ട സാഹിത്യകാരന്മാരുടെ ബുദ്ധിയും പ്രയത്നവും ബലികഴിച്ചു് രൂപംകൊള്ളുന്ന കലാസൃഷ്ടികൾ പകർത്തിയെടുത്തു് വേറെ പേരിൽ പുറത്തിറക്കുന്നതാണു് നിങ്ങളുടെ പതിവു് എന്നു് അറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ കാർഡു് കിട്ടി മാറ്ററുകൾ അയക്കാത്തപക്ഷം ഇതുമൂലം എനിക്കുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും താങ്കൾ ഉത്തരവാദിയായിരിക്കുമെന്നു് ഇതിനാൽ അറിയിച്ചുകൊള്ളുന്നു."

അഞ്ചുപൈസയല്ലേ പോസ്റ്റുകാർഡിന്റെ വില? അതിൽ ആക്ഷേപംതന്നെ എഴുതിക്കൂടാ? പക്ഷേ, ഈ കത്തിനു് അങ്ങേയറ്റം വില കല്പിക്കാതെ വയ്യ. എന്തെന്നല്ലേ- "അരിയുംതിന്നു് ആശാരിച്ചിയേയും കടിച്ചു് പിന്നേയും നായ്ക്കാണു മുറുമുറുപ്പു്" എന്നൊരു ചൊല്ലു

ണ്ടല്ലോ. ആ ചൊല്ലിന്നു് ഇത്രത്തോളം പററിയ ഒരു വ്യാഖ്യാനവും ദൃഷ്ടാന്തവും മറെറവിടെക്കിട്ടാൻ കഴിയും?

പിന്നീട്ടം വന്നു നാലഞ്ചു കത്തുകൾ. മാററർ മടക്കിഅയക്കാനുള്ള തുക മണിയാർഡറായും വന്നു. അത്രയുമായപ്പോൾ "അനർഹമായ ആരോപണങ്ങൾ അടങ്ങിയ താങ്കളുടെ കത്തിന്മേൽ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻവേണ്ടി എഴുത്തുകളെല്ലാം ഞങ്ങൾ ഞങ്ങളുടെ അഡ്വക്കേററിനെ ഏൽപ്പിച്ചിരിക്കുകയാണു്" എന്നറിയിക്കേണ്ടിവന്നു. ഈ കാർഡു് കിട്ടിയ ഉടനെ പാരീസ് സാഹിത്യ അക്കാദമിയുടെ ബന്ധുവാവ പ്രസ്തുത ഗ്രന്ഥകാരൻ അയച്ച മറുപടികൂടി ഇവിടെ പകത്തി ഈ കഥ ഉപസംഹരിക്കാം.

"ഞാൻ താങ്കളുടെ സ്ഥാപനവുമായി നടത്തിയിട്ടുള്ള കത്തിടപാടുകളിൽ അനർഹമായ ആരോപണങ്ങൾ ഉണ്ടായിരിക്കുന്നതായും തന്നിമിത്തം പ്രശ്നം കോടതിയിലേക്കു് നീങ്ങാൻ പോകുന്നതായും അവിടെനിന്നും 25-2-60 ൽ അയച്ച കത്തിൽനിന്നും അറിയുവാൻ കഴിഞ്ഞു. എന്നാൽ നാം തമ്മിലുള്ള കത്തിടപാടുകളിൽ അനർഹമായി ഉണ്ടായിട്ടുള്ള ആരോപണങ്ങളെ ഞാൻ സ്വയം പിൻവലിക്കുകയും മേലിൽ അങ്ങനെ ഉണ്ടാവാതിരിക്കാൻ ശ്രമിക്കുന്നതോടൊപ്പം നിങ്ങളെ വേദനിപ്പിച്ചതിനു നിരുപാധികം ക്ഷമ ചോദിക്കുകയും ചെയ്യുന്നു. ഈ കത്തു് ഒരു ക്ഷമാപണക്കുറിപ്പായി സ്വീകരിക്കുകയും നാം തമ്മിലുള്ള പഴയ സൗഹാർദ്ദം പുനഃസ്ഥാപിക്കുവാനാവശ്യമുള്ള നടപടികൾ സ്വീകരിച്ചു് ഈ കത്തിനു് മറുപടി അയയ്ക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

ക്ഷമാപൂർവ്വം, വിധേയൻ..."

# V

## അതിനും മാത്രം വളർന്നില്ല.

അതിനും മാത്രം വളന്നില്ലെന്നോ? ആരു വളന്നില്ലെന്നു്? പറയാം— തുറവൂർ ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ. എന്തിനുംമാത്രം! അതിനും ഉത്തരം പറയണമല്ലോ- മഹാകവി...യുടെ പുസ്തകം പ്രസിദ്ധീകരിക്കാൻ മാത്രം! പക്ഷെ ഇതൊരു കഥയുടെ അവസാന ഭാഗമാണു്. ആദ്യം മുതല്ക്കുതന്നെ പറഞ്ഞു തുടങ്ങിയാൽ അവസാനം നാം ഈ ഘട്ടത്തിൽ ചെന്നെത്തിക്കൊള്ളും.

ഇവിടത്തെ ഹൈസ്കൂളിലെ ഒരു ക്ലാക്കിൽ നിന്നാണു് കഥ തുടങ്ങുന്നതു്. എന്റെ സ്നേഹിതനായ ആ മനുഷ്യൻ ഒരു ദിവസം എന്നെ സമീപിച്ചു പറഞ്ഞു: "ഞങ്ങളുടെ ഒരു പയ്യനുണ്ടു സാർ; കുറെ കവിതയൊക്കെ എഴുതും. ചിലതു ചേർത്തു് ഒരു പുസ്തകമാക്കിയാൽ കൊള്ളാമെന്നു് അതിയായ മോഹമുള്ള കൂട്ടത്തിലാണു്. സാർ അനുകൂലിക്കുന്നെങ്കിൽ ഞാനൊരു ദിവസം കൂട്ടിക്കൊണ്ടുവരാം. വല്ലതും ചെയ്യാൻ കഴിഞ്ഞാലൊരു വലിയ ഉപകാരമാണു്.

മിത്രധമ്മത്തെ പ്രധാനമായി ലാക്കാക്കി ആ നിർദ്ദേശത്തെ ഞാൻ അനുകൂലിച്ചു. ചില കവിതകളുടെ

മാററമായി വരത്തക്കവിധത്തിൽ ചട്ടംകെട്ടി അയയ്ക്കുകയും ചെയ്തു.

ഒരാഴ്ചയ്ക്കകം ആ ചെറുപ്പക്കാരൻ വന്നെത്തി. ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ ഇടയ്ക്കുവച്ചു പിരിഞ്ഞ ഒരാൾ; കവിതയിൽ കുറെ വാസന തോന്നി ചിലതൊക്കെ കുത്തിക്കുറിക്കുന്ന കാലം. അങ്ങനെ എഴുതിയ പത്തുമുപ്പതു കവിതകൾ അടങ്ങിയ ഒരു നോട്ടുബുക്കുമുണ്ടു് കൈയിൽ. മുഖത്തല്പം വിളർച്ചയുമുണ്ടായിരുന്നു. ഇവിടത്തെ സ്ഥിതിയാണെങ്കിൽ ഒരാണ്ടിൽ കഷ്ടിച്ചു് പത്തോ പന്ത്രണ്ടോ പുസ്തകങ്ങൾ മാത്രം പ്രസിദ്ധം ചെയ്തുപോരുന്ന കാലവുമാണു്. എങ്കിലും കക്ഷിയുടെ ആദ്യ കൃതി എന്ന നിലയിൽ ഒരു ലഘുഗ്രന്ഥം പ്രസിദ്ധം ചെയ്യാമെന്നു് ഏൽക്കുകയും അതിലേക്കായി എട്ടു കവിതകൾ അതിൽനിന്നു തെരഞ്ഞെടുക്കുകയും ചെയ്തു. അതു കഴിഞ്ഞൊരിക്കൽ കക്ഷിയുടെ ഭവനത്തിൽ ചെല്ലാനിടയായപ്പോൾ, ആരെയും മാതൃസദൃശം സ്നേഹിക്കുന്ന അമ്മ ചോദിക്കുകയുണ്ടായി, "അപ്പൻെറ കവിത എന്നാണു സാറെ പുസ്തകമാക്കുക?'' എന്നു്. മകൻെറ ഒരു പുസ്തകം അച്ചടിച്ചു കാണാനുള്ള അതിരററ കൊതി ആ ചോദ്യത്തിൽ മുഴങ്ങിനിന്നിരുന്നു. "അതച്ചടിപ്പിച്ചു് അതിൻെറ കോപ്പിയും കൊണ്ടേ ഇനി ഞാൻ വരുന്നുള്ളു അമ്മേ" എന്നവരോടു പറഞ്ഞേ അവിടെനിന്നും മടങ്ങാൻ പററിയുള്ളു. ഉത്സാഹിച്ചു ശ്രമിച്ചു് വളരെ വേഗം ആ പുസ്തകം അച്ചടിപ്പിക്കയും ചെയ്തു.

ഈ സംഭവത്തെപ്പററി ഒരു തൂലികാ ചിത്രകാരൻ എഴുതിയ ഏതാനും വരികൾ ഇവിടെ ചേർക്കുന്നതു് സംഗതമാണു്:- ''കവിതകൾ എഴുതിയാൽ മാത്രം മതി

യോ? ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തേണ്ടേ? ആരുണ്ടതിന്? ആലോചിച്ചുനോക്കി. തുറവൂരിൽ നരസിംഹവിലാസം ബുക്കുഡിപ്പോ എന്നൊരു പ്രസിദ്ധീകരണശാലയുണ്ട്. ശരി, ഒന്നു ശ്രമിച്ചുകളയാം. കവിതകളെല്ലാം ഇരുനൂറുപേജ് ബുക്കിൽ വൃത്തിയായി പകർത്തിയെഴുതി. ബുക്ക് കക്ഷത്തിലിടുക്കി ഒരു വൈകുന്നേരം ഇറങ്ങി. ബസ്സിനുപോകാൻ കാശില്ല. തുറവൂരേക്കു നടന്നുകളയാം, നടന്നു. പ്രസിദ്ധീകരണശാലക്കാരെ കണ്ടു. അവർ തമ്മിൽ നടന്ന കരാറ് ഇവിടെ പറയുന്നില്ല. കുറച്ചു നാൾ കഴിഞ്ഞപ്പോൾ പുസ്തകം അച്ചടിച്ചു പുറത്തുവന്നു. കവർചിത്രം അത്യന്തം മനോഹരം..." ആ ഘട്ടത്തിൽ കൊണ്ടുവന്നിരുന്ന നോട്ടുബുക്കിലെ എല്ലാ കവിതകളും ഏറ്റെടുക്കാൻ ഇവിടെ ഒരുക്കമായിരുന്നെങ്കിൽ കക്ഷി വളരെ സന്തോഷത്തോടെരു അന്നു് ആ കവിതകളെല്ലാം പൂർണ്ണാവകാശത്തോടുകൂടിത്തന്നെ വിട്ടുതരുമായിരുന്നു. പക്ഷെ ഇവിടെ അതിനൊരുക്കമായിരുന്നില്ല. ഇവിടത്തെ സാധാരണനയം അതല്ലെന്നുള്ളതാണതിനു കാരണം. പെട്ടെന്നു പ്രസിദ്ധം ചെയ്യാൻ കഴിയുന്നതു വല്ലതും ഏറ്റെടുക്കുക എന്നതല്ലാതെ കിട്ടുന്നതു മുഴുവൻ കൈക്കലാക്കി വയ്ക്കുക എന്നൊരു രീതി ഒരിക്കലും ഇവിടെ സ്വീകരിക്കുകയുണ്ടായിട്ടില്ല. ഒന്നുരണ്ടു പ്രത്യേക ഘട്ടങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മയിൽ വരുന്നു.

യുവകാഥികന്മാരിൽ നല്ല കഴിവുള്ളവനായി അറിയപ്പെടുന്ന ശ്രീ എൻ. ഗോവിന്ദൻകുട്ടി താനെഴുതിയ അൻപതു ചെറുകഥകളുമായി ഒരിക്കൽ ഇവിടെ വന്നു. കൊച്ചിയിൽ നിന്നും കാൽനടയിയാട്ടാണു് അദ്ദേഹം ഇവിടെ വന്നതെന്നു പറഞ്ഞാൽ അതിൽ അദ്ദേഹത്തിനു പരിഭവമുണ്ടാവുകയില്ലെന്നു വിശ്വസിക്കുന്നു. കേര

ളത്തിലെ പല പ്രസാധകരെയും താൻ സമീപിച്ചു എന്നും ഓരോരുത്തരുടെയും തനിനിറം തനിക്കു ശരിക്കും ബോദ്ധ്യമായി എന്നും ഇനിയും അങ്ങനെ അലയാൻ താല്പര്യമില്ലെന്നും അൻപതു കഥകളും ഒരു പ്രതിഫലം നിശ്ചയിച്ചു സ്വീകരിച്ച് പുസ്തകങ്ങളായി പ്രസിദ്ധം ചെയ്യണമെന്നുമായിരുന്നു ശ്രീ എൻ. ഗോവിന്ദൻ കുട്ടിയുടെ അഭ്യർത്ഥന. ഭാവിയെപ്പററി ആക്കുമൊന്നും നിശ്ചയിക്കുവാൻ സാദ്ധ്യമല്ലെന്നും അതിനാൽ ഒന്നിച്ചുള്ള ഒരു ഇടപാടിനു് ഒരുങ്ങരുതെന്നും സ്നേഹപൂർവ്വം ഉപദേശിച്ചതോടൊപ്പം ഒരു സമാഹാരത്തിനുവേണ്ടി ഏഴെട്ടു കഥകൾ ഇപ്പോൾ എടുക്കാമെന്നും അതിനു് ശ്രീ ഗോവിന്ദൻകുട്ടി നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു് കീഴ്പെടാമെന്നും അതിൻെറ പ്രസിദ്ധീകരണം കഴിഞ്ഞിട്ടു് പിന്നീടു് വേണ്ടതു ചെയ്യാമെന്നും ഞാൻ സമ്മതിക്കുകയും ചെയ്തു. ഏതാനും കഥകൾ എടുത്തു് അതിനു് എഗ്രിമെൻറ് എഴുതിവാങ്ങി തുക കൊടുത്തു. രണ്ടുമൂന്നു മാസങ്ങൾക്കുള്ളിൽ ആ പുസ്തകം പ്രസിദ്ധീകരിച്ചു. അതിനു ശേഷവും രണ്ടു സമാഹാരങ്ങൾകൂടി പ്രസിദ്ധം ചെയ്യുകയുണ്ടായി. അതിനകം ഈ വിവരമൊക്കെ അറിഞ്ഞ സുഹൃത്തുക്കൾ, എല്ലാകഥകളും ഒന്നിച്ചെടുത്തു് എഗ്രിമെൻറ ചെയ്യാത്തതിൽ എന്നെ സ്നേഹബുദ്ധ്യാ കുററപ്പെടുത്തിയതു്, ഇന്നും സ്മരണയിൽ ഉണ്ടു്. പക്ഷെ അങ്ങനെ ചെയ്യാത്തതിൽ അന്നെന്നപോലെ അതിനു ശേഷവും എനിക്കു ഖേദം തോന്നിട്ടിയില്ല.

വേറൊരു ദൃഷ്ടാന്തംകൂടി പറയാം. ശ്രീ കാനം ഈ. ജെ. ആദ്യമായി ഇവിടെ വന്നു പരിചയപ്പെട്ടതു് ഒന്നിച്ചു് ഏഴു മാററവും കൊണ്ടായിരുന്നു. അന്നു് അദ്ദേഹത്തോടും വളരെ സാഹസപ്പെട്ടു ഞാൻ പറഞ്ഞതാണു്

തല്ക്കാലം ഒരെണ്ണം തരിക; അതച്ചടിച്ച് പ്രസിദ്ധം ചെയ്തശേഷം വീണ്ടും മററുള്ളവയെപ്പററി ആലോചിക്കാം- എന്ന്. അദ്ദേഹം അതിനൊട്ടും വഴങ്ങിയില്ല. ഏഴുമാററവും ഒന്നിച്ചെടുത്തു് തുക തന്നേപററ എന്നദ്ദേഹം ശാഠ്യം പിടിച്ചു. ഓരോന്നിനും രണ്ടു സ്ഥാനം മാത്രം വരുന്ന സംഖ്യ പ്രതിഫലമായി കണക്കാക്കിയാണ് മൊത്തം തുക ഒന്നിച്ചുകൊടുത്തു് അന്ന് മാററർ സ്വീകരിച്ചതു്. ആ ശ്രീ. കാനത്തിന് അടുത്തകാലത്തു് മൂന്നു മാററിന് ഇവിടെ നിന്നു കൊടുത്ത പ്രതിഫലം അന്നത്തെ ഏഴു മാററിന് മൊത്തം കൊടുത്ത പ്രതിഫലത്തിൻെറ ഏഴിരട്ടിയിൽ അധികമാണ്. ഇന്നു ശ്രീ കാനത്തിൻെറ ഒരു മാററിനുള്ള പ്രതിഫലം നാലുസ്ഥാനമുള്ള സംഖ്യയിലേ ഒതുങ്ങു. ഭാവിയിൽ ആർക്കെങ്കിലും പ്രയോജനമുണ്ടാകുമെന്നു പ്രതീക്ഷിക്കാൻ മാമൂല്യണ്ടെങ്കിൽ അതെങ്ങനെയെങ്കിലും കൈയടക്കിവയ്ക്കണമെന്നൊരു താല്പര്യം ഇവിടെ ഒരിക്കലും ഉണ്ടായിട്ടില്ല.

നമുക്കു കഥ തുടരാം. കക്ഷി കൂടെക്കൂടെ പണത്തിനു ഞെരുക്കം ഉണ്ടാവുന്ന കൂട്ടത്തിലായിരുന്നു. വളരെ നിസ്സാരമായ തുകയ്ക്കുവേണ്ടിപ്പോലും ടിയാൻ ബദ്ധപ്പെട്ടു് ഇവിടെ വന്നു ചേർന്നിട്ടുള്ള ഘട്ടങ്ങൾ പലതുണ്ടു്; സ്നേഹബുദ്ധ്യാ ആ ആവശ്യങ്ങളെല്ലാം സാധിച്ചുകൊടുത്തതിൻെറ ഫലമായി കക്ഷിയുടെ കയ്യിൽനിന്നും നല്ലൊരു സംഖ്യ മടങ്ങിക്കിട്ടേണ്ടതായി ശേഷിച്ചു. അതു കൈവശപ്പെടുത്തുവാൻ വേണ്ടി ചെയ്ത സമീപനങ്ങളൊന്നും ഫലപ്പെടുകയുണ്ടായില്ല. കഥകളെന്ന പേരിൽ കക്ഷി പ്രസിദ്ധം ചെയ്തിട്ടുള്ള ചിലതിൻെറ പേരും-അതു് പ്രസിദ്ധം ചെയ്ത പ്രസിദ്ധീകരണങ്ങളുടെ പേരും ഒരിക്കൽ പറഞ്ഞുതന്നു! ആ കഥകൾ പുസ്തക

രൂപത്തിൽ പ്രസിദ്ധം ചെയ്ത് അതിന്റെ പ്രതിഫല മായി കണക്കാക്കി, പററവത്തുക തട്ടിക്കഴിക്കത്തക്കവിധ ത്തിൽ ഒരു നിർദ്ദേശവുമുണ്ടായി. കഥ പ്രസിദ്ധം ചെ യ്ത വാരികയിൽ ഒരെണ്ണം പോലും കക്ഷിയുടെ കൈവ ശമുണ്ടായിരുന്നില്ല. എവിടെയും കാണാൻ കഴിയത്ത ക്കവിധത്തിലുള്ള പ്രസിദ്ധ വാരികകളൊന്നുമല്ലതാനും. വളരെവളരെ ക്ലേശങ്ങൾ സഹിച്ചാണു് കഥകളിൽ ചി ലതൊക്കെ തേടിപ്പിടിക്കാൻ കഴിഞ്ഞതു്. കിട്ടിയവ യിൽതന്നെ ഒന്നുരണ്ടെണ്ണം കഥയെന്നു പറയാൻ ഒരു തരത്തിലും പററുന്നവയായിരുന്നില്ല. ശേഷിച്ചവ സ മാഹരിച്ചു് ഒരു പുസ്തകമാക്കി. പുസ്തകം അച്ചടിച്ചു ക ഴിഞ്ഞപ്പോൾ, മുൻ നിർദ്ദേശത്തിനു വിരുദ്ധമായി പല കത്തുകളും കിട്ടാനിടയായി എന്നതും വിസ്മരിക്കാനാവു ന്നില്ല.

ആവശ്യം പോലെ എപ്പോഴും എവിടേയും പറ ഞ്ഞയയ്ക്കാൻ പററിയ ഒരു ആശ്രിതനുണ്ടു് പുള്ളിക്കാര നു്. പുള്ളിക്കാരന്റെ കത്തോടുകൂടിയും, ചിലപ്പോൾ കത്തൊന്നും കൂടാതെയും, മാത്രമല്ല പുള്ളിക്കാരൻ അറി യാതെതന്നെയും ഓരോ സ്ഥാനങ്ങളെ സമീപിച്ചു് പ ണം പററാൻ വിരുതുള്ള കൂട്ടത്തിലാണു് ആ ആശ്രി തൻ. അയാൾ പല പ്രാവശ്യം എന്നെ സമീപിച്ചു. ആ സമീപനങ്ങളെ ആദരിക്കാൻ താല്പര്യം തോന്നത്ത ക്കവിധത്തിലായിരുന്നില്ലല്ലോ മുന്നനുഭവങ്ങൾ. കൊട്ടു ത്തുപോയ തുക തിരികെ കിട്ടാൻ എത്രശ്രമിച്ചിട്ടും സാ ധിക്കാതിരിക്കുകയും ഒടുക്കം അതു മുതലാക്കുവാൻ പല സ്ഥലത്തു തിരഞ്ഞുനടന്നു് വാരികകൾ തേടിപ്പിടിക്കുക യും അത്രയും സാധിച്ചു് പുസ്തകം പ്രസിദ്ധം ചെയ്ത പ്പോൾ മുൻകരാറൊക്കെ വിസ്മരിച്ചുകൊണ്ടുള്ള ഒട്ടേറെ

കത്തുകൾക്കു് മറുപടി എഴുതേണ്ടി വരികയും ചെയ്തതു് മറക്കാൻ കാലമായിരുന്നില്ല. ആ ആശ്രിതൻ പല പ്രാവശ്യം വന്നു് അലട്ടിയപ്പോൾ "പ്രസിദ്ധം ചെയ്യാൻ പററിയ മാററർ വല്ലതുമുണ്ടെങ്കിൽ തന്നാൽ പണം തരാമെന്നല്ലാതെ വെറുതെ ഇങ്ങനെ ചോദിക്കുമ്പോഴൊക്കെ പണം തരുവാൻ തല്ക്കാലം സൗകര്യമില്ലാതിരിക്കുന്നു." എന്നു വ്യക്തമായി പറഞ്ഞു വിടേണ്ടിവന്നു.

അതുകഴിഞ്ഞു് അടുത്തദിവസം എത്തിയ കത്താണു്, "...വന്നു് വിവരം പറഞ്ഞു...... യുടെ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യാൻ മാത്രം ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ വളന്നിട്ടില്ല.''

ഒരു പദ്യസമാഹാരവും ഒരു കഥാസമാഹാരവും ഏതായാലും അയോഗ്യമോ അപ്രാപ്തമോ ആയ ആ ബുക്കുഡിപ്പോ പ്രസിദ്ധം ചെയ്തുപോയി. ആ രണ്ടിൻേറയും അവകാശം ബുക്കുഡിപ്പോയ്ക്കാണുതാനും. അന്നു് ആ സ്ഥാപനം അതിനു യോഗ്യതയുള്ളതായിരുന്നു. പിന്നീടു് ഒരു പക്ഷേ അതു് അധഃപതിച്ചു പോയതാവാം. അഥവാ പുള്ളിക്കാരൻ അതിലൊതുങ്ങാത്തവിധത്തിൽ വളന്നു വികസിച്ചുപോയതുമാവാം. അതെങ്ങനെയായാലും ആ മഹാനെ ഗ്രന്ഥകർത്തൃപദവിയിലേക്കു് ഉയത്തിവിട്ടതു്, അഥവാ ഗ്രന്ഥകത്താവു് എന്ന പദത്തിൻേറ കീഴിൽ ആ മഹാൻേറ പേർ ആദ്യമായി അടിച്ചുചേത്തതു് പ്രസ്തുത ബുക്കുഡിപ്പോയാണല്ലോ.

ഏതൊരു സ്ത്രീയേയും ആദ്യമായി സ്പർശിച്ച ആളിനെ അയാൾ എങ്ങനത്തെ ആളായിരുന്നാലും ആ സ്ത്രീക്കു് ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കുവാനാവുകയില്ലെന്നു് പലരും പറഞ്ഞു കേട്ടിട്ടുണ്ടു്. ഒരു പക്ഷെ ആ ഉപമ ഇവിടെ സംഗതമല്ലായിരിക്കാം.

സുപ്രസിദ്ധ സാഹിത്യകാരനായ ഒരു മാന്യൻെറ ജാമാതാവായ ഒരു ബന്ധുവുമൊന്നിച്ച് പുള്ളിക്കാരൻ സാമ്പത്തിക സഹായമാവശ്യപ്പെട്ട് പിന്നീടൊരിക്കൽ ഇവിടെ വന്നുവെന്നും, പുതിയ മാററർ തരാമെന്നു സമ്മതിച്ചു എന്നും പക്ഷെ ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ വേണ്ടത്ര വളൎന്നുകഴിഞ്ഞിട്ടുമതി അതൊക്കെ എന്നു പറഞ്ഞു് ഒഴിയേണ്ടിവന്നു എന്നുമുള്ളതു് അനന്തര സംഭവങ്ങളാണു്. വളരെ പ്രധാനപ്പെട്ട അപൂൎവ്വം ചില രേഖകൾ ഭദ്രമായി സൂക്ഷിക്കുന്ന കൂട്ടത്തിൽ ചേൎത്തു് ആ കത്തും ഞാൻ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുപോരുന്നുണ്ടു്. ബുക്കുഡിപ്പോയുടെ വളർച്ചയ്ക്കു് പ്രചോദനം നൽകുന്ന ഒരു വസ്തുവാണതു് എന്നാണെൻെറ വിശ്വാസം.

# VI

## കാണാത്ത കാമിനി

ഏതെങ്കിലും അന്യഭാഷയിൽ നിന്നു് ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്തെടുത്തു് സ്വന്തം കൃതിയായി ഭാവിച്ചു് പ്രസാധകരെ വഞ്ചിക്കുന്ന എഴുത്തുകാർ നമ്മുടെ ഇടയിൽ അപൂർവ്വമല്ല. തങ്ങൾ കണ്ടുപിടിച്ച മൂലഗ്രന്ഥം മററാർക്കും കിട്ടുവാനോ കാണുവാൻപോലുമോ തരമാവുകയില്ല എന്ന ധൈര്യത്തിന്മേലാണു് ഇക്കൂട്ടരുടെ ഉറപ്പുമുഴുവനും. വായനക്കാർ ഇവർമൂലം സഹിക്കേണ്ടിവരുന്ന പീഡനവും പ്രസാധകന്മാർക്കു് അനുഭവപ്പെടുന്ന ക്ലേശങ്ങളും ഇവർ എന്തിനു കാര്യമാക്കണം? ഇത്തരം ഒരു കഥയാണു് ഇവിടെ പറയുവാൻ പോകുന്നതു്.

നിരവധി ഡിററക്ടീവ് നോവലുകൾ എഴുതി പേർകേട്ട ഒരു ഗ്രന്ഥകാരൻ ഒരിക്കൽ ഒരു മാററവുമായി വന്നുചേർന്നു. നൂറിൻെറ നോട്ടുമാറി ചില്ലറ കൊടുക്കുന്നതു പോലെ അത്രവേഗം ആ മാററർ വാങ്ങിവച്ചു് പ്രതിഫലത്തുക കൊടുക്കണമെന്നായിരുന്നു പുള്ളിക്കാരൻെറ പക്ഷം. നോവലിസ്റ്റ് എന്ന നിലയിൽ താൻ അത്രയേറെ പ്രസിദ്ധനാണെന്നും ആ ആളിനു് അഭിമാനമുണ്ടായിരുന്നു. പണത്തിനു് ഒരാഴ്ചത്തെ സാവകാശം വേണ്ടിവരുമെന്നും അതിനകം മാററൊന്നു വായിച്ചു

നോക്കാമെന്നും ഞാൻ പറഞ്ഞു. ''ഞാനൊരു മാററർ ഇന്നേവരെ പരിശോധനയ്ക്കായി എങ്ങും ഏല്പിച്ചിട്ടില്ല, ആരും എൻെറ മാററർ പരിശോധിക്കണമെന്നു പറഞ്ഞിട്ടും ഇല്ല.'' എന്നായിരുന്നു മറുപടി. പ്രതിഫലം കൊടുക്കുന്നതിനുമുമ്പ് മാറററൊന്നു വായിച്ചു നോക്കാമെന്നു ഞാൻ പറഞ്ഞതു് പുള്ളിക്കാരനു് തീരെ അഭിമാനക്ഷയമായിപ്പോയി.

"അങ്ങയുടെ മാററർ പരിശോധിക്കാനോ? - അതിനെനിക്കെന്തു കഴിവാണു്? അങ്ങനെ ധരിച്ചതേ സങ്കടമായിപ്പോയി. ഏതായാലും പണത്തിനു് അല്പം സാവകാശം വേണ്ടിയിരിക്കുന്നു. അതിനകം ഒന്നു വായിച്ചുനോക്കാമല്ലോ. അങ്ങയുടെ നോവലല്ലേ എന്നു വിചാരിച്ചു എന്നു മാത്രം." എന്നൊരു ഭംഗിവാക്കു പറയുക പ്രത്യേകിച്ച് ചെലവൊന്നുമുള്ള കാര്യമല്ലല്ലോ. അങ്ങനെയൊന്നുപറഞ്ഞാൽ പുള്ളിക്കാരൻ സന്തോഷിക്കുമെങ്കിൽ യാതൊരു ചെലവുമില്ലാതെ അങ്ങനെ ഒന്നു സന്തോഷിപ്പിക്കുന്നതിൽ എന്താണു് തകരാറ്? ഞാനങ്ങനെ പറയുകതന്നെ ചെയ്തു. മാററർ ഏൽപ്പിച്ചുതന്നു് കക്ഷി മടങ്ങിപ്പോയി.

ഒരു ഡിററക്ടീവ് നോവലാണു് മാററർ. പെട്ടെന്നതു വായിച്ചുതീർത്തു. അല്പം പുതുമയുള്ള കഥാഘടനയാണു്. ഒരു കൊലക്കേസിൻെറ വിസ്താരമൊക്കെ പൂർത്തിയായ ശേഷം ജഡ്ജി ജൂറിമാരോടു ചെയ്യുന്ന പ്രസംഗത്തിൻെറ രൂപത്തിലാണു് കഥമുഴുവൻ നിബന്ധിച്ചിരിക്കുന്നതു്. ഡിററക്ടീവു നോവലിനു് നല്ല മാക്കററുള്ള ഒരു കാലഘട്ടത്തിൽ പുതിയ ടെക്നിക്കിലുള്ള ഈ മാററർ പ്രസിദ്ധം ചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നി. എന്നാൽ ഒരു ഭാഗത്തു് അല്പം പാകപ്പിഴ കണ്ടു. ജൂറിമാരോടുള്ള പ്രസംഗരൂപത്തിൽ സംഭവങ്ങളാം മിക്കവാ

റം വന്നു കഴിഞ്ഞിട്ടുണ്ട്. പക്ഷേ അതിനുശേഷമുള്ള സമാപനം ഒട്ടും ശരിയല്ല. അവിടെ എന്തോ ഏച്ചുകെട്ടിയതുപോലെ മുഴച്ചിരിക്കുന്നതായി തോന്നി.

ഒരാഴ്ച കഴിഞ്ഞു പുള്ളിക്കാരൻ വന്നു. കാര്യങ്ങളൊക്കെ പറഞ്ഞു യോജിച്ചു. എഗ്രിമെൻറം എഴുതി. പിന്നീട് വളരെ ഭവ്യമായി എൻെറ സംശയം ഞാനറിയിച്ചു. എത്ര വിശദമാക്കിയിട്ടും കക്ഷിക്കതു മനസ്സിലായില്ല. "ആ ഭാഗം എങ്ങനെ വരണമെന്നു പറഞ്ഞാൽ അങ്ങനെ ഞാനതു ശരിപ്പെടുത്താം. അല്ലെങ്കിൽ നിങ്ങാംതന്നെ അച്ചടിക്കുമുമ്പായി അതു് വേണ്ട വിധത്തിലൊന്നു ശരിപ്പെടുത്തിയാൽ മതി.'' എന്നായിരുന്നു സമാധാനം. ഞാനല്പം ആശ്വസിച്ചു. മാററൊന്നു വായിച്ചുനോക്കാമെന്നു ഞാൻ പറഞ്ഞപ്പോാം പരിഭവിക്കയും, "ഞാൻ ഇന്നേവരെ പരിശോധനയ്ക്കായി മാററർ ആരേയും ഏൽപ്പിച്ചിട്ടില്ല." എന്നു പറയുകയും ചെയ്യു മാന്യൻ ആ മാറററിൽ ആവശ്യമായ ഭേദഗതി വരുത്താൻപോലും അനുവാദം തരുന്നു എന്നു കണ്ടാൽ എങ്ങനെ ആശ്വസിക്കാതിരിക്കും?

കാലം അനുകൂലമായിരുന്നതിനാൽ-അത്തരം പുസ്തകങ്ങാംക്കു് നല്ല മാർക്കററുള്ള കാലഘട്ടമായിരുന്നതിനാൽ വളരെ വേഗം പുസ്തകം അച്ചടിപ്പിച്ചു. ടെക്നിക്കിൻെറ പുതുമ കാണിച്ചു് ധാരാളം പരസ്യങ്ങളും കൊടുത്തു വില്പന നടന്നുകൊണ്ടിരിക്കുകയാണു്.

കോഴിക്കോട്ട് കെ. ആർ ബ്രദേഴ്സ് പ്രസിദ്ധം ചെയ്യു കാമിനി എന്ന പുസ്തകം ഒരു ദിവസം എൻെറ മകാം വായിക്കാനെടുത്തു. കുറച്ചു പേജുകാം വായിച്ചു കഴിഞ്ഞപ്പോാം ആ കഥയും ഇവിടത്തെ മേല്പറഞ്ഞ കഥയും ഒന്നുതന്നെയാണെന്നവാംക്കു തോന്നി. അവളിൽ

നിന്നും വിവരമറിഞ്ഞ ഞാൻ രണ്ടു പുസ്തകങ്ങളുമായി ഒത്തുനോക്കി. പേരുകൾ ചിലതു മാററീട്ടുണ്ടു്. വാക്യങ്ങൾ പലതും ഒരുപോലിരിക്കുന്നു. ഒരേ വാചകം രണ്ടു പേർ തർജ്ജമചെയ്യുമ്പോൾ വന്നുക്രടാവുന്ന മാററങ്ങൾ അവിടവിടെ കാണാമെന്നേയുള്ളു. നമ്മുടെ നോവലിസ്റ്റ് സ്വന്തം ബുദ്ധിശാലയിൽനിന്നും രൂപം കൊടുത്തു തയ്യാറാക്കിയ ഒരു പുതിയ കഥ പെട്ടെന്നു് എങ്ങനെ കെ. ആർ. ബ്രദേഴ്സിന്നു് കിട്ടി? ന്യായമായും സംശയിക്കാവുന്നതല്ലേ? വിവരം ആരാഞ്ഞു ഉടനെ കക്ഷിക്കു് ഒരു കത്തയച്ചു.

''ഞാൻ നിങ്ങൾക്കുതന്നതു് എൻെറ ഒരു സ്വന്തം കൃതിയാണു്. കെ. ആർ. ബ്രദേഴ്സ് പ്രസിദ്ധം ചെയ്ത കാമിനി ഞാൻ കണ്ടിട്ടില്ല. ആ കഥയും ഇതും തമ്മിൽ എങ്ങനെ സാമ്യമുണ്ടായി എന്നെനിക്കറിയാനും വയ്യ.'' എന്നായിരുന്നു മറുപടി. അതിനകം കാര്യങ്ങൾ ഇവിടെ വ്യക്തമായി മനസ്സിലാക്കി കഴിഞ്ഞിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രന്ഥകാരനു് ഇങ്ങനെ ഒരു കത്തയച്ചു

'കാമിനി എന്ന പുസ്തകം അങ്ങു് കണ്ടിട്ടില്ല എന്നു പറയുന്നതു് തികച്ചും സത്യമായിരിക്കും. അങ്ങയുടെ ഈ പുസ്തകം കണ്ടിട്ടില്ലെന്നു് കാമിനിയുടെ ഗ്രന്ഥകത്താവായ ശ്രീ. എം. ആർ. നാരായണപിള്ള പറഞ്ഞാൽ അതും സത്യമായിരിക്കും. അങ്ങയുടെ പുസ്തകം ശ്രീ എം. ആർ. നാരായണപിള്ളയോ അദ്ദേഹത്തിൻെറ പുസ്തകം അങ്ങോ പകർത്തിയതല്ലെന്നുള്ളതു തീർച്ച. അതൊന്നുമല്ല കുഴപ്പം; രണ്ടുപേരും അവലംബമായി സ്വീകരിച്ച തമിഴ് നോവൽ ഒന്നായിപ്പോയി എന്നതു മാത്രമാണു്."

ഇത്തരം മോഷണങ്ങൾ ചിലപ്പോൾ അപകടങ്ങളിൽത്തന്നെയും എത്തിച്ചേക്കാറുണ്ടു്. ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾകൂടി ഇവിടെ പറയുന്നതു് സന്ദർഭോചിതമാവുമെന്നു കരുതുന്നു.

സാഹസികയാത്രകളുടെ വിവരങ്ങളടങ്ങിയ ചില കഥകളുടെ മാററർ ഒരിക്കൽ ഒരു കക്ഷി ഇവിടെ കൊണ്ടുവന്നു. കൈയെഴുത്തു കോപ്പിയല്ല പേപ്പർ കട്ടിംഗ്സായിരുന്നു മാററർ. ചില വാരികകളിലും ഞായറാഴ്ചപ്പതിപ്പുകളിലും കക്ഷിയുടെ പേർവച്ചു് പ്രസിദ്ധം ചെയ്ത ലേഖനങ്ങളുടെ പേപ്പർ കട്ടിംഗ്സായിരുന്നു അവ. കഥകളൊക്കെ വളരെ രസകരമായിത്തോന്നി. വിദേശപത്രങ്ങളിൽക്കണ്ട ചില സംഭവങ്ങളെ അടിസ്ഥാനമാക്കി എഴുതിയ കഥകളാണെന്നായിരുന്നു പുള്ളിക്കാരൻെറ പക്ഷം. കഥകൾ തൻെറ സ്വയം കൃതിയാണെന്നു് കക്ഷി അവകാശപ്പെട്ടുന്നു. പത്രങ്ങളിലൊക്കെ പ്രസിദ്ധം ചെയ്തിരിക്കുന്നതു് ആ രൂപത്തിലാണുതാനും. അത്രയും കൊണ്ടൊക്കെ ഒരു വിധത്തിൽ വിശ്വസിച്ചു് എഗ്രിമെൻറ വാങ്ങുകയും കഥകൾ ചേർത്തു് പുസ്തകം അച്ചടിപ്പിക്കയും ചെയ്തു.

കുറച്ചുനാൾ കഴിഞ്ഞു് കുറേ വേട്ടക്കഥകൾ പുള്ളിക്കാരൻ അയച്ചുതന്നു. അതും മുൻപോലെ ചില സംഭവങ്ങളെ അടിസ്ഥാനമാക്കി സ്വയമായി എഴുതിയുണ്ടാക്കിയവയാണെന്നാണഭിപ്രായം. ആ മാററവും മുൻപോലെ പേപ്പർ കട്ടിംഗ്സാണു്. ആ മാററവും സ്വീകരിക്കുകയുണ്ടായി. പക്ഷേ അതു് അച്ചടിപ്പിക്കാനിടയായില്ല. കാരണം എന്തെന്നോ? പറയാം.

ആ വേട്ടക്കഥകളിൽ മിക്കതും അടങ്ങിയ ഒരു പുസ്തകം "കുമയോണിലെ കടുവകൾ" എന്ന പേരിൽ സ

തേൺ ലാങ്ഗേജസ് ബുക്ക് ട്രസ്റ്റിൻെറ ആഭിമുഖ്യ ത്തിൽ പ്രസിദ്ധം ചെയ്തു കണ്ടു. ആ പുസ്തകം നോക്കി യപ്പോഠം അതിലെ കഥകഠംക്ക് മൂലകാഥികൻെറ അനു വാദം വാങ്ങിയതായും അദ്ദേഹത്തിനു് റോയൽട്ടി കൊടു ക്കുന്നതായും മനസ്സിലായി. അതിൽ കാണുന്ന കഥകഠം തന്നെയാണു് നമ്മുടെ ഗ്രന്ഥകാരൻ എഴുതിയ ഒറിജിനൽ എന്നു പറയുന്ന വേട്ടക്കഥകളും. അപകടത്തിലേയ്ക്കു ചാടേണ്ട എന്നു കരുതി വേട്ടക്കഥകഠം പ്രസിദ്ധം ചെ യ്തില്ല. ആ മാററർ അതേവിധം ഇരിപ്പാണു്.

ഇതുകൊണ്ടൊന്നും അപകടം വിട്ടുമാറിയില്ല. സാ ഹസികലോകം എന്ന പേരിൽ ആദ്യം പ്രസിദ്ധം ചെയ്ത കഥാസമാഹാരം സംബന്ധിച്ച് ലണ്ടനിലെ ഒരു പ്രസി ദ്ധീകരണശാലക്കാരിൽ നിന്നും ഏതാനും മാസങ്ങഠം ക ഴിഞ്ഞു് ഒരു നോട്ടീസു ലഭിച്ചു. അവക്ക് പകപ്പവകാശ മുള്ള... എന്ന പുസ്തകത്തിൻെറ പരിഭാഷയാണു് സാ ഹസിക ലോകമെന്നും അവരുടെ സമ്മതം വാങ്ങാതെ അങ്ങനെയൊരു പരിഭാഷ പ്രസിദ്ധം ചെയ്തതിനു് അ വക്ക് നഷ്ടം കിട്ടണമെന്നും മററുമായിരുന്നു നോട്ടീസ്. അവരുടെ ഭാഗത്താണു് ന്യായമെന്നു കാണാനും കഴി ഞ്ഞു. വളരെ സാഹസം പറഞ്ഞു്, പ്രസ്തുത പുസ്തകം റിപ്രിൻറു ചെയ്യുകയില്ല എന്നു സമ്മതിച്ച് അവക്കൊ രു തുകയും കൊടുത്തു്, അക്കാര്യം ഒരു വിധത്തിൽ അവ സാനിപ്പിച്ചു. പ്രസ്തുത ഗ്രന്ഥകാരനെപ്പററിയാകട്ടെ അ ക്കാലത്തെങ്ങും യാതൊരു വിവരവും ഉണ്ടായിരുന്നില്ല!

ആക്കും എന്തും ചോരണം ചെയ്യാം. എങ്ങനെ യെങ്കിലും പ്രസാധകനെ പറഞ്ഞു വിശ്വസിപ്പിച്ച് അ യാളുടെ പിടലിയ്ക്കു അതു കെട്ടിവയ്ക്കാം. കിട്ടുന്നതു വാ ങ്ങാം. കുഴപ്പം വരുമ്പോഠം കുററക്കാരൻ പ്രസാധകനാ

ണ്. മോഷ്ടിച്ചവനല്ല അതു പ്രസിദ്ധം ചെയ്യുവനാണ് സമാധാനം പറയേണ്ടതു്. ഈ വ്യവസ്ഥ ഒന്നു മാറി ക്കിട്ടുവാൻ പ്രസാധക സംഘടനകൾ പരിശ്രമിക്കേണ്ട തുണ്ടെന്നു് ഈ ഘട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.

ഈ അനുഭവത്തിനുശേഷം മാററിന്റെ കാര്യ ത്തിൽ കൂടുതൽ ശ്രദ്ധിക്കുവാൻ ഞാൻ നിർബ്ബന്ധിതനാ യിത്തീന്നിട്ടുണ്ടു്. അടുത്ത കാലത്തെ ഒരു അനുഭവംകൂടി ഇവിടെ കുറിച്ചിട്ടു് ഈ കഥ അവസാനിപ്പിക്കാം. 'ചൊ വ്വാഴ്ച രാത്രി' എന്ന പേരിൽ ഒരു ഡിററക്ടീവു നോവ ലിന്റെ മാററർ ഇവിടെ അയച്ചുകിട്ടി. കഥ തരക്കേ ടില്ല. അതു് ആ മാററർ അയച്ച ആളിന്റെ കഥപോ ലെ കല്പിതമാണെന്നു് വിശ്വസിക്കാൻ പ്രയാസം തോ ന്നി. സത്യാവസ്ഥ അറിയിച്ചാലേ എന്തെങ്കിലും തീരു മാനിക്കാനാവൂ എന്നെഴുതി. ഇതു താൻ കെട്ടിപ്പടുത്ത കഥയാണെന്നും കഥയ്ക്കെന്നല്ല അതിലെ ഏതെങ്കിലും ആശയങ്ങൾക്കുപോലും ആരോടും യാതൊരു കടപ്പാടുമി ല്ലെന്നുമായിരുന്നു മറുപടി. അതേപേരിൽ ഇംഗ്ലീഷില ള്ള ഒരു പുസ്തകം അതിനകം കൈവശം കിട്ടികഴിഞ്ഞിരു ന്നു. ആ ഇംഗ്ലീഷ് പുസ്തകത്തിന്റെ കവർ നാലാം പേജിൽ ഒരു കലണ്ടർ ഷീററാണ്. അതിൽ ഒരു ചൊവ്വാഴ്ച അടയാളം കൊടുത്തു് പ്രത്യേകം ചൂണ്ടി ക്കാണിച്ചിട്ടുണ്ടു്. ഇവിടെ കിട്ടിയ കൈയെഴുത്തു പ്രതി യിലും അവസാന ഭാഗത്തു് അതേ കലണ്ടർ വരച്ചെഴ തീട്ടുണ്ടു്. രണ്ടു ചൊവ്വാഴ്ചയും ഒരേ തീയതിയിലാണ്. ആ പുസ്തകത്തിന്റെ ഏകദേശ പരിഭാഷയത്രേ ഇവി

ടെ കിട്ടിയ മാററർ. ഇത്രയും വ്യക്തമായ തെളിവുണ്ടായിട്ടും ആ വസ്തുത സമ്മതിക്കുവാൻപോലും കക്ഷി ഒരുക്കമെല്ലായിരുന്നു. ഏതായാലും അറിഞ്ഞുകൊണ്ടു് അപകടത്തിൽ ചാടേണ്ട എന്നു കരുതി മാററർ മടക്കി അയച്ചു കൊടുത്തു. ഇതേപ്പററിയൊക്കെ യാതൊന്നും ചിന്തിക്കാതെ ആ മാററർ പ്രസിദ്ധപ്പെടുത്തുവാൻ ഒരു പ്രസാധകനെ കേരളത്തിൽ നിന്നുതന്നെ കക്ഷിക്കു ലഭിച്ചു എന്ന വസ്തുതയും ഇവിടെ പറയേണ്ടിയിരിക്കുന്നു.

# VII

## അതല്ല ഇതു്.

"മകാംക്കു് ഹിന്ദിക്ലാസിലേയ്ക്കു് അഡ്മിഷൻ കിട്ടീട്ടുണ്ടു്. ഇന്നു് അഡ്മിററ ചെയ്യില്ലെങ്കിൽ ആ ചാൻസ് ക്യാൻസലായിപ്പോകും. യാതൊരു ഒഴികഴിവും പറയാതെ സാർ അക്കാര്യത്തിൽ സഹായിച്ചേ പററൂ. മകളെ എറണാകുളത്തു കൊണ്ടുചെന്നു താമസിപ്പിച്ചിട്ടാണു് വളരെ അത്യന്തരമായി ഞാനിങ്ങോട്ടു പോന്നതു്." ഒരു ദിവസം രാവിലെ ഒരു മാററുമായി എത്തിയ മാന്യനായ ഒരു ഗ്രന്ഥകാരൻ പറഞ്ഞതാണിതു്. 200 പേജിൻെറ രണ്ടു നോട്ടുബുക്കുകളിലായി എഴുതിയ മാററർ ആകപ്പാടെ ഒന്നു മറിച്ചുനോക്കുവാൻപോലും കഴിയുന്നതിനുമുമ്പു് കക്ഷിക്കു് പണവുമായി പോകേണ്ടിയിരുന്നു.

ഞാൻ ധർമ്മസങ്കടത്തിലായി. മാററർ വായിച്ചുനോക്കി തൃപ്തിപ്പെടാതെ അതു സംബന്ധിച്ചു് ഒരു ഇടപാടു നടത്തുക എന്നതു് എനിക്കിഷ്ടമുള്ള കാര്യമല്ല. സ്നേഹവും ആഗതൻെറ ആവശ്യത്തിൻെറ പ്രാധാന്യവും മാത്രം ലാക്കാക്കി പ്രവർത്തിച്ചാൽ അപകടം സംഭവിക്കുക എളുപ്പമാണു്. ഒരനുഭവം എന്നെത്തന്നെയും

വല്ലാതെ വശംകെട്ടത്തിയതായുണ്ടു്. അതിവിടെ കുറി ക്കുന്നതു് അസംഗതമാവുകയില്ലെന്നു കരുതുന്നു.

വായനക്കാക്കു് പ്രിയംകരനായ ഒരു നോവലെഴുത്തു കാരൻ —അദ്ദേഹത്തിൻെറ സാമാന്യം മുഴപ്പുള്ള ഒരു നോവൽ എറണാകുളത്തെ ഒരു പ്രസാധകനു വിററു. വിദേശിയായ ആ പ്രസാധകൻ കേരളം വിട്ടു് സ്വദേശത്തേയ്ക്കു മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. അതിൻെറ ഫലമായി പ്രസിദ്ധീകരണശാല നിത്തലാക്കി. കൈവശം ശേഷിച്ചിരിക്കുന്ന പുസ്തകങ്ങൾ പലക്കായി കൊടുത്തുതീത്തു. അവകാശം വാങ്ങിവച്ചിരുന്ന കൈയെഴുത്തു പ്രതികളും പലക്കായി വിററു തുടങ്ങി. അക്കൂട്ടത്തിൽ മേൽ വിവരിച്ച നോവൽ ഇവിടെ കൊണ്ടുവന്നു. ഗ്രന്ഥകാരനെ പരിചയമുണ്ടു്. ആ ഗ്രന്ഥകാരൻെറ നാലഞ്ചു പുസ്തകങ്ങൾ ഞാൻ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. മറെറാരു പ്രസാധകൻ -ആ ആൾ ഒരു ബഞ്ചു മജിസ്ട്രേട്ടും കൂടിയാണു്— നോക്കി വാങ്ങിയതുമാണല്ലോ. ഈ പരിഗണനകളോടുകൂടി മാററർ സ്വീകരിച്ചു. ഒരു ഗ്രന്ഥകാരനും പ്രസാധകനും പത്രപ്രവത്തകനുമൊക്കെയായ ഒരു സ്നേഹിതൻെറ പ്രസ്സിൽ അച്ചടിക്കത്തക്കവിധത്തിൽ മാററർ ഉടനെ കോട്ടയത്തേയ്ക്കു കൊടുത്തയയ്ക്കുകയും ചെയ്തു. പുസ്തകം അച്ചടിച്ചു തയാറായി വന്നതിനുശേഷമാണു് അതൊന്നു വായിച്ചു നോക്കിയതു്. ഞാനാകപ്പാടെ അന്ധാളിച്ചുപോയി. ഈ പുസ്തകത്തിനാണല്ലോ ഞാൻ പ്രതിഫലം കൊടുത്തതു്; ഈ പുസ്തകം അച്ചടിക്കൂലിക്കും മററുമായി നല്ലൊരു സംഖ്യ ചെലവാക്കിയതു്; ഈ പുസ്തകം ആകർഷകമാക്കാനാണല്ലോ നല്ലൊരു ബ്ളോക്ക ചെയ്യിച്ചു് ആർട്ടു് കാർഡിൽ

അതച്ചടിപ്പിച്ചതു്. കഷ്ടം! കാലം തെററിയുള്ള ഖേദത്തിനെന്താണർത്ഥം? വായിച്ചുനോക്കാതെ അച്ചടിപ്പിക്കാനിടയായ ആ പുസ്തകം അത്രയ്ക്കു വഷളായിരുന്നു. ഏതായാലും നമ്മുടെ ഗവർമെൻറ് ആ ഖേദത്തിനു പരിഹാരമുണ്ടാക്കി. ആദ്യപതിപ്പ് തൊണ്ണൂറു ശതമാനവും വിററു കഴിഞ്ഞപ്പോൾ ആ പുസ്തകം കണ്ടുകെട്ടപ്പെട്ടു. ഗവമ്മെൻറിൻെറ ആ തീരുമാനം എനിക്കാശ്വാസമാണു നൽകിയതു് എന്ന പരമാർത്ഥം ഇവിടെ രേഖപ്പെടുത്തുവാൻ സന്തോഷമുണ്ടു്.

ഏതുമാററവും വായിച്ചുനോക്കി തൃപ്തിപ്പെടാൻ കഴിഞ്ഞാൽ മാത്രമേ സ്വീകരിക്കാവൂ എന്നൊരു നിഷ്ഠ അന്നു മുതൽ കർശനമായി പാലിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള ഘട്ടത്തിലാണു് മാററർ ഏൽപ്പിച്ചു് മിനിററുകൾക്കകം പണവുമായി മടങ്ങിപ്പോകാനായി കക്ഷിവന്നിരിക്കുക! ധർമ്മസങ്കടത്തിലാവാതെ എന്തു ചെയ്യും?

പക്ഷേ അദ്ദേഹം പറഞ്ഞകാര്യങ്ങൾ സത്യമായിരുന്നു. അദ്ദേഹത്തിൻെറ മകൾക്കു് എം. ഏ യ്ക്കു് അഡ്മിഷൻ കിട്ടീട്ടുണ്ടു്. അന്നു ക്ലാസ്സിൽ ചേരണം താനും. ഒരു കുട്ടിനന്നാവുന്ന കാര്യമാണല്ലോ. ആവശ്യം നടത്തി കൊടുക്കുകതന്നെ. മാററർ തൃപ്തിപ്പെട്ടന്നില്ലെങ്കിൽ അതിന് മറെറന്തെങ്കിലും പരിഹാരമുണ്ടാക്കാം എന്നു സമാധാനിച്ചു് എഗ്രിമെൻറ വാങ്ങി തുക കൊടുത്തുവിട്ടു. പിന്നീടു് സാവകാശത്തിൽ മാററർ വായിച്ചുനോക്കി. വിഷമമൊന്നും തോന്നിയുമില്ല.

പല പുസ്തകങ്ങളും റീപ്രിൻറ ചെയ്യേണ്ട ബദ്ധപ്പാടിൽ ആയിരുന്നതിനാൽ ഈ മാററർ പെട്ടെന്നൊന്നും

പ്രസ്സിൽ കൊടുക്കാൻ പററിയില്ല. രണ്ടു കൊല്ലത്തിലധികം കാലം അങ്ങനെ കഴിഞ്ഞു. പിന്നീട് സാവകാശത്തിൽ അതു് പ്രസ്സിലേൽപ്പിക്കാൻ നോക്കിയപ്പോഠം രണ്ടാമത്തെ നോട്ടുബുക്കു് കണ്ടുകിട്ടിയില്ല. തന്മൂലം അച്ചടി തുടങ്ങുന്ന കാര്യം പിന്നെയും നീണ്ടു. അങ്ങനെയിരിക്കുമ്പോഠം ആ ഗ്രന്ഥകാരൻ മറെറാരാവശ്യത്തിനായി ഇവിടെ വന്നുചേർന്നു. പ്രസ്തുത നോവലിൻെറ റഫ് കോപ്പി കൈയിലുള്ളപക്ഷം രണ്ടാമത്തെ ബുക്കിൽ അടങ്ങിയിടത്തോളം കഥാഭാഗം ഒന്നെഴുതി കിട്ടിയാൽ കൊള്ളാമെന്നും ആ ബദ്ധപ്പാടിനു് പ്രതിഫലം കൊടുക്കമെന്നും പറഞ്ഞു. വളരെ താല്പര്യത്തോടുകൂടി ആ നിർദ്ദേശം സമ്മതിച്ചാണു് കക്ഷി മടങ്ങിപ്പോയതു്. ഇതൊരു വ്യാഴാഴ്ചയായിരുന്നു.

ഞായറാഴ്ച മനോരമപത്രം കിട്ടിയപ്പോഠം അതിൽ ഒരു നോവൽ ഖണ്ഡശഃ പ്രസിദ്ധം ചെയ്യാൻ തുടങ്ങിയിരിക്കുന്നതായി കണ്ടു. നോവലിസ്റ്റ് മേല്പറഞ്ഞ ഗ്രന്ഥകാരനാണു്. സുഹൃത്തുക്കഠം എഴുതിയതെന്തും വായിച്ചു നോക്കാൻ കൗതുകം തോന്നുക സ്വാഭാവികമാണല്ലോ. അങ്ങനെ ആ നോവൽ ഒരു കോളം വായിച്ചു. ഓരോ വാചകം വായിക്കുമ്പോഴും ഇതു മുമ്പു വായിച്ചതാണല്ലോ എന്നൊരു തോന്നൽ. ആ തോന്നലിനു് എന്താണു് അടിസ്ഥാനം. എന്നതിനെപ്പററി വളരെ ആലോചിച്ചുനോക്കി. അവസാനം ഇവിടെയിരിക്കുന്ന മാററൊന്നെടുത്തു നോക്കാമെന്നു വച്ചു. ശരിയായിരിക്കുന്നു അതുതന്നെ നോവൽ. പേരൊന്നു മാററിയിട്ടുണ്ടെന്നു മാത്രം. ഇതെന്തൊരു മറിമായം എന്നറിയണമല്ലോ എന്നു കരുതി ഉടനെ ഗ്രന്ഥകാരനു് ഒരു കത്തയച്ചു.

മറുപടി വളരെ വിചിത്രമായിരുന്നു. "ഞാനതു മനോരമയ്ക്കു കൊടുത്തിട്ടില്ല; അവരതു് എങ്ങനെ പ്രസിദ്ധം ചെയ്യുന്നു എന്നറിയാൻ വയ്യ. മനോരമയിൽ തുടർക്കഥയായി പ്രസിദ്ധം ചെയ്യാനുള്ള സൗകര്യം ആരായാൻ വേണ്ടി ഒരു കോപ്പി നാലഞ്ചു കൊല്ലങ്ങൾക്കു മുമ്പ് ഒരു സ്നേഹിതനെ-മൂന്നാമനെ-ഏൽപ്പിച്ചിരുന്നു. അതന്വേഷിക്കാം. ഏതായാലും താങ്കൾക്കു തന്നതല്ലല്ലോ ഇതു്. താങ്കൾക്കു തന്നതു് വെള്ളാമ്പലാണല്ലോ. മനോരമയിൽ ചേർക്കുന്നതു് ദുഃഖത്തിൻെറ പുത്രിയാണു്. ദുഃഖത്തിൻെറ പുത്രി മനോരമയിൽ ചേർക്കുന്നതുകൊണ്ടു് വെള്ളാമ്പൽ താങ്കൾക്കടിക്കാൻ പാടില്ലെന്നില്ലല്ലോ." എന്നൊക്കെയായിരുന്നു മറുപടിയിൽ. കക്ഷി ഒരു ഗവമ്മെൻറു ഉദ്യോഗസ്ഥനും കൂടിയായതുകൊണ്ടു് കുഴപ്പങ്ങൾക്കൊന്നും ഇടയാവരുതു് എന്ന വിചാരവും ഇവിടെ ഉണ്ടായിരുന്നു. പക്ഷേ രണ്ടു മാസക്കാലത്തെ എഴുത്തുകുത്തുകൾകൊണ്ടും കാര്യം നേരേ ചൊവ്വേ പറയുന്ന കാര്യത്തിൽ ഗ്രന്ഥകാരനും താല്പര്യം കണ്ടില്ല.

ഗത്യന്തരമില്ലാതെ വന്നപ്പോൾ മനോരമയ്ക്കു് നോട്ടീസയക്കേണ്ടിവന്നു. "ഗ്രന്ഥകാരനോടു് അവകാശം വാങ്ങിയാണു് കഥ മനോരമയിൽ ചേർത്തു തുടങ്ങിയതെന്നും കഥ മററാക്കും അവകാശപ്പെടുത്തീട്ടില്ലെന്നു് ഗ്രന്ഥകാരൻ പ്രസ്തുത രേഖയിൽ വ്യക്തമായി ഉറപ്പുതന്നീട്ടുണ്ടെന്നും" മറുമായിരുന്നു കിട്ടിയ മറുപടി.

ഇത്രയുമൊക്കെ നടന്നു കഴിഞ്ഞ സ്ഥിതിക്കു് ഇക്കാര്യം തീരെ അവഗണിച്ചു കളയാവുന്നതല്ലെന്നു തോന്നി. തുടർന്നുള്ള നടപടിക്കു് ഒരുങ്ങേണ്ടിവന്നു. അപ്പോഴേ അതിൻെറ ചൂടു് കക്ഷിക്കു മനസ്സിലായുള്ളു. ഇവിടെ

അടുത്തുള്ള ഒരു പഞ്ചായത്തു പ്രസിഡൻറിനെക്കൊണ്ടു് ഇപ്പോഠം അദ്ദേഹം ഒരു എം. എൽ. ഏ. കൂടിയാണു് ശുപാൽശചെയ്യിച്ചു്, മനോരമയിൽനിന്നു് പ്രതിഫലമായി ഇത്രയേ കിട്ടിയുള്ളൂ എന്നു പറഞ്ഞു് ഒരു തുക ഇവിടെകൊണ്ടുവന്നുതന്നു്, കാര്യങ്ങഠം ഒരുവിധം ഒതുക്കിത്തീർത്തു എന്നു പറഞ്ഞാൽ കഴിഞ്ഞു.

"നിങ്ങഠംക്കു തന്നതല്ല മനോരമയിൽ പ്രസിദ്ധം ചെയ്യുന്നതു്'' എന്നൊരു വാദം പുറപ്പെട്ടുവിക്കാതെ, സൗഹാർദ്ദമായി സംസാരിച്ചു് കാര്യങ്ങഠം ഒതുക്കുവാൻ ആദ്യഘട്ടത്തിൽത്തന്നെ ഒരുങ്ങിയിരുന്നു എങ്കിൽ ഇരുക്കൂട്ടർക്കും ഇത്രയും ക്ലേശത്തിനോ അവസാനം കക്ഷി ഒരു നഷ്ടം സഹിക്കാനോ ഇടവരുമായിരുന്നില്ല. പക്ഷെ ബാലിശമായ ഒരു വാദം ഉന്നയിച്ചു് രക്ഷപ്രാപിക്കാമെന്നു് കക്ഷി വിചാരിച്ചുപോയി.

പ്രസാധകരെ വല്ലാതെ കുഴയ്ക്കുന്ന ഇത്തരം പ്രവണതകഠം ചിലരിൽ ചിലപ്പോഴൊക്കെ കാണാറുണ്ടു്. കുറെക്കാലത്തിനു മുമ്പു് N B S ബുള്ളററിനിൽ ഒന്നും ഒന്നും ഒന്നു് എന്ന ശീർഷകത്തിൽ ഒരു ന്യൂസ് കണ്ടിരുന്നു. ഗ്രന്ഥകാരൻ ഒന്നു്, കഥ ഒന്നു്, ആദ്യം മുതൽ അവസാനംവരെ വാക്യങ്ങളും അക്ഷരങ്ങഠം തന്നെയും ഒന്നു്. പ്രസിദ്ധീകരണസ്ഥലം ഒന്നു്, പക്ഷെ പുസ്തകം രണ്ടു്, പേരുകഠം രണ്ടു്, പ്രസാധകന്മാർ രണ്ടു്, ഇങ്ങനെ ഒരു കഥ. ഒരേ ഗ്രന്ഥകാരൻെറ ഒരേ പുസ്തകം രണ്ടുപേരിൽ കോഴിക്കോട്ടുള്ള രണ്ടു പ്രസാധകർ പ്രസിദ്ധം ചെയ്തു എന്നതായിരുന്നു സംഭവം.

ഒരേ ഇതിവൃത്തം നീണ്ടകഥയായി ഒരു പ്രസാധകനും കുറേക്കൂടി നീട്ടിവലിച്ചെഴുതി നോവലാക്കി മററൊ

രു പ്രസാധകനും നാടകമാക്കി മൂന്നാമതൊരു പ്രസാധകനും കോപ്പിറൈററ് കൊടുക്കുന്ന അനുഭവവും കാണാൻ കഴിയുന്നുണ്ട്. നമ്മുടെ പ്രസാധകർ കഴിവില്ലാത്തവരാണെന്നും അവരെ എങ്ങനെയും കളിപ്പിക്കാമെന്നും കരുതുന്ന ശീലം ഒട്ടൊക്കെ മാററാൻ പ്രസാധകർ ശ്രമിക്കേണ്ടതുണ്ടെന്നു തോന്നുന്നു; വിശേഷിച്ചും, കണക്കു പറഞ്ഞും വിലപേശിയും വളരെ നല്ല പ്രതിഫലംവാങ്ങാൻ ഗ്രന്ഥകർത്താക്കൾക്കു കഴിവുള്ള ഇക്കാലത്തു് അതാവശ്യവുമാണു്.

# VIII

## പത്തു തണിില്ലെങ്കിൽ അമ്പതു വാങ്ങും.

ഗ്രന്ഥകാരന്മാക്ക് കൊടുക്കേണ്ട സൗജന്യ കോപ്പികളുടെ എണ്ണം പലപ്പോഴും ഒരു പ്രശ്നമായിത്തീരാറുണ്ട്. ചില ഗ്രന്ഥകാരന്മാക്ക് ആദ്യപതിപ്പിലെ മുഴുവൻ കോപ്പികൾ കിട്ടിയാൽപോലും പരിപൂർണ്ണമായി തൃപ്തിപ്പെടാനാവില്ല. പരസ്സഹസ്രം സുഹൃത്തുക്കളുണ്ടായിരിക്കും അവക്ക്. അവരിൽ ആരെയെങ്കിലും ഒഴിവാക്കിയാൽ അയാൾ പരിഭവിക്കുകയില്ലേ? അതു പാടില്ല. എല്ലാവക്കും സൗജന്യമായി പുസ്തകം കൊടുക്കണം. തനിക്കാവശ്യമുള്ള കോപ്പികൾക്ക് വിലകൊടുക്കേണ്ടകാര്യമില്ലല്ലോ. ഇതാണു് ഗ്രന്ഥകാരന്മാരിൽ ചിലരുടെ നിലപാട്. അവക്ക് വേണ്ടപ്പെട്ടവക്കെല്ലാം ഇങ്ങനെ സൗജന്യമായി പുസ്തകം കൊടുത്തുകഴിഞ്ഞാൽ പിന്നെ, ഗ്രന്ഥകാരന് പ്രതിഫലം കൊടുത്തു്, പണം ചെലവാക്കി ആ പുസ്തകം അച്ചടിപ്പിച്ചു തയാറാക്കിയ പ്രസാധകൻ എന്തു ചെയ്യണമാവോ?

ഞാൻ ഒരു പുസ്തകമെഴുതുന്നു എന്നു വിചാരിക്കുക. വളരെ പ്രയാസപ്പെട്ടു് അതു് എഴുതി പൂർത്തിയാക്കി. പണം മുടക്കി കടലാസു വാങ്ങി, പണംകൊടുത്തച്ചടിപ്പി

ച്ചു ബ്ലോക്കിനും കവർപേപ്പറിനും ബയൻറിംഗിനും മററാവശ്യമായ എല്ലാകാര്യങ്ങൾക്കും പണം ചെലവാക്കി പുസ്തകം തയാർ ചെയ്യുന്നു. അത്രയും ചെയ്തുകഴിയുമ്പോൾ, എന്നോട്ട് യഥാർത്ഥത്തിൽ സ്നേഹമുള്ള ഒരു സുഹൃത്താണെങ്കിൽ അയാൾ വിലതന്ന് ആ പുസ്തകത്തിൻെറ ഒരു കോപ്പി വാങ്ങുകയല്ലേ വേണ്ടതു്? അതോ ഇത്രയുമൊക്കെ ഞാൻ ചെയ്ത തെററിനുള്ള പ്രായശ്ചിത്തമായി ഒരു കോപ്പി വിലകൂടാതെ അയാൾക്കു കൊടുക്കണമോ? കൊടുത്തില്ലെങ്കിൽ അക്കാരണത്താൽ അയാൾ എന്നോട്ട് പരിഭവിക്കണമോ? അങ്ങനെ പരിഭവിക്കുന്ന ഒരാൾ യഥാർത്ഥത്തിൽ എൻെറ സുഹൃത്തോ അതോ എന്നെ ചൂഷണം ചെയ്യുന്ന ഒരു ശത്രുവോ? അല്പം കാര്യമായി ആലോചിക്കേണ്ട ഒരു വിഷയമല്ലേ ഇതു്?

പണ്ടൊക്കെ അങ്ങനെയൊക്കെയായിരുന്നു എന്നു സമ്മതിക്കാതെ കഴിയുകയില്ല. ഒരാൾ ഒരു പുസ്തകമെഴുതി തയാറാക്കിയാൽപിന്നെ അതു് അച്ചടിപ്പിക്കുക ഒരു പ്രശ്നമാണു്. അതിനു് ആരെയും പ്രസാധകനായി കിട്ടുകയില്ല; കാരണം അക്കാലത്തു് പ്രസാധനം ഒരു വ്യവസായമെന്ന മട്ടിൽ വളന്നിട്ടേ ഇല്ലായിരുന്നല്ലൊ. അപ്പോൾ താൻ ചെയ്ത പ്രയത്നം സഫലമാകണമെങ്കിൽ താൻ തന്നെ പണം ചെലവാക്കി അതച്ചടിപ്പിച്ചേ പററൂ. അങ്ങനെ ചെയ്താലേ താൻ ഒരു ഗ്രന്ഥകാരനായി അറിയപ്പെടുകയുള്ളൂ. അക്കാലത്തു് അച്ചടി അത്രമേൽ വ്യയഹേതുകമൊന്നുമായിരുന്നില്ലതാനും. ഗെററപ്പും ഒരു പ്രശ്നമേ ആയിരുന്നില്ല. ഇന്നത്തേതുമായി താരതമ്യപ്പെടുത്തിയാൽ പണച്ചെലവും തീരെ തുച്ഛമാണു്. എങ്ങനെയും കുറച്ചു പണമുണ്ടാക്കി പുസ്ത

കം അച്ചടിപ്പിക്കും. അങ്ങനെ താൻ ഒരു ഗ്രന്ഥകാരനെന്ന് താൻ തന്നെ വിളംബരം ചെയ്തുകഴിഞ്ഞു. പിന്നെ അതിനംഗീകാരം വേണമല്ലോ. നാലുപേർ ആ വിവരം അറിഞ്ഞാലല്ലേ പററൂ. അതിനുള്ള മാർഗ്ഗമായി സുഹൃത്തുക്കൾക്കും തന്റെ അഭിപ്രായത്തിൽ മാന്യന്മാരായിട്ടുള്ളവർക്കും പുസ്തകത്തിന്റെ ഓരോ കോപ്പി കൊടുത്തു. മുതൽ മുടക്കില്ലാത്ത കാര്യമായതുകൊണ്ട് അവരിൽനിന്നു സുഭിക്ഷമായി കിട്ടിയ അഭിനന്ദനങ്ങളും വാങ്ങി. പിന്നെ ആരുണ്ട് പുസ്തകം വാങ്ങാൻ? വില്പനയ്ക്കെന്താണു മാർഗ്ഗം? അവിടെയും നിസ്സഹായത തന്നെ. കുറേക്കാലം പുസ്തകം അങ്ങനെ സൂക്ഷിച്ചു. കുറേ കഴിയുമ്പോൾ ഇതാർക്കെങ്കിലും കൊടുത്തു തീർത്താൽ സ്ഥലം ഒഴിഞ്ഞുകിട്ടുകയെങ്കിലും ചെയ്യുമല്ലോ എന്നു തോന്നുകയായി. ക്രമത്തിൽ അക്കാര്യവും ഒരു വിധത്തിൽ സാധിച്ചു കൃതാർത്ഥതയടയും. പക്ഷേ ഇന്ന് അതല്ലല്ലോ കാലം. സ്വന്തചെലവിൽ ഗ്രന്ഥകാരൻ അച്ചടിച്ച പുസ്തകം എങ്ങനെ വേണമെങ്കിലും ചെയ്തു കൊള്ളട്ടെ. പക്ഷേ ഒരു പ്രസാധകൻ മുതൽ മുടക്കി, ലാഭേച്ഛയോടെ, ഒരു വ്യവസായത്തിന്റെ ഭാഗമായി അച്ചടിച്ചു തയാറാക്കിയ പുസ്തകം എങ്ങനെ ഗ്രന്ഥകാരന്റെ സുഹൃത്തുക്കൾക്കെല്ലാം സൗജന്യമായി കൊടുക്കാൻ കഴിയും?

ഗ്രന്ഥകാരന് കൊടുക്കുന്ന സൗജന്യ കോപ്പികളുടെ എണ്ണം അഞ്ചായി ഇവിടെ പരിമിതപ്പെടുത്തീട്ടുണ്ട്. പലപല അനുഭവങ്ങളിൽ കൂടിഉണ്ടായ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് അങ്ങനെ ഉറപ്പിക്കേണ്ടിവന്നിട്ടുള്ളത്. ചില അനുഭവങ്ങൾ ഇവിടെ പറയാം.

ഒരു പുസ്തകം അച്ചടിയും ബയൻറിംഗും എല്ലാം കഴിഞ്ഞു് പ്രസിദ്ധീകരണത്തിന്നു തയാറായ ദിവസം അതു് വാങ്ങിക്കൊണ്ടു പോരുവാൻവേണ്ടി ഞാൻ അത ച്ചടിച്ച കൊച്ചിയിലെ പ്രസ്സിൽ പോയിരുന്നു. സന്ദർഭ വശാൽ എന്നേ പറയാനുള്ളു, അന്നു് ആ പുസ്തകത്തി ൻെറ ഗ്രന്ഥകാരനും പ്രസ്സിൽ എത്തുവാനിടയായി. പ്ര സ്തുത ഗ്രന്ഥകാരൻെറ ആദ്യത്തെ പുസ്തകമാണതു്. പ ന്ത്രണയായിരുന്നു പുസ്തകത്തിൻെറ വില. ആദ്യപുസ്ത കമെന്ന നിലയിൽ തൻെറ ഗുരുജനങ്ങൾക്കും മററും കൊ ടുക്കുന്നതിന്നു് ഇരുപതു കോപ്പി കിട്ടണമെന്നു് ഗ്രന്ഥകാ രൻ അഭ്യർത്ഥിച്ചു. അയാളുടെ പ്രഥമ പരിശ്രമമല്ലേ, വേണ്ടവർക്കൊക്കെ കൊടുത്തു് സന്തോഷിച്ചുകൊള്ളട്ടെ എന്നു കരുതി ആ അഭ്യർത്ഥനയ്ക്കു വഴങ്ങി 20 കോപ്പി സൗജന്യമായി ഗ്രന്ഥകാരനു കൊടുത്തു. അങ്ങനെ കിട്ടി യ ഇരുപതുകോപ്പി അയാൾ എന്താണു ചെയ്തതെന്നോ- പ്രസ്സിൽ നിന്നും എറണാകുളത്തേക്കുള്ള ബോട്ടുജട്ടിവരെ ഏകദേശം അഞ്ചു ഫർലോംഗ് ദൂരമുണ്ടു്. അത്രയും സ ഞ്ചരിക്കുന്നതിനിടയ്ക്കു് ആ ഇരുപതുകോപ്പിയും രണ്ടണ യ്ക്കും മൂന്നണയ്ക്കുമൊക്കെ വിററു് അയാൾ കാശാക്കി. 12ണ വില വച്ചിരുന്ന പുസ്തകം, ഒരു കോപ്പിക്കു് 5 അ ണയ്ക്കുമേൽ നിർമ്മാണച്ചെലവുതന്നെ വരുന്ന ഒരു പുസ്ത കം, പ്രസ്സിൽനിന്നും പ്രസിദ്ധീകരണശാലയിൽ എത്തി ച്ചേരുകപോലും ചെയ്തിട്ടില്ലാത്ത ഒരു പുസ്തകം രണ്ടണ യ്ക്കും മൂന്നണയ്ക്കുമൊക്കെ ആളുകൾക്കു് കിട്ടിക്കഴിഞ്ഞി രിക്കുന്നു! ഇതിൽ കവിഞ്ഞ ഒരു മനോവേദനയുണ്ടാവാനു ണ്ടോ ഒരു പ്രസാധകനു്?

ഇനിയും മറെറാന്നു്. അൻപതിലധികം നോവ

ലുകൾ എഴുതീട്ടുള്ള ഒരു ഗ്രന്ഥകാരൻ; ആ ആളിൻെറ രണ്ടു മൂന്നു നോവലുകൾ ശ്രീരാമവിലാസം പ്രസ്സ് ബുക്കഡിപ്പോ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഗ്രന്ഥകാരൻ ഒരു ദിവസം പ്രസാധകനെ സമീപിച്ചു് ആ പുസ്തകങ്ങളുടെ പത്തു കോപ്പി വീതം സൗജന്യമായി വാങ്ങി. ആ കോപ്പികളുമായി അന്നുതന്നെയോ പിന്നീടു് ഒരു ദിവസമോ ഇവിടെവന്നു. അത്രയും കോപ്പികൾ എടുത്തു് ഇഷ്ടമുള്ള വില കൊടുക്കണമെന്നാവശ്യപ്പെട്ടു. ശ്രീ രാമവിലാസത്തിൽനിന്നും ഞങ്ങൾക്കാവശ്യംപോലെ പുസ്തകം കിട്ടുന്നുണ്ടെന്നും ആ പുസ്തകങ്ങൾ മററൊരു സ്ഥാനത്തു നിന്നും വാങ്ങാൻ താല്പര്യമില്ലെന്നുമൊക്കെ വളരെ പറഞ്ഞുനോക്കി. കക്ഷി അതൊന്നും സമ്മതിക്കയില്ല. അവസാനം, കക്ഷിതന്നെ നിർദ്ദേശിച്ച പ്രകാരം മുഖവിലയുടെ മുപ്പതുശതമാനം കൊടുത്തു് ആ പുസ്തകങ്ങൾ വാങ്ങിവയ്ക്കേണ്ടിവന്നു. ആ ഗ്രന്ഥകാരൻെറ പുസ്തകങ്ങൾ ഞാനും പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അവയുടെ പത്തു കോപ്പിവീതം കൊടുത്താൽ ആ കോപ്പികൾക്കുണ്ടാകുന്ന അനുഭവവും ഇതുതന്നെയായിരിക്കുമല്ലോ. ഇങ്ങനെയൊക്കെ ചോർച്ച സംഭവിക്കാൻ ഇടയായാൽ അതു് ബിസിനസ്സിൻെറ സൽപ്പേരിനെ വളരെ ബാധിക്കും. തന്മൂലം, സൗജന്യകോപ്പി അഞ്ചേ കൊടുക്കാനാവൂ എന്നു് ഉറപ്പിക്കേണ്ടതായി വന്നുകൂടി. പ്രതിഫലത്തുകയെ സംബന്ധിച്ചിടത്തോളം എന്തുവിട്ടുവീഴ്ചയ്ക്കും തയാറാണു്. പക്ഷെ സൗജന്യകോപ്പി അഞ്ചെന്നുള്ളതിൽ മാററം വരുത്താറില്ല.

ശ്രീ വേളൂർ കൃഷ്ണൻകുട്ടി ഒരിക്കൽ കേരളദ്ധ്വനിയിൽ എഴുതിയ ഒരു ലേഖനത്തിൽ ഇതേപ്പററി ഒരു പ

രാമൎശനമുണ്ടായിരുന്നതു് ഓൎക്കുന്നു. ഇങ്ങനെ ഒരു നിൎബ്ബ ന്ധം ഇവിടെ ഉണ്ടെന്നും രണ്ടുകോപ്പികൂടി കൂടുതലായി ആവശ്യപ്പെട്ട തനിക്കു് ബിൽസഹിതമാണു് രണ്ടു കോപ്പി കിട്ടിയതെന്നുമായിരുന്നു ശ്രീ വേളൂരിൻെറ ആരോപണം. ഇവിടത്തെ നിലപാടിനെപ്പററി അറിവില്ലാത്ത ഗ്രന്ഥകാരന്മാൎക്കു് ഒരു മുന്നറിയിപ്പായിരിക്കുമല്ലോ ശ്രീ കൃഷ്ണൻകുട്ടി നൽകിയിരിക്കുന്നതു് എന്നു കരുതി ഞാൻ സന്തോഷിച്ചു.

ഇത്രയും നീണ്ട ഒരു മുഖവുരയ്ക്കു ശേഷമേ ഒരു പുതിയ കഥ തുടങ്ങുവാൻ സാധിക്കുന്നുള്ളു. ഏതായാലും അതങ്ങു് വേഗം പറഞ്ഞുതീൎത്തുകൊള്ളട്ടെ.

ഒരു ഗ്രന്ഥകാരൻെറ ഒരു നാടകം അവകാശം വാങ്ങി പ്രസിദ്ധംചെയ്തു. ഭൂജാതംചെയ്ത സ്വന്തം കുഞ്ഞിൻെറ മുഖം കാണുവാൻ പിതാക്കന്മാൎക്കു് വളരെയേറെ കൊതികാണുമെന്നതുപോലെ തന്നെ സ്വന്തം പുസ്തകത്തിൻെറ കോപ്പി കാണുവാൻ ഗ്രന്ഥകാരന്മാൎക്കു് താല്പൎയ്യമുണ്ടാകുമെന്നറിയാവുന്നതുകൊണ്ടു് പുസ്തകം തയാറായി വന്നാലുടനെ, ആദ്യമായി ഗ്രന്ഥകാരനു തന്നെ കോപ്പികൾ അയക്കുക എന്നൊരു നയം അനുവൎത്തിച്ചു വരാറുണ്ടു്. അതനുസരിച്ചു് ആ ഗ്രന്ഥകാരനു് പെട്ടെന്നു് അഞ്ചു കോപ്പി അയച്ചുകൊടുത്തു. അയച്ച അഞ്ചു കോപ്പി കിട്ടിയെന്നും അഞ്ചു കോപ്പികൂടി ഉടനെ അയച്ചു കൊടുക്കണമെന്നും കാണിച്ചു് മറുപടികിട്ടി. ഇവിടത്തെ നിലപാടു് വിശദമായി കാണിച്ചുള്ള ഒരു കത്തു് ആയാളിനയക്കുവാൻ മടിച്ചില്ല. വീണ്ടും കിട്ടിയ കത്തു് കുറേ വിചിത്രമായിരുന്നു. "പകൎപ്പവകാശ നിയമമനുസരിച്ചു് ഗ്രന്ഥകാരനു് അൻപതു കോപ്പി സൗജന്യമാ

യി കൊടുക്കുവാൻ പ്രസാധകൻ ബാദ്ധ്യസ്ഥനാണു്. ഞാൻ വെറും പത്തു കോപ്പിയേ ആവശ്യപ്പെട്ടുള്ളു. അതു തരാൻ വിസമ്മതിച്ചാൽ നിയമപ്രകാരമുള്ള അൻപതു കോപ്പിയും വാങ്ങും. അതിനിടയാക്കാതെ അഞ്ചുകോപ്പിയുംകൂടി ഉടനെ അയച്ചുതരികയാണു് നന്നു്." എന്നൊക്കെയായിരുന്നു ആ കത്തിൽ.

ഇതൊരു പുതിയ അറിവായിരുന്നു. നിയമം അങ്ങനെയാണെങ്കിൽ അതിനു് കീഴ്പ്പെട്ടേ കഴികയുള്ളല്ലോ. അഞ്ചുകോപ്പിയുംകൂടി കക്ഷിക്കു് അയച്ചുകൊടുത്തു്-ബാക്കി നാല്പതുകോപ്പി എന്തിനു നഷ്ടപ്പെടുത്തണം? മാത്രമല്ല ഒരാളുടെ കാര്യം മാത്രം നോക്കിയാൽ മതിയോ? അൻപതുകോപ്പിവീതം ഗ്രന്ഥകർത്താക്കൾക്കു് കിട്ടാൻ അവകാശമുണ്ടെങ്കിൽ അഞ്ചുകോപ്പി മാത്രം കൊടുത്തു് അവരെ സമാധാനിപ്പിക്കുന്നതു് ഒരു തരം ചൂഷണമല്ലേ? ഇതൊക്കെയാണു് അപ്പോൾ തോന്നിയതു്.

പ്രസാധകനായി രംഗപ്രവേശം ചെയ്യുമ്പോൾതന്നെ പകർപ്പവകാശ നിയമത്തെപ്പററി സൂക്ഷ്മമായി അറിയാൻ ശ്രമിച്ചിട്ടുണ്ടു്. ഇന്ത്യൻ പകർപ്പവകാശ നിയമത്തിന്റെ ഒരു കോപ്പി കൈവശമുണ്ടുതാനും. എന്നുവച്ചു് എല്ലാം അറിഞ്ഞിരിക്കണമെന്നുണ്ടോ? എല്ലാ നിയമവും മനസ്സിലാക്കിവെച്ചു് സർവ്വജ്ഞനാകുവാൻ ആരെക്കൊണ്ടെങ്കിലും സാദ്ധ്യമാണോ? കൈവശമിരിക്കുന്ന പകർപ്പവകാശ നിയമത്തിൽ പിന്നീടു് ഭേദഗതികൾ വന്നിരിക്കാവുന്നതുമാണല്ലോ. നിയമം ശരിക്കു് വ്യക്തമാവാൻ കഴിഞ്ഞാൽ ഇവിടെ മാത്രമല്ല മററു പ്രസാധകർക്കും അവരുമായിടപെടുന്ന ഗ്രന്ഥകർത്താക്കൾക്കും കൂടി അതു് സഹായകരമാവുമല്ലോ. ഇങ്ങനെയൊക്കെ ചിന്തിച്ചു് ക

ക്ഷിക്കു് ഇപ്രകാരം ഒരു മറുപടി അയച്ചു. "താങ്കൾ പറയുന്ന നിയമം മനസ്സിലാക്കുവാൻ ദയവായി ഞങ്ങൾക്കൊരവസരം ഉണ്ടാക്കിത്തരണമെന്നപേക്ഷിക്കുന്നു."

ചില മാസങ്ങൾ കഴിഞ്ഞാണു് പ്രസ്തുത ഗ്രന്ഥകാരനിൽ നിന്നും വീണ്ടുമൊരു കത്തു കിട്ടിയതു്. അതിൻെറ ചുരുക്കം ഇത്രയുമാണു്—

"നിയമം നിങ്ങൾക്കനുകൂലമാണു്. എങ്കിലും അഞ്ചു കോപ്പികൂടി ദയവായി എനിക്കയച്ചു തരണമെന്നുള്ള അഭ്യർത്ഥന നിങ്ങൾ കൈക്കൊള്ളുമെന്നാണെൻെറ വിശ്വാസം."

## IX

## ഫോർഡ്ഫൌണ്ടേഷനുപോലുംസാധിക്കാത്തതു്

സാഹിത്യത്തിലെ പുതിയ ക്രമ്പുകളെപ്പററിയാവട്ടെ ഇപ്രാവശ്യത്തെ പ്രതിപാദം. മണ്ണിൽ നല്ലവണ്ണം വേരോടി ഉറച്ചു പടൎന്നു പന്തലിച്ച വൻവൃക്ഷങ്ങളെ അപേക്ഷിച്ചു്, മുള ഉയൎന്നുവരുന്ന പുതിയ ക്രമ്പുകൾ കാണുവാനാണു് എനിക്കേറെകൊതി. ആരുടേയും ശുശ്രൂഷയോ സേവനമോ കൂടാതെ തന്നെ വൻവൃക്ഷങ്ങൾ പിന്നെയും വളൎന്നുകൊള്ളും. കിളുൎത്തു തുടങ്ങിയ ചെറിയ ചെടികളുടെ അവസ്ഥ അതല്ല. അവയെ ശരിക്കും താലോലിക്കുവാനാളുണ്ടായാലേ അവ വളരു. വളൎന്നു വലുതാവാൻ സൗകര്യം ലഭിച്ചാൽ അവ കാലക്രമത്തിൽ വൻ വൃക്ഷങ്ങളായിത്തീൎന്നു എന്നും വരാവുന്നതാണു്.

പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനാണു് നരസിംഹവിലാസം അധികവും ഉത്സാഹിക്കാറുള്ളതു് എന്നു് ചിലരൊക്കെ പറയുന്നതു കേട്ടിട്ടുണ്ടു്. അതു് നരസിംഹവിലാസത്തിൻെറ ഒരു കുറവായിട്ടാണവർ കരുതുക; ഞാൻ നേരേ മറിച്ചും. വൻവൃക്ഷങ്ങളുടെ തണലിൽ പററിക്കൂടുവാൻ ഒട്ടേറെ ആളുകൾ ഉണ്ടാവും.

അതിനായി ആരും ആരേയും ക്ഷണിക്കേണ്ടതില്ല. ആരുടെയും ശ്രദ്ധയിൽപ്പെടാതെ അങ്ങിങ്ങു മുളച്ചു നില്ക്കുന്ന ചെറിയ ക്രമ്പുകളുടെ സ്ഥിതി അതല്ലല്ലൊ. അവയെ പെട്ടെന്നാരും ശ്രദ്ധിച്ചെന്നു വരികയില്ല. ആരുടെയും ശ്രദ്ധയെ ആകർഷിക്കാൻ കഴിയത്തക്കവിധത്തിലുള്ള വികാസമൊന്നും അവയ്ക്കു കിട്ടിയിരിക്കുകയുമില്ല. ആ കാലഘട്ടത്തിൽ അവയുടെ അടുത്തേയ്ക്കു് ആരെങ്കിലും ചെല്ലുക മററാരുടെയെങ്കിലും പ്രേരണയിന്മേലേ ആകുവാൻ പററൂ. പുതിയ എഴുത്തുകാരെ ശ്രദ്ധിക്കുവാനും അവരിലേക്കു് സാഹിത്യ പ്രേമികളുടെ ശ്രദ്ധയെ ക്ഷണിക്കാനും കഴിയുക ഒരു നല്ല കാര്യമാണെന്നു കരുതുന്ന കൂട്ടത്തിലാണു ഞാൻ. ഇന്നത്തെ പുതിയ ക്രമ്പുകളെ വേണ്ടവിധത്തിൽ വളർത്തിയെടുത്താൽ മാത്രമേ ഭാവിയിൽ വൻവൃക്ഷങ്ങൾ ഉണ്ടാവാൻ ഇടയാകൂ എന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

നാന്നൂറോളം പുസ്തകങ്ങൾ ഞാൻ ഇതിനകം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഗ്രന്ഥകാരന്റെ ആദ്യ കൃതികളായിട്ടുള്ളവ അക്കൂട്ടത്തിൽ നൂറിലധികംവരും. നൂറിലധികം ചെറുപ്പക്കാരെ സാഹിത്യ ക്ഷേത്രത്തിലേക്കു കടത്തിവിടുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. അക്കാര്യത്തിൽ കൃതാൎത്ഥതയടയുവാൻ എനിക്കു് അവകാശമുണ്ടു് എന്നും ഞാൻ വിശ്വസിക്കുന്നു. ഉള്ളിലേക്കു കടന്നവരിൽ ചിലർ അവിടത്തെ ആരങ്ങും ആർഭാടവും കണ്ടു് അമ്പരന്നു് പെട്ടെന്നു പുറത്തേക്കു ചാടിപ്പോയി എന്നുണ്ടെങ്കിൽ അതിൽ എനിക്കു തെല്ലും പരിതാപമില്ല. മേൽ വിവരിച്ച നൂറിലധികം എഴുത്തുകാരിൽ എട്ടുപത്തുപേർ അവരുടെ ആദ്യകൃതികളായ ഓരോ ഗ്രന്ഥവുമാ

യിത്തന്നെ ഇന്നും നിലകൊള്ളുന്നവരായുണ്ടു്. നാം വിതയ്ക്കുന്ന വിത്തു മുഴുവൻ കിളുത്തു പുഷ്ടിപ്രാപിച്ചു് കതിരണിയാറുണ്ടോ? കുറേഎണ്ണം കിളികൾക്കാഹാരമാവും; കുറേ എണ്ണം കിളുത്തു് അധികം കഴിയാതെതന്നെ കരിഞ്ഞുപോകും. വിത്തുവാരി കൈയിലെടുത്തുനോക്കിയാൽ അതിൽ ഏതെല്ലാം കിളിർത്തു് കതിരണിയുമെന്നോ ഏതെല്ലാം കരിഞ്ഞുപോകുമെന്നോ, ഏതെല്ലാം കിളികൾക്കാഹാരമാകുമെന്നോ ആർക്കാനുമുണ്ടോ പറയുവാൻ കഴിയുക?

ആദ്യപുസ്തകം പ്രസിദ്ധംചെയ്തു് ഞാൻ സാഹിത്യക്ഷേത്രത്തിലേക്കു കടത്തി വിട്ടിട്ടുള്ളവരുടെ എണ്ണം നൂറിലധികമാണെന്നു് മുമ്പ് പറഞ്ഞുവല്ലോ. ഒരു നല്ല കവിയായി പേരെടുത്തു് മഹാകവിപ്പട്ടത്തിലേക്കു് എത്തിനോക്കി ഇപ്പോൾ അതൊക്കെവിട്ടു് ഒരു ഗാനരചയിതാവായി മാറിക്കഴിഞ്ഞിരിക്കുന്ന ശ്രീ വയലാർ രാമവർമ്മ മേൽ വിവരിച്ച നൂറിലധികം പേരിൽ ഒരാളാണു്. അദ്ദേഹത്തിന്റെ ആദ്യകൃതിയായ പാദമുദ്രകൾ ഞാനാണു പ്രസിദ്ധം ചെയ്തതു്. സാഹിത്യസദസ്സിൽ നല്ല പ്രകാശമുള്ള നക്ഷത്രങ്ങളായി വിളങ്ങിക്കൊണ്ടിരിക്കുന്ന ശ്രീ. ടാററാപുരം സുകുമാരനും അക്കൂട്ടത്തിൽ പെടുന്നു. നീർച്ചുഴി എന്ന കഥാസമാഹാരമാണു് ശ്രീ. ടാററാപുരത്തിന്റെ ആദ്യ പുസ്തകം. അതു പ്രസിദ്ധം ചെയ്തതും ഞാനാണു്. ആദ്യഗ്രന്ഥം ഞാൻ പ്രസിദ്ധംചെയ്ത ഗ്രന്ഥകാരന്മാരുടെ എട്ടും പത്തും പുസ്തകങ്ങൾ എനിക്കുതന്നെ പ്രസിദ്ധം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ള അനുഭവങ്ങൾ ധാരാളം ഉണ്ടു്. കുറച്ചൊക്കെ ഉയരാൻ കഴിഞ്ഞപ്പോൾ മററു പ്രസാധകരുടെ തലോടലും, ആശ്ലേഷങ്ങളും നിർല്ലോഭം ലഭിക്കാൻ കഴിഞ്ഞവരും അക്കൂട്ടത്തിൽ

പലരുണ്ടു്. പാകിയ വിത്തിൽ ചിലതൊക്കെ കരിഞ്ഞും നശിച്ചും പോയെങ്കിലും ചിലതൊക്കെ കിളിർത്തു് പുഷ്ടിപ്പെട്ടു് കതിരണിഞ്ഞതിൽ എനിക്കു അഭിമാനത്തിന്നു വകയില്ലേ?

എൻെറ ഈ ലക്ഷ്യവും നയവും എന്നെ എത്രമാത്രം വിഷമിപ്പിച്ചിട്ടുണ്ടെന്നുള്ളതു് വിവരിക്കുക പ്രയാസമത്രെ. ഏതെങ്കിലും എട്ടുപത്തു പുസ്തകങ്ങൾ എങ്ങനെയെങ്കിലും വായിച്ചു തീർക്കുവാൻ കഴിഞ്ഞാൽ പിന്നെ അതുപോലൊരു പുസ്തകം എഴുതിയുണ്ടാക്കുക എന്നതാവും ചെറുപ്പക്കാരുടെ കൊതി. ഉടനെ തുടങ്ങും എഴുത്തു്. വായന അതോടെ അവസാനിച്ചു. എഴുതിയെഴുതി എങ്ങനെയും ഒരെണ്ണം പൂർത്തിയാക്കിയാൽ പിന്നെ അതുമായി പ്രസാധകരെ സമീപിക്കലാണു്. പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിൽ താല്പര്യമുള്ള സ്ഥാപനമാണു് നരസിംഹവിലാസം എന്നു ധരിച്ചുവച്ചിട്ടുള്ള ചിലർ നരസിംഹവിലാസത്തെ സമീപിച്ചാൽ നിരാശപ്പെടേണ്ടി വരില്ല എന്നുപദേശിക്കുകയും ചെയ്യും. ഞാനുമായി ഏതെങ്കിലും വിധത്തിൽ പരിചയമുള്ളവരാണെങ്കിൽ ഉടനെ ശുപാർശക്കത്തു് എഴുതികൊടുത്തു എന്നുംവരും. അങ്ങനെ കത്തെഴുതുന്ന ആളുകളിൽ ഏറിയഭാഗവും നമ്മുടെ അനുകമ്പയെ മാത്രം അർഹിക്കുന്നവരാണു്. എന്തുകൊണ്ടെന്നാൽ, അവരുടെ ശുപാർശക്കത്തിനാധാരമായ ഗ്രന്ഥം ഒന്നു തുറന്നു നോക്കുക പോലും ചെയ്യാതെയായിരിക്കും അവർ ശുപാർശക്കത്തെഴുതുക. തുറന്നുനോക്കി ഒരു പേജു് വായിച്ചാൽതന്നെ ആർക്കും പ്രസിദ്ധം ചെയ്യാൻ പററിയതല്ല ആ ഗ്രന്ഥമെന്നും അതിൻെറ പ്രസിദ്ധീകരണം സാഹിത്യപോഷണത്തിനല്ല സാഹിത്യ ദൂഷണത്തിനാണു് ഉതകു

ക എന്നും അവക്ക് സ്വയം മനസ്സിലാവാതിരിക്കയില്ല.

ഓരോ വരിയിലും നാലും അഞ്ചും തെററുകൾ ഉള്ള ഒരു ഗ്രന്ഥകാരൻെറ കത്തു് ഈയിടെ എൻ. ബി. എസ്. ബുള്ളററിനിൽ പ്രസിദ്ധം ചെയ്തുകാണുകയുണ്ടായല്ലോ. ഒരു പ്രസാധകൻ നാലു സ്ഥാനമുള്ള ഒരു സംഖ്യ പ്രതിഫലമായി വാഗ്ദാനം ചെയ്തിട്ടുപോലും സമ്മതം തോന്നാതെ തൻെറ മഹാഗ്രന്ഥം മടക്കി വാങ്ങിയ പുള്ളിയാണത്രെ ആ ഗ്രന്ഥകാരൻ. ഇത്തരം കത്തുകൾ വളരെയേറെ ഇവിടെയും ലഭിച്ചിട്ടുണ്ടു്; ഇപ്പോഴും ലഭിക്കുന്നുമുണ്ടു്. ഒരു നാടകം എഴുതീട്ടുണ്ടെന്നും, അതു് ഇവിടെനിന്നും പ്രസിദ്ധം ചെയ്യണമെന്നും മറുപടി ലഭിച്ചാലുടനെ കൈയെഴുത്തു പ്രതിയുമായി വന്നുചേരാമെന്നും കാണിച്ചു് കൊച്ചിയിൽ നിന്നും അടുത്തകാലത്തു് ഒരു കത്തു ലഭിച്ചു. പോസ്ററ കാർഡിലാണു് എഴുത്തു്. അഞ്ചോ ആറോ വരിയേ ഉള്ളൂ അതിൽ. അത്രയും വരികളിൽ കണ്ട അക്ഷരപ്പിഴകൾ അടയാളപ്പെടുത്തുവാൻ ഒരു കൌതുകം തോന്നി. 37 തെററ ഉണ്ടായിരുന്നുള്ളൂ. "കത്തുകിട്ടി. വായിച്ചു 37 അക്ഷരപ്പിഴകളേ അതിൽ കാണുന്നുള്ളൂ. ഈ കത്തിൻെറ സ്വഭാവമനുസരിച്ചു നോക്കിയാൽ താങ്കളുടെ നാടകം വളരെ ഭേഷായിരിക്കുമെന്നു വേണമല്ലോ കരുതുവാൻ. പക്ഷേ, ആ കൈയെഴുത്തുപ്രതി വായിച്ചാസ്വദിക്കാൻ മററു ബദ്ധപ്പാടുകൾകൊണ്ടു് തല്ക്കാലം സൗകര്യമില്ലാതിരിക്കുന്നു എന്നതിൽ എനിക്കു് അതിയായ ഖേദമുണ്ടു്." എന്നൊരു മറുപടി ആ ഗ്രന്ഥകാരനു് അയച്ചുകൊടുക്കാൻ തോന്നി.

പുതിയ എഴുത്തുകാരിൽ കാണുന്ന ഒരു ഗുണമുണ്ടു്;

അതു് വിസ്മരിക്കാവുന്നതല്ല. അവർ എഴുതിത്തയാറാക്കുന്ന തരത്തിൽത്തന്നെ പുസ്തകം പ്രസിദ്ധം ചെയ്യണമെന്നു് അവൎക്കു് യാതൊരു നിർബ്ബന്ധവുമില്ലെന്നുള്ളതാണതു്. അതിൽ തെററുകളുള്ളതു ചൂണ്ടിക്കാണിച്ചാൽ അവൎക്കു പരിഭവം തോന്നുകയില്ല. തെററുണ്ടെന്നു തോന്നുന്നപക്ഷം അതൊക്കെ തിരുത്തി പ്രസിദ്ധം ചെയ്യാൻ അവൎക്കു സമ്മതമത്രെ. പ്രസാധകൻതന്നെ ആ ജോലി കൈയേററാൽ മതിയാകും. എങ്ങനെയെങ്കിലും അവൎക്കൊരു ഗ്രന്ഥകർത്താവാകണമെന്നേ ഉള്ളു. അവരുടെ കൈയെഴുത്തു പ്രതി മാററിവച്ചു് മറേറതെങ്കിലും ഒരു പുസ്തകം അവരുടെപേരിൽ പ്രസിദ്ധം ചെയ്താലും അവൎക്കു വഴക്കില്ല.

സ്ത്രീകൾക്കുവേണ്ടി എന്നുള്ള പേരിൽ നടത്തപ്പെട്ടിരുന്ന ഒരു മാസിക എൻെറ ചെറുപ്പകാലത്തുണ്ടായിരുന്നു. അതിലെ മിക്ക ലേഖനങ്ങളും സ്ത്രീകളുടെ വകതന്നെയായിരുന്നു. അതിലന്തർഭവിച്ചിരുന്ന രഹസ്യം വളരെക്കാലം കഴിഞ്ഞിട്ടേ മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളു. എല്ലാ ലേഖനങ്ങളും പത്രാധിപരുടെ വകതന്നെയാണു്. അങ്ങനെ ധാരാളം ലേഖനങ്ങൾ അദ്ദേഹം എഴുതി സ്റ്റോക്കു ചെയ്തിട്ടുണ്ടു്. 25 രൂപാ കൊടുക്കാൻ ഒരു സ്ത്രീ ഉണ്ടായാൽ ഒരു ലേഖനം അവരുടെ പേരിൽവരും. ഫാറത്തിനു് 2 രൂപാ അച്ചടിക്കൂലിയും കെട്ടിനു് രണ്ടര രൂപാ കടലാസുവിലയും ഉണ്ടായിരുന്ന അക്കാലത്തു് 40 പേജിൽ ഒരു മാസിക അച്ചടിച്ചു തയാറാക്കുന്നതിനു് മുപ്പത്തിയഞ്ചു രൂപയിൽ കൂടുതൽ പ്രതിമാസം ചെലവു വേണ്ടിവരുമായിരുന്നില്ല. ഒരു ലക്കത്തിൽ അഞ്ചോ ആറോ ലേഖനം ചേർക്കാം. നല്ല ബിസിനസ്സല്ലേ? വളരെക്കാലം ആ മാസിക നടന്നു. വാർദ്ധക്യം നിമിത്തം പത്രാ

ധിപർ തീരെ അവശനായതോട്ടുക്കൂടിയാണെന്നു തോന്നു ന്നു ആ മാസിക മുടങ്ങിപ്പോയതു്.

പ്രസ്തുത മാസികയിൽ ലേഖനകാരികളായിത്തീരു ന്ന ലലനാമണികളെപ്പോലെതന്നെ ഗ്രന്ഥകാരപദവി വിലയ്ക്കുവാങ്ങാൻപോലും ഒരുങ്ങുന്നയാളുകളും ഇല്ലാതി ല്ല. പക്ഷെ ആവഴിക്കു് സാഹിത്യത്തിൽ കടന്നു കൂടുന്ന വക്കു് അവിടെ നിലനില്പുണ്ടാവുകയില്ലെന്നുള്ളതു് നിസ്സം ശയമാണല്ലൊ.

പണ്ടത്തെ കൊച്ചി സംസ്ഥാനത്തിൻെറ വടക്കൻ ഭാഗത്തുനിന്നു്, ഒരിക്കൽ ഒരു കൈയെഴുത്തു പ്രതി അയ ച്ചുകിട്ടി. ഒരു വിധത്തിലും അതു് പ്രസിദ്ധീകരണയോ ഗ്യമായിരുന്നില്ല. ആ ഇടപാടിൽ പ്രവേശിക്കുവാൻ എനിക്കു താല്പര്യം തോന്നുന്നില്ലെന്നുള്ള വിവരം സ്നേഹ പൂർവ്വം അറിയിച്ചു. "പ്രതിഫലത്തെ സംബന്ധിച്ചു വി ഷമിക്കേണ്ട. നിങ്ങൾക്കിഷ്ടമുള്ളതു തന്നാൽമതി. പു സ്തകം പ്രസിദ്ധീകരിക്കൂ." എന്നായിരുന്നു പിന്നത്തെ കത്തു്. ഇവിടെ സൗകര്യക്കുറവുണ്ടെന്നു കാണിച്ചു് മറു പടി അയച്ചു. "പ്രസ്തുത ഗ്രന്ഥത്തിൻെറ അവകാശം മുഴുവൻ നിങ്ങൾക്കു സൗജന്യമായി വിട്ടുതന്നിരിക്കുന്നു. ഉടനെ അതു പ്രസിദ്ധം ചെയ്യുക" എന്നായി പിന്നീടുള്ള കത്തിൽ. രണ്ടു തവണ പറഞ്ഞിട്ടും മനസ്സിലാകാത്ത സ്ഥിതിക്കു് പെട്ടെന്നു് പിന്നെയും മറുപടി അയക്കേണ്ട എന്നു കരുതി. അഞ്ചാറാഴ്ച്ചയ്ക്കു ശേഷം പിന്നെയും ഒരു കത്തു്. കുറേ ശകാരങ്ങളുടെ കൂമ്പാരമായിരുന്നു അതി ൻെറ ഉള്ളടക്കം. ഗ്രന്ഥകാരന്മാക്കു് നല്ല പ്രതിഫലം കൊടുത്തു് പ്രസാധകർ അവകാശം വാങ്ങിക്കൊണ്ടിരിക്കു ന്ന ഇക്കാലത്തു് പ്രതിഫലം കൂടാതെ സർവ്വാവകാശവും വിട്ടുതരാമെന്നു സമ്മതിച്ചപ്പോൾ, തന്നെ ഒരു മോശ

ക്കാരനായി കണക്കാക്കിയതാണോ എന്നതാണ് പ്രധാന മായ ചോദ്യം. ഇങ്ങനെയൊരു ദാക്ഷിണ്യം കാണിച്ചി ട്ടും തൻെറ പുസ്തകം പ്രസിദ്ധീകരിക്കാൻ മടിക്കുന്നതി ൻെറ കാരണം കക്ഷിക്കു അറിഞ്ഞേ പററൂ. എന്താ ണു ചെയ്യുക? നാളെ ഒരു ജി. യോ തകഴിയോ മുട്ടത്തുവ ർക്കിയോ ആയി വരികയില്ല ഈ എഴുത്തുകാരൻ എന്നാ രുകണ്ടു? 'പുരുഷസ്യഭാഗ്യം' എന്നൊരു ചൊല്ലും കിടപ്പു ണ്ടല്ലൊ. ഏതായാലും ആ കൈയെഴുത്തു പ്രതി പ്രസി ദ്ധം ചെയ്യുക വയ്യ. ഒരു മറുപടിയെങ്കിലും അയയ്ക്കാതെ കഴിക്കുന്നതെങ്ങനെ? എഴുതി— "അവകാശം സൗജന്യ മായി വിട്ടുതരാമെന്ന് താങ്കൾ സമ്മതിച്ചതുപോലെത ന്നെ, ആ പുസ്തകം അച്ചടിക്കാനുള്ള കടലാസ് സൗജന്യ മിയിത്തരാമെന്ന് ഒരു കടലാസുകച്ചവടക്കാരനും അതി ൻെറ അച്ചടി സൗജന്യമായി നടത്തിത്തരാമെന്ന് ഒരു അച്ചുക്കൂടത്തിൻെറ ഉടമസ്ഥനുംകൂടി സമ്മതിച്ചു കഴി ഞ്ഞാൽ ഉടൻതന്നെ ആ പുസ്തകം പ്രസിദ്ധം ചെയ്യുന്ന കാര്യത്തിൽ ഞങ്ങൾ വേണ്ടതു ചെയ്യുന്നതാണ്."

ഈ ഘട്ടവും കടന്നുള്ള അനുഭവങ്ങളും ഉണ്ടാവാറു ണ്ടു്. സൗമ്യമായി വളരെയേറെ പറഞ്ഞിട്ടും അടക്കം കിട്ടാത്ത ഒരു എഴുത്തുകാരൻ എഴുതി:- "സാഹിത്യ ത്തിൽ കടന്നുകൂടുവാൻ കൊതിക്കുന്ന എന്നേപ്പോലുള്ളവ രെ പ്രോത്സാഹിപ്പിക്കുവാനുള്ള ബാദ്ധ്യത നിങ്ങൾക്കി ല്ലേ? നിങ്ങൾ ആ കർത്തവ്യത്തിൽ വൈമുഖ്യം ഭാവിക്കുന്ന തു ന്യായമാണോ?" എന്നൊക്കെയാണയാളുടെ ചോദ്യം.

"യുവാക്കളെ എഴുതുവിൻ! ധാരാളം എഴുതുവിൻ! എഴുതുന്നതൊക്കെ ഇങ്ങോട്ടു കൊണ്ടുപോരൂ: ഞങ്ങൾ പ്രസിദ്ധം ചെയ്യാം. നിങ്ങളെഴുതുന്നതൊക്കെ പ്രസി ദ്ധം ചെയ്യാനുള്ള ബാദ്ധ്യത ഞങ്ങൾക്കുണ്ടു്. ഞങ്ങൾ

ആ കർത്തവ്യത്തിൻെറ നേക്ക് ഒരിക്കലും വൈമുഖ്യം ഭാവിക്കുകയില്ല.''

എന്നൊരു പ്രസാധകൻ വിചാരിക്കുകയും പറയുകയും ചെയ്യുന്നു എന്നിരിക്കട്ടെ; എന്തായിരിക്കും അയാളുടെ സ്ഥിതി? ജനങ്ങൾക്കുവേണ്ടി നല്ലകാര്യങ്ങൾ പ്രവർത്തിക്കുന്നതിന് വേണ്ടുവോളം ധനസഹായം നൽകുവാൻ കെല്പുള്ള ഒരു സ്ഥാപനമാണ് ഫോർഡ് ഫൗണ്ടേഷൻ എന്നു പറയപ്പെടുന്നു! ആ സ്ഥാപനത്തിനുള്ള സാമ്പത്തികശേഷി മുഴുവൻ കൈമാററം ചെയ്തു കിട്ടിയാലും, ഒരു പ്രസാധകന് ഈ കർത്തവ്യം- അങ്ങനെയൊന്നുണ്ടെന്നു സമ്മതിച്ചാൽ- തികച്ചും നിറവേററുവാൻ പററുമെന്നെനിക്കു വിശ്വാസമില്ല.

ഈ വിവരണത്തിൻെറ ആദ്യഭാഗത്തു സൂചിപ്പിച്ചിട്ടുള്ളതുപോലെ പുതിയ എഴുത്തുകാരെ സംബന്ധിച്ചിടത്തോളം എനിക്ക് അതിയായ താല്പര്യമുണ്ടു്. അവരെ ഉയർത്തികൊണ്ടുവരുവാൻ അതിയായ ആഗ്രഹമുണ്ടു്. അതേ അവസരത്തിൽ അവരോടു് ഒരു കാര്യം അപേക്ഷിച്ചുകൊള്ളട്ടെ-

"നിങ്ങൾക്ക് എഴുതാൻ താല്പര്യം തോന്നുന്നതു നന്നുതന്നെ. പക്ഷെ എഴുത്തുതുടങ്ങുന്നതോടുകൂടി നിങ്ങൾ വായന നിർത്തിക്കളയരുതു്. അതുപോലെതന്നെ, എഴുതുന്നതൊക്കെ പ്രസിദ്ധം ചെയ്തേ അടങ്ങൂ എന്നു ശഠിക്കുകയുമരുതു്. വായനയ്ക്കുള്ള മടിയും രണ്ടാമതു പറഞ്ഞ ശാഠ്യവും നിങ്ങളെ വളർത്തുകയല്ല തളർത്തുകയേ ചെയ്യൂ. നിരന്തരം പരിശ്രമിക്കുക; കുറെയൊക്കെ ക്ഷമിക്കുക; അറിയിക്കുന്നതിലേറെ അറിയുവാനാകട്ടെ നിങ്ങളുടെ വാഞ്ഛ. വിജയം നിങ്ങളുടെ മുമ്പിൽ ഓടിയെത്തിക്കൊള്ളും''

# X

## എഗ്രിമെൻറും മാററവും തിട്ടെകൊടുത്തു

പാശ്ചാത്യദേശങ്ങളിൽ, പ്രത്യേകിച്ചും ഇംഗ്ലീഷു ഭാഷയിൽ ചില പുസ്തകങ്ങൾ പതിനായിരമോ പതിനയ്യായിരമോ കോപ്പി അടിച്ചാൽ പ്രസിദ്ധീകരിക്കുന്ന ആഴ്ചയിൽത്തന്നെ ആ കോപ്പികൾ മുഴുവൻ വിററുപോകുന്ന അനുഭവം ഉണ്ടായിട്ടുള്ളതായി കേട്ടിട്ടുണ്ട്. പക്ഷെ മലയാളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ല. രണ്ടായിരംകോപ്പി ഒന്നിച്ച് അടിച്ചുവച്ച് അതിൽനിന്ന് ഇരുനൂറുകോപ്പി എടുത്ത് ഒന്നാം പതിപ്പായി ബയൻറുചെയ്ത് വില്ക്കുകയും ഒരു മാസത്തിനകം അതു വിററുതീർത്ത് "ഒന്നാംപതിപ്പ് ഒററ മാസംകൊണ്ട് വിററുതീർന്നു. രണ്ടാം പതിപ്പ് രണ്ടാഴ്ചക്കകം തയ്യാറാകും" എന്ന് പരസ്യം കൊടുക്കുകയും ചെയ്തിട്ടുള്ള അനുഭവങ്ങളാണെങ്കിൽ ഉണ്ടുതാനും. ഈ വസ്തുത അടുത്ത കഥയ്ക്കൊരു മുഖവുരയായി പറയുന്നു എന്നേ ഉള്ളൂ.

ഒരിക്കൽ ഒരു ചെറുകഥകളുടെ സമാഹാരമായ ഒരു മാററർ അയച്ചുകിട്ടി. മാററർ കിട്ടി എന്നും സൗകര്യം കിട്ടിയാലുടനെ വായിച്ചുനോക്കി വിവരം അറിയിക്കാമെന്നും കാണിച്ച് മറുപടി അയക്കയുംചെയ്തു. "വാ

യിച്ചുനോക്കാൻ കാലം വൈകിക്കണ്ടു ചൂടുള്ള കഥകളാണ്. അച്ചടിച്ചാൽ മൂന്നുമാസത്തിനകം ഒരു പതിപ്പ് വിററുതീരും'' എന്നൊക്കെ വിവരിച്ചു പറഞ്ഞുകൊണ്ടുള്ള ഒരു കത്ത് ഉടനെ കിട്ടി. മാററർ വായിച്ചു നോക്കിയിട്ടാകട്ടെ മറുപടി അയക്കാൻ എന്നു സമാധാനിച്ചു. ഒരാഴ്ചക്കകം അതേ വിവരങ്ങൾ ആവർത്തിച്ചുകൊണ്ടുള്ള മറെറാരെഴുത്തുംകിട്ടി. ഏതായാലും മാററൊന്നു വായിക്കാമെന്നുവച്ചു. വായിച്ചുനോക്കി. "ചൂടുള്ള കഥകൾ'' എന്നതു് ഒരർത്ഥത്തിലല്ലെങ്കിൽ മറെറാരർത്ഥത്തിലെങ്കിലും ശരിയാണ്. ചെറുപ്പക്കാരെ ഇക്കിളിപ്പെട്ടുത്താൻ മാത്രമല്ല അതിലുപരിയായും എന്തൊക്കെയോ ചെയ്യാൻ കഴിയുന്ന കഥകളാണവ എന്നു സമ്മതിച്ചേ പററൂ. പക്ഷെ, അല്പം അന്തസ്സോടുകൂടി ബിസിനസ്സു നടത്തണമെന്നാഗ്രഹിക്കുന്ന ഒരാൾക്ക് ആ കഥകൾ പ്രസിദ്ധപ്പെട്ടുത്താനാവുമെന്നു തോന്നുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം മറെറാരു പ്രയാസമുണ്ടു് ബുക്കുഡിപ്പോവിൽ ശേഖരിക്കുന്ന പുസ്തകങ്ങൾ വിശേഷിച്ചും ഇവിടുത്തെവകയായിപ്രസിദ്ധപ്പെട്ടുത്തുന്ന പുസ്തകങ്ങൾ എന്റെ കുട്ടികൾ എടുത്തു വായിക്കാറുണ്ടു്. ചിലപ്പോൾ കൈയെഴുത്തുപ്രതികൾപോലും എടുത്തു വായിക്കുന്ന ശീലം അവരിൽ ചിലക്കുണ്ടു്. ഞാൻ അവകാശംവാങ്ങി ഞാൻ അച്ചടിപ്പിച്ചു തയാറാക്കി വില്പനയ്ക്കായി വച്ചിരിക്കുന്ന പുസ്തകം എന്റെ ഒരു കുട്ടി വായിക്കാൻ കൈയിലെടുത്താൽ അരുതു് എന്നു വിലക്കാനാവുമോ? പാകത വന്നിട്ടില്ലാത്ത കൊച്ചു കുട്ടികൾ ആ പുസ്തകം വായിക്കുന്നതു് നന്നാണെന്നു കരുതുവാൻ ഞാനൊരുക്കമില്ലതാനും.

''ചില മലയാള പുസ്തകങ്ങളുടെ അനുഭവം വച്ചുനോക്കിയാൽ താങ്കൾ പറയുന്നതു് ശരിയായിരിക്കാമെന്നു

കരുതാം. പക്ഷെ, പണത്തിനുവേണ്ടി എന്തുംചെയ്യാൻ തൽക്കാലം ആഗ്രഹമില്ല. മാററർ മടക്കിഅയക്കുന്നു." എന്നൊരു കത്തോടുകൂടി മാററർ മടക്കി അയയ്ക്കുകയാണുചെയ്തതു്.

ആ കഥകൾ മറെറാരു പ്രസാധകൻ പ്രസിദ്ധം ചെയ്തു എന്ന വസ്തുത ഇവിടെ പറയേണ്ടിയിരിക്കുന്നു. അദ്ധ്നഗ്നയായി കീറിപ്പറിഞ്ഞ ഒരു ഒററമുണ്ടുകൊണ്ടു് അരമാത്രം കഷ്ടിച്ചുമറച്ചു ഒരു തെരുവുവേശ്യയെ ഇരുട്ടുള്ള ഒരു സ്ഥലത്തേയ്ക്കു് വലിച്ചുകൊണ്ടുപോകുന്ന ഒരു പോലീസുകാരൻെറ പടം കവർ പേജായി കൊടുത്താണു് ആ പുസ്തകം തയ്യാറാക്കിയിരിക്കുന്നതു്. ഏതാണ്ടു് പത്തുകൊല്ലം കഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഇന്നേവരെ ആ പുസ്തകത്തിനു് ഒരു പുതിയ പതിപ്പുവേണ്ടിവന്നിട്ടില്ലതാനും.

ഈ പറഞ്ഞ ഗ്രന്ഥകാരൻെറ ചിന്താഗതി ഒരൊററപ്പെട്ട സംഭവമൊന്നുമല്ല. തൻെറ പുസ്തകത്തിൻെറ കോപ്പികൾ അച്ചടിച്ചുകിട്ടാൻവേണ്ടി അനേകമനേകം വായനക്കാർ കൊതിച്ചു കാത്തിരിക്കുകയാണെന്നു വിശ്വസിക്കുന്നവരാണു് പുതിയ എഴുത്തുകാരിൽ വളരെയേറെ ആളുകൾ. "പുസ്തകം അച്ചടിച്ചുതയാറായാൽ കുറഞ്ഞപക്ഷം അഞ്ഞൂറുകോപ്പിയെങ്കിലും വിററുതരുവാൻ എനിക്കുകഴിയും.'' എന്നുള്ള വാഗ്ദാനങ്ങൾ പലരിൽനിന്നും ലഭിക്കും. പുസ്തകം അച്ചടിച്ചു് ഫ്റീകോപ്പി അയച്ചുകിട്ടുന്നതോടെ ആ വാഗ്ദാനമെല്ലാം അവസാനിച്ചു കഴിയുകയുംചെയ്യും. അല്പംകൂടി മുന്നോട്ടുകടക്കുന്നവരും ഇല്ലെന്നില്ല. "100 കോപ്പി ഉടനെ അയച്ചുതരിക; അതുവിററു് എത്രയുംവേഗം പണം അയക്കാം, പ

ണം കിട്ടിയിട്ട് വീണ്ടും നൂറുകോപ്പി അയച്ചാൽമതി." എന്ന് അവർ എഴുതും. ഒന്നു പരീക്ഷിച്ചുനോക്കാമെന്നു കരുതി ഇരുപതോ ഇരുപത്തിയഞ്ചോ കോപ്പി അയച്ചു കൊടുത്തു എന്നുവരട്ടെ; പിന്നീടൊരുനൂറു കത്തയച്ചാൽ പോലും, ഒരു മറുപടി അവരിൽനിന്നു ലഭിച്ചു എന്നു വരികയില്ല. ഇതൊക്കെ കണ്ടും കേട്ടും അനുഭവിച്ചും തഴമ്പിച്ചിരിക്കുകയാണു്, എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഒരു അനുഭവംകൂടി ഇവിടെ വിവരിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ ആലപ്പുഴ വിദ്യാഭിവർദ്ധിനിപ്രസ്സിൽ ചെന്നപ്പോൾ മാനേജർ ശ്രീ റെഡ്യാർ അവിടെയിരുന്നിരുന്ന ഒരാളിനെ പരിചയപ്പെടുത്തി. ഒരെഴുത്തുകാരനാണെന്നും, ഒരു പുസ്തകം അടുത്ത അവസരത്തിൽ അച്ചടിപ്പിച്ചിട്ട് ഒരു പതിപ്പു മൂന്നുമാസം കൊണ്ടു തന്നെ വിററുപോയി എന്നും ഇനിയും എഴുതിയതു പലതും ഉണ്ടെന്നും വല്ലതുമൊക്കെ വാങ്ങി പ്രസിദ്ധം ചെയ്താൽകൊള്ളാമെന്നും അദ്ദേഹം ശുപാർശ ചെയ്യുകയും ഉണ്ടായി. ഒരു മലയാളപുസ്തകം. അതും ഒരു പുതിയ എഴുത്തുകാരൻെറ ആദ്യപുസ്തകം, ഒരു പതിപ്പ് മൂന്നു മാസംകൊണ്ട് വിററുപോയി എന്നുകേൾക്കുമ്പോൾ ആ പുസ്തകത്തെപ്പററിയും ആ ആളിനെപ്പററിയും കൂടുതൽ അറിയാൻ ഒരു ജിജ്ഞാസ ഉണ്ടാവുക സ്വാഭാവികമാണല്ലോ. ഏറെനേരം ഞാൻ കക്ഷിയുമായി സംസാരിച്ചു. ചരിത്രം സൃഷ്ടിച്ചതെന്നു പറയപ്പെടുന്ന ആ പുസ്തകത്തിൻെറ ഒരു കോപ്പി കാണുകയും ചെയ്തു.

പുസ്തകത്തിൻെറ ആദ്യപതിപ്പ് അഞ്ഞൂറുകോപ്പിയാണു് അച്ചടിച്ചതു്. പുസ്തകത്തിനു് വിലയൊന്നും

37877

നിശ്ചയിച്ചിരുന്നില്ല. പുസ്തകത്തിനുവേണ്ടി പരസ്യങ്ങൾ യാതൊന്നും ചെയ്യുകയുണ്ടായില്ല. വി. പി. യായി ഒരൊററ കോപ്പിപോലും അയയ്ക്കേണ്ടിവന്നിട്ടില്ല. ആക്കെങ്കിലും ഒന്നായി കോപ്പികളെല്ലാം കൈമാററം ചെയ്തുകൊടുത്തതുമില്ല. പിന്നെ എങ്ങനെ ഇതു സാധിച്ചു എന്നല്ലേ? പറയാം. കക്ഷി പുസ്തകത്തിൻെറ കോപ്പികളുമായി നാട്ടുനീളെ നടന്നു. ഒരുവിധം ഭേദപ്പെട്ട എല്ലാവീട്ടുകളിലും കയറി ഇറങ്ങി. താൻ ഒരു കൊച്ചുസാഹിത്യകാരനാണെന്നും പൊതുജനങ്ങളിൽ നിന്നും പ്രോത്സാഹനം കിട്ടാൻ ആശിക്കുന്നു എന്നും പറഞ്ഞു് പുസ്തകത്തിൻെറ ഓരോ കോപ്പി വീട്ടുകളിൽകൊടുത്തു. വില എന്തെന്നു ചോദിച്ചാൽ "ഇവിടെ ഇഷ്ടമുള്ളതു്." എന്നാണു് മറുപടിപറയുക. ചിലർ സഹതാപംകൊണ്ടു് ഒരു രൂപാ കൊടുത്തു. ചിലർ നാലണയെ കൊടുത്തുള്ളു. ചിലർ എട്ടണകൊടുത്തു. എന്തു കിട്ടിയാലും തൃപ്തിയോടെ അതു സ്വീകരിക്കുവാൻ കക്ഷിക്കു സമ്മതമായിരുന്നു. അങ്ങനെ മൂന്നുമാസക്കാലംകൊണ്ടു് അഞ്ഞൂറുവീട്ടുകളിൽ കയറുകയും അഞ്ഞൂറുകോപ്പിയും വിൽക്കുകയും ചെയ്തതാണു്. കക്ഷിയിൽനിന്നും ശ്രീ. റെഡ്യാറിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ വിവരങ്ങളാണിത്രയും.

ഒരു പ്രസാധകനു് ഇങ്ങനെയൊക്കെ പുസ്തകം വിൽക്കാൻ പററുമോ? വേണ്ട, എല്ലാ ഗ്രന്ഥകാരന്മാക്കും ഈ രീതി അവലംബിക്കാൻ സാധിച്ചു എന്നു വരുമോ? പ്രത്യേക സാഹചര്യത്തിൽ പ്രത്യേക രീതിയിലുള്ള പ്രവൎത്തനംകൊണ്ടു് പ്രത്യേകമായി ഒരു ഫലമുണ്ടായി എന്നു മാത്രമേ ഈ അനുഭവത്തെ സംബന്ധിച്ചിടത്തോളം പറ

37877

യാനാവു. ഈ കക്ഷിക്കുതന്നെയും രണ്ടാമതും ഒരവസരം ഇതുപോലെ വിനിയോഗിക്കാൻ സാധിച്ചു എന്നു വരികയുമില്ല.

ശ്രീ. റെഡ്യാറുടെസ്നേഹപൂർവ്വമായ നിർബന്ധംകൊണ്ടു് കക്ഷിയുടെഒരു പുസ്തകം ഞാൻ പ്രസിദ്ധപ്പെടുത്താൻ നോക്കാം എന്നു സമ്മതിച്ചുപോയി. കുറച്ചുനാൾ കഴിഞ്ഞു് കുറേ ചെറുകഥകൾ അടങ്ങിയ ഒരു സമാഹാരത്തിന്റെ മാറ്റർ അയച്ചുകിട്ടുകയുംചെയ്തു. അതു വായിച്ചു നോക്കാനും ഒരു തീരുമാനമെടുക്കാനും അതേപ്പററി പരസ്പരം ആലോചിച്ചു് ഒരു എഗ്രിമെൻറിലെത്താനും പുസ്തകം അച്ചടിച്ചു് തയാറാകാനും മൂന്നുമാസംകൊണ്ടു സാധിക്കാതെപോയി. അപ്പോൾ കക്ഷി അറിയിക്കുകയാണു്.

"എന്റെ ആദ്യപുസ്തകം മൂന്നുമാസംകൊണ്ടു് വിററുപോയതാണു്. ഈ പുസ്തകവും ഇവിടെ എത്തിച്ചു തന്ന ഉടനെ അച്ചടിച്ചിരുന്നെങ്കിൽ ഇതിനും ഒരു പതിപ്പു് വിററുപോകാമായിരുന്നു. മാററർ അവിടെ വെറുതെ വെച്ചുകൊണ്ടിരുന്നതിന്റെ ഫലമായി ഒരു പതിപ്പിന്മേലുള്ള ആദായം എനിക്കിപ്പോൾ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനിയും നഷ്ടങ്ങൾ വരുത്തിവയ്ക്കാതെ അതിന്റെ പ്രസിദ്ധീകരണം എത്രയും വേഗത്തിൽ നിർവ്വഹിക്കണം."

ആ എഴുത്തുകാരന്റെ നിലപാടുവച്ചുനോക്കുമ്പോൾ ഈ കത്തിലെ വിവരങ്ങൾ വളരെ ശരിയാണു്. ഞങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ നേരേ മറിച്ചും.

കക്ഷിക്കും ഞങ്ങൾക്കും ദോഷമില്ലാത്തതരത്തിൽ ഒരു വ്യവസ്ഥകണ്ടുപിടിക്കാൻ ശ്രമിച്ചു. അങ്ങനെയൊ

രു വ്യവസ്ഥ കക്ഷിയെ അറിക്കുകയുംചെയ്തു. ഇപ്രകാര മായിരുന്നു അതു്.

പുസ്തകം ഞങ്ങൾ ഉടനെ അച്ചടിപ്പിക്കാം പകർപ്പവകാശം വേണമെന്നില്ല. അച്ചടിക്കുന്നതിനുള്ള എല്ലാ ചെലവുകളും വഹിക്കാം കക്ഷി. നിർദ്ദേശിക്കുന്ന വിധത്തിൽ വേണ്ടത്ര പരസ്യങ്ങളുംകൊടുക്കാം. മൂന്നുമാസം കൊണ്ടു് ഒരു പതിപ്പു്വിൽക്കാമെന്നാണല്ലൊ കക്ഷിയുടെ അഭിപ്രായം. മൂന്നുമാസമെന്നു നിശ്ചയിക്കണ്ട. ആറുമാസം തന്നെ ഇരിക്കട്ടെ. ആറുമാസം തികഞ്ഞാലുടനെ കക്ഷി ഇവിടെ വരണം. കണക്കുകൾ ബോദ്ധ്യപ്പെടണം. അതിനകം കോപ്പികൾ മുഴുവൻ വിററുപോയിട്ടുണ്ടെങ്കിൽ ഞങ്ങളുടെ ചെലവും ആദായത്തിൽ കക്ഷിക്കു് ഇഷ്ടമെന്നു തോന്നുന്ന തുകയും കഴിച്ചു് ബാക്കിയുള്ള തുക കക്ഷിക്കു കിട്ടും. പുസ്തകം വിററവകയിൽ പിരിഞ്ഞുകിട്ടിയ തുക ഞങ്ങൾ ചെലവുചെയ്ത തുകയും അതിനു പ്രതിമാസം ഒരു ശതമാനം കൂട്ടുന്നപലിശയും കൂടിയ തുകയേക്കാൾ കുറഞ്ഞാണു നിൽക്കുന്നതെങ്കിൽ ആ കുറവുള്ള തുക ഇവിടെതന്നു് ശേഷിച്ച കോപ്പികൾ കക്ഷി ഏറെറടുത്തുകൊള്ളണം. അങ്ങനെ ചെയ്യുന്ന ഘട്ടത്തിൽ ഞങ്ങൾക്കു് യാതൊരു ആദായവും ആവശ്യമില്ല. ആറുമാസം കഴിയുന്ന അവസരത്തിൽ മേല്പറഞ്ഞപ്രകാരം കക്ഷി ഇടപാടു അവസാനിപ്പിക്കുന്നില്ലെങ്കിൽ പിന്നീടു് ആ പുസ്തകത്തെ സംബന്ധിച്ചിടത്തോളം കക്ഷിക്കു് യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല. സമ്മതമെങ്കിൽ ഇപ്രകാരം എഗ്രിമെൻറു ചെയ്യാമെന്നും പുസ്തകം ഉടനെ അച്ചടിപ്പിക്കാമെന്നും എഴുതിയയച്ചു.

മൂന്നുമാസംകൊണ്ടു് ഒരു പതിപ്പ് വിററുപോകുമെന്നുറപ്പുള്ള ഗ്രന്ഥകാരൻ മേല്പറഞ്ഞ വ്യവസ്ഥയ്ക്കു് സസന്തോഷം സമ്മതിക്കേണ്ടതല്ലേ? മൂന്നുമാസമെന്നുള്ളതു് ആറുമാസംവരെയായി നീട്ടി സമ്മതിക്കാൻ ഞങ്ങൾ തയാറുമാണല്ലൊ. പക്ഷെ കക്ഷിക്കതിനോടനുകൂലിക്കാൻ താല്പര്യമുണ്ടായില്ല. തന്മൂലം മാററർ മടക്കിയയച്ചുകൊടുത്തു.

ഏതാണ്ടു് ഒന്നരകൊല്ലം കഴിഞ്ഞു് ആ പുസ്തകം മറെറാരു പ്രസാധകൻ പ്രസിദ്ധംചെയ്യുകയുണ്ടായി. ഏകദേശം പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പു നടന്ന സംഭവമാണിതു്. അന്നടിച്ച ആ പുസ്തകത്തിനു് ഇന്നും ഒരു പുതിയ പതിപ്പു് വേണ്ടിവന്നിട്ടില്ല!

## XI

## എഗ്രിമെൻറും മാററവും തിഴ്യെകൊടുത്തു

ഒരു പ്രസാധകനെ സമീപിക്കുക; ഒരു മാററിനെ പ്പററി ആലോചിക്കുക; ഒരു തീരുമാനത്തിൽ എത്തി ച്ചേൎന്നു മാററർ ഏൽപ്പിക്കുക, ഇത്രയുമായാൽ പിന്നെ ആ പ്രസാധകൻെറ ജോലി ആ മാററർ അച്ചടിപ്പിച്ചു തയാറാക്കുക മാത്രമാണെന്നാണ് പല ഗ്രന്ഥകാരന്മാരു ടെയും ധാരണ. പുസ്തകം അച്ചടിച്ചു തയാറായോ എ ന്നന്വേഷിച്ചുകൊണ്ടു് ആഴ്ചതോറും കത്തുകൾ കിട്ടും. പ്രസ്സിൽ ഏൽപ്പിക്കാറായിട്ടില്ലന്നും അല്പം സാവകാശ ത്തിലേ അതിനു സൗകര്യം കിട്ടുകയുള്ളുവെന്നും കാണി ച്ചു് ഒന്നോ രണ്ടോ കത്തയയ്ക്കാമെന്നിരിക്കട്ടെ, പിന്നെ യും തുടരെത്തുടരെ കത്തു കിട്ടുമ്പോഴോ? കത്തുകൾക്കെ ല്ലാം മറുപടി അയയ്ക്കുക എന്നതു് ഒരു ശീലമായി തീ ൎന്നിട്ടുള്ള ഒരു പ്രസാധകൻപോലും ആ കത്തുകൾക്കു മറു പടി അയയ്ക്കാൻ അമാന്തിച്ചു എന്നു വന്നുകൂടാവുന്നത ല്ലേ?

സമ്മതിച്ചിട്ടുള്ള പ്രതിഫലത്തുക പുസ്തകം അച്ച ടിച്ചു തയാറാകുമ്പോഴത്തേയ്ക്കു കൊടുക്കാമെന്നായിരി ക്കും ചിലപ്പോൾ ഗ്രന്ഥകൎത്താവുമായി വ്യവസ്ഥ ചെയ്തി രിക്കുക. ഒന്നുരണ്ടു കത്തുകൾക്കു മറുപടി കിട്ടിയില്ല

എന്നാവുമ്പോൾ അത്തരം ഗ്രന്ഥകാരന്മാർ നേരിട്ടുവന്നു കാണുകയായി. ഒന്നുരണ്ടു പ്രാവശ്യം അവരെ കാര്യം പറഞ്ഞു മനസ്സിലാക്കാമെന്നിരിക്കട്ടെ. പിന്നെയും കൂടെക്കൂടെ കത്തുവരികയും അവർ വന്നു കാണുകയും ചെയ്യുമ്പോൾ തൊലിക്കട്ടി അല്പം കുറഞ്ഞ പ്രസാധകൻ തീരെ ധർമ്മസങ്കടത്തിലാകും. ധാർമ്മികമായി ഒരു കർത്തവ്യബോധം അയാളിൽ ഉദിക്കുമ്പോൾ ഇനിയും കത്തു വരാനോ ആൾ വരാനോ ഇടയാകരുതു് എന്നു് അയാൾക്കു തോന്നാൻ പാടില്ലായ്കയില്ല. അച്ചടി കഴിയുമ്പോഴേ പ്രതിഫലം കിട്ടുകയുള്ളു എന്നതാവാം ഗ്രന്ഥകാരൻെറ തിടുക്കത്തിനു കാരണം എന്നു മനസ്സിലാക്കി ഉടനെ പ്രതിഫലം കൊടുത്തുവിടാം എന്നു പ്രസാധകൻ വിചാരിക്കും. അങ്ങനെ ധർമ്മസങ്കടത്തിൽനിന്നും മോചനം നേടുവാൻ അയാൾക്കുകഴിയും. മിക്കപ്പോഴും ആ ശല്യം അങ്ങനെ ഒഴിഞ്ഞുകിട്ടാറുണ്ടു്.

പ്രസിദ്ധീകരണാർത്ഥം കിട്ടിയതും ഇപ്പോൾ എൻെറ കൈവശം ഇരിക്കുന്നതുമായ കൈയെഴുത്തുപ്രതികളുടെ എണ്ണം 346 ആണു്. ഒരാണ്ടിൽ നാല്പതോ നാല്പത്തിയഞ്ചോ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യാൻ കഴിയാറുണ്ടു്. നാനൂറിലധികം പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധം ചെയ്തു കഴിഞ്ഞു. ആണ്ടുതോറും എങ്ങനെ നോക്കിയാലും മുപ്പതു മുപ്പത്തിയഞ്ചു പുസ്തകങ്ങൾ തീരെ ശേഷിക്കാത്ത വിധത്തിൽ വിററുതീരും. അങ്ങനെതീർന്നുപോകുന്നവയുടെ പുതിയ പതിപ്പുകൾ അച്ചടിപ്പിക്കാതെ വയ്യ. അവയിൽ പ്രധാനപ്പെട്ടവ മാത്രം അച്ചടിച്ചാൽ മതിയെന്നു വച്ചാലും ഇരുപതു് ഇരുപത്തിരണ്ടെണ്ണം ആ കൂട്ടത്തിൽ നിന്നെടുക്കേണ്ടിവരും. പിന്നീടു്

ഏകദേശം ഇരുപതെണ്ണമേ പുതിയ ടൈററിലായി അടിക്കാനൊക്കൂ. ഓരോ ആണ്ടിലും കിട്ടുന്ന പുതിയ മാററകളിൽ പ്രധാനപ്പെട്ടവ ഉടനുടൻ അച്ചടിപ്പിക്കാതെപററുമോ? അങ്ങനെ വരുമ്പോഠം മേൽവിവരിച്ച 346 മാററിൽനിന്നു് എട്ടോപത്തോ മാററായിരിക്കും അച്ചടിക്കെട്ടുക്കാൻ കഴിയുക. ആ രീതിയിൽ പോയാൽ ഇനി എത്രകാലം കൊണ്ടായിരിക്കും ഈ മാററൊക്കെ തിൻകിട്ടുന്നതു്?

1966 നവംബർ മുതൽ 1967 ഒക്ടോബർവരെയുള്ള 12 മാസക്കാലത്തിനുള്ളിൽ ഇവിടെ ലഭിച്ചിട്ടുള്ള കൈയെഴുത്തുപ്രതികഠം46 ആണു്. ഒരു മാററർ അയയ്ക്കട്ടെയോ എന്നു ചോദിച്ചു് എഴുതിയിട്ടുള്ളവരിൽ പലർക്കും തൽക്കാലം അയയ്ക്കണ്ടെന്നു പറഞ്ഞു മറുപടി അയച്ചിട്ടുണ്ടു്. നേരിട്ടുവന്നു കണ്ടവരെ കാര്യംപറഞ്ഞു മനസ്സിലാക്കി കൈയെഴുത്തു പ്രതി വാങ്ങാതെ മടക്കി അയച്ചിട്ടുമുണ്ടു്. പക്ഷേ നേരത്തേ പറയുകയോ ചോദിക്കുകയോ ചെയ്യാതെ മാററർ കെട്ടി അയയ്ക്കുന്നവരെ സംബന്ധിച്ചെന്തുചെയ്യും? കൈയെഴുത്തു പ്രതിയുമായി ഇവിടെ വന്ന അവസരത്തിൽ എന്നെ കാണാൻ തരപ്പെടാതെ വന്നാൽ ഒരു കുറിപ്പും എഴുതിവെച്ചു് "വരുമ്പോഠം ഇതൊന്നേല്പിക്കണേ" എന്നു പറഞ്ഞു് ഇവിടെ ഏല്പിച്ചു പോകുന്നവരെ സംബന്ധിച്ചു് എന്തു ചെയ്യും? വല്ലവരുടേയും വല്ല മാററും ഒരു ശുപാർശക്കത്തുമായി ആത്മാർത്ഥ സുഹൃത്തുക്കഠം അയച്ചുതരുമ്പോഠം എന്തു ചെയ്യും? അവിടെയൊക്കെ തോററു പോവുകയേയുള്ളു. കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞുകൊടുക്കുകയും ഒരു പത്തു കൊല്ലം കാത്തിരുന്നാൽ പോലും ആ മാ

ററർ പരിഗണനയ്ക്കെടുക്കാൻ പററുമോ എന്ന കാര്യം സംശയമാണു് എന്നു വ്യക്തമാക്കുകയും ചെയ്താലും "ഏതായാലും കയ്യെഴുത്തുപ്രതി ഇവിടെ ഇരിക്കട്ടെ; സാർ സൗകര്യം പോലെ അതു വായിച്ചുനോക്കുക" എന്നു പറയുന്നവരോടു് എന്താണു മറുത്തു പറയുക? "ഇവിടെ പററില്ലെടോ, തൻെറ ഭാണ്ഡവും എടുത്തുകൊണ്ടു് ഒന്നു സ്ഥലം വിട്ടു'' എന്നു പറയാൻ പററുമോ? ഗ്രന്ഥകാരനും പ്രസാധകനുമൊക്കെ സാംസ്കാരികമണ്ഡലത്തിൽ പ്രവർത്തിക്കുന്നു എന്നല്ലേ പറയപ്പെടുന്നതു്? ഇങ്ങനെ പറഞ്ഞു മാററർ ഏല്പിച്ചുപോകുന്നയാൾ എട്ടുപത്തു ദിവസം കഴിഞ്ഞു മുറയ്ക്കു് ആ മാറററിനെപ്പററി എഴുതിക്കൊണ്ടിരിക്കുക എന്നു വന്നാൽ പ്രസാധകൻെറ അവസ്ഥ എന്തായിരിക്കുമെന്നു നോക്കുക.

അടുത്ത കാലത്തെ ഒരു ചെറിയ അനുഭവം പറയട്ടെ. ഒരെഴുത്തുകാരൻ ഒരു ചെറുകഥാസമാഹാരത്തിൻെറ കൈയെഴുത്തുപ്രതിയുമായി വന്നുചേർന്നു. ഇവിടുത്തെ അസൗകര്യങ്ങളെപ്പററി ഞാൻ വിശദമായി പറഞ്ഞു മനസ്സിലാക്കി. മാത്രമല്ല, ചെറുകഥാസമാഹാരങ്ങൾക്കു കാര്യമായ വില്പന കിട്ടുന്നില്ലെന്നും തന്മൂലം അത്തരം പുസ്തകങ്ങളുടെ പ്രസാധനത്തിൽ ഞാൻ തീരെ ഉദാസീനനാണെന്നുംകൂടി പറഞ്ഞു. എത്ര പറഞ്ഞിട്ടും മാററൊന്നു വായിച്ചു നോക്കണംമെന്നാണു് ആ ആളിൻെറ നിർബന്ധം. കക്ഷി കൈയെഴുത്തുപ്രതി ഇവിടെവച്ചു. വല്ല വിവരവും അറിയിക്കേണ്ടിവരുമ്പോൾ പൂർണ്ണമായ വിലാസം വേണമല്ലോ എന്നു കരുതി അതുംകൂടി അതിൽ കുറിച്ചുവെയ്ക്കാൻ പറഞ്ഞു. കക്ഷി എഴുതിയ വിലാസം എനിക്കു വളരെ പരിചയമുള്ളതുപോലെതോ

ന്നി. ഈയിടെ വല്ല കത്തും ഇങ്ങോട്ടയച്ചിരുന്നുവോ എന്നു ചോദിച്ചിട്ട് ഈയിടെയെന്നല്ല ഒരിക്കലും ഇങ്ങോട്ടു കത്തയച്ചിട്ടില്ലെന്നായിരുന്നു മറുപടി.

ആ വിലാസത്തെപ്പററി എന്താണു് ഒരു മുൻപരിചയത്തിനു കാരണമെന്നതു മനസ്സിൽ ഒരു പ്രശ്നമായി ശേഷിച്ചു. പിറേറന്നു് അതേപ്പററി വളരെ ചികഞ്ഞു നോക്കി. കണ്ടെത്തുകയുംചെയ്തു. എട്ടുപത്തു കൊല്ലങ്ങൾക്കുമുമ്പ് കക്ഷി ഒരു ഡിററക്ടീവു നോവലിൻെറ മാററർ ഇവിടെ എത്തിച്ചു തന്നിരുന്നു. അതു കണ്ടെടുത്തു. ഇവിടെത്തന്ന ആ നോവലിൻെറ കൈയെഴുത്തുപ്രതി മറെറവിടെയെങ്കിലും കൊടുത്തു് അച്ചടിപ്പിച്ചതുകൊണ്ടു് ഇവിടെയതു കിടപ്പുള്ളതു ശ്രദ്ധിക്കാതെ പോകുന്നതാവാം എന്നു സമാധാനിച്ചു. വിവരത്തിനു കക്ഷിക്കൊരു കത്തയച്ചു. ഇടിവാൾ എന്ന പേരിലുള്ള ആ ഡിററക്ടീവുനോവൽ അച്ചടിച്ചിട്ടില്ലെന്നും അങ്ങനെയൊരെണ്ണം ഇങ്ങോട്ടയച്ചകാര്യം സ്മരണയിലെ ഇല്ലെന്നുമായിരുന്നു മറുപടി. ഒരുപക്ഷെ ഇവിടെ ഇരിപ്പു മാററില്‍ ചിലതൊക്കെ ഇത്തരത്തിൽ പെടുന്നതാണു് എന്നുവരും.

ഗ്രന്ഥകർത്താക്കളുടെ അലട്ടലിൽനിന്നു രക്ഷപ്രാപിക്കാൻവേണ്ടി പ്രതിഫലം നേരത്തെ കൊടുത്തു് ഇടപാടു തീർത്തു വയ്ക്കാറുണ്ടെന്നു നേരത്തെ പറഞ്ഞുവല്ലോ. പത്തുപന്ത്രണ്ടു കൊല്ലംവരെ പഴക്കമുള്ള മാററുകളുമുണ്ടു് അക്കൂട്ടത്തിൽ. മാത്രമല്ല ചിലതു് അച്ചടിച്ചാൽ അതു് അച്ചടിക്കാൻവേണ്ടി വാങ്ങുന്ന കടലാസ്സിൻെറ വിലപോലും തിരിച്ചീടാകുമോ എന്നു സംശയിക്കേണ്ടതായും ഉണ്ടു്.

ഒരു ഗ്രന്ഥകാരൻ ഒരു നോവൽ-മോശമല്ലാത്ത ഒരു നോവൽ എന്നുതന്നെ പറയട്ടെ, സ്വന്തച്ചെലവിൽ അച്ചടിപ്പിച്ചു. അതിന്റെ കോപ്പികൾ പല ബുക്കുസ്റ്റാളുകൾക്കു കൊടുത്തു് പകരം അതാതു ബുക്കുസ്റ്റാളുകാരുടെ പുസ്തകങ്ങൾ വാങ്ങി. അങ്ങനെ ലഭിച്ച പുസ്തകങ്ങളെല്ലാംകൂടി നാലഞ്ചു ഗ്രന്ഥശാലകൾക്കായി കൊടുത്തു മുതലും ലാഭവും ഈടാക്കിയെടുക്കുകയുംചെയ്തു. ആ കൂട്ടത്തിൽ പുസ്തകത്തിന്റെ അമ്പതു കോപ്പികൾ ഞങ്ങൾക്കും കിട്ടിയിരുന്നു. കക്ഷി അച്ചടിപ്പിച്ചു തയാറാക്കിയ ആയിരം പുസ്തകവും ഒരു മാസംകൊണ്ടു കക്ഷിയുടെ കയ്യിൽനിന്നും പോയി. പക്ഷെ അതു വിൽക്കപ്പെട്ടുവോ? വിൽക്കപ്പെട്ടു എന്നു് യഥാൎത്ഥത്തിൽ പറയുവാൻ വയ്യ. പല ബുക്ക്സ്റ്റാളുകളിലായി ആ പുസ്തകങ്ങൾ ഇരിക്കുകയാണു്.

കൈവശമുള്ള കോപ്പികളെല്ലാം തീൎന്നു് രണ്ടാഴ്ചകഴിഞ്ഞപ്പോൾ കക്ഷി ഇവിടെവന്നു. ഒരുമാസംകൊണ്ടു് ആദ്യപതിപ്പു് തീൎന്നു എന്നും രണ്ടാം പതിപ്പുമുതല്ക്കുള്ള അവകാശം ആൎക്കെങ്കിലും കൊടുക്കാനുദ്ദേശിക്കുന്നു എന്നും ഇവിടെ അതെടുത്താൽ കൊള്ളാമെന്നും ആയിരുന്നു കക്ഷിയുടെ അഭിപ്രായം. നോവൽ മോശമല്ല എന്ന എന്റെ അഭിപ്രായം അറിയാവുന്നതുകൊണ്ടായിരിക്കാം കക്ഷി അങ്ങനെസമീപിച്ചതു് എന്നു തോന്നുന്നു. ഏതായാലും ബുക്കുസ്റ്റോളിലുള്ള കോപ്പികൾ കുറെയൊക്കെ വിററുപോയതിനുശേഷമല്ലാതെ രണ്ടാംപതിപ്പു് അച്ചടിക്കുന്നതു് നന്നായിരിക്കുകയില്ലെന്നും, ആ സ്ഥിതിക്കു് ഇപ്പോൾ അതിന്മേൽ പണം മുടക്കുക പ്രയാസമാണെന്നും പറഞ്ഞു് കക്ഷിയെ മടക്കി അയച്ചു.

ഒരാഴ്ച കഴിഞ്ഞപ്പോൾ കക്ഷിവീണ്ടുംവന്നു. തൃശ്ശൂർ ഒരു ബുക്കുസ്റ്റോൾ തുടങ്ങുന്നു; രൂം ഒക്കെ എടുത്തു ശരിപ്പെടുത്തി; പുസ്തകങ്ങൾ ശേഖരിക്കുകയാണു്; ആനോവലിനൊരു പ്രതിഫലം നിശ്ചയിച്ചു് ആ തുകയ്ക്കു് ഇവിടത്തെ പുസ്തകങ്ങൾ കിട്ടിയാൽ കൊള്ളാം; അതാണഭിപ്രായം. ഒരു നല്ല സംരംഭത്തിനുള്ള ഒരുക്കത്തിൽ കഴിവുള്ള സഹായങ്ങൾ ചെയ്യുകതന്നെയെന്നു കരുതി പ്രതിഫലം നിശ്ചയിച്ചു് എഗ്രിമെൻറവാങ്ങി. ആ തുകയ്ക്കു് 25 ശതമാനം കമ്മീഷനോടെ കക്ഷി ആവശ്യപ്പെട്ട ഇവിടത്തെ പ്രസിദ്ധീകരണങ്ങൾ കൊടുത്തു. നല്ല ഉദ്ദേശത്തോടുകൂടിയാണതുചെയ്തതു്. പക്ഷേ ഉണ്ടായ ഫലമെന്തന്നറിയാമോ? കക്ഷി ആ പുസ്തകക്കെട്ടു് കൊല്ലം മുതൽ തൃശ്ശൂർവരെയുള്ള ബുക്കുസ്റ്റോളുകളിലെല്ലാം കൊണ്ടുനടന്നു. എന്തു കമ്മീഷനെങ്കിലും കൊടുത്തു കാശാക്കാൻ ശ്രമിച്ചു. അവസാനം തൃശ്ശൂരെ സുന്ദരയ്യർ ആൻഡ് സൺസിനു് 40 ശതമാനം കമ്മീഷൻ കൊടുത്തു് പണം വാങ്ങി. അതിൽ എനിക്കെന്താണു്; നഷ്ടം സഹിക്കുന്നതു് കക്ഷിയല്ലേ; എന്നാണു പെട്ടെന്നു തോന്നുക. പക്ഷേ ആ സംഭവം ഞങ്ങളുടെ ബിസിനസ്സിനു് ഉണ്ടാക്കിത്തീർത്ത ദുഷ്പേരു് ചില്ലറയല്ല. നരസിംഹവിലാസത്തിൻെറ പുസ്തകങ്ങൾ കിട്ടിയ വിലയ്ക്കു വിൽക്കാൻ ചിലർ കൊണ്ടുനടക്കുന്നു എന്നൊരു ചിന്താഗതിയാണു മററു പ്രസാധകരിൽ ഉളവായതു്. പലരും അതു വ്യക്തമായി പറഞ്ഞു. ഇക്കാരണംകൊണ്ടു ചിലരുമായുള്ള ഇടപാടുകൾ ഞങ്ങൾ നിർത്തേണ്ടതായിട്ടു പോലും വന്നുകൂടി.

രണ്ടാം പതിപ്പിൻെറ അച്ചടി നടന്നുവോ എന്നു

രായാൻവേണ്ടി ഒരു ദിവസം കക്ഷി ഇവിടെവന്നു. ഇവിടെ പെട്ടെന്നതു അച്ചടിക്കാൻ ഉദ്ദേശമില്ലെങ്കിൽ അവകാശം മടക്കിത്തന്നുകൂടേ എന്നായി കക്ഷി. വാങ്ങിയ തുകയും 50 രൂപ ലാഭവും തരാമെന്നായിരുന്നു അഭിപ്രായം. ഇന്നുതന്നെ കാൎയ്യം നടക്കുമെങ്കിൽ 50 വേണ്ട 48 കിട്ടിയാൽ മതി എന്നു ഞാൻ പറഞ്ഞു. കക്ഷി ഉടനെ പോയി നാലഞ്ചു മണിക്കൂർ കഴിഞ്ഞു് മടങ്ങിപ്പോന്നു തുകവാങ്ങിമാററവും എഗ്രിമെൻറും മടക്കിക്കൊടുത്തു.

ആ നോവൽ സിനിമയാക്കുവാൻ ഒരു നിൎമ്മാതാവു സമ്മതിച്ചു. അയാളെച്ചെന്നുകണ്ടു പണം വാങ്ങി ഇവിടെ കൊണ്ടുവന്നു തരികയായിരുന്നു. സിനിമാക്കഥ എന്ന നിലയിൽ കക്ഷിക്കു കിട്ടിയ തുക ഇവിടെ തന്നതിൻെറ ഇരട്ടിമാത്രമായിരുന്നു. അത്രയും ചുരുങ്ങിയ തുകയ്ക്കാണു കക്ഷി ഫിലിംറൈററ് വിററതു്.

# XII

## കാലം മാറുമ്പോൾ മട്ടും മാറും

വളരെയേറെ ആദരവോടും ബഹുമാനത്തോടുംകൂടി പ്രസാധകന്മാരെ സമീപിച്ച്, എങ്ങനെയെങ്കിലും ഗ്രന്ഥകാരപദവിയിലേയ്ക്കു കടന്നുകൂടുവാൻ കഴിഞ്ഞയാളു കാൾ ഭാഗ്യംകൊണ്ടു് സാഹിത്യരംഗത്തു് കുറേ വിജയം വരിച്ചു എന്നു വന്നാൽപിന്നെ ആ പ്രസാധകരുടെ കഷ്ടകാലം തുടങ്ങുകയായി. തങ്ങൾ എത്തിച്ചേർന്ന മണിമാളികയിലേയ്ക്കു് കടന്നുകൂടുന്നതിനു് തങ്ങളെ സഹായിച്ച കോവണി തട്ടിത്തകർക്കുവാനുള്ള ആവേശമായിരിക്കും പിന്നീടക്കൂട്ടർക്കുണ്ടാവുക. മണിമാളികയിൽ വിലസുന്ന തങ്ങളെ ലോകം അത്ഭുതസ്തബ്ധരായി നിന്നു നോക്കുമ്പോൾ, തങ്ങൾ താണനിലത്തായിരുന്നു എന്നും ഈ കോവണിയിൽ ചവിട്ടിക്കയറിയാണു് ആ മണിമാളികയിൽ എത്തിയതെന്നും അറിയാവുന്ന, സ്വാനുഭവം കൊണ്ടുതന്നെ അറിയാവുന്ന ഒരു വ്യക്തി ഭൂതലത്തിൽ ശേഷിക്കുന്നു എന്നതു് അവർക്കു മനഃപ്രയാസം ഉണ്ടാക്കാവുന്നതാണല്ലോ. അപ്പോൾ ആ അപസ്വരത്തെ നീക്കം ചെയ്യുകയോ, അതിനു സാധിക്കാത്തപക്ഷം ഇടിച്ചു താഴ്ത്തുകയോ എങ്കിലും ചെയ്യേണ്ടതു് ഒരു ആവശ്യമായിത്തീരും.

ഇന്നു സാഹിത്യത്തറവാട്ടിൽ തലപ്പത്തിരിക്കുന്ന വർക്കുപോലും, അവർ തെല്ലും ആത്മവഞ്ചനക്കൂടാതെ കാര്യങ്ങൾ തുറന്നുപറയുവാൻ തയ്യാറാകുന്നു എങ്കിൽ, അവർക്കു കയറിപ്പോകുന്നതിനുതകിയ ഇത്തരം ഓരോ കോവേണിയുടെ കഥ പറയുവാനുണ്ടാകും. അതു് തുറന്നു പറയുന്നതു് തങ്ങളെത്തന്നെ തരം താഴ്ത്തുകയാവും എന്ന മിഥ്യാധാരണയിലാണവരിൽ അധികംപേരും. പക്ഷെ, നന്ദികേട്ടു വിചാരിച്ചു് സത്യം സത്യമെന്നു സമ്മതിക്കാൻ മടിക്കുന്നതുകൊണ്ടു് ബഹുമതി വർദ്ധിക്കുകയല്ല കുറയുകയാണു ചെയ്യുന്നതെന്നവർ മനസ്സിലാക്കുന്നില്ല. കാലം മാറിയപ്പോൾ മട്ടും മാറിയ ചിലരെ സംബന്ധിച്ചു് ചില കാര്യങ്ങളെല്ലാം മുൻപു് അല്പാല്പമായി സൂചിപ്പിക്കേണ്ടിവന്നിട്ടുണ്ടു്. അത്തരം ഒരു കഥ ഇവിടെ വിവരിക്കാമെന്നാശിക്കുന്നു.

പത്തു പതിനഞ്ചുകൊല്ലങ്ങൾക്കു് മുൻപു് താൻ എഴുതി സ്വയം പ്രസിദ്ധം ചെയ്ത ഒരു കഥാസമാഹാരത്തിന്റെ കുറേ കോപ്പികൾ മാററത്തിനെടുക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഒരു ചെറുപ്പക്കാരൻ ഇവിടെവന്നു. ഒരു പുതിയ എഴുത്തുകാരൻ എന്ന നിലയിൽ ആ ആളിനോടു താല്പര്യംതോന്നി, ആ കാര്യം സാധിച്ചുകൊടുത്തു. പുതിയ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധംചെയ്യുന്ന കാര്യത്തിൽ മടിയില്ലാത്തവരാണു് ശ്രീ നരസിംഹവിലാസംബുക്കുഡിപ്പോക്കാർഎന്നുമനസ്സിലായതുകൊണ്ടാവാം, കുറേക്കഴിഞ്ഞു്, കക്ഷി എഴുതിത്തയാറാക്കിയ ഒരു നോവലിന്റെ കൈയെഴുത്തുപ്രതി ഇങ്ങോട്ടയച്ചുതന്നതു്. അന്നത്തെ കാലസ്ഥിതിക്കും ഗ്രന്ഥകാരന്റെയും, നോവലിന്റെയും വ്യക്തിത്വത്തിനും അഭികാമ്യമെന്നു കക്ഷി

ക്കുതന്നെ സമ്മതമായ ഒരു പ്രതിഫലം നിശ്ചയിച്ച് ആ നോവലിൻെറ അവകാശം ഏറെറടുക്കുകയുണ്ടായി. ഇവിടത്തെ സാഹചര്യങ്ങൾക്കനുഗുണമായി വന്നുകൂടുന്ന പ്രാതികൂല്യങ്ങളെ അതിജീവിച്ച് ആ നോവൽ പ്രസിദ്ധീകരിക്കുകയുംചെയ്തു. ഇന്നുവരെ അതിനൊരു രണ്ടാം പതിപ്പുവേണ്ടിവന്നിട്ടില്ല എന്ന വസ്തുത ഇരിക്കട്ടെ.

സ്ഥിരപരിശ്രമിയായ ഗ്രന്ഥകാരൻെറ അത്യുത്സാഹംനിമിത്തം രണ്ടുമൂന്നു പുസ്തകങ്ങൾ മററുചില പ്രസാധകരും പ്രസിദ്ധംചെയ്യുകയുണ്ടായി. ഇതിനിടയ്ക്കു് കക്ഷി ഔദ്യോഗികനിലയിൽ ഒരു പ്രൊഫസർ ആയി ഉയർന്നു കഴിഞ്ഞിരുന്നു.

മററു പ്രസാധകരെ സമീപിച്ച് ഫലപ്പെടാത്തതുകൊണ്ടാവാം, കക്ഷി നാലഞ്ചു ചെറുകഥകളുടെ മാററർ ഇവിടെ അയച്ചുതന്നു. ചെറുകഥകൾ പ്രസിദ്ധം ചെയ്യുന്ന കാര്യത്തിൽ ഞങ്ങളുടെ താല്പര്യംതീരെ നശിച്ചകാലമായിരുന്നു അതു്. വിവരം സൌമ്യമായി കക്ഷിയെ അറിയിച്ചു. വെറും ചെറുകഥകളല്ല, അവ ഹാസ്യകഥകളാണു് എന്നു് കക്ഷി അവകാശപ്പെട്ടു. ഹാസ്യത്തിനുതകുന്ന കഥകളായിരിക്കണമല്ലോ ഹാസ്യകഥകൾ. ഇത്തരം കഥകളെയും ഹാസ്യകഥകൾ എന്നു വിളിക്കാൻ തയാറുള്ള വങ്കന്മാരുണ്ടല്ലോ എന്നു കരുതി വല്ലവരും ചിരിച്ചെങ്കിലല്ലാതെ; മററുവിധത്തിൽ ആരും ആ കഥകൾ വായിച്ചു ചിരിക്കാനിടയില്ല. എന്തുതന്നെ പറഞ്ഞാലും ഒഴിയാൻ കക്ഷി തയ്യാറില്ലെന്നു കാണുകയാലും, മുൻപുതന്നെ ഞങ്ങളുടെ സാഹിത്യസുഹൃത്തുക്കളിൽ ഒരാളായിത്തീരുകയും ഒരു പ്രൊഫസറുടെ പദവിയിൽ എത്തുകയുംചെയ്ത ആളെന്ന വ്യക്തിത്വത്തെ ആദ

രിക്കണമെന്നു തോന്നിയതിനാലും കക്ഷിക്കു സമ്മതമായ ഒരു ചെറിയ പ്രതിഫലത്തിന്മേൽ ആ പുസ്തകവും സ്വീകരിച്ചു. മററു ബദ്ധപ്പാടുകൾക്കിടയ്ക്കു് അതു പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. ഇതുവരെയുള്ള അനുഭവവും വന്നിട്ടുള്ള പത്രാഭിപ്രായങ്ങളും വച്ചുനോക്കുന്നപക്ഷം, ആ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിനുവേണ്ടി മുടക്കിയ തുക ഒരു പത്തു കൊല്ലം കൊണ്ടെങ്കിലും തിരിച്ചു കിട്ടുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. ബിസിനസ്സിൽ ലാഭവും നഷ്ടവും വരും എന്ന സമാധാനത്തിനേ ഇവിടെ അവകാശമുള്ളു.

കഥകളും പ്രസിദ്ധംചെയ്തുകഴിഞ്ഞു എന്നു കണ്ടപ്പോൾ കക്ഷി വേറെ രണ്ടു മാററർ കെട്ടി അയച്ചുതന്നു. ഒന്നു് കുറെ ജീവചരിത്രക്കുറിപ്പുകളും മറെറാന്നു് ഒരു ബാലസാഹിത്യ കൃതിയുമാണു്. മുൻപിലത്തേതിൽനിന്നു ഭിന്നമായ ഒരു അഭിപ്രായവും അതോടെ അറിയിച്ചിരുന്നു. തൻെറ ചില പുസ്തകങ്ങൾ അടുത്തകാലത്തു് ചില പ്രസാധകർക്കു് കൊടുത്തിട്ടുള്ളതു് റോയൽററി വ്യവസ്ഥയിന്മേലാണെന്നും തനിക്കു് 25 ശതമാനം റോയൽററിലഭിക്കുന്നുണ്ടെന്നും ഈ രണ്ടു മാറററും ആ വ്യവസ്ഥയിൽ സ്വീകരിക്കണമെന്നുമായിരുന്നു ആ പുതിയ അഭിപ്രായം. ലോക്കൽ സെയിൽസ് തീരെ പ്രതീക്ഷിക്കാനില്ലാത്ത ഒരു നാട്ടുംപുറത്തു് ഈ ബിസിനസ്സ നടത്തിക്കൊണ്ടുപോകുന്നതിനു് ഒട്ടേറെ പരാധീനതകളുണ്ടെന്നും അതിൽ ഒരുവിധം വിജയിച്ചുപോകുന്നതിനു് റോയൽററി വ്യവസ്ഥയിൽ പുസ്തകങ്ങൾ എടുക്കുക ബുദ്ധിമുട്ടാണെന്നും തന്മൂലം തൽക്കാലം ഞങ്ങൾ അതിലേയ്ക്കു ഒരുക്കമില്ലെന്നും, മാററർ മടക്കി അയയ്ക്കാമെന്നും കാണിച്ചു് മറുപടി

അയച്ചു. റോയൽററിയുടെ നിരക്ക് അല്പം കുറച്ചാലും വേണ്ടില്ല, ആ വ്യവസ്ഥയിൽത്തന്നെ ആ മാററകൾ സ്വീകരിക്കണം എന്നു നിർബന്ധമായി ആവശ്യപ്പെട്ടു് വീണ്ടും കത്തുകിട്ടി.

റോയൽററി വ്യവസ്ഥയുടെ സവിശേഷതകളിൽ ചിലതു് ഇവിടെ കുറിക്കുന്നതു് സംഗതമാകുമെന്നു കരുതുന്നു. എൻെറ വരവുചെലവുകൾ ഇൻകംടാക്സിനു വിധേയമാക്കേണ്ടി വന്ന ഒരു ഘട്ടത്തിൽ ഉണ്ടായ അനുഭവം വിവരിക്കട്ടെ. ഇവിടത്തെ പ്രസിദ്ധീകരണങ്ങളിൽ ഒരു നല്ല വിഭാഗം പുതിയ എഴുത്തുകാരുടെ കൃതികളാണെന്നുള്ളതു് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അത്തരം കൃതികൾക്കു കൊടുക്കുന്ന പ്രതിഫലം അതതുകൊല്ലത്തെ പ്രസിദ്ധീകരണച്ചെലവിൽതന്നെ ഉൾക്കൊള്ളിച്ചുപോരികയാണു് അന്നുവരെ ചെയ്തിരുന്നതു്. ഇൻകംടാക്സ് ആഫീസർ അതിനു തടസ്സംപറഞ്ഞു. അവകാശം വാങ്ങാൻവേണ്ടി മുടക്കുന്ന തുക ചെലവല്ലെന്നും മുതൽ മുടക്കാണെന്നും അതുകൊണ്ടു് അതു് മൂലധനമായി കരുതാനേതരമുള്ളു എന്നുമായിരുന്നു അദ്ദേഹത്തിൻെറ പക്ഷം. അക്കൊല്ലം ആ ഇനത്തിൽ ചെലവു വന്നിരുന്ന അയ്യായിരത്തിൽപരം രൂപാ ചെലവിൽ നിന്നൊഴിവാക്കി അദ്ദേഹം മൂലധനത്തിൽ ചേർത്തു. അക്കൊല്ലം അച്ചടിപ്പിച്ച പുസ്തകങ്ങളുടെ ഒരു പതിപ്പിൻെറ വീതാംശമായി ഒരു തുകയെങ്കിലും ചെലവിൽ കൊള്ളിക്കണമെന്നപേക്ഷിച്ചിട്ടു് അങ്ങനെ ഒരംശം അനുവദിക്കാൻ നിയമം സമ്മതിക്കുന്നില്ല എന്നു പറഞ്ഞു് അദ്ദേഹം അപേക്ഷ തള്ളിക്കളയുകയാണുണ്ടായതു്. അതേ അവസരത്തിൽ റോയൽററി ഇനത്തിൽ കണക്കിലുണ്ടായിരുന്ന തുക അ

ദ്ദേഹം ചെലവിൽ കൊള്ളിക്കുകയും ചെയ്തു. ദക്ഷിണ ഭാഷാഗ്രന്ഥമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധംചെയ്ത ചില പുസ്തകങ്ങളുടെ വകയിലായിരുന്നു ഈ റോയൽററി കണക്കുണ്ടായതു്. റോയൽററി ചെലവാണെന്നും പകർപ്പവകാശം മൂലധനമാണെന്നും അത്രെ അവിടെ കണ്ട വ്യാഖ്യാനം. ഈ വ്യാഖ്യാനം നിമിത്തം കണക്കിലെ ആദായം വളരെ കൂടുകയും അതിനു് കൂടിയ നിരക്കിൽ ആദായ നികുതി കൊടുക്കേണ്ടി വരികയും ചെയ്തു.

ഈ അനുഭവം എനിക്കു മാത്രമല്ല മററു പ്രസാധകർക്കും ഉണ്ടാകാവുന്നതാണല്ലൊ. ഗ്രന്ഥകാരനു കൊടുക്കുന്ന പ്രതിഫലം റോയൽററി എന്ന പേരിലായാൽ അക്കൊല്ലത്തെ ചെലവിൽ പോകുമെന്നും പകപ്പവകാശം എന്ന പേരിലായാൽ മൂലധനമായിത്തീരുമെന്നും വന്നാൽ ആ ഇനത്തിനു് റോയൽററി എന്നു പേരു കൊടുക്കാനാവുമല്ലൊ ആർക്കും ഇഷ്ടം. ഇക്കാര്യത്തിൽ സ്വീകരിക്കപ്പെട്ടുപോരുന്ന പല സമ്പ്രദായങ്ങളെപ്പററി കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ചിലർ ഗ്രന്ഥകാരിൽനിന്നും പകർപ്പവകാശപത്രിക ഏതെങ്കിലും ഒരു സ്വന്ത ആളിൻെറ പേരിൽ എഴുതിച്ചു വാങ്ങിക്കും. എന്നിട്ടു് ആ ആളിൻെറ എഗ്രിമെൻറുണ്ടാക്കി ഓരോ പതിപ്പിനും ആ ആളിനു് റോയൽററി കൊടുത്തതായി കണക്കുണ്ടാക്കും. ഏതു് ആഫീസർക്കും ഇതിന്മേൽ യാതൊന്നും ചെയ്വാൻ കഴിയുകയില്ലല്ലൊ. മറെറാരു കൂട്ടർ ഒന്നാം പതിപ്പിനു് ഗ്രന്ഥകാരനുമായി റോയൽററി വ്യവസ്ഥയിന്മേൽ ഏർപ്പെടും. അങ്ങനെ എഗ്രിമെൻറും ഉണ്ടാകും. രണ്ടാംപതിപ്പു മുതല്ക്കുള്ള എല്ലാ അവകാശങ്ങളും സൗജന്യമായി വിട്ടിരിക്കുന്നു എന്നു കാണിച്ചുള്ള മറെറാരു

എഗ്രിമെൻറും ഉണ്ടാകും. അങ്ങനെ വരുമ്പോഠം അവകാശം പൂൎണ്ണമായി കിട്ടുകയും ചെയ്യു തുകമുഴുവനും ചെലവിൽ ഉഠംപ്പെടുകയും ചെയ്യു എന്നു വരുമല്ലൊ. രണ്ടാമത്തെ എഗ്രിമെൻറ് ആരു കാണാനാണു്? കണ്ടാൽതന്നെ എന്താണു തരക്കേടു്?

പിന്നെയുമുണ്ടു് ചില വിശേഷങ്ങഠം. ആയിരം രൂപാ വിലപറഞ്ഞു സമ്മതിച്ചാൽ, പ്രമാണത്തിൽ അതു രണ്ടായിരമോ മൂവായിരമോ ആക്കിക്കാണിക്കുന്ന ഒരു സമ്പ്രദായമുണ്ടു് ചിലക്കു്. അങ്ങനെ ചെയ്യുന്നതു റോയൽററിയെ സംബന്ധിച്ചിടത്തോളം പ്രസാധകനു് പ്രയോജനകരവും ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണല്ലൊ. യഥാൎത്ഥത്തിൽ കിട്ടിയതു്പത്തു ശതമാനമായാലും കണക്കിൽ 25 ശതമാനമെന്നു കാണിക്കുകയും ആ എഗ്രിമെൻറിൻെറ കോപ്പി കൈവശം വയ്ക്കുകയും ചെയ്താൽ മററാരു പ്രസാധകനെ സമീപിക്കുമ്പോഠം ആ എഗ്രിമെൻറ പകൎപ്പുകാണിക്കുന്നതു് കുറച്ചൊക്കെ പ്രയോജനകരമാണല്ലൊ.

ഇത്തരം നടപടികഠം പല സ്ഥലത്തും സ്വീകരിച്ചു പോരുന്നതായി പലരിൽനിന്നും അറിയുവാനിടയായിട്ടുണ്ടു്. പക്ഷെ അങ്ങനെയൊന്നും ചെയ്യുവാൻ ഇന്നേവരെ ഇവിടെ ഒരുങ്ങീട്ടില്ല. പകപ്പവകാശം പകപ്പവകാശമായിത്തന്നെ ചേൎക്കുക, യഥാൎത്ഥത്തിൽ കൊടുക്കുന്ന തുകയെന്തോ അതുതന്നെ രേഖയിൽ കാണിക്കുക, അവകാശപ്പത്രിക ബുക്കുഡിപ്പോയുടെ പേരിൽത്തന്നെ വാങ്ങുക, വ്യക്തിയുടെ പേർ ചേൎക്കേണ്ട സ്ഥാനങ്ങളിൽ എൻെറ പേർ തന്നെ ചേൎക്കുക; അതേ ഇവിടെ ഇന്നേവരെ ഉണ്ടായിട്ടുള്ളു. ഞാനുമായി ഇത്തരം ഇടപാടുകഠം നടത്തിയിട്ടുള്ള എല്ലാവരും അതിനു സാക്ഷികളാണു്.

നമുക്കു കഥ തുടരാം പ്രഫസർ ആവശ്യപ്പെടുന്നതു

പോലെ റോയൽററി വ്യവസ്ഥയിന്മേൽ ആ മാററങ്ങൾ സ്വീകരിക്കാൻ ഉള്ള താല്പര്യക്കുറവു് വീണ്ടും അറിയിച്ചു. ഒരിക്കലല്ല പല പ്രാവശ്യം. ''കുറേനാംകൂടി കഴിഞ്ഞശേഷം ഒരു പക്ഷെ റോയൽററി വ്യവസ്ഥയിന്മേൽ ആലോചിക്കാൻ കഴിഞ്ഞേക്കുമെന്നും തൽക്കാലം അതിന്ന തരമില്ലെന്നും" അറിയിച്ചു. റോയൽററി നിരക്കു് പതിനഞ്ചുശതമാനവും പത്തുശതമാനവും ആക്കി കുറച്ചുള്ള കത്തുകൾ പിന്നെയും കിട്ടി. ''റോയൽററി അടിസ്ഥാനത്തിൽ അവ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുകയില്ലെങ്കിൽ മടക്കി അയച്ചുതരിക.'' എന്നുള്ള കത്തും കിട്ടി. മാററർ മടക്കി അയച്ചുകൊടുക്കുകയുംചെയ്തു.

ഒരാൾ ഒരു മേശകൊണ്ടുവരിക: വേണമോ എന്നു ചോദിക്കുക. എന്തുവിലവേണമെന്നു നാം ആരായുക: വിലയ്ക്കു തരാനാവില്ല, വാടകയ്ക്കുതരാം എന്നയാൾ പറയുക; വാടകയ്ക്കാവശ്യമില്ല, വിലയ്ക്കുതരാമെങ്കിൽ എന്തു വില വേണമെന്നു പറയൂ എന്നു നാം ചോദിക്കുക; അതു പററില്ല വാടകയ്ക്കാണെങ്കിലേ തരാൻപററൂ. അങ്ങനെ വേണ്ടെങ്കിൽ ഒന്നിതു പൊക്കിത്തരൂ എന്നയാൾ പറയുക: സന്തോഷസമേതം അതു താങ്ങിപ്പിടിച്ചുകൊടുക്കുക: എന്താണിതിൽ തെററു്? ആ മേശക്കാരൻ അങ്ങോട്ടുമാറിനിന്നു്, "പോക്കിരി, അയാൾക്കു മേശ വാടകയ്ക്കു വേണ്ടാപോലും. വിലയ്ക്കു കിട്ടണമത്രേ. ചൂഷകവർഗ്ഗം! ഇങ്ങനത്തെ വഷളന്മാരെക്കൊണ്ടു് നിറഞ്ഞിരിക്കുകയാണിന്നു ലോകം." എന്നൊക്കെ വിളിച്ചു പറയാനാണു ഭാവമെങ്കിൽ നമുക്കെന്തുചെയ്വാൻ കഴിയും?

ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്ന വ്യവസ്ഥയിൽ ഒരു മാററർ സ്വീകരിക്കാൻ തനിക്കു തൽക്കാലം സൗകര്യമില്ല, എന്നു പറയാനുള്ള സ്വാതന്ത്ര്യം പോലുമില്ലേ ഒരു പ്രസാധകനു്? തൻെറവ്യവസ്ഥപ്രസാധകനസമ്മതമാകു

ന്നില്ല. പ്രസാധകൻ പറയുന്ന വ്യവസ്ഥ തനിക്കും സ മ്മതമാകുന്നില്ല; മാററർ തിരിച്ചു ചോദിച്ചു. തനിക്കതു കിട്ടുകയുംചെയ്തു. ഇത്രയുംകൊണ്ടു് ആ കാര്യം അവസാനിച്ചു എന്നു ഗണിച്ചാൽ പോരരെ!

9-6-67-ൽ ആ പ്രഫസർ അയച്ച കത്തിൻെറ ആദ്യഭാഗമാണിതു്— "അയച്ച മാററർ കിട്ടി. വളരെ സന്തോഷം. റോയൽററി അടിസ്ഥാനത്തിൽ പ്രതിഫലം കൊടുക്കാതെയുള്ള താങ്കളുടെ പുസ്തകപ്രസിദ്ധീകരണവും വ്യാപാരവും ഗതികെട്ട എഴുത്തുകാരുടെ ആധിക്യംമൂലം അഭിവൃദ്ധിപ്പെടട്ടെ! എനിക്കും ആ ഗതികേടു് ഒന്നല്ല രണ്ടുതവണ സംഭവിച്ചു. ഇനി അതുണ്ടാവില്ല. നാലഞ്ചുവർഷങ്ങൾക്കു മുമ്പായിരുന്നതുകൊണ്ടു് അപ്രകാരം സംഭവിച്ചതാണു്—" തുടർന്നുള്ള കത്തിലെ ശകാരങ്ങൾ ഒരു പത്രപംക്തിയിൽ പകർത്തുവാൻ എൻെറ സംസ്ക്കാരം അനുവദിക്കുന്നില്ലാത്തതുകൊണ്ടു് വിടുകയാണു്. അദ്ദേഹം ഒരു പ്രഫസറാണല്ലൊ

ഈ കക്ഷിയുടെ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ എനിക്കു എന്തു തുക ചെലവായി എന്നും അതിനുശേഷം ഇപ്പോൾ എത്ര കാലം കഴിഞ്ഞു എന്നും ഇതുവരെ ആ പുസ്തകങ്ങൾ വിററു് എന്തു തുക കിട്ടി എന്നും കണക്കുകൾ പരിശോധിച്ചു് ബോദ്ധ്യപ്പെടുവാൻ പ്രഫസറൊന്നു തയാറായിരുന്നെങ്കിൽ! "തൻെറ മുതൽ തിരിച്ചുകിട്ടിയില്ലെങ്കിൽ അതിനു ഞാനെന്തുവേണം?" എന്നായിരിക്കാം കക്ഷിയുടെ ചോദ്യം. "മുതൽതിരിച്ചീടാകാൻ മാർഗ്ഗമില്ലാത്ത ഒരു ഇടപാടിനു് ഞാനില്ല." എന്നു പറയാനുള്ള സ്വാതന്ത്ര്യമെങ്കിലും പ്രസാധകനു് വകവച്ചു തന്നേക്കരുതോ?

# XIII

## വെള്ളക്കടലാസിൻെറ വിലപോലുമില്ലേ എഗ്രിമെൻറിനു്?

രണ്ടുപേർ തമ്മിൽ ഏതെങ്കിലും കായ്യത്തെപ്പററി സംസാരിച്ചു് ഒരു ധാരണയിൽ എത്തുകയും, ആ തീരുമാനം പരസ്പരം സമ്മതിച്ചു് വാക്കുപറഞ്ഞു പിരിയുകയും ചെയ്താൽ പിന്നെ, മുദ്രപ്പത്രത്തിൽ എഴുതി രജിസ്റ്റർ ചെയ്യുന്ന ഒരു പ്രമാണത്തേക്കാറം വിലയുള്ളതാവേണ്ടതാണു് ആ വാക്കു്. വെറും സാധാരണക്കാരനെപ്പോലും ബാധിക്കുന്ന ഒരു വസ്തുതയാണിതു്. മാന്യന്മാരെ സംബന്ധിച്ചാകുമ്പോറം അതു പ്രത്യേകം പറയേണ്ടതുമില്ല. എന്തെല്ലാമാണു പറഞ്ഞു സമ്മതിച്ചതു് എന്നുള്ളതു് കാലാന്തരത്തിൽ മറന്നുപോകാതിരിക്കാൻവേണ്ടി അതൊന്നു് എഴുതിവയ്ക്കുന്നു; ആ എഴുത്തിനു് എഗ്രിമെൻറു് എന്നു പേർ പറയുകയുംചെയ്യുന്നു. എന്താണു പറഞ്ഞുവച്ചിട്ടുള്ളതു് എന്നതിനെപ്പററി വല്ല ഓമ്മക്കുറവും വന്നുപോയാൽ ആ ഓർമ്മ ഒന്നു പുതുക്കുന്നതിനു് എഗ്രിമെൻറു് ഉപയോഗപ്പെടും. അവനവൻ പറയുന്ന വാക്കിനു് മറെറല്ലാററിനേയുംകാറം അധികമായി വില കല്പിക്കേണ്ടതായിരിക്കെ, ആ വാക്കുകറം രേഖപ്പെടുത്തി

വച്ചിരിക്കുന്ന എഗ്രിമെൻറിനെ എത്രകണ്ടു് മാനിക്കേണ്ടതുണ്ടെന്നുള്ളതിനെപ്പററി പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. പക്ഷേ, "വാക്കും പഴഞ്ചാക്കും ഒരു പോലെ" എന്നു ഗണിക്കുന്ന ഒരുക്കൂട്ടർ മനുഷ്യസമുദായത്തിനിടയ്ക്കുണ്ടു്. എഗ്രിമെൻറിനെ സംബന്ധിച്ചും അവർ കല്പിക്കുന്ന വില അതുപോലൊക്കെത്തന്നെയായിരിക്കും. എഗ്രിമെൻറഴുതാനുപയോഗിച്ച കടലാസിൻെറ വില പോലുമുണ്ടാവുകയില്ല അവരുടെ ദൃഷ്ടിയിൽ എഗ്രിമെൻറിനു്. സാധരണക്കാരിൽനിന്നാണു് ഇങ്ങനെ ഒരനുഭവം ഉണ്ടാകുന്നതെങ്കിൽ അതു് അവരുടെ വിവരക്കേടുകൊണ്ടാണെന്നോ, അഥവാ സംസ്കാരശൂന്യത കൊണ്ടാണെന്നോ സമാധാനിക്കാം? ഇത്തരം ഒരനുഭവം സംസ്കാരസമ്പന്നനായ ഒരു ഉന്നതബിരുദധാരിയിൽനിന്നാകുമ്പോഴോ? അത്തരം ഒരു കഥയാണു് ഇവിടെ വിവരിക്കേണ്ടിവന്നിരിക്കുന്നതു്.

പത്തു വാല്യങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥപരമ്പര താൻ തയാറാക്കിക്കൊണ്ടിരിക്കുന്നു എന്നും ആദ്യത്തെ വാല്യത്തിനുള്ള മാററർ തയാറായിക്കഴിഞ്ഞു എന്നും പറഞ്ഞുകൊണ്ടു് ബിരുദധാരിയായ ഒരു എഴുത്തുകാരൻ ഒരിക്കൽ ഇവിടെവന്നു് എന്നെ സമീപിച്ചു. ആദ്യ വാല്യമായി തയാറാക്കിയ മാററർ കക്ഷികൊണ്ടുവന്നിരുന്നു. കക്ഷിയുടെ ഉദ്ദേശത്തെപ്പററിയും അതിലടങ്ങിയിരിക്കുന്ന ആശയത്തെപ്പററിയും ഏറെനേരം ചർച്ചകൾ നടത്തി. തൻെറ ഉദ്ദേശ്യം സാധിക്കുന്നതിനു് ഒരു പ്രസാധകൻെറ സഹായം ലഭിക്കുക എന്നതായിരുന്നു കക്ഷിയുടെ അന്നത്തെ താല്പര്യം. ആ പരമ്പര കൂടുതൽ ആകർഷകമാക്കാൻ ഉതകുന്ന ചില പുതിയ കാര്യങ്ങൾ കക്ഷിയുടെ ശ്രദ്ധയിൽപ്പെടുത്തി, അതെല്ലാം കക്ഷിക്കു സമ്മ

മായിരുന്നു. പ്രസാധകനു ഏറെ പണച്ചെലവുവരുന്ന തും പ്രസിദ്ധീകരണത്തിനു് കാലതാമസം വന്നു ചേരാനിടയാകുന്നതുമായ കാൎയ്യങ്ങൾ അതിൽ അന്തർഭവിച്ചിരുന്നു. ഓരോ മാസത്തിലും ഓരോ വാല്യത്തിനുള്ള മാററർ തയാറാക്കിത്തന്നുകൊള്ളാമെന്നായിരുന്നു കക്ഷിയുടെ അഭിപ്രായം. അങ്ങനെ പത്തു മാസംകൊണ്ടു് മാററർ തയാറാക്കിക്കിട്ടുക എന്നും അതുപോലെ പത്തുമാസക്കാലംകൊണ്ടുതന്നെ ആ ഗ്രന്ഥപരമ്പരയുടെ പ്രസിദ്ധീകരണം പൂൎത്തിയാക്കുക എന്നും വച്ചു. ഒരു നല്ല സംരംഭമായിരിക്കും അതു് എന്ന ധാരണയിൽ ആ നിർദ്ദേശത്തിനു വഴങ്ങി. കക്ഷിയുടെ ആഗ്രഹമനുസരിച്ചു് പത്തു വാല്യത്തിനുംകൂടി ഒരു പ്രതിഫലം നിശ്ചയിച്ചു. ആ മൊത്തം തുകയിൽനിന്നു് ഒരു സംഖ്യ ഗ്രന്ഥപരമ്പരപൂൎത്തിയായിക്കഴിയുമ്പോൾ ഒന്നായിക്കൊടുക്കത്തക്കവിധത്തിൽ മാററിവയ്ക്കണമെന്നും, ബാക്കിയുള്ളതു് വീതപ്രകാരം ഓരോ വാല്യത്തിൻെറയും മാററർ കിട്ടുന്ന അവസരത്തിൽ കക്ഷിക്കു കൊടുക്കാമെന്നും തീരുമാനിച്ചു. എഗ്രിമെൻെറഴുതിവാങ്ങി ആദ്യവാല്യത്തിൻെറ വീതപ്രകാരമുള്ള തുക കൊടുക്കുകയുംചെയ്തു.

ഒരു പുതിയ സംരംഭമാകയാലും തുടരെ കുറേക്കാലംകൊണ്ടു് പൂൎത്തിയാകുന്ന ഗ്രന്ഥപരമ്പരയായതിനാലും ഇക്കാൎയ്യത്തിൽ വേണ്ടത്ര പരസ്യങ്ങൾ കൊടുക്കാൻ തയാറായി. ഒന്നാം വാല്യംപെട്ടെന്നു് അച്ചടിക്കത്തക്കവിധത്തിൽ പ്രസ്സിൽ കൊടുക്കുകയും ചെയ്തു. അച്ചടി പെട്ടെന്നു നടന്നു എങ്കിലും, പുസ്തകം ആകർഷകമാക്കുന്നതിലേക്കായി ചെയ്തിരുന്ന പ്രത്യേകവ്യവസ്ഥകൾ അനുസരിച്ചു് ഗ്രന്ഥകാരനിൽനിന്നും ലഭിക്കേണ്ടിയിരുന്ന വസ്തുതകൾ ലഭിക്കുവാൻ കാലതാമസം നേരിട്ടതുനിമിത്തം മൂന്നുനാലുമാ

സംകൊണ്ടേ ആ വാല്യം മാർക്കററിൽ വിടുവാൻ കഴിഞ്ഞുള്ളു. അടുത്ത വാല്യത്തിൻെറ മാററർ തയാറായിക്കിട്ടുവാൻ പിന്നെയും വേണ്ടിവന്നു കുറേക്കാലം: ഇവിടത്തെ യാതൊരു അമാന്തവും ഉണ്ടാകാതെതന്നെ അതിൻെറ പ്രസിദ്ധീകരണവും നടത്തി. അപ്പോഴത്തേക്കു് ഉപരിപഠനത്തിനായി കക്ഷി മദ്രാസിലേയ്ക്കുപോയി.

മൂന്നാം ഭാഗത്തിനുള്ള മാററർ മിക്കവാറും തയ്യാറായിക്കഴിഞ്ഞിട്ടുണ്ടെന്നും, സ്വല്പം ചില കാര്യങ്ങൾകൂടി ശരിപ്പെടുത്തി അയച്ചുതരാമെന്നും പഠിത്തം സംബന്ധിച്ചു വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നതിനാൽ പെട്ടെന്നു മററു കാര്യങ്ങൾ നിർവ്വഹിക്കാൻ സമയം കിട്ടുന്നില്ലെന്നും മററും മദ്രാസിൽനിന്നു കക്ഷി എഴുതി അയച്ചു. മൊത്തം തുകയുടെ അഞ്ചിലൊന്നിൽ, രണ്ടു വാല്യങ്ങളുടെ വീതാംശമായി കൊടുത്തുകഴിഞ്ഞ തുക കഴിച്ചുള്ള സംഖ്യ ഈ അവസരത്തിൽ കിട്ടിയാൽ മദ്രാസിലെ പഠിത്തകാലത്തുണ്ടാകുന്ന സാമ്പത്തികപരാധീനതകൾക്കു തെല്ലൊരു സമാധാനമാകുമായിരുന്നുവെന്നും ചുരുങ്ങിയ മാസങ്ങൾകൂടി കഴിഞ്ഞു നാട്ടിലേക്കു മടങ്ങിയെത്തിയാൽ പിന്നെ വളരെ വേഗം എല്ലാ വാല്യങ്ങളും പൂർത്തിയാക്കി തന്നുകൊള്ളാമെന്നും കാണിച്ചു് അദ്ദേഹം വീണ്ടും ഒരിക്കൽ എഴുതി, കക്ഷി ആവശ്യപ്പെട്ട തുക ഉടനെ അയച്ചുകൊടുത്തു. മിക്കവാറും തയാററായി എന്നു പറഞ്ഞ മൂന്നാംഭാഗം ഉടനെ അയച്ചുതരാനഭ്യർത്ഥിക്കുകയും അതിവിടെ കിട്ടിയാലുടനെ അതിൻെറ തുകയും അയയ്ക്കാമെന്നറിയിക്കുകയുംചെയ്തു. പിന്നീടു കുറേക്കാലത്തേയ്ക്കു കക്ഷിയിൽനിന്നു് യാതൊരു വിവരവും ലഭിച്ചില്ല. മദ്രാസിൽനിന്നു കക്ഷി നാട്ടിലേക്കു മടങ്ങിയെത്തിയതിനുശേ

ഷം കക്ഷിയുടെ പുതിയ വിലാസം കിട്ടുവാൻ കഴിഞ്ഞതുമില്ല.

കുറേക്കാലം കഴിഞ്ഞു കക്ഷിയുടെ വിലാസം ലഭിക്കാനവസരം ഉണ്ടായപ്പോൾ വീണ്ടും കക്ഷിക്കെഴുതി. അടുത്ത അവസരത്തിൽതന്നെ ഇവിടെവന്നു കണ്ടുകൊള്ളാമെന്നും അപ്പോൾ അക്കാര്യത്തെപ്പററി സംസാരിക്കാമെന്നുമായിരുന്നു മറുപടി. കക്ഷി വന്നെത്തുമെന്നു പ്രതീക്ഷിച്ചു മാസങ്ങൾ പലതുകഴിച്ചു. വീണ്ടും എഴുതി; ഒരു മറുപടിയുമില്ല. ഇവിടെ ലഭിച്ചിരുന്ന വിലാസത്തിൽ രണ്ടുമൂന്നു കത്തുകളയച്ചിട്ടും ഒരു മറുപടിയും കിട്ടുന്നില്ലെന്നായപ്പോൾ, ഒരുപക്ഷെ ആ സ്ഥലത്തുനിന്നും കക്ഷി വേറെ വല്ല സ്ഥലത്തേയ്ക്കും ഉദ്യോഗസംബന്ധമായോ മറേറാ പോയിരിക്കുമോ എന്നു സംശയിച്ചു.

ഇതിനിടയ്ക്കു പ്രസിദ്ധീകരണം സംബന്ധിച്ചുള്ളതല്ലാത്ത ഒരു കാര്യത്തിനു കക്ഷിയുടെ പേക്കൊരു കത്തയച്ചു. എഗ്രിമെൻറിൽ ഉണ്ടായിരുന്ന വീട്ടുവിലാസത്തിലാണു് ആ കത്തയച്ചതു്. കുറേദിവസങ്ങൾ കഴിഞ്ഞു് ആ കത്തിനു കക്ഷിയുടെ ജോലിസ്ഥലത്തുനിന്നും മറുപടി കിട്ടി. ഒഴിവുദിവസങ്ങളിൽ വീട്ടിൽചെന്ന അവസരത്തിൽ കത്തു കിട്ടിയതായിരിക്കും. അഥവാ പോസ്റ്റൽ അധികൃതർ റിഡയറക്ടു് ചെയ്തു് ആ കത്തു കക്ഷിയുടെ ജോലിസ്ഥലത്തെത്തിച്ചതുമാവാം. എങ്ങനെയുമാകട്ടെ, അതിനൊരു മറുപടി കിട്ടിയതിൽ സന്തോഷം തോന്നി.

ചില ആഴ്ചകൾ കഴിഞ്ഞു് ഗ്രന്ഥപരമ്പരയുടെ ബാക്കി ഭാഗങ്ങളുടെ കാര്യം നടപ്പിൽ വരണമല്ലോ എന്നും മററും കാണിച്ചു് കക്ഷിക്കൊരു കത്തയച്ചു. അതിനു

കക്ഷിയിൽനിന്നും ഒരു മറുപടി ലഭിക്കുകയുംചെയ്തു. എഗ്രിമെൻറിലെ വ്യവസ്ഥകൾ അനുസരിച്ച് ബാക്കി വാല്യങ്ങളുടെ മാററർ തരാൻ സാദ്ധ്യമല്ലെന്നും, റോയൽററി വ്യവസ്ഥ സമ്മതിക്കാനൊരുക്കമുള്ള പക്ഷം മാററർ തയ്യാറാക്കിത്തരുവാൻ ഉത്സാഹിക്കാമെന്നുമായിരുന്നു മറുപടിയുടെ ഉള്ളടക്കം.

ബിരുദത്തെ സംബന്ധിച്ചിടത്തോളം കക്ഷി ഇപ്പോൾ ഡബിൾ മാസ്റ്ററാണ്. ഭാവിയിൽ താനൊരു വിശ്വസാഹിത്യകാരനായി ഉയരേണ്ടിക്കാമെന്നും ആ സ്ഥിതിക്ക്, എഴുതിത്തയാറാക്കിക്കഴിഞ്ഞിട്ടില്ലാത്ത മാററിനുവേണ്ടി എഗ്രിമെൻറു ചെയ്യരുതെന്നും അക്കാലത്തുതന്നെ ഒരു മാസ്റ്റർ ഡിഗ്രിക്കാരനായ കക്ഷി വിചാരിക്കേണ്ടതായിരുന്നു. ആ മാററർ പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു് തനിക്ക് മററു ചില ഗുണങ്ങൾ ഉണ്ടാകുമെന്നും അതു പ്രസിദ്ധംചെയ്യുന്നതിന് ഒരു പ്രസാധകനെ കിട്ടിയാൽ മതി എന്നും അന്നു കരുതി. അങ്ങനെ ഒരു എഗ്രിമെൻറും ഉണ്ടായി. പത്തു വാല്യങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധംചെയ്യുന്നു എന്ന നിലയിൽ പ്രസാധകൻ അക്കാര്യത്തിൽ വേണ്ട പബ്ലിസിററി കൊടുക്കുകയുംചെയ്തു. അതിനിടയ്ക്കു് ഗ്രന്ഥകാരനു വന്നുകൂടിയ അസൗകര്യങ്ങൾ സൗമനസ്യത്തോടെ പ്രസാധകൻ സഹിച്ചു. അതെല്ലാം കഴിഞ്ഞതിനുശേഷം ഇനിയോ, എന്നു ചോദിച്ചപ്പോൾ കക്ഷിയിൽനിന്നും ലഭിച്ച മറുപടി ഇതാണ്!

എന്തുദ്ദേശിച്ചാണ് കക്ഷി ആ എഗ്രിമെൻറെഴുതിയതു്? വ്യവസ്ഥകളെല്ലാം പറഞ്ഞു സമ്മതിച്ചു സ്വന്തകൈപ്പടയിൽ എഴുതിയ ആ എഗ്രിമെൻറിന് കക്ഷി ഇപ്പോൾ എഗ്രിമെൻറെഴുതാൻ ഉപയോഗിച്ച കടലാ

സിൻെറ വില പോലും ഇല്ലെന്നു ഭാവിക്കുകയാണു്. എഗ്രിമെൻറിലെ ഒരു കക്ഷിക്കു് ഒരു പുതിയ ഡിഗ്രി കൂടി ലഭിച്ചാൽ ആ കാരണംകൊണ്ടു് ആ എഗ്രിമെൻറു് വിലയില്ലാത്തതായിത്തീരുമെന്നാണോ? അങ്ങനെയൊരു നിയമം ഉള്ളതായി ഇതേവരെ അറിയാൻ കഴിഞ്ഞിട്ടില്ല.

റോയൽററി വ്യവസ്ഥയിൽ ഞങ്ങൾ സാധാരണ ഇടപാടുകൾ ചെയ്യാറില്ലാത്തതിനാൽ ആ വ്യവസ്ഥ പ്രയാസമാണെന്നും, എന്നാൽ കാലസ്ഥിതിക്കു വന്നിരിക്കുന്ന മാററത്തെ ആധാരമാക്കി പ്രതിഫലത്തുകയിൽ ന്യായമായ വർദ്ധനവു് സമ്മതമാണെന്നും മററും കാണിച്ചു് കക്ഷിക്കു വീണ്ടും എഴുതി. ഒരു മാസംകഴിഞ്ഞിട്ടും ഒരു മറുപടിയും കിട്ടിയില്ല.

പ്രതിഫലത്തുക മൂന്നോ നാലോ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ സമ്മതമാണെന്നും ഇനിയും അക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നില്ലെങ്കിൽ മൗനമായി കഴിയാൻ ഇവിടെ നിവ്വാഹമില്ലാതാകുമെന്നും ഇക്കാര്യം വേണ്ടത്ര ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നും കാണിച്ചു് വീണ്ടും എഴുതി. പിന്നീടും കക്ഷി മൗനം അവലംബിക്കാൻ തന്നെയാണു ഭാവമെങ്കിൽ, എഗ്രിമെൻറു് വിലയില്ലാത്ത വസ്തുവാണോ എന്നു് അറിഞ്ഞുവയ്ക്കേണ്ടതു് പ്രസാധകൻെറ ആവശ്യമല്ലേ?

# XIV

## മോഹം ഞായമറിയില്ല

ഏതെങ്കിലും ഒരു കാര്യത്തിൽ എനിക്കു തീവ്രമായ ആഗ്രഹം ജനിക്കുന്നു എന്നിരിക്കട്ടെ. ആ ആഗ്രഹത്തിൽ നിന്നു് എന്നെ പിൻതിരിപ്പിക്കാൻ ആരെല്ലാം ശ്രമിച്ചാലും അവർക്കു പരിപൂർണ്ണമായ വിജയം ഉണ്ടാകുമെന്നു പറയാൻ തരമില്ല. തന്റെ ആഗ്രഹം ശരിയല്ലെന്നും ന്യായമല്ലെന്നും ആവശ്യമല്ലെന്നും പല ന്യായങ്ങൾ പറഞ്ഞു് സമത്ഥിക്കാൻ അവർക്കു കഴിഞ്ഞെന്നുവരാം. പക്ഷേ, അപ്പോഴെല്ലാം ആ ന്യായങ്ങൾക്കെല്ലാം എതിരായുള്ള യുക്തികൾ പറഞ്ഞു് ബോദ്ധ്യപ്പെടുത്താനായിരിക്കും എന്റെ ശ്രമം. അവരുടെ അഭിപ്രായം ശരിയാണെന്നും ഞാൻ പറയുന്നതൊക്കെ മുട്ടയുക്തികളാണെന്നും എന്റെ മനഃസാക്ഷിതന്നെ എന്നെ ഉപദേശിച്ചു എന്നും വരാവുന്നതാണു്. പക്ഷേ അപ്പോഴൊക്കെ എന്റെ ആഗ്രഹത്തിന്റെ-അഥവാ-മോഹത്തിന്റെ തീവ്രത ആ മനഃസാക്ഷിയുടെ മുകളിൽ കരിമ്പടംപുതച്ചു എന്നതാവാംഫലം. (എ ഏന്ന ഒരു പേർ ചേർക്കാതിരിക്കാൻവേണ്ടി മാത്രം "ഞാൻ" എന്നു് ഇവിടെ പറയുന്നതാണെന്നു ധരിക്കുമല്ലൊ.) മനുഷ്യരുടെ ഈ സ്വഭാവവിശേഷമാണു് 'മോഹം ഞായമറിയില്ല' എന്ന ചൊല്ലിനു് അടിസ്ഥാനമായിത്തീന്നിട്ടുള്ളതു്.

എഴുത്തുകാരും മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരാകയാൽ ഈ സ്വഭാവവിശേഷം അവരിലും കണ്ടെത്താവുന്നതാണല്ലൊ. അവർ ബുദ്ധിജീവികൾ കൂടിയാണെന്നുള്ളതുകൊണ്ടു് അവരുടെ മോഹങ്ങൾ കുറേക്കൂടി തീവ്രതയുള്ളതാകുമെന്നും, അതു സാധിക്കുന്നതിനു് കഴിവുള്ള എല്ലാ മാർഗ്ഗങ്ങളിലുംകൂടി അവർ ശ്രമിക്കുമെന്നും അതിലേയ്ക്കാവശ്യമായ എല്ലാ അസ്ത്രങ്ങളും സ്വന്തം ബുദ്ധിശക്തിയിൽനിന്നു് അവർ പ്രയോഗിക്കുമെന്നുംകൂടി പ്രതീക്ഷിക്കേണ്ടതാണു്. ഈ പ്രതീക്ഷ ഒരിക്കലും അസ്ഥാനത്താവുകയില്ല. അത്തരം ചില കഥകൾ ഇവിടെ കുറിക്കാമെന്നു കരുതുന്നു.

അടുത്ത കാലത്തു ഒരു കത്തും അതോടൊപ്പം ഒരു മാററവും അയച്ചുകിട്ടി. ഇവിടെനിന്നും വളരെ അകലെയല്ലാത്ത ഒരു പട്ടണത്തിൽനിന്നാണതു് അയയ്ക്കപ്പെട്ടതു്. മാററർ ഒരു ഡിററക്ടീവു് നോവലാണെന്നു് അതെഴുതിയ ആൾ അവകാശപ്പെടുന്നു. കത്തിലെ വിവരങ്ങളാകട്ടെ വളരെ ശ്രദ്ധേയങ്ങളുമാണു്. കക്ഷി ഒരു കോളേജിൽ പഠിക്കുന്നു. രണ്ടുമാസമായി ഫീസ് കൊടുക്കാൻ സാധിച്ചിട്ടില്ല. ഈ മാസം അവസാനിക്കുന്ന ദിവസമെങ്കിലും ഫീസ് കൊടുത്തില്ലെങ്കിൽ കോളേജിൽനിന്നു് പേർ വെട്ടിക്കളയും. തൽക്കാലം ഒരു നൂററിയിരുപത്തിയഞ്ചുരൂപാ മതി. അതുണ്ടാക്കുന്നതിനു് മററു യാതൊരു മാർഗ്ഗവും കാണായ്കയാൽ പെട്ടെന്നു് ഒരു ഡിററക്ടീവ് 'നോവൽ' എഴുതി അതെങ്ങനെയും സ്വീകരിച്ചു് മേല്പറഞ്ഞ തുക പിറേറദിവസംതന്നെ കക്ഷിക്കു മണിയാർഡറായി അയച്ചുകൊടുക്കണം. വീട്ടിലെ അഡ്റസ്സിലാണു് കത്തെങ്കിലും, മണിയാർഡർ അയയ്ക്കേണ്ടതു് കോളേജിലെ അഡ്റസ്സിലാണു്. വിദ്യാ

ഭ്യാസപരമായ ആവശ്യമാകയാൽ ഒട്ടം കാലതാമസം കൂടാതെ തുക അയയ്ക്കുന്നകാര്യത്തിൽ ഉപേക്ഷവിചാരിക്കരുതു്. നോവലാണെങ്കിൽ പലരും വായിച്ചു് വളരെ നല്ല അഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്.

മാററിനെപ്പററിയും അല്പം ചിലതു പറയേണ്ടിയിരിക്കുന്നു. കക്ഷിയുടെ കൈയെഴുത്തിൽ കാൽതാറം സൈസിൽ ഇരുപത്തിയേഴുപേജുണ്ടു് മാററർ. അതു് 14 പോയിൻറ ടൈപ്പിൽ അച്ചടിച്ചാൽ ക്രൌൺ എട്ടിലൊന്നു സൈസിൽ ഇരുപതുപേജ് വന്നേക്കും. 12 പോയിൻറ് ടൈപ്പ്സിലാണെങ്കിൽ പതിനഞ്ചോ പതിനാറൊ പേജ്‌വരും. അത്രയും മാററർതന്നെയും പല അദ്ധ്യായങ്ങളായി തിരിച്ചിരിക്കുകയാണു്. ഇത്രയും പേജ് അടങ്ങിയ ആ മാററർ ഒരു കാമ്പോസിഷൻ പേപ്പറായി ആ കോളേജിലെ മലയാളം ലക്ച്ചററുടെകൈയിൽകിട്ടിയാൽ അതൊന്നു തിരുത്തികൊടുക്കാൻ അദ്ദേഹത്തിനു് മൂന്നുനാലുദിവസമെങ്കിലും വേണ്ടിവരും. അങ്ങനെയാണു വാക്യരചന.

മണിയോർഡറും പ്രതീക്ഷിച്ചു് കാത്തിരുന്നു് മററു പരിശ്രമങ്ങളൊന്നും ചെയ്യാനിടയാകാതെ കക്ഷി വിഷമിക്കരുതല്ലൊ എന്നു കരുതി പെട്ടെന്നൊരു മറുപടി അയച്ചു. അച്ചടിയിൽ കഷ്ടിച്ചു് ഇരുപതു പേജ്‌വരുന്ന ഒരു മാററർ ഒരു പുസ്തകമായി അച്ചടിക്കുകയും അതിനു് ഡിറെക്ടീവ് നോവൽ എന്നു പേരുകൊടുക്കുകയും ചെയ്യുന്നതു് കഷ്ടമാണെന്നും കഷ്ടിച്ചു് ഒരു ചെറുകഥയായി ഒരു മാസികയിലോ വാരികയിലോ പ്രസിദ്ധം ചെയ്യേണ്ടതേ ഉള്ളുവെന്നും ആ സ്ഥിതിക്കു ഈ മാററിന്മേൽ കോളേജിൽ കൊടുക്കേണ്ട തുകയ്ക്കുള്ള ഒരു മണിയാർഡർ ഞങ്ങളിൽനിന്നും പ്രതീക്ഷിക്കരുതെന്നും മറുപടിയിൽ

വിവരിച്ചു. മറുപടി കിട്ടിയ ഉടനെ വീണ്ടും എഴുതുവാൻ കക്ഷി മടിച്ചില്ല. വിവരം ഏതാണ്ടു് ചുവടേ ചേക്കും വിധമാണു്:—

'മറുപടി കിട്ടി. കാൎയ്യംമനസ്സിലാക്കാതെയാണു നിങ്ങ‍ൾ പറയുന്നതു്. ഇതു് ഒരു കോളേജ് വിദ്യാൎത്ഥിയുടെ വിദ്യാഭ്യാസപ്രശ്നമാണു്. പേജ് കുറഞ്ഞുപോകുന്നു എന്ന കാൎയ്യത്തിൽ നിങ്ങൾ പറയുന്ന വിഷമമൊന്നും ശരിയായിട്ടുള്ളതല്ല. ബഷീറിൻെറ മതിലുകൾക്കു് എത്ര പേജാണുള്ളതു്? ബഷീറിൻെറ തന്നെ ബാല്യകാലസഖി എന്ന പുസ്തകത്തിനോ? അതൊക്കെ വച്ചുനോക്കുമ്പോൾ പേജിനെ സംബന്ധിച്ചുള്ള കാൎയ്യം ഒരു പ്രശ്നമേ അല്ല. എനിക്കു മാസികക്കാരെയോ വാരികക്കാരെയോ യാതൊരു പരിചയവുമില്ല. അവർ അതു പ്രസിദ്ധപ്പെടുത്തുമെന്നുള്ളതിനെന്താണുറപ്പു്? മാത്രമല്ല. ഒരു കഥയായി ഇതു പ്രസിദ്ധപ്പെടുത്തിയാൽതന്നെ അതിനു പ്രതിഫലമായി, കോളേജിൽ അടയ്ക്കേണ്ട തുക എനിക്കു കിട്ടാൻ കഴിയുമോ? നാളെത്തന്നെ താങ്കൾ മണിയോർഡർ അയയ്ക്കുമെന്നു വിശ്വസിക്കുന്നു.'

വളരെയധികം പറഞ്ഞും വാദിച്ചും സമയം നഷ്ടപ്പെടുത്തേണ്ടതില്ലെന്നു കരുതി "ആ മാററർ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല." എന്നു ചുരുക്കിയും എന്നാൽ വ്യക്തമായും കക്ഷിയെ അറിയിക്കേണ്ടിവന്നു.

ഇതു് ഒരു ഒററപ്പെട്ട സംഭവമല്ല എന്നുള്ളതും ഇവിടെ പറയേണ്ടിയിരിക്കുന്നു. തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പല അനുഭവങ്ങളിൽ ഒന്നാണിതു്. ഇനിയും ഇതുപോലുള്ള മറെറാരനുഭവം നോക്കുക.

ഒരു ദിനപത്രം അതിൻെറ വാരാന്ത്യപ്പതിപ്പിൽ

ഒരു നോവൽ തുടക്കഥയായി പ്രസിദ്ധംചെയ്തു. ആ ദിന പത്രത്തിൻെറ പത്രാധിപർ എൻെറ ഒരു ആത്മസുഹൃത്താണു്. ആ എഴുത്തുകാരനെ കഴിയുംവിധം പ്രോത്സാഹിപ്പിക്കണം എന്ന താല്പര്യംകൊണ്ടാവാം അദ്ദേഹം ആ നോവൽ തുടക്കഥയായി പ്രസിദ്ധംചെയ്തതെന്നു ഞാൻ കരുതുന്നു. കഥ പ്രസിദ്ധംചെയ്തു് പൂർത്തിയായ ശേഷം ഒരു ശുപാർശക്കത്തോടുകൂടി ആ എഴുത്തുകാരനെ പത്രാധിപർ എൻെറ അടുത്തേയ്ക്കു് അയച്ചു. ഞാൻ സ്ഥലത്തില്ലാതിരുന്ന അവസരത്തിലാണു് കക്ഷി ഇവിടെ എത്തിയതു്. തന്മൂലം ആ നോവലിസ്റ്റുമായി നേരിട്ടൊന്നും സംസാരിക്കാൻ തരപ്പെട്ടില്ല. ശുപാർശക്കത്തും മാററവും അതിൻെറകൂടെ സ്വന്തം ഒരു കുറിപ്പുംചേർത്തു് കക്ഷി ഇവിടെ ഏല്പിച്ചതു് യഥാകാലം എൻെറ കൈവശംകിട്ടി. പത്രാധിപരുമായുള്ള സൗഹൃദത്തെ ആദരിച്ചു് ബദ്ധപ്പാടുകൾക്കിടയ്ക്കുപോലും ആ മാററർ വായിച്ചുതീർത്തു.

അച്ചടിപ്പിഴകൾ നിരവധിയുണ്ടു്. അതു് എഴുത്തുകാരൻെറ തെററല്ലല്ലൊ. അച്ചടിപ്പിഴയല്ലാത്ത തെററുകളും നിരവധിയാണു്. അച്ചടിപ്പിഴയും അച്ചടിപ്പിഴല്ലാത്തതെററും എങ്ങനെയാണു വേർതിരിക്കുക എന്നൊരു ചോദ്യം ഇവിടെ ഉത്ഭവിച്ചേക്കാം. ഒരു ദൃഷ്ടാന്തം ഇവിടെ ചേർത്തുകൊള്ളട്ടെ. വിദ്യാഭ്യാസം എന്ന പദം അച്ചടിക്കുമ്പോൾ 'വിദ്യഭ്യാസം' എന്നോ 'വിദ്യഭ്യേസം' എന്നോ 'വിദ്യഭ്യാസാ:' എന്നോ ഒക്കെ മാറിപ്പോകാം. അതു അച്ചടിപ്പിഴയാണെന്നു സമാധാനിക്കാനേ ഉള്ളു. അച്ചടിപ്പിഴകൊണ്ടു് ആ പദം 'വിധ്യാബ്യാസ'മാവുക എളുപ്പമല്ല. ആ രൂപത്തിൽ വാക്കുകൾക്കുവരുന്ന രൂപഭേദം അച്ചടിപ്പിശാചിൻെറ തലയിൽ ചുമ

ത്തുന്നതു് കഷ്ടമാണു്. അതു് അച്ചടിപ്പിഴയല്ല, മാററ റിലെ തെററുതന്നെ എന്നു കരുതണം. ഈ വിധത്തി ലുള്ള തെററുകളും മാററററിൽ നിരവധിയായിരുന്നു. കഥ യെപ്പററി പ്രത്യേകമൊന്നും പറയുന്നില്ലെന്നിരുന്നാൽ തന്നെയും മററു പിഴകളുടെ കാൎയ്യം പരിഗണിക്കാതിരി ക്കാൻ വയ്യ. തുടൎക്കഥയായി പത്രത്തിൽ പ്രസിദ്ധംചെ യ്യുന്നതുപോലെയല്ലല്ലൊ പുസ്തകമായി പ്രസിദ്ധംചെയ്തു് സാഹിത്യത്തിൽ സ്ഥാനം നൽകുന്നതു്.

ഈ ലേഖനപരമ്പരതന്നെ പത്രത്തിൽ പ്രസിദ്ധം ചെയ്യുന്ന അവസരത്തിൽ വന്നുകൂടുന്ന അക്ഷരപ്പിഴക ളെപ്പററി ഞാൻ വളരെയേറെ ഖേദിക്കാറുണ്ടു്. വരി കഠം വിട്ടുപോയ സന്ദർഭങ്ങഠംപോലുണ്ടു്. അക്ഷരപ്പി ഴമൂലം വിപരീതാൎത്ഥം വന്നുകൂടിയ സന്ദർഭങ്ങളും ഉണ്ടാ യിട്ടുണ്ടു്. അതേപ്പററി പത്രാധിപൎക്കു് എഴുതുകയും നേരിട്ടുകണ്ട സന്ദൎഭങ്ങളിലൊക്കെ സംസാരിക്കുകയും ചെ യ്തിട്ടുണ്ടു്. എന്നിട്ടും വന്നുകൂടുന്ന പോരായ്മകഠം സഹി ച്ചുകഴിയുകയാണു്. ഞാൻ എന്നല്ല വായനക്കാരും അതു സഹിക്കുകതന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ ഒരൊററ വായനയ്ക്കു് കാൎയ്യം ഏതാണ്ടു ഗ്രഹിക്കാൻ കഴി യുക എന്നതു മാത്രമേ പത്രവായനയുടെ അവസരത്തിൽ ഉദ്ദേശമുണ്ടാവൂ. ഒരു പുസ്തകമാകുമ്പോഠം സ്ഥിതി അത ല്ലല്ലൊ. ഈ പത്രത്തിൻെറ കട്ടിംഗ്സ് അതുപോലെ മാററരായിക്കൊടുത്തു് ഈ ലേഖനപരമ്പര ഒരു പുസ്തക മായി അച്ചടിപ്പിച്ചാലത്തെ സ്ഥിതി എന്തായിരിക്കും? ഈ തുടർലേഖനത്തെ അഭിനന്ദിച്ചു് വായനക്കാരുടെ പം ക്തിയിലേയ്ക്കു് ഒരു കത്തെഴുതിയ പണ്ഡിതനും ഹൃദയാ ലുവുമായ ശ്രീ നാലാങ്കൽതന്നെയും ആ ഗ്രന്ഥത്തെ അപ ഹാസിക്കാതിരിക്കുകയില്ല. ചുരുക്കത്തിൽ ഞാൻ വ്യക്ത

മാക്കുന്നതു്, പത്രത്തിൽ പ്രസിദ്ധം ചെയ്യുന്നതും പുസ്തകമായി അച്ചടിപ്പിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്നാണു്.

അച്ചുപിഴകൾ തിരുത്തുകയും അച്ചുപിഴയില്ലാത്ത തെററുകൾ തീക്കുകയും വാകൃങ്ങളുടെ ഘടന സംബന്ധിച്ചു് കുറേ മിനുക്കുപണികൾകൂടി നടത്തുകയും ചെയ്താലേ ആ നോവൽ ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കാനാവൂ എന്നാണു് എനിക്കു തോന്നിയതു്. ഈ വിവരം ഞാൻ കക്ഷിയെ അറിയിച്ചു. അതിനു ലഭിച്ച മറുപടിയിലെ വിവരം ഇതാണു്. വാകൃശൈലിയും കൂടി മനസ്സിലാക്കാനുതകുമല്ലോ എന്നു കരുതി കുറേഭാഗം അതുപോലെ പകർത്തുകയാണു്.

"...ശ്രീ (പത്രാധിപർ) പറഞ്ഞു മനസ്സിലായയടത്തോളം അങ്ങയേക്കൊണ്ടു് അതൊക്കെ വളരെവേഗം ചെയ്യുവാൻ കഴിയുമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്...താല്പര്യമുണ്ടെങ്കിൽ ഇരുകൂട്ടർക്കും നഷ്ടംകൂടാതെ ഈ വ്യാപാരം നടക്കുമെന്ന പ്രതീക്ഷയിലാണു് ഞാൻ അങ്ങയെ സമീപിച്ചതു്. ഇന്നത്തെ കാലസ്ഥിതിയും അങ്ങേയ്ക്കു അറിവുള്ളതാണല്ലോ. ആയതുകൊണ്ടു് ഞാൻ അധികമൊന്നും എഴുതുന്നില്ല. പുസ്തകത്തിനുള്ള പ്രതിഫലം എന്താണെന്നു് നിശ്ചയിക്കുവാനുള്ള സ്വാതന്ത്ര്യം ഞാൻ അങ്ങേയ്ക്കും (പത്രാധിപർ)ക്കും വിട്ടുതരുന്നു. അദ്ദേഹവുമായി ആലോചിച്ചിട്ടു് സാർ സ്വന്തം മനസ്സാക്ഷിക്കനുസരണമായി വേണ്ടതുപോലെ ചെയ്യുക."

കഴിയുന്നിടത്തോളം എല്ലാ കത്തുകൾക്കും മറുപടി അയയ്ക്കുക എന്ന ശീലമുള്ളപ്പോൾ കക്ഷിക്കു് വീണ്ടും എഴുതാതെ പററുകയില്ലല്ലോ. "മാററർ വളരെ പരിഷ്ക്കരിക്കേണ്ടതായുണ്ടെന്നു പറഞ്ഞപ്പോൾ, എന്തു പ്രതി

ഫലം തരാമെന്നു് ഞാനും പത്രാധിപരുംകൂടി നിശ്ചയി ക്കുവാനാണല്ലൊ താങ്കൾ പറയുന്നതു്. തിരുത്തലുകൾ നടത്തുവാൻ എനിക്കു കഴിയും എന്നു പറയുന്നതിൽ നി ന്നൊഴിയുവാൻ ഞാൻ ഒരുങ്ങുന്നില്ല. പക്ഷേ, എനിക്ക തിനു സമയം കിട്ടുകയില്ലെന്നുള്ളതു് പറയാതെവയ്യല്ലോ. ഇപ്പോഴത്തെ രൂപത്തിൽ ആ മാററർ സ്വീകരിക്കുന്ന കാര്യത്തിൽ ഇവിടെ ഒട്ടും താല്പര്യമില്ല." എന്നെഴുതി.

"അപാകതകൾ സാറിൻെറ വിദഗ്ദ്ധഹസ്തങ്ങ ളിൽ തീരട്ടെ." എന്നും രണ്ടാഴ്ചക്കകം വന്നുകണ്ടുകൊള്ളാ മെന്നും മററും വിവരിച്ചു് വീണ്ടും കിട്ടി കത്തു്. "ആ പുസ്തകം അതേവിധം പ്രസിദ്ധംചെയ്യാൻ ഞങ്ങളെക്കൊ ണ്ടാവില്ല; ശരിപ്പെടുത്തിയെടുക്കുവാൻ അടുത്തെങ്ങും ഇ വിടെ സൌകര്യം ലഭിക്കുകയുമില്ല." എന്നു വ്യക്തമായി അറിയിച്ചു് ആ കത്തിടപാടുകൾ അവസാനിപ്പിക്കേ ണ്ടിവന്നു.

അച്ചടിക്കാനെടുക്കുന്ന ഏതു പുസ്തകത്തിൻെറയും മാററർ മൂന്നു തവണവീതം ഞാൻ വായിക്കേണ്ടിവരും. ആദ്യം ആ മാറററിൻെറ സ്വഭാവം മനസ്സിലാക്കാൻ. അതുകഴിഞ്ഞു് എഗ്രിമെൻറിലെത്തിയാൽ, വല്ല അക്ഷ രപ്പിഴകളോ തെളിയാത്ത അക്ഷരങ്ങളോ മറേറാ ഉണ്ടെ ങ്കിൽ തിരുത്തി പ്രസ്സിൽ കൊടുക്കത്തക്ക രൂപത്തിൽ തയാറാക്കുവാൻ, മൂന്നാമതു് അച്ചടികഴിഞ്ഞു് ബയ ൻറിംഗു തുടങ്ങുന്നതിനുമുമ്പായി. മാററിയേ കഴിയൂ എന്ന തരത്തിലുള്ള അച്ചടിപ്പിഴകൾ വന്നുപോയിട്ടുണ്ടോ എന്നു നോക്കുവാൻ. ആദ്യപതിപ്പായി അടിക്കുന്ന പുസ്തക ങ്ങൾ ഇങ്ങനെ മൂന്നു പ്രാവശ്യം വായിക്കണം. തുടർന്നു ള്ളപതിപ്പുകളെ സംബന്ധിച്ചിടത്തോളം രണ്ടുപ്രാവശ്യം വീതം വായിക്കണം. പ്രസിദ്ധീകരണത്തിനെടുക്കാത്ത

മാററം ഒരുതവണ വായിച്ചേ കഴിയൂ. മാററർ വായിച്ചുനോക്കുകപോലും ചെയ്യാതെ, എഴുത്തുകാരനുമായി അതേപ്പററി എന്തെങ്കിലും സംസാരിക്കുക അധർമ്മമാണല്ലോ. ഒരു പ്രസാധകനെന്ന നിലയിൽ ചുമതലപ്പെട്ട ഈ വായനയെല്ലാം കഴിഞ്ഞിട്ടുവേണം ഒരു വ്യക്തിഎന്നനിലയിൽ സ്വന്തം മനസ്സിൻെറ പോഷണത്തിനായി ഏതെങ്കിലും നല്ലനല്ല പുസ്തകങ്ങൾ വായിക്കുവാൻ. ഇതിനും പുറമേ എഴുത്തുകുത്തുകളിലും മററും ശ്രദ്ധിക്കുവാൻ കുറേ സമയംപോകും. എട്ടുമണിക്കൂർവേല, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം എന്ന ഫോർമുല നടപ്പിൽ വന്നുകഴിഞ്ഞിരിക്കുന്ന ഇക്കാലത്തും പതിനെട്ടുമണിക്കൂർ വേല ആറുമണിക്കൂർ വിശ്രമം എന്ന ശീലം മാററിവയ്ക്കുവാൻ എനിക്കു സാധിച്ചിട്ടില്ല. അഞ്ചുപേജ് സ്വന്തമായി എഴുതാൻവേണ്ട സമയം വിനിയോഗിച്ചാലേ ഒരു പേജ് വായിച്ചു തിരുത്താനാവൂ എന്ന വസ്തുത അനുഭവസ്ഥന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. സമയവും സൗകര്യവും കിട്ടിയിരുന്ന കാലഘട്ടങ്ങളിൽ അക്കാര്യത്തിലൊട്ടും മടിച്ചിരുന്നില്ല. പക്ഷേ, ഇന്നതിനുസമയം കളഞ്ഞാൽ മററുള്ള നിരവധി കാര്യങ്ങൾ അവതാളത്തിലാവും.

പ്രതിഫലംകൊടുത്തു് മാററർവാങ്ങി, പണംചെലവാക്കി അതച്ചടിപ്പിച്ചു്, വിററുപോയാലുമായി ഇല്ലെങ്കിലുമായി എന്ന തരത്തിൽ റിസ്ക്കെടുത്താൽ മാത്രം പോരാ, മാറററിലുള്ള പാകപ്പിഴകൾതീർത്തു് ശരിപ്പെടുത്തിയെടുക്കുന്നതിനുള്ള ചുമതലയുംകൂടി പ്രസാധകൻവഹിച്ചുകൊള്ളട്ടെ എന്നാണു് എഴുത്തുകാരുടെ—പുതിയ എഴുത്തുകാരുടെ—ഭാവം. അങ്ങനെ പറയുവാൻ അവരെ പ്രേരിപ്പിക്കുന്നതു് 'മോഹം' ആണു്, 'മോഹം ഞായമറിയില്ല' എന്നതു് പണ്ടേ പ്രസിദ്ധമാണല്ലോ.

# XV

## തലക്കനം വന്നവരും പിന്നിലല്ല.

വസ്തുസ്ഥിതികൾ കാര്യമായി ശ്രദ്ധിക്കാതെ സ്വന്തം മോഹത്തെമാത്രം ലാക്കാക്കിയുള്ള നിലപാടു സ്വീകരിക്കുന്ന ചില പുതിയ എഴുത്തുകാരെപ്പററിയാണല്ലോ കഴിഞ്ഞപ്രാവശ്യം എഴുതിയിരുന്നതു്. പ്രാരംഭഘട്ടത്തിൽ ഉണ്ടാകുന്ന ഒരു കൊതി മാത്രമാണതെന്നു തോന്നിയേക്കാം. പക്ഷേ ആ തോന്നൽ ശരിയല്ലെന്നാണു് അനുഭവം തെളിയിക്കുന്നതു്. കഴിവു് ഏറുന്തോറും, സൗകര്യങ്ങൾ വർദ്ധിക്കുന്തോറും മോഹവും വർദ്ധിക്കുന്നതായിട്ടാണു കാണാറു്. തലക്കനം വന്നവരെ സംബന്ധിച്ചുപോലും, "മോഹം ഞായമറിയില്ല" എന്ന ചൊല്ലു് സാർത്ഥകമായിത്തന്നെ ഇരിക്കുന്നു എന്നുസാരം. അത്തരം അനുഭവങ്ങളിൽ ഒന്നു് ഇപ്രാവശ്യം കുറിക്കാമെന്നു കരുതുന്നു.

മണിമാളികയിലേയ്ക്കു കയറിപ്പോകുവാൻ ഉതകിയ കോവണികളെ തട്ടിത്തെറിപ്പിക്കുന്ന സ്വഭാവവിശേഷത്തെപ്പററി മുൻപു് ഒരവസരത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അക്കൂട്ടത്തിൽ പെടാത്തവരേയും അപൂർവ്വമായെങ്കിലും കാണാൻ കഴിയുമെന്നുള്ളതു് ആഹ്ളാദകരമാണു്. എന്നിൽക്കൂടി ആദ്യകൃതിയുടെ പ്രസിദ്ധീകര

ണം സാധിക്കുകയും പിന്നിട്ട് നല്ല പുരോഗതിയുണ്ടാവു കയുംചെയ്ത ഒരു ഗ്രന്ഥകാരൻ തൻെറ ആദ്യത്തെ പുസ്ത കം പ്രസിദ്ധംചെയ്തതു് നരസിംഹവിലാസം ബുക്കുഡിപ്പോ ആണു് എന്നു് അഭിമാനത്തോടെ പറയുന്ന കൂട്ടത്തിലായിരുന്നു. ആ കാരണംകൊണ്ടു് ആ ഗ്രന്ഥകാരനോടു് എനിക്കതിയായ താല്പര്യവുമുണ്ടായിരുന്നു. ആ താല്പര്യം വരുത്തിവച്ച വിനയുടെ കഥയാണിതു്.

പ്രസ്തുത ഗ്രന്ഥകാരൻ രണ്ടു മാററവുമായി ഒരു ദിവസം എന്നെ സമീപിച്ചു. ഒന്നൊരു പാശ്ചാത്യനോവലിൻെറ പരിഭാഷയും മററൊന്നു് ഒരു ബാലസാഹിത്യകൃതിയും. ബാലസാഹിത്യകൃതി ഒരു പുസ്തകമത്സരത്തിനായി കേന്ദ്ര ഗവണ്മെൻറിൽ സമർപ്പിക്കണമെന്നു് ഗ്രന്ഥകാരൻ ആശിക്കുന്നു. മത്സരത്തിനയക്കാൻ കഴിയണമെങ്കിൽ ഏഴോ എട്ടോ ദിവസംകൊണ്ടു് അതിൻെറ അച്ചടി പൂർത്തിയായികിട്ടണം. ഒരു മണിക്കൂർപോലും താമസിക്കാൻ സൗകര്യമില്ല പുള്ളിക്കാരനു്. ഒരു മരാമത്തു നടന്നുകൊണ്ടിരിക്കുന്ന ഘട്ടമാകയാൽ തുക ഉടനേ വേണംതാനും. മാററർ ഒന്നു മറിച്ചുനോക്കാൻപോലും കഴിയുന്നതിനുമൻപ് എഗ്രിമെൻറു് എഴുതേണ്ടിയിരിക്കുകയാണു്.

സാധാരണഗതിയിൽ എനിക്കൊട്ടും സമ്മതമില്ലാത്ത കാര്യമാണിതൊക്കെ. പക്ഷേ ഗ്രന്ഥകാരൻ എൻെറ അസാധാരണമായ താല്പര്യത്തിനു് അവകാശിയായതിനാൽ ബാക്കി സകല കാര്യങ്ങളും വിസ്മരിച്ചുകളഞ്ഞു് പെട്ടെന്നു് എഗ്രിമെൻറഴുതി തുകയും കൊടുത്തുവിട്ടു.

ബാലസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ആ അവകാശപ്പത്രികയിൽ രണ്ടു പ്രത്യേക വ്യവസ്ഥകൾ ചേർത്തിരുന്നു. ആ പുസ്തകത്തിനു് ഏതെങ്കിലും സമ്മാ

നം ലഭിക്കുന്നപക്ഷം അതുവാങ്ങുന്നതിനു് ഗ്രന്ഥകാരനു് അവകാശമുണ്ടായിരിക്കണം. ആ പുസ്തകം പാഠ്യപുസ്തകമായി തീരുന്നപക്ഷം ആ നിലയിൽ ഉണ്ടാകുന്ന വില്പനയുടെ പത്തുശതമാനം ഗ്രന്ഥകാരനു് റോയൽററിയായി നൽകണം. ഗ്രന്ഥകാരൻ പ്രത്യേകം ആവശ്യപ്പെട്ടതനുസരിച്ചു് ഞാൻ സമ്മതിച്ചു് ഉൾക്കൊള്ളിച്ചവയാണു് ആ വ്യവസ്ഥകൾ.

പുസ്തകം സമ്മാനാർഹമായാൽ പുസ്തകത്തിന്റെ കുറേ കോപ്പികൾ ഗവർമെന്റു് വിലയ്ക്കെടുക്കുമെന്നും ഗ്രന്ഥകാരനു് സമ്മാനത്തുക കിട്ടുമ്പോൾ പ്രസാധകനു് ആ നിലയിലൊരു ലാഭവും ഉണ്ടാകുമെന്നും അങ്ങനെ ഇരുകൂട്ടർക്കും പ്രയോജനമുള്ള കാര്യമാകയാൽ കുറേ അധികച്ചെലവു് വന്നുകൂടുന്നെങ്കിൽതന്നെയും പുസ്തകം പെട്ടെന്നു് അച്ചടിപ്പിക്കണമെന്നും നിശ്ചിത തീയതിക്കകം മത്സരത്തിനയയ്ക്കാൻ സാധിക്കണമെന്നും ഗ്രന്ഥകാരൻ പറഞ്ഞു. അതിനും വഴിപ്പെട്ടു. അന്നുതന്നെ പുസ്തകം പ്രസ്സിൽ ഏല്പിച്ചു. വളരെ ആകർഷകമായ വിധത്തിൽ അച്ചടി നിർവ്വഹിപ്പിച്ചു് ഒരാഴ്ചക്കകം കോപ്പികൾ ഗ്രന്ഥകാരനെ ഏല്പിക്കുകയും ചെയ്തു. ഗ്രന്ഥകാരൻ അതു് തക്കസമയത്തു് മത്സരത്തിനയയ്ക്കുകയും ഉണ്ടായി.

ശേഷിച്ചമറേറ മാററർ ഒരു നോവലാണെന്ന പ്രത്യേകതകൊണ്ടും ഗ്രന്ഥകാരനോടുള്ള പ്രത്യേക താല്പര്യത്തെആധാരമാക്കിയും അതുംപെട്ടെന്നച്ചടിപ്പിക്കാമെന്നു് നിശ്ചയിച്ചു, വളരെ വേഗത്തിൽ അതിന്റെ അച്ചടിയും പൂർത്തിയാക്കി. അതിന്റെ അഡ്വാൻസ് കോപ്പി കയ്യിലിരിക്കുന്ന സന്ദർഭത്തിൽ നാഷണൽ ബുക്കുസ്റ്റോ

ളിൻെറ ബ്രാഞ്ചിൽ ഒന്നു കയറേണ്ടിവന്നു. സംഭാഷണത്തിനിടയ്ക്കു് കയ്യിലിരിക്കുന്ന പുസ്തകം വാങ്ങിനോക്കി മാനേജർ ചോദിക്കുകയാണു്—"ഇതു നിങ്ങൾ അച്ചടിപ്പിച്ചോ?" ആ ചോദ്യത്തിൽ ഒരു അത്ഭുതമാണു തോന്നിയതു്. ഏതോ ഒരു ചരിത്രത്തിൻെറ സൂചനയുണ്ടല്ലോ ആ ചോദ്യത്തിൽ. "എന്താണു് അങ്ങനെ ചോദിക്കാൻ?" എന്നാരായേണ്ടിവന്നു. ഈ മാററർ പരിഭാഷകൻ N. B. S.-ൽ അയച്ചിരുന്നു. ഇതേനോവലിൻെറ പരിഭാഷ വേറെ പ്രസിദ്ധം ചെയ്തുകഴിഞ്ഞിട്ടുള്ളതുകൊണ്ടും രണ്ടു പരിഭാഷ വരത്തക്കവിധമുള്ള പ്രാധാന്യമൊന്നും നോവലിനു് ഇല്ലാത്തതുകൊണ്ടും N. B S. അതു സ്വീകരിച്ചില്ല. മാററർ ഇവിടെ അയച്ചുകിട്ടിയിട്ടു് ഞാനാണു് അതു പരിഭാഷകനെ ഏൽപ്പിച്ചതു്" എന്നായിരുന്നു മാനേജരുടെ മറുപടി.

ഈ ഗ്രന്ഥകാരൻെറ പലപരിഭാഷാകൃതികൾ N. B. S പ്രസിദ്ധം ചെയ്തിട്ടുണ്ടു്. മരാമത്തിൻെറ ബദ്ധപ്പാടിൽ പെട്ടെന്നു പണം വേണ്ടതുകൊണ്ടാവാം കക്ഷി ഇങ്ങോട്ടുപോന്നതു് എന്നായിരുന്നു എൻെറ ധാരണ. ബ്രാഞ്ചുമാനേജർ പറഞ്ഞകാര്യമെല്ലാം എനിക്കു പുതിയ അറിവായിരുന്നു. ആ നോവലിനു് വേറൊരു പരിഭാഷ മലയാളത്തിലുണ്ടെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഏതാണു് പരിഭാഷാകൃതി എന്നു മനസ്സിലായപ്പോഴാണു് ഒരു കൊല്ലത്തിലധികമായല്ലോ ഞാനിതുവിററു തുടങ്ങിയിട്ടു് എന്നും ഇപ്പോഴും അതിൻെറ പത്തു മുപ്പതു കോപ്പി കൈവശമുണ്ടല്ലോ എന്നും ഓർത്തതു്. പുതിയ പുസ്തകങ്ങൾ മിക്കതും വായിക്കുന്ന ശീലമുള്ളതിനാൽ മാററർ നേരത്തേ വായിച്ചുനോക്കിയിരുന്നെങ്കിൽ കാര്യം മനസ്സിലാകുമായിരുന്നു.

അഡ്വാൻസുകോപ്പി N.B.S നു് അയച്ചുകൊടുത്തു. അവിടെ വില്പനയ്ക്കെടുക്കുവാനോ ബുള്ളററിനിൽ പേരു ചേർക്കുവാനോ അവർ തയ്യാറായില്ല. സ്കൂൾ ലൈബ്രറിക്കു് അംഗീകാരം കിട്ടാൻവേണ്ടി സ്ക്രൂട്ടിനി ഫീസടച്ചു് പുസ്തകം സമർപ്പിച്ചു. അവിടേയും തള്ളപ്പെട്ടു. പൊതുവേ വളരെ വലിയ പരാജയമായിത്തീൎന്നു ആ പുസ്തകത്തിന്റെ കഥ.

ശ്രീ. കാരൂർ നീലകണ്ഠപ്പിള്ള ഒരിക്കൽ ഒരു ലേഖനത്തിൽ എഴുതുകയുണ്ടായി— "പുതിയ എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യുവാൻ മാധവപ്പൈയ്ക്കു മടിയില്ല. പുസ്തകങ്ങൾ വില്ക്കുവാൻ അദ്ദേഹത്തിനറിയാംതാനും." എന്നു്. അക്കാൎയ്യത്തിൽ ഏറെക്കുറെ അഭിമാനം കൊള്ളുന്ന ഞാൻ ഈ പുസ്തകത്തിന്റെ കാൎയ്യത്തിൽ അമ്പേ പരാജയപ്പെട്ടുപോയി.

വസ്തുതകൾ ശരിക്കും അറിയാൻ കഴിയുന്ന സാഹചൎയ്യമായിരുന്നെങ്കിൽ ഈ പരാജയം സംഭവിക്കുകയില്ലായിരുന്നു എന്നാണെന്റെ വിശ്വാസം. "ഞാനിങ്ങനെ ഒരു നോവൽ പരിഭാഷപ്പെടുത്തി. പക്ഷേ ഇപ്പോൾ അറിയുന്നു അതിനു മറെറാരു പരിഭാഷ നേരത്തെ വന്നിട്ടുണ്ടെന്നു്. അതുകൊണ്ടു് ഈ പരിഭാഷ പ്രസിദ്ധംചെയ്യുന്ന കാൎയ്യത്തിൽ N. B. S വിസമ്മതം പറയുന്നു; ഏതായാലും ഇതും നമുക്കൊന്നു പ്രസിദ്ധം ചെയ്യണമല്ലൊ" എന്നാണു് ആ ഗ്രന്ഥകാരൻ പറഞ്ഞിരുന്നതെങ്കിലും അദ്ദേഹത്തോടുള്ള പ്രത്യേക താല്പൎയ്യംകൊണ്ടു് ഞാനതിനു വഴങ്ങുമായിരുന്നു. ആ ധാരണവച്ചുകൊണ്ടു് അനുകൂലമായ സാഹചൎയ്യങ്ങൾ സൃഷ്ടിച്ചതിനുശേഷം മാത്രം ഞാനതു പ്രസിദ്ധം ചെയ്യുമായിരുന്നു. അതിനൊന്നിനും ഇടയായില്ല. വസ്തുതകൾ ശരിക്കും അറിയാതെ

പെട്ടെന്നതു പ്രസിദ്ധംചെയ്യുകയും പരിപൂൎണ്ണ പരാജയത്തിനടിമപ്പെടുകയുമാണുണ്ടായതു്.

ഒരേ പുസ്തകം രണ്ടുപേർ തർജ്ജമചെയ്യുക എന്നതും പരസ്പരം വിവരം അറിയാതിരിക്കുക എന്നതും സംഭവിക്കാം. രണ്ടു പ്രസാധകർ ആ പരിഭാഷകൾ പ്രസിദ്ധംചെയ്തു എന്നുംവരാം. അതിൽ ആരുടേയും കുററമില്ല. പക്ഷേ, വേറെ പരിഭാഷ മലയാളത്തിൽ നേരത്തെ വന്നിട്ടുള്ളതുകൊണ്ടു് ഈ മാററർ പ്രസിദ്ധപ്പെടുത്താനാവില്ല എന്നു പറഞ്ഞു് ഒരു പ്രസാധകൻ മാററർ തിരിച്ചു കൊടുത്തിരിക്കുമ്പോൾ ആ വിവരം പരിഭാഷകനു് മനസ്സിലായിക്കഴിഞ്ഞു എന്നുവേണമല്ലൊ കരുതാൻ. അതിനുശേഷം ആ മാററവുമായി മറെറാരു പ്രസാധകനെ സമീപിക്കുമ്പോൾ വിവരം പറയാതിരിക്കുന്നതു് സത്യസന്ധതയോടുകാണിക്കുന്ന ഒരു വഞ്ചനയല്ലേ? അതും തന്നെ അങ്ങേയററം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന പ്രസാധകനാകുമ്പോഴോ? ആ വഞ്ചനയുടെ മാററു് കുറേക്കൂടി വൎദ്ധിക്കുകയല്ലേ ചെയ്യുന്നതു്? മാററർ വായിച്ചുനോക്കാനുള്ള സമയംപോലും കൊടുക്കാതെ എഗ്രിമെൻറഴുതി തുക വാങ്ങിക്കഴിഞ്ഞതിനുശേഷമെങ്കിലും ആ വസ്തുത ഒന്നറിയിച്ചിരുന്നെങ്കിൽ ഇത്ര ബദ്ധപ്പെട്ടു് പുസ്തകം അച്ചടിപ്പിച്ചു് അയാൾ അവതാളത്തിലാവുകയില്ലായിരുന്നല്ലൊ. ഇക്കാൎയ്യത്തിലൊക്കെ ആ പരിഭാഷകൻ ചെയ്യേണ്ടതു ചെയ്തില്ല എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. മാത്രമല്ല ചെയ്യരുതാത്തതു ചെയ്തു എന്നും. ഇതു സംബന്ധിച്ചു് പിന്നീടു് വേണ്ടിവന്ന കത്തിടപാടുകളുടെ കാൎയ്യം ഞാൻ പൂൎണ്ണമായി വിട്ടുകളയുകയാണു്.

മത്സരത്തിനയച്ച പുസ്തകം സമ്മാനാൎഹമായി. ഗ്രന്ഥകാരനാണല്ലോ പുസ്തകമയച്ചതു്. വിവരം ലഭിച്ച

ും ഗ്രന്ഥകാരനുതന്നെ. ആ സന്തോഷവാൎത്ത പ്രസാധകനെ അറിയിക്കുവാൻപോലും ഗ്രന്ഥകാരനു തോന്നിയില്ല. സമ്മാനം കിട്ടിയ പുസ്തകത്തിൻെറ ഗ്രന്ഥകാരനെന്ന നിലയിൽ കക്ഷിയെ അനുമോദിക്കുവാൻ കൂടിയ ഒരു യോഗത്തിൻെറ റിപ്പോൎട്ടു് ഒരു പത്രത്തിൽ പ്രസിദ്ധംചെയ്തു കണ്ടതിൽനിന്നാണു് ഞാൻ കാൎയ്യം മനസ്സിലാക്കിയതു്. നിശ്ചിതസമയത്തിനുള്ളിൽ പുസ്തകം അയയ്ക്കുവാൻ സൗകൎയ്യപ്പെടുമാറു ഏഴെട്ടു ദിവസത്തിനകം ആ പുസ്തകം തയാറാക്കിയതു് എത്രമേൽ ബദ്ധപ്പെട്ടും എത്രകണ്ടു നഷ്ടം സഹിച്ചും ആണു് എന്നുള്ളതു ഗ്രന്ഥകാരനു് അറിവുള്ളതാണു്. ഇതേവരെ ഇവിടെ പ്രസിദ്ധം ചെയ്തിട്ടുള്ള പുസ്തകങ്ങളുടെ മുൻപന്തിയിൽ നിൽക്കത്തക്ക ഗെററപ്പോടുകൂടിയും വിലകൂടിയ കടലാസ്സ് ഉപയോഗിച്ചു യാതൊരു കുററവും പറയാനില്ലാത്ത അച്ചടിയിലും ആണു പുസ്തകം തയാറാക്കിയതു്. അങ്ങനെയൊക്കെ ചെയ്ത ആ പ്രസാധകനുകൂടി ആ യോഗത്തിൽ ഒരു കാൎയ്യക്കാരനായിരുന്നു് ആനന്ദിക്കുവാനുള്ള അവസരം ഉണ്ടാക്കാൻ ഗ്രന്ഥകാരനു വേണമെങ്കിൽ കഴിയുമായിരുന്നു. അതൊന്നും നടക്കുകയുണ്ടായില്ല. പോകട്ടെ.

സമ്മാനത്തുക ലഭിച്ചു നാലഞ്ചുമാസം കഴിഞ്ഞപ്പോൾ ഗ്രന്ഥകാരൻ ഇവിടെ വന്നുചേൎന്നു. കോപ്പികൾക്കുള്ള ഓർഡർ ലഭിക്കുകയും അതു സപ്ലൈചെയ്തു തുക കിട്ടുകയുംചെയ്തു കഴിഞ്ഞിരിക്കുമെന്നുള്ള ധാരണയിൽ ആ കോപ്പികളുടെറോയൽററി വാങ്ങുവാൻ വേണ്ടിയാണു കക്ഷി വന്നിരിക്കുന്നതെന്നു സംഭാഷണത്തിൽനിന്നു മനസ്സിലായി. കോപ്പികൾക്കുള്ള ഓർഡർ ലഭിക്കുകപോലും ചെയ്തിരുന്നില്ല.

ആ കോപ്പികൾ സപ്ലൈചെയ്തു കിട്ടുന്ന തുക കൊണ്ടുവേണം ആ എഗ്രിമെൻറിൽപ്പെട്ട രണ്ടു പുസ്തകങ്ങളും പ്രസിദ്ധം ചെയ്യുന്നതിനുണ്ടായ ചെലവ് ഏതാനുമെങ്കിലും തിരിച്ചുകിട്ടായി എന്നു സമാധാനിക്കാൻ എന്നു വിചാരിക്കുകയാണു ഞാൻ. നോവലിനെ സംബന്ധിച്ചിടത്തോളം സൂത്രത്തിലൊന്നു കളിപ്പിക്കുകയാണു ചെയ്തിരിക്കുന്നതെന്നവിശ്വാസം ശരിയായാലും തെററായാലും എൻെറ ഉള്ളിൽ കിടപ്പുണ്ടു്. സമ്മാനാർഹമായ വിവരം അറിയിക്കുകയാകട്ടെ സമ്മാനത്തുക കിട്ടിയ വിവരത്തിന് ഒരു കത്തയയ്ക്കുകയാകട്ടെ ചെയ്തില്ലെന്നവസ്തുതയും മനസ്സിലുണ്ടു്. പുസ്തകത്തിന് ഓർഡർ കിട്ടിയില്ലെന്നും എത്ര കോപ്പിക്കായിരിക്കും ഓർഡർ എന്നു നിശ്ചയമില്ലെന്നും ഉള്ള വസ്തുത ഞാൻ പറഞ്ഞു. ഓർഡർകിട്ടുമെന്നുള്ളതു തീർച്ചയാണെന്നും ഇന്നു കുറെ പണം വാങ്ങിക്കൊണ്ടുപോകാമെന്നാശിച്ചാണു താൻ വന്നതെന്നുമായിരുന്നു കക്ഷിയുടെ ഭാവം. അപ്പോൾ എഗ്രിമെൻറൊന്നു വായിച്ചു കേൾപ്പിക്കേണ്ടിവന്നു. സമ്മാനത്തുക ഗ്രന്ഥകാരനും കോപ്പികളുടെ വില പ്രസാധകനും എന്നതാണതിലെ വ്യവസ്ഥ. പുസ്തകം പാഠപ്പുസ്തകമാകുന്നെങ്കിൽ ആ നിലയിൽ ഉണ്ടാകുന്ന വില്പനയ്ക്കു മാത്രമാണു നിശ്ചിതനിരക്കിൽ റോയൽററി കൊടുക്കേണ്ടതു്.

എഗ്രിമെൻറു വായിച്ചുകേട്ടപ്പോൾ- ആ എഗ്രിമെൻറു കക്ഷി സ്വന്തം കൈപ്പടയിൽ എഴുതിയതാണെന്നുള്ളതു് ഓർക്കേണ്ടതുണ്ടു്- കക്ഷി പറഞ്ഞ കാര്യങ്ങൾ ഞാനിവിടെ കുറിക്കുന്നില്ല. നല്ലൊരു എഴുത്തുകാരനെന്നു് അറിയപ്പെടുന്ന ഒരുവൻ ഇങ്ങനെയും സംസാരിച്ചു പോകുമോയെന്നു മററുള്ളവർ ചിന്തിക്കാൻ ഇടയാകേണ്ട

37877

എന്നതാണു കാരണം. വളരെ പരിഭവങ്ങൾ വാരി യെറിഞ്ഞു തന്നിട്ട് പരിഭാഷകൻ മടങ്ങിപ്പോയി.

അതിനടുത്തയാണ്ടിൽ ആറാം സ്റ്റാൻഡാർഡിലെ മലയാള ഉപപാഠപുസ്തകം മാറേണ്ടതുണ്ടായിരുന്നു. ഈ പുസ്തകം അതിലേയ്ക്കുതകാമെന്നും കേന്ദ്രഗവർമെൻറി ൻെറ സമ്മാനംനേടിയ പുസ്തകമെന്ന നിലയിൽ അതി ന്ന പ്രത്യേകപരിഗണന ലഭിക്കാവുന്നതാണെന്നും തോ ന്നി. അതേപ്പററി ഗ്രന്ഥകാരനുമായി ആലോചിച്ചു. ഗവർമെൻറിൻെറ നിയമമനുസരിച്ച് ഉപപാഠ പുസ്ത കങ്ങളുടെ പ്രസാധകന്മാർക്കു കിട്ടുന്ന മെച്ചം വളരെ പ രിമിതമാണു്. അതിനിടയ്ക്കു പത്തു ശതമാനം റോ യൽററി ഗ്രന്ഥകാരനു കൊടുക്കേണ്ടിയിരിക്കുന്നു. ആ സ്ഥി തിക്കു പ്രസാധകനുണ്ടാവുന്നതിനേക്കാൾ വളരെ വലിയ പ്രയോജനം ഗ്രന്ഥകാരന് ഉണ്ടാകുമെന്നുള്ളതു തീർച്ച യാണു്. സ്ക്രൂട്ടിണിഫീസായി നല്ലൊരു തുക മുടക്ക ണംതാനും. പ്രയോജനപ്പെട്ടില്ലെങ്കിൽ ആ തുക വെറു തെ നഷ്ടമാകും. ഈ ചുററുപാടിൽ ചെലവിൻെറ പ കുതി വഹിക്കാൻ തയാറുള്ളപക്ഷം പുസ്തകം അയയ്ക്കാ മെന്നു ഗ്രന്ഥകാരനെ അറിയിച്ചു. നിർദ്ദേശം സമ്മതമാ ണെന്നും പക്ഷെ തുക ഇപ്പോൾ തരത്തക്കവിധത്തിൽ സൗകര്യമില്ലെന്നും ആയിരുന്നു മറുപടി. ഏതായാലും പുസ്തകം അയച്ചു. അതേപ്പററി വേണ്ട അന്വേഷണ ങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. പക്ഷെ അതേ അവസരത്തിൽ ഗ്രന്ഥകാരൻ ചെയ്തതെന്താണെന്നോ ത നിക്കു പൂർണ്ണാവകാശമുള്ള മറെറാരു ബാലസാഹിത്യഗ്ര ന്ഥം അതേ സ്ഥാനത്തേയ്ക്കായി സമർപ്പിച്ചു. അപ്പോൾ ഗ്രന്ഥകാരൻ ഒരു വശത്തും ഗ്രന്ഥകാരനുകൂടി മെച്ചമു ണ്ടാക്കിക്കൊടുക്കുവാൻ ബാദ്ധ്യസ്ഥനായ പ്രസാധകൻ

മറുഭാഗത്തുമായി മാറി. ആ നിലപാട്ട് ആശാസ്യമല്ലെന്ന തോന്നി ഞങ്ങൾ ആ കാര്യത്തിൽ തുടൎന്നൊന്നും പ്രവൎത്തിച്ചില്ല. ഒരുകുടയും കുഞ്ഞുപെങ്ങളും എന്ന ശ്രീ മുട്ടത്തുവർക്കിയുടെ പുസ്തകമാണ് അവിടെ വിജയിച്ചതു്.

"മോഹം ന്യായമറിയില്ല" എന്ന ചൊല്ലിലെ തത്വം സാധാരണക്കാരെ മാത്രമല്ല തലക്കനം വന്നവരേയും ബാധിക്കും എന്നല്ലേ ഈ അനുഭവങ്ങൾ വെളിപ്പെടുത്തുന്നതു്? ഇതിനെത്തുടൎന്നും സംഭവപരമ്പരകളുണ്ടു്. അവ ഒരുപക്ഷെ ഇനിയൊരവസരത്തിൽ വിമർശനവിധേയമായേക്കാം.

## XVI

## പ്രതിഫലക്കാര്യത്തിൽ പൊരുത്തക്കേട്

സാഹിത്യകാരന്മാർക്ക് ലഭിക്കുന്ന പ്രതിഫലത്തെ സംബന്ധിച്ചിടത്തോളം പൊരുത്തക്കുറവുകൾ നിരവധിയാണ്. എല്ലാ ഗ്രന്ഥകാരന്മാർക്കും ഒരേ തരത്തിലല്ല പ്രതിഫലം കിട്ടുക. എല്ലാ പ്രസാധകരും ഒരേതരത്തിലല്ല പ്രതിഫലം കൊടുക്കുക. ഒരു പ്രസാധകൻതന്നെ തന്റെ പല ഗ്രന്ഥകാരന്മാർക്ക് പലനിരക്കിലായിരിക്കും പ്രതിഫലം കൊടുക്കുന്നതു്. നൂറു തേങ്ങയ്ക്കു ഏകദേശം നാല്പത്തഞ്ചുരൂപാ നിരക്കുവിലയുള്ളപ്പോൾ നാളികേരവ്യാപാരികൾ തമ്മിൽവരുന്ന വിലവ്യത്യാസം അങ്ങേയററം എട്ടോപത്തോ രൂപ മാത്രമായിരിക്കും. ഒരുവൻ നാല്പതു രൂപാ പറയുമ്പോൾ മററൊരുവൻ നാല്പത്തിയെട്ടോ അൻപതോ രൂപവരെ വിലപറഞ്ഞു എന്നുവരാം. അതിലേറെ അന്തരമുണ്ടാവുക സാധാരണമല്ല. പവന് 125 രൂപാ വിലയുള്ള ഒരു ഘട്ടത്തിൽ പണത്തിന്റെ അത്യാവശ്യംകൊണ്ടു് ഒരുവൻ 120-ന് വിററു എന്നും പവൻ അത്യാവശ്യമുള്ള മററൊരുവൻ 130 രൂപയ്ക്കു് ഒരെണ്ണം വാങ്ങിയെന്നുംവരാം. അവിടെയും അന്തരം 10 രൂപയിൽ കവിയുകയില്ല. ഒരു ഗ്രന്ഥത്തിന്റെ കൈയെഴുത്തു കോപ്പിയുടെ സ്ഥിതി ഇതൊന്നുമല്ലല്ലൊ.

അതിൻെറ വിലയ്ക്കു് ഒരു നിശ്ചിതനിരക്കില്ല. ഒരുവൻ അഞ്ചുരൂപാ പ്രതിഫലം കൊടുത്തു് വാങ്ങിക്കുവാൻ മടിക്കുന്ന സാധനം മററൊരുവൻ അഞ്ഞൂറു രൂപാ കൊടുത്തു് വാങ്ങി എന്നുവരാം. ഒരാം ഇരുപത്തിയഞ്ചു ശതമാനം റോയൽററി കൊടുക്കാൻ സന്നദ്ധമാകുന്ന മാററിന് മറെറാരാം ഇരുനൂറുരൂപാ സർവ്വാവകാശത്തിനു പ്രതിഫലമായി കൊടുക്കാൻ മടിച്ചു എന്നുവരാം. ഇതൊക്കെ പ്രസാധകരംഗത്തു് സ്വാഭാവികമാണു്; മാത്രമല്ല; അനിവാര്യവുമാണു്. ഒരു പുസ്തകത്തിൻെറ ഒരു പതിപ്പിന് മുഖവിലയുടെ 44 ശതമാനംവരെ റോയൽററി ലഭിച്ച ഗ്രന്ഥകാരനും ഒരു കൈയെഴുത്തു പ്രതി പ്രസിദ്ധം ചെയ്യുന്നതിനു പ്രസിദ്ധീകരണചെലവിൻെറ ഭീമമായ ഒരംശം പ്രസാധകനു് സംഭാവന നൽകിയ ഗ്രന്ഥകാരനും നമ്മുടെ എഴുത്തുകാരുടെ കൂട്ടത്തിൽ ഉണ്ടു്.

പ്രതിഫലത്തെ സംബന്ധിച്ചുള്ള കാര്യങ്ങാം ഇത്തരത്തിലൊക്കെയായതുകൊണ്ടു്, ഒരു മാറററിന് പ്രതിഫലം നിശ്ചയിക്കുക എന്ന ചുമതലയിൽനിന്നും കഴിയുന്നതും ഒഴിഞ്ഞുനിൽക്കുവാനാണു് ഞാൻ ശ്രമിക്കാറുള്ളതു്. മാററർ വായിച്ചുനോക്കി സാമാന്യം തൃപ്തികരമായി തോന്നിയാൽ എന്തു പ്രതിഫലംവേണമെന്നു് ഗ്രന്ഥകാരനോടു ചോദിക്കും. ഗ്രന്ഥകാരൻ പറയുന്ന പ്രതിഫലം വഹിക്കാവുന്നതാണെങ്കിൽ അക്കാര്യത്തിൽ വേണ്ട നടപടികാം നടത്തും. അതു വഹിക്കാവുന്നതല്ലെന്നാണു കാണുന്നതെങ്കിൽ വിവരം പറയും. കഴിയുന്നതുംസന്തോഷമായിത്തന്നെ മാററർ തിരിച്ചുകൊടുക്കാൻ ശ്രമിക്കും. ഒരിക്കൽ പൊരുത്തപ്പെടാതെപോയ കക്ഷിയാണെന്നതുകൊണ്ടു് വീണ്ടുമൊരിക്കൽ സമീപിക്കുന്നതിൽ മനസ്സിന് വിഷമമൊന്നും തോന്നാറില്ല. അന്നും മാററർ വായി

ച്ചുനോക്കുകയും കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. ഇരുകൂട്ടർക്കും തൃപ്തിപ്പെടാൻ കഴിയുന്ന വ്യവസ്ഥകൾ ഉണ്ടായാൽ യോജിക്കയുംചെയ്യാം.

സാഹിത്യത്തിൽ യാഥാൎത്ഥ്യത്തേക്കാളധികം ഭാവനയുടെ വിളയാട്ടമാണുണ്ടാവുക എന്നും അക്കാൎയ്യത്തിൽ എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവർ യാഥാൎത്ഥ്യത്തേക്കാളധികം വിഭാവനയെ സ്നേഹിക്കുന്നവരായിരിക്കുമെന്നും ഇതിനുമുമ്പ് ഒരിടത്തു ഞാൻ പറഞ്ഞുവച്ചിട്ടുണ്ടു്. "എൻെറ ആദ്യപുസ്തകത്തിനു് ഇന്ന പ്രസാധകൻ ആയിരംരൂപാ പ്രതിഫലംതന്നു ഇതും അവിടെ കൊണ്ടുപോയാൽ ആയിരത്തി ഇരുനൂറെങ്കിലും ആക്ഷേപംകൂടാതെ കിട്ടും. എങ്കിലും നരസിംഹവിലാസവുമായിട്ടുകൂടി ഒന്നു ബന്ധപ്പെടാം എന്നുദ്ദേശിച്ചാണു് ഇങ്ങോട്ടുപോന്നതു്." എന്നതരത്തിൽ സംസാരിക്കുന്ന ഗ്രന്ഥകാരന്മാർ ഉണ്ടു്. ആ പ്രസാധകൻ കൊടുക്കുന്ന പ്രതിഫലത്തിൻെറ സ്വഭാവം എനിക്കറിഞ്ഞുകൂടാ. അതേപ്പററി അന്വേഷിക്കാൻ ഞാൻ ശ്രമിച്ചിട്ടും ഇല്ല. ഇപ്പോഴും അവസ്ഥ അതുതന്നെയാണു്. ആരെല്ലാം ഏതെല്ലാം തരത്തിൽ പ്രതിഫലം നൽകുന്നു എന്നതിനെപ്പററി എനിക്കുനിശ്ചയമില്ല. മറെറാരുപ്രസാധകനിൽനിന്നും ആയിരത്തി ഇരുനൂറുരൂപാ കിട്ടും എന്നു ഗ്രന്ഥകാരൻ വിശ്വസിക്കുന്ന ആ മാററർ അതിൻെറ പത്തു ശതമാനത്തിനു കിട്ടിയാൽപ്പോലും മുതലാക്കിയെടുക്കാൻ പ്രയാസമെന്നായിരിക്കും എനിക്കു തോന്നുന്നതു് എന്നിരിക്കട്ടെ. എങ്ങനെ ആ ആളുമായി യോജിക്കാൻ എനിക്കു കഴിയും? പക്ഷേ ആ ഗ്രന്ഥകാരൻ ആ മാററർ നൂററിയിരുപതു രൂപയ്ക്കു് എനിക്കു തരാമെന്നു സമ്മതിക്കുമ്പോൾ ഞാനെന്താണു മനസ്സിലാക്കേണ്ടതു്?

മറെറാരു സ്ഥലത്തുകൊണ്ടുചെന്നാൽ ആയിരത്തി ഇരുന്നൂറുരൂപാ കിട്ടുമെന്നു് ബോദ്ധ്യമുള്ളതാണു് ആ മാററമെങ്കിൽ നൂററിയിരുപതു രൂപയ്ക്കു് എനിക്കു് അതു തരാമെന്നു ഗ്രന്ഥകാരൻ എങ്ങനെ സമ്മതിക്കുന്നു? അത്രമേൽ മൂർത്തിമത്തായ സ്നേഹം എന്നിൽ തോന്നിയിട്ടാണോ? ശ്രീ കാന്തം ഒരിക്കൽ ഒരു പ്രസംഗത്തിനിടയ്ക്കു് ഇപ്രകാരം പറയുകയുണ്ടായി: "മറെറാരു പ്രസാധകൻ ആയിരത്തി ഇരുന്നൂറുരൂപാ പ്രതിഫലം തരാമെന്നു സമ്മതിച്ച ഒരു മാററർ ഞാൻ ആയിരം രൂപാ പ്രതിഫലത്തിന്മേൽ നരസിംഹവിലാസത്തിനുകൊടുത്തു. ആ സ്ഥാപനത്തോടുള്ള സ്നേഹമൊന്നുമല്ല അതിനുനിദാനം. ആദ്യം പറഞ്ഞ പ്രസാധകൻെറ ആയിരത്തിഇരുന്നൂറു രൂപയേക്കാൾ ലാഭകരമാണു് നരസിംഹവിലാസത്തിലെ ആയിരം രൂപാ എന്നു ബോദ്ധ്യമായതുകൊണ്ടാണു് അങ്ങനെ ചെയ്തതു്. അവകാശപത്രം എഴുതിക്കൊടുത്ത ഉടനേ ആയിരംരൂപാ ഒന്നായി എൻെറ കൈയിൽ കിട്ടി. ആദ്യം പറഞ്ഞ പ്രസാധകനാണെങ്കിൽ വളരെ കെഞ്ചിയാൽ നൂറോ ഇരുന്നൂറോരൂപാ ആദ്യംതരും. പിന്നെ പലപ്പോഴായി പലമാസങ്ങൾകൊണ്ടു് അഞ്ചും പത്തുമൊക്കെയായി വാങ്ങിച്ചുതീർക്കണം. അങ്ങനെ ആയിരത്തിഇരുന്നൂറും കിട്ടിക്കഴിയുമ്പോൾ 500 രൂപാ കിട്ടിയാലുള്ള പ്രയോജനംപോലും എനിക്കുണ്ടാവുകയില്ല." ഇതിൽ ഒരുപക്ഷേ ചില വസ്തുതകൾ അടങ്ങിയിട്ടുണ്ടു് എന്നു സമ്മതിക്കാൻ കഴിയും. ആയിരത്തിരുന്നൂറുകാരൻ നൂററിരുപതിനു സമ്മതിക്കുമ്പോൾ അതിനുള്ള ഇത്തരം പരിഗണനകളാണെന്നു വിചാരിക്കുവാൻ പററുമോ?

വൈക്കത്തുനിന്നു് ഒരു സ്നേഹിതൻ ഒരിക്കൽ ഒരു പദ്യപുസ്തകത്തിൻെറ കൈയെഴുത്തുപ്രതി അയച്ചുതന്നു.

പദ്യപുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ അനുഭവങ്ങഠം ഉണ്ടു്. ഇരുപതു കൊല്ലംകൊണ്ടുപോലും ആയിരം കോപ്പി വിററുതീക്കാൻ കഴിയും എന്നു വിചാരിക്കാൻ യാതൊരു മാഗ്ഗവുമില്ലാത്തതാണു് ആ മാററർ. അന്നത്തെ കാലസ്ഥിതി വച്ചുനോക്കിയാൽ ആ പുസ്തകത്തിനു് നാലണ വിലവയ്ക്കുവാൻ കഴിയും. ആ ഗ്രന്ഥത്തിനു് ഗ്രന്ഥകാരൻ ആവശ്യപ്പെട്ട പ്രതിഫലം "വെറും അഞ്ചൂറുരൂപാ" ആയിരുന്നു. അതിനു ഞങ്ങഠംക്കുള്ള കഴിവില്ലായ്മ അറിയിച്ചതുമൂലം കക്ഷി പ്രതിഫലത്തുക ചുരുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. ആ അഞ്ചൂറു് പല കത്തുകളിലായി 400, 300, 250 എന്നിങ്ങനെ കുറഞ്ഞുകുറഞ്ഞു് അവസാനം ഇരുപതുരൂപയിൽ എത്തി. അഞ്ചൂറുരൂപാ പ്രതീക്ഷിച്ച ഗ്രന്ഥകാരനു് ആ ആളിൻെറ സമ്മതത്തോടുകൂടിയാണെങ്കിൽത്തന്നെയും ഇരുപതുരൂപാ കൊടുക്കുന്നതു് തീരെ അനുചിതമാണെന്നുതോന്നി ആ മാററർ തിരിച്ചയച്ചു കൊടുക്കുകയാണുണ്ടായതു്.

മറെറാരു ഗ്രന്ഥകാരൻ ഒരു നോവലിൻെറ കൈയെഴുത്തു പ്രതിയുമായി ഒരിക്കൽ വന്നുചേന്നു. അദ്ദേഹം ഒരു മുൻ എം. എൽ. എ. ആണു്. അദ്ദേഹത്തിൻെറ ഒരു പുസ്തകം മലയാളം ഏഴാംക്ലാസ്സിൽ പാഠ്യപുസ്തകമായി ഇരുന്നിട്ടുണ്ടു്. അദ്ദേഹം സ്വന്തമായി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്ത ഒരു നോവലിന്നു് ഞങ്ങഠംക്കുതന്നെയും ധാരാളം ആർഡറുകഠം കിട്ടിയിരുന്നതാണു്. മാററർ കൊണ്ടുവന്നുതരികയും ഏറേ നേരം പലതും സംസാരിക്കുകയുംചെയ്തു. അതിനിടയ്ക്കു് പഴയ നോവലിനെപ്പററിയും ഞാൻ ആരാഞ്ഞു. "അതു്... പ്രസ്സിനുകൊടുത്തു സാറേ, അവർ അതിൽ കളിപ്പിച്ചുക

ളഞ്ഞു. നാന്നൂറുറുപ്പികയേ അവിടെ നിന്നു കിട്ടിയുള്ളൂ. വളരെ നഷ്ടമായിപ്പോയി." എന്നായിരുന്നു മറുപടി. മാററർ വായിച്ചുനോക്കണമെന്നും പറഞ്ഞ് അദ്ദേഹം മടങ്ങിപ്പോയി.

മാററർ വായിച്ചു. ഒരു ഡിററക്ടീവ് നോവലാണ്. ഡിററക്ടീവ് നോവലുകൾ ഇരുപത്തഞ്ചും മുപ്പതും നാല്പതും അൻപതും ഉറുപ്പികയ്ക്കൊക്കെ കിട്ടുന്ന കാലമാണത്. ആവേശഭരിതരായ വായനക്കാർ ഡിററക്ടീവ് നോവലുകൾക്കുവേണ്ടി പരക്കംപായുന്നകാലം. പുതുമഴയ്ക്കു കിളുക്കുന്ന തകരയ്ക്കുള്ള സ്ഥാനമേ ആ പരക്കംപാച്ചിലിനുള്ളൂ എന്ന് ആർക്കാണറിയാൻ പാടില്ലാത്തത്. പ്രയോജനപ്രദമല്ലാത്ത ഒരു കാര്യത്തിനുവേണ്ടിയുള്ള ആവേശം കെട്ടടങ്ങുവാൻ ഏറെ നാൾ വേണ്ടിവരികയില്ല. അങ്ങനെ ഒരു ചുരുങ്ങിയകാലത്തേയ്ക്കേ ഉണ്ടാവൂ ഡിററക്ടീവിൻെറ ബിസിനസ്സ്. തൻമൂലം കാര്യജ്ഞാനമുള്ളവരാരും അതിൽ ഏറെ പണം മുടക്കാനൊരുങ്ങുകയില്ല. ഡിററക്ടീവ് നോവലിന് കവിഞ്ഞത് നൂറുറുപ്പികയാണ് ഞാൻ കൊടുത്തിട്ടുള്ളത്. പത്തിരുപതു കൊല്ലങ്ങൾക്കു മുൻപ് ഒരു പതിപ്പ് സ്വന്തമായി അടിച്ചുവിററു മുതലാക്കിയതും വീണ്ടുമൊരു പുതിയപതിപ്പ് വേണ്ടിവരുമെന്നു പ്രതീക്ഷിക്കാതിരുന്നതുമായ മുൻപിലത്തെ നോവലിൻെറ ബാക്കി അവകാശത്തിന് നാന്നൂറുറുപ്പികയേ പ്രതിഫലം കിട്ടിയുള്ളൂ എന്നും അതിൽ ആ പ്രസ്സുകാർതന്നെ കളിപ്പിച്ചുകളഞ്ഞു എന്നും പറയുന്ന ഗ്രന്ഥകാരൻ തൻെറ പുതിയ നോവലിനെപ്പററി എന്തായിരിക്കും പ്രതീക്ഷിക്കുക എന്നത് ഏറെക്കുറെ ഊഹിക്കാവുന്നതാണെല്ലാ. ഡിററക്ടീവ് നോവലിന് ഞങ്ങൾ കൊടുത്തിട്ടുള്ള പരമാവധി പ്രതിഫലം നൂറുറുപ്പികയാണെന്നും

അതിൽ കവിഞ്ഞ ഒരു നിലവാരം സ്വീകരിക്കാൻ തൽക്കാലം മാൎഗ്ഗമില്ലെന്നും സംഭാഷണങ്ങളിൽ സൂചിപ്പിച്ച കാര്യങ്ങളെപ്പററി ആലോചിക്കുമ്പോൾ ഈ പ്രതിഫലം സ്വീകാര്യമാകുമെന്നു കരുതാൻ മാൎഗ്ഗമില്ലെന്നും അതിനാൽ പറഞ്ഞു പിരിഞ്ഞതുപോലെ നിശ്ചിതദിവസം വന്നുചേരേണ്ടതു് ആവശ്യമായിരിക്കുന്നില്ലെന്നും വിവരത്തിനൊരു കാർഡ് കുറിച്ചയച്ചാൽ കയ്യെഴുത്തുപ്രതി ഭദ്രമായി അദ്ദേഹത്തിൻെറ വസതിയിൽ എത്തിച്ചു കൊടുക്കാമെന്നും കാണിച്ചു് ഒരു കത്തെഴുതി അയച്ചു. ഒരു മറുപടിയും കിട്ടിയില്ല. നിശ്ചിതദിവസം അദ്ദേഹം വന്നുചേരുകതന്നെ ചെയ്തു. കണ്ട ഉടനെ "കത്തു കിട്ടിയില്ലേ?" എന്നു ഞാൻ ചോദിച്ചു. കിട്ടി എന്നു മറുപടിയും ലഭിച്ചു. എന്തിനധികം അവകാശപത്രം എഴുതിത്തന്നു് തുകയും വാങ്ങി അദ്ദേഹം മടങ്ങിപ്പോകുകയാണുണ്ടായതു്. വല്ല അത്യാവശ്യവുംകൊണ്ടു മനസ്സിനു തീരെ തൃപ്തിയില്ലെങ്കിലും അപ്രകാരം വഴിപ്പെട്ടുപോകുവാനിടയായതാണോ എന്നൊരു സംശയത്തിന് ഇവിടെ ഇടമുണ്ടു്. എനിക്കും അതു തോന്നാതിരുന്നില്ല. ഒരു മാസത്തിനകം വീണ്ടുമൊരു മാററർ അദ്ദേഹം എത്തിച്ചു തന്നപ്പോൾ ആ സംശയം തീരുകയുംചെയ്തു.

ഈ സംഭവം നടന്നിട്ടു ഇപ്പോൾ കൊല്ലങ്ങൾ എട്ടുപത്തു കഴിഞ്ഞു. ഇക്കാൎയ്യത്തിൽ എനിക്കു പിടികിട്ടിക്കഴിഞ്ഞിട്ടില്ലാത്ത സംഗതികൾ ചിലതു് ഇപ്പോഴും ശേഷിക്കുന്നുണ്ടു്. ഒരു പതിപ്പു സ്വയം അച്ചടിപ്പിച്ചു വിററ പുസ്തകത്തിൻെറ രണ്ടാം പതിപ്പു മുതല്ക്കുള്ള അവകാശത്തിനു നാന്നൂറുറുപ്പ്യ പ്രതിഫലം കൊടുത്ത ഒരു പ്രസാധകൻ അതേ ഗ്രന്ഥകാരൻെറ ഒരു പുതിയ പുസ്തകത്തിനു് അതേ പ്രതിഫലം കൊടുക്കുവാൻ മടിക്കുമെന്നു വിചാരി

ക്കുക പ്രയാസമല്ലേ? മുഴപ്പിന്റെ കാര്യത്തിൽ പുതിയ പുസ്തകം മുൻപുസ്തകത്തെ അപേക്ഷിച്ച് ഒട്ടും പിന്നില ല്ലതാനും—അഥവാ അതേ പ്രതിഫലത്തിനു വഴിപ്പെട്ടി ല്ലെങ്കിൽ അതിന്റെ പകുതിയെങ്കിലും കൊടുക്കാതിരി ക്കുമോ? അങ്ങനെയായാൽതന്നെ 200 രൂപാകിട്ടുന്നത ല്ലേ? ആ സ്ഥിതിക്കു് വെറും നൂറുരൂപയ്ക്കു് എന്തിനദ്ദേ ഹം മാററർ ഇവിടെ തന്നു.? ഇതെല്ലാം ഒരേ ഒരു സ്ഥാ നത്തേയ്ക്കാണു് വിരൽ ചൂണ്ടുന്നതെന്നു് ഞാൻ വിചാ രിക്കുന്നു.

പഴയനോവലിനു് 400 രൂപാ പ്രതിഫലം കിട്ടി എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയുടെ യാഥാത്ഥ്യ ത്തിൽ.

നിരവധി അനുഭവങ്ങളിൽനിന്നു് ഈ ഒരെണ്ണം ഞാൻ തെരഞ്ഞെടുത്തതിനു പ്രത്യേകകാരണമുണ്ടു്. പു തിയ എഴുത്തുകാർ ഇത്തരം തട്ടിപ്പുകൾ സാധാരണ പറ യാറുള്ളതാണു്. കേൾക്കുന്നയാൾ അതൊന്നും വിശ്വ സിക്കുകയില്ലെന്നു് അവൎക്കു പൂണ്ണമായി അറിയാംതാനും. അവരുടെ അത്തരം പ്രസ്താവനകൾക്കിടയ്ക്കു് കുറിക്കുകൊ ള്ളുന്ന വല്ല ചോദ്യവും അവരോടു ചോദിച്ചാൽ കാ ണാം അവർ എങ്ങനെ ചൂളിപ്പോകുന്നെന്നു്. സത്യ ത്തിന്റെ കണികപോലുമില്ലാത്ത ഇത്തരം പ്രസ്താവന കൾക്കൊരുങ്ങുന്നവരുടെ തൊലിക്കട്ടിയെപ്പററിയോർത്തു് രസിക്കുക നല്ല തമാശയുള്ള കാര്യമാണു്. പലപ്പോഴും എനിക്കതിനുള്ള ഭാഗ്യം ഉണ്ടായിട്ടുണ്ടുതാനും. എ ന്നാൽ സാമൂഹ്യജീവിതത്തിൽ അല്പം ഉയന്ന തട്ടിൽ ക ഴിഞ്ഞുകൂടുന്ന മാന്യനെന്നു കരുതപ്പെടേണ്ടുന്ന ഒരാളിൽ നിന്നുപോലും സംശയാതീതമാണെന്നു പറയുവാൻ ധൈ ര്യം തോന്നാത്ത ഇത്തരം പ്രസ്താവനകൾ കേൾക്കേണ്ടി

വരുമ്പോൾ പുതിയതും പഴയതും എന്ന ഭേദഭാവം കൂടാതെതന്നെ സാഹിത്യകാരന്മാരെപ്പററി പൊതുവായി ചില നിഗമനങ്ങളിൽ നാം എത്തിച്ചേരേണ്ടതായിട്ടല്ലേ വന്നുകൂടുന്നതു്!

ചില ഗ്രന്ഥകാരന്മാരെ വ്യാമോഹിപ്പിച്ചു വലയ്ക്കുവാൻ പ്രസാധകർക്കുകഴിയുന്നുണ്ടെന്നും വസ്തുതകൾ ശരിയാംവണ്ണം കണാൻ കഴിയാതെ ഗ്രന്ഥകാരന്മാർ വലയുന്നുണ്ടെന്നും ഉള്ളതിനു് ദൃഷ്ടാന്തമായി ഒരു സംഭവംകൂടി കുറിച്ചു് ഈ ഭാഗം അവസാനിപ്പിക്കാം.

മലയാള സാഹിത്യത്തിൽ നല്ല സ്ഥാനം നേടിയിട്ടുള്ള ഒരു എഴുത്തുകാരൻ- മഹാകവി ജി. യുടെ ഒരു ഗുരുനാഥൻ കൂടിയാണദ്ദേഹം—ഒരു ഡിററക്ടീവ്' നോവൽ പരിഭാഷപ്പെടുത്തിയെടുത്തു് മാററവുമായി ഒരു പ്രസാധകനെ സമീപിച്ചു. കാര്യങ്ങൾ സംസാരിച്ചു തൽക്കാലം പ്രസിദ്ധീകരണം ഏറെറടുക്കുവാൻ ആ പ്രസാധകനു് സൗകര്യമില്ലാതിരിക്കുകയാണു്. കുറേക്കാലം കഴിഞ്ഞു നോക്കാമത്രേ. എട്ടുപേജു് ഫാറത്തിനു് 25 രൂപയും മററും തങ്ങൾ സാധാരണ പ്രതിഫലം കൊടുക്കാറുണ്ടെന്നു് ആ പ്രസാധകൻ പറഞ്ഞു. തന്റെ പുസ്തകം 40 ഫാറം വരുമെന്നു് ഗ്രന്ഥകാരൻ പ്രതീക്ഷിക്കുന്നു. അപ്പോൾ അതിനു് ആയിരം രൂപാ പ്രതിഫലം കൊടുക്കുവാൻ ആ പ്രസാധകൻ മടിക്കുകയില്ല. കുറേനാൾ കഴിയണമെങ്കിൽ കഴിഞ്ഞുകൊള്ളട്ടെ. ഗ്രന്ഥകാരൻ സമാധാനിച്ചു.

പ്രസാധകൻ ഇവിടെനിന്നും കുറേ തെക്കും ഗ്രന്ഥകാരൻ കുറേ വടക്കും ആണു്. പ്രസാധകനെ കണ്ടിട്ടു് നാട്ടിലേയ്ക്കു മടങ്ങുന്നവഴിക്കു് ഇടയ്ക്കുള്ള എന്നെയും ഒന്നുകണ്ടുകളയാം എന്നു ഗ്രന്ഥകാരനു തോന്നി. വന്നു

വിവരങ്ങൾ പറഞ്ഞു. മാററർ കാണിക്കുകയും ചെയ്തു. ഞാനും മാററൊന്നു വായിച്ചുനോക്കുക എന്നു് ആവശ്യപ്പെട്ടു. ജി, യുടെ സ്വാധീനംവഴി N. B S. നെക്കൊണ്ടു അതെടുപ്പിക്കാമെന്ന ആശയുണ്ടു് ഗ്രന്ഥകാരനു്. ആശയും പ്രതീക്ഷയും അങ്ങനെയൊക്കെയിരിക്കുമ്പോൾ എൻെറ തോളുവച്ചു് ഞാനതിൽ ഇടപെടുന്നതു് നന്നായിരിക്കുകയില്ലെന്നു് എനിക്കുതോന്നി. മാററർ മടക്കിക്കൊടുത്തയക്കാൻ ഞാൻ ശ്രമിക്കയും അതിൽ ഞാൻ വിജയിക്കുകയുംചെയ്തു, പക്ഷേ അതുകൊണ്ടു് കാര്യം അവസാനിച്ചില്ല. പിറേറന്നു രാവിലെ അദ്ദേഹം മാററുമായി വീണ്ടും എത്തി. തലേന്നു നാട്ടിലേയ്ക്കു മടങ്ങാൻ സാധിച്ചില്ലെന്നും മാററർ ഒന്നു വായിച്ചുനോക്കിക്കൊള്ളൂ എന്നും പറഞ്ഞു് മാററർ ഇവിടെ തന്നു. അദ്ദേഹം മടങ്ങി. മാററർ വായിച്ചുനോക്കുവാൻ ഞാൻ മടിച്ചില്ല. വായിച്ചുകഴിഞ്ഞു് മാററർ ഭദ്രമായി അദ്ദേഹത്തിനു് എത്തിച്ചുകൊടുക്കുകയുംചെയ്തു. അദ്ദേഹം പിന്നീടു് N. B S. നെ സമീപിക്കുക എന്നതിൻെറ പ്രാരംഭമായി ജീ. യെ ഏൽപ്പിച്ചു എന്നാണറിവു്.

പ്രസ്തുത ഗ്രന്ഥകാരനും എനിക്കും ഒരുപോലെ വേണ്ടപ്പെട്ട ഒരാളുണ്ടു് എറണാകുളത്തു്. ഒരിക്കൽ സംഭാഷണങ്ങൾക്കിടയ്ക്കു് ഈ വിവരങ്ങളൊക്കെ ഞാൻ ആ ആളിനോടു പറയുവാനിടയായി. ഡിറെക്റ്റീവു് നോവലുകൾക്കു് നൂറു രൂപയിൽകവിഞ്ഞ പ്രതിഫലം കൊടുക്കാറില്ലെങ്കിലും പ്രസ്തുത ഗ്രന്ഥകാരൻെറ വ്യക്തിത്വത്തെ മാനിച്ചു് അദ്ദേഹത്തിനു് 250 രൂപാ പ്രതിഫലം കൊടുക്കാൻ എനിക്കു സമ്മതമായിരുന്നു എന്നും പക്ഷേ അദ്ദേഹത്തിൻെറ പ്രതീക്ഷകളുമായി യാതൊരു പൊരുത്തവുമില്ലാത്ത ആ തുക പറയാൻ ഞാൻ ധൈര്യ

പ്പെട്ടിട്ടില്ലെന്നുംകൂടി പറയുവാനിടയായി. ആ ഇടനിലക്കാരൻ സന്ദർഭവശാൽ ഈ വിവരം ജീ. യോടു പറയേണ്ടിവന്നു "അതൊരു നല്ല ഓഫറാണല്ലോ. അതു സ്വീകരിക്കുകയാണു് നല്ലതു്." എന്നായിരുന്നു ജി, യുടെ അഭിപ്രായം. ജി. തന്നെ കത്തയച്ചു് ഗ്രന്ഥകാരനെ എറണാകുളത്തുവരുത്തുകയും ഇടനിലക്കാരൻ എൻെറ പേക്കു് എഗ്രിമെൻറു് എഴുതിവാങ്ങി കക്ഷിക്കു തുക കൊടുക്കുകയും വിവരം എന്നെ അറിയിക്കുകയും ഞാൻ ചെന്നു് പണംകൊടുത്തു് എഗ്രിമെൻറും മാററവും ഏററു വാങ്ങുകയും ഉണ്ടായി. നടപ്പിൽ വരുവാൻ എളുപ്പമല്ലാത്ത വ്യാമോഹങ്ങൾക്കു വിധേയരായി മാററർ കൈവശം വച്ചു സൂക്ഷിച്ചു് കാലാന്തരത്തിൽ അതു നഷ്ടപ്പെടുത്തിക്കളയുന്ന എഴുത്തുകാർ തീരെ വിരളമല്ല. നല്ലനല്ല മാററർ പലതും അങ്ങനെ നഷ്ടപ്പെട്ടുപോയിട്ടുള്ളതായി എനിക്കുതന്നെ അനുഭവങ്ങൾ ഉണ്ടു്. പക്ഷേ ഈ പംക്തികളിൽ അതേപ്പററിയുള്ള പരാമർശനം അസംഗതമായേക്കും.

## XVII

## പരിഭാഷകളുടെ കാൎയ്യത്തിൽ.

പരിഭാഷകളെ സംബന്ധിച്ചിടത്തോളമുള്ള നിരവധി പരാധീനതകളിൽ ചിലതൊക്കെ ഇതിനുപരി പരിചിന്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. വല്ല ഇംഗ്ലീഷ് പുസ്തകവുമെടുത്തു് അതിലെ ചെറിയചെറിയഭാഗങ്ങൾ പരിഭാഷപ്പെടുത്തി ഓരോ ലേഖനമായി പത്രങ്ങൾക്കുകൊടുക്കുക; ആ ലേഖനങ്ങളെല്ലാം സമാഹരിച്ചു് പുസ്തകമാക്കുക; അതു് സ്വയംകൃതിയെന്ന നിലയിൽ പ്രസാധകരെ ഏല്പിക്കുക; എഴുത്തുകാരന്റെ പ്രസ്താവനയെ വിശ്വസിച്ചു് അവരതു പ്രസിദ്ധംചെയ്യുക; അവസാനം മൂലഗ്രന്ഥകാരന്റെയോ ആ ഗ്രന്ഥം പ്രസിദ്ധംചെയ്ത പ്രസാധകരുടെയോ പിടിയിൽ പെടുക; അവർ ചോദിക്കുന്ന നഷ്ടം കൊടുത്തു് ഒരുതരത്തിൽ ആ അപകടത്തിൽ നിന്നും മോചനം നേടുക; ഇങ്ങനെ ഒരുതരം.

ഇൻഡ്യൻഭാഷകളിൽനിന്നു് തൎജ്ജമചെയ്യുമ്പോൾ പോലും, ആ മൂലഗ്രന്ഥം മററാരും കാണാൻപോകുന്നില്ലെന്നു സങ്കല്പിച്ചു് പരിഭാഷപ്പെടുത്തി സ്വകപോലകല്പിതമെന്ന രീതിയാൽ പ്രസാധകരെ ഏല്പിക്കുക; ഒരു പ്രസാധകൻ അതു പ്രസിദ്ധപ്പെടുത്തികഴിയുമ്പോൾ അതേ ഗ്രന്ഥം മറെറാരു ഗ്രന്ഥകാരന്റേതായി മറെറാ

രു പ്രസാധകൻ പ്രസിദ്ധംചെയ്തു കാണാൻ കഴിയുക; ഒരേഗ്രന്ഥം രണ്ടു് എഴുത്തുകാരുടെ സ്വയംകൃതികളായി സാഹിത്യത്തിൽ കടന്നുകൂടുവാൻ ഇടയാവുക; ഇങ്ങനെ മറെറാരു തരം.

വിദേശഭാഷയിലെ ഒരു ഗ്രന്ഥം പ്രസാധകൻെറ മുമ്പിൽ ഉണ്ടായിരിക്കുക; അതു വള്ളിപുള്ളിവിടാതെ അതേതരത്തിൽ വിവത്തനം ചെയ്യപ്പെട്ടിരിക്കുക; ആ സാധനം സ്വന്തം കൃതിയാണെന്നു പറയുക; മൂലകൃതി ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചാലും, ഇതിനു് കഥയെ സംബന്ധിച്ചോ ഏതെങ്കിലും ആശയത്തെ സംബന്ധിച്ചോ മററയാതൊരു ഗ്രന്ഥവുമായി യാതൊരു കടപ്പാടുമില്ലെന്നു് ആ പരിഭാഷകൻ സത്യബോധപ്പെടുത്തുക; ഇതു് മൂന്നാമത്തൊരു ഒരുതരം.

ഈ മൂന്നുതരത്തിലുള്ള കാര്യങ്ങളെപ്പററിയും ചില അനുഭവങ്ങൾ മുൻപു് വിവരിക്കേണ്ടിവന്നിട്ടുണ്ടു്. ഇത്തരം സന്ദർഭങ്ങളിലെല്ലാം പകപ്പവകാശത്തിൽ കൈകടത്തുന്നതു് ഗ്രന്ഥകാരൻ ആണെന്നുള്ളതു് പ്രത്യക്ഷമാണു്. പക്ഷെ ഒരു നടപടിക്കിടയാകുമ്പോൾ അയാൾക്കു് തടിതപ്പാൻ പ്രയാസമില്ല. എഴുതുന്നതല്ല പ്രസിദ്ധം ചെയ്യുന്നതാണു കുററകരം. നിയമമനുസരിച്ചുനോക്കിയാൽ പകപ്പവകാശത്തിൽ കൈകടത്തുന്നതു് പരിഭാഷകനല്ല പ്രസാധകനാണു്. ആ പാവം യഥാത്ഥത്തിൽ ഈ വിവരം അറിയുന്നതേ ഇല്ല! പല എഴുത്തുകാരും അറിഞ്ഞുകൊണ്ടുതന്നെ പ്രസാധകരെ കുഴിയിലിറക്കുന്നുണ്ടു്.

ലാൽബഹദൂർശാസ്ത്രിയെ സംബന്ധിച്ചു് പ്രതിപാദിക്കുന്ന ഒരു പുസ്തകത്തിൻെറ മാററർ ഈയിടെ ഇവിടെ കിട്ടി ഞങ്ങളുടെ സാഹിത്യസുഹൃത്തുക്കളിൽ ഒരാളുടെ

വകയാണു് ആ മാററർ. എഴുത്തുകാരനോടുള്ള പ്രത്യേക മമതയും മാറററിലെ പ്രതിപാദ്യവിഷയത്തെപ്പററിയുള്ള പ്രാധാന്യവുംകൊണ്ടു് അതു് കഴിയുന്നതും വേഗം അച്ചടിപ്പിക്കാമെന്നു കരുതി. അതിനു വേണ്ടവിധത്തിൽ ക്രമപ്പെടുത്തിത്തുടങ്ങിയപ്പോഴാണു് മാറററിൻെറ ഒരു പ്രത്യേകത ബോദ്ധ്യമായതു്. എഴുത്തുകാരൻെറ സ്വന്തമായി ആ മാറററിൽ ഒന്നുമില്ല. ബോംബെയിലെ സുപ്രസിദ്ധങ്ങളായ ചില വാരികകളിൽ ലോകപ്രഖ്യാതരായ ചില എഴുത്തുകാർ എഴുതിയിരുന്ന ഏതാനും ലേഖനങ്ങൾ അതേപടി തർജ്ജമചെയ്തു് എടുത്തിരിക്കുകയാണു് എഴുത്തുകാരൻ. ആ ലേഖകന്മാരെല്ലാം ഇപ്പോഴും ജീവിച്ചിരിക്കുന്നു! പ്രശസ്തരും ജീവിച്ചിരിക്കുന്നവരും ആയ എഴുത്തുകാരുടെ സുപ്രധാന ലേഖനങ്ങൾ പരിഭാഷപ്പെടുത്തി ഒരു പുസ്തകമാക്കുമ്പോൾ ആ ലേഖകന്മാരുടെ അനുവാദം വാങ്ങിച്ചിരിക്കണമെന്ന വസ്തുത ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടില്ല. അനുവാദം ആവശ്യമാണെന്നതു് ഗ്രന്ഥകാരനു് നിശ്ചയമില്ലാഞ്ഞിട്ടല്ല അതു ശ്രദ്ധിക്കാത്തതെന്നതു് വ്യക്തമാണു്. എന്തുകൊണ്ടെന്നാൽ നിലവിലിരിക്കുന്ന ഒരു പകർപ്പവകാശക്കേസിലെ വാദിയാണു് ഈ എഴുത്തുകാരൻ.

ഈ സാഹചര്യത്തിൽ മാററർ മടക്കിവയ്ക്കാനേ കഴിഞ്ഞുള്ളു. വിവരത്തിനു് കക്ഷിക്കു് കത്തയക്കുകയും ചെയ്തു. രണ്ടുമൂന്നുമാസം കഴിഞ്ഞിട്ടേ കക്ഷി ആ കത്തിനെപ്പററി ഗൗനിച്ചുള്ളു. അനുവാദമൊന്നും വാങ്ങിച്ചിട്ടില്ലെന്നും, അനുവാദം വാങ്ങുക പ്രയാസമാണെന്നും ലേഖകന്മാരിൽ ചിലർ ഇപ്പോൾ ഇൻഡ്യയിൽ ഉണ്ടാവുകയേ ഇല്ലെന്നും അതിൻെറ പ്രസിദ്ധീകരണം ഒരിക്കലും അബദ്ധമാവുകയില്ലെന്നും ആയിരുന്നു പിന്നീടുണ്ടായ

മറുപടി. ഏതായാലും ആ മറുപടികൊണ്ടു തൃപ്തിപ്പെടുവാൻ എനിക്കുകഴിയാതെ പോയതിനാൽ ആ മാററർ പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ ഒരുങ്ങിയില്ല.

അന്യൻെറ മുതൽ അയാളറിയാതെ കൈവശപ്പെടുത്തുന്നതു് മോഷണമല്ലേ? അങ്ങനെയൊന്നു് നഷ്ടപ്പെട്ടിട്ടുണ്ടു് എന്ന വസ്തുത ആ ഉടമസ്ഥൻ അറിയുമോ ഇല്ലയോ എന്നതു് മോഷണത്തിൻെറ ഗൌരവത്തെ കുറച്ചു കളയുമോ? മോഷ്ടിക്കപ്പെട്ട സാധനം പെട്ടെന്നു് ചെലവാക്കിക്കളയുവാൻ തരപ്പെടുന്ന ഒന്നാണെങ്കിൽ ഒരുപക്ഷെ മോഷ്ടാവു് കണ്ടുപിടിക്കപ്പെടുകയില്ലെന്നു കരുതാം. ഇവിടെ അതല്ല അനുഭവം. മോഷ്ടിക്കപ്പെട്ട സാധനം നശിപ്പിക്കപ്പെടുന്നില്ല. രഹസ്യമായി സൂക്ഷിക്കപ്പെടുന്നതുമില്ല; പരസ്യമായി പ്രസിദ്ധം ചെയ്യുകയാണു്. ആപത്തു് എപ്പോഴും അവിടെ പതിയിരിക്കുന്നുണ്ടെന്നുള്ളതിൽ എന്താണു സംശയം?

എഴുത്തുകാർ സാംസ്കാരികമണ്ഡലത്തിൽ പ്രവർത്തിക്കുന്നവരാണല്ലൊ. അവർ ഏറെക്കുറെ സംസ്കാരസമ്പന്നരായിരിക്കുമെന്നാണല്ലൊ കരുതപ്പെടുന്നതും. അന്യൻെറ മുതൽ തൻെറ മുതലാണെന്നു് വീമ്പടിക്കുവാൻ കരുത്തുള്ളവരെ എങ്ങനെ സംസ്കാരമുള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ കഴിയും? അറിഞ്ഞുകൊണ്ടു് അന്യരെ കുഴിയിൽ ചാടിക്കാൻ ഒരുങ്ങുന്നയാളുകളും സംസ്കാരവും തമ്മിൽ എന്തുബന്ധമാണുള്ളതു്? ഇതൊക്കെ പൊതുജനങ്ങളുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട കാര്യങ്ങളാണു്. അവരതിൽ ശ്രദ്ധിച്ചാലുമില്ലെങ്കിലും പ്രസാധകർക്കു് ഇക്കാര്യം അവഗണിക്കുക സാധ്യമല്ലല്ലൊ.

അല്പസ്വല്പം ലാഭമിച്ഛിച്ചായിരിക്കണം ഇത്തരം മോഷണവ്യവസായത്തിനു് ചിലർ ഒരുങ്ങുന്നതു്. മൂല

ഗ്രന്ഥകാരനോട്ട് പരിഭാഷയ്ക്കുവേണ്ടി അനുവാദം ചോദിച്ചാൽ ചിലപ്പോൾ വലിയ പ്രതിഫലം ആവശ്യപ്പെട്ടെങ്കിലോ എന്ന ഭയം തോന്നിയേക്കാം. ചിലപ്പോൾ ഒരു പുസ്തകം കൈയിൽ കിട്ടുകയും അതു പരിഭാഷപ്പെടുത്തിയാൽ വേണ്ടില്ല എന്നു സ്വയം തോന്നി അതിലേക്കൊരുങ്ങുകയുംചെയ്തു എന്നുവരും. അതു് അന്യന്റെ വകയാണെന്നു പറഞ്ഞാൽ ആരെങ്കിലും സ്വീകരിക്കാൻ മടിച്ചെങ്കിലോ എന്നു സംശയിച്ചു് സ്വന്തമാണെന്നു പറയുന്നതാവാം. ഇങ്ങനെ വിവിധഘട്ടങ്ങളിൽ കാരണങ്ങളും വിവിധങ്ങളായിരിക്കും. എങ്കിലും ഫലത്തെ സംബന്ധിച്ചിടത്തോളം എല്ലാം ഒന്നുതന്നെ. ഒരു വീട്ടു് ഒഴിഞ്ഞുകിടക്കുന്നു; നമുക്കതുപാർക്കാൻ കൊള്ളാം; എന്നു കരുതി ആരുടേയും സമ്മതത്തിനൊന്നും കാത്തുനില്ക്കാതെ അതിനകത്തുകയറി പാർപ്പുതുടങ്ങുന്നതു നന്നാണോ? സാഹിത്യത്തിന്റെ അന്തസ്സും സാന്മാർഗ്ഗികാടിസ്ഥാനവും നിലനില്ക്കണമെങ്കിൽ അവിടെനിന്നു് ഇത്തരം പ്രവണതകളെ ആട്ടിയോടിക്കുകതന്നെ വേണം.

തർജ്ജമയാണെന്നു പറയുവാൻ കഴിയുകയില്ലെന്നും തർജ്ജമയാണെന്നുള്ള വാദംവന്നാൽപോലും രക്ഷപ്പെടാൻ കഴിയണമെന്നു വിചാരിക്കുന്ന ഒരുക്കൂട്ടം എഴുത്തുകാർ ഉണ്ടു്. തിരിച്ചറിയാതിരിക്കാൻവേണ്ടി അംഗഭംഗങ്ങൾ വരുത്തുകയോ മറേറതെങ്കിലും വിധത്തിൽ മുഖച്ഛായ വികൃതപ്പെടുത്തുകയോ ചെയ്യാൻ മടിയില്ലാത്തവരാണവർ. വൈദേശിക രൂപങ്ങളുടെ ഇത്തരം വികൃതപ്പെട്ട കോലങ്ങൾ നമ്മുടെ നൈസർഗ്ഗികലാവണ്യം നിറഞ്ഞ സുന്ദരവസ്തുക്കളുടെചുററം തിങ്ങിക്കൂടിയിരിക്കുന്നതായി സാഹിത്യത്തിലെമ്പാടും കാണുവാൻ കഴിയും. ആ കളകളെല്ലാം തുത്തുപെറുക്കിക്കളഞ്ഞുകഴിഞ്ഞാൽ നമ്മുടെ സാഹിത്യാ

രാമം എത്ര സുന്ദരമായിരിക്കും! നിർഭാഗ്യവശാൽ നട്ടുവളർത്തപ്പെട്ട ചെടികളല്ല, നാനാവിധത്തിൽ കടന്നുകൂടിയ ഇത്തരം കളകളാണു് ഇന്നു സാഹിത്യത്തിലധികം. ഇതിനാരെയാണു് കുററപ്പെടുത്തേണ്ടതാവോ. പലരും പ്രസാധകവർഗ്ഗത്തെയാണു കുററപ്പെടുത്തുക. ലാഭേച്ഛകൊണ്ടുമാത്രം ഇത്തരം ചവറുകൾ സഹിത്യത്തിൽ തള്ളിവിടുകയാണത്രെ പ്രസാധകർ. ലാഭേച്ഛയാണു് പ്രസാധകരുടെ ലാക്കു് എന്നു് അവർ സമ്മതിക്കുന്നതുതന്നെ ഭാഗ്യം. ഈ ചവറുകളിൽക്കൂടിയാണു് പ്രസാധകർക്കു് ലാഭം കിട്ടുന്നതെങ്കിൽ യഥാർത്ഥത്തിൽ ആ ചവറുകളെ പ്രോത്സാഹിപ്പിക്കുന്നവരാരാണു്? നമ്മുടെ വായനക്കാർ. ധാരാളമായി വിററഴിഞ്ഞാലല്ലാതെ ലാഭം കിട്ടുമോ? ധാരാളം വിററഴിയണമെങ്കിൽ അത്രയേറെ ആവശ്യക്കാരുണ്ടാവണ്ടേ? അത്തരം ചരക്കിനാണു് കൂടുതൽ ആവശ്യക്കാരെങ്കിൽ വ്യവസായിയായ പ്രസാധകൻ അക്കാര്യത്തിൽ ശ്രദ്ധിക്കുന്നതിനെന്താണുതെററു്? ഇത്തരംകാര്യങ്ങൾക്കു് പ്രസാധകരെ പഴിപറയുവാൻ ഒരുങ്ങാതെ സാംസ്കാരിക സംഘടനകൾ പൊതുജനങ്ങളിൽ പ്രേരണ ചെലുത്തട്ടെ. ചവറൊന്നും വിററു മുതലാക്കുവാൻ തരപ്പെടുകയില്ലെന്ന ബോധ്യമായാൽ അത്തരം ബിസിനസ്സിൽനിന്നു് പ്രസാധകർ താനേ അകന്നുമാറിക്കൊള്ളും.

ഉചിതമായ സ്ഥാനത്തുനിന്നു് അനുവാദം വാങ്ങിയശേഷം മാത്രം പരിഭാഷയ്ക്കൊരുങ്ങിയാൽമതി എന്നു വിചാരിക്കുന്ന മഹത്തുക്കളും എഴുത്തുകാരുടെ കൂട്ടത്തിലുണ്ടു്. പലപ്പോഴും അവർ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരാറുമുണ്ടു്. ഗ്രന്ഥകാരനോടു ചോദിച്ചാൽ മറുപടി കിട്ടും പ്രസാധകനെ സമീപിക്കാൻ; പ്രസാധകനെ സമീപിക്കുമ്പോഴോ ഗ്രന്ഥകാരനെ സമീ

പിക്കുക എന്നായിരിക്കും മറുപടി. ചില പ്രസാധകന്മാർ പറയും പരിഭാഷകനല്ല പ്രസാധകനാണ് അനുവാദത്തിനാവശ്യപ്പെടേണ്ടതെന്ന്. അപ്പോൾ ഒരു പ്രസാധകനെ സമീപിച്ച് അയാളിൽക്കൂടി അനുമതി നേടിയതിനുശേഷം വേണ്ടിവരുന്ന പരിഭാഷയ്ക്കൊരുങ്ങുവാൻ. മലയാളത്തിന്റെ പരിമിതിയെപ്പററിയൊന്നും വേണ്ടത്ര ബോധമില്ലാത്ത ചില പ്രസാധകന്മാർ ചിലപ്പോൾ ഒരു ലക്ഷം കോപ്പി വിററാൽപോലും മുതലാക്കാൻ പററാത്ത പ്രതിഫലമായിരിക്കും ആവശ്യപ്പെടുക. ഇങ്ങനെ എത്രയോ പരാധീനതകൾ നേർവഴിക്കു സഞ്ചരിക്കാനൊരുങ്ങുന്ന പരിഭാഷകരെ അലട്ടുന്നുണ്ടെന്നുള്ളതും ഒരു വസ്തുതയാണ്.

മറിച്ചുള്ള അനുഭവങ്ങളും ഇല്ലാതില്ല. ഹിന്ദിസാഹിത്യത്തിൽ പ്രശസ്തങ്ങളായ ഒട്ടേറെ നോവലുകൾ രചിച്ചിട്ടുള്ള ശ്രീ ഇളാചന്ദ്രജോഷിയെ ഒരു നോവലിന്റെ പരിഭാഷയ്ക്കുള്ള അനുമതി കിട്ടുന്നതിനുവേണ്ടി മിസ്. ജെ. ആർ. ജോഷ്വ കത്തുമൂലം സമീപിച്ചു. ആ ഒരെണ്ണമല്ല തന്റെ ഏതു നോവലും മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിക്കൊള്ളു എന്നുള്ള അനുവാദ പത്രികയാണ് മറുപടിയായി അവർക്കു ലഭിച്ചതു്. സന്യാസി, ഗിരിജാകുമാരി എന്നിങ്ങനെ രണ്ടെണ്ണം അവർ പരിഭാഷപ്പെടുത്തി. മൂന്നാമതൊന്നിന്റെ പരിഭാഷ പൂർത്തിയാകുന്നതിനു മുമ്പെ അവർ കാലയവനികയിൽ മറഞ്ഞുപോയി.

ഇതിനെക്കാളുപരിയായി ഉദാരത കാണിക്കുന്നവരും ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ആ ഉദാരത ചിലപ്പോൾ വളരെ ഉപദ്രവങ്ങൾക്കു് കാരണമായിത്തീരുന്നുമുണ്ട്. ഒരു ദൃഷ്ടാന്തം പറയാം.

ശ്രീ കെ. ഏ. അബ്ബാസിൻെറ Flower for her feet എന്ന കഥ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനുള്ള അനുമതിക്കുവേണ്ടി തിരുവനന്തപുരം കോവിൽ വിളാകത്തു് ശ്രീ. എസ്. ഗോപാലകൃഷ്ണൻനായർ 1949 ഡിസംബർ 27-ാംനു- അപേക്ഷിച്ചു. സസന്തോഷം അനുമതി നൽകിക്കൊണ്ടും അച്ചടി പൂർത്തിയാകുമ്പോഠം പുസ്തകത്തിൻെറ ഒരു കോപ്പി അയയ്ക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടും ശ്രീ അബ്ബാസ് ബോംബെയിൽനിന്നു് 1950 ജനുവരി 11-ാംനു-കത്തെഴുതി. ബ്ളോക്കുചെയ്തു പുസ്തകത്തിൽ ചേർക്കുന്നതിനുവേണ്ടി ഒരു ഫോട്ടോ കിട്ടിയാൽ കൊള്ളാമെന്നും ശ്രീ. നായർ അപേക്ഷിച്ചിരുന്നു. പെട്ടെന്നയയ്ക്കത്തക്കവിധത്തിൽ കൈവശം ഇല്ലെന്നും അടുത്തു് ഫോട്ടോ എടുപ്പിക്കുന്ന അവസരത്തിൽ ഒരു കോപ്പി അയയ്ക്കാമെന്നുംകൂടി ശ്രീ അബ്ബാസ് മറുപടിയിൽ എഴുതി.

ശ്രീ. ഗോപാലകൃഷ്ണൻനായർ കഥ പരിഭാഷപ്പെടുത്തി. അവകാശം ഞങ്ങഠംക്കുതന്നു. പരിഭാഷകൻെറ എഗ്രിമെൻെറാന്നിച്ചു് ശ്രീ അബ്ബാസിൻെറ മേല്പറഞ്ഞ കത്തും ഇവിടെ കിട്ടിയിട്ടുണ്ടു്. വേശ്യയുടെമകഠം എന്ന പേർകൊടുത്തു് ഞങ്ങഠം ആ കഥ ഒരു നോവലെററായി പ്രസിദ്ധം ചെയ്തു.

കുറേനാഠം കഴിഞ്ഞപ്പോഠം എറണാകുളത്തെ ഒരു പ്രസാധകൻ പ്രസിദ്ധം ചെയ്ത ആത്മോപഹാരം എന്ന പുസ്തകം വായിക്കുവാനിടയായി. കഥ ഇതുതന്നെ. പരിഭാഷകൻ ശ്രീ പെരുന്ന കെ. എൻ. നായർ. ഇതെങ്ങിനെ സംഭവിച്ചു എന്നതു് അത്ഭുതമായി തോന്നി. ഒരേ കഥ തർജ്ജമചെയ്യുവാൻ ഒരേ ഭാഷയിലേക്കു് രണ്ടുപേർക്കു് അനുവാദം കൊടുക്കുക എന്നതു് സാധാരണമാ

ണെന്നു തോന്നിയില്ല. അനുവാദം വാങ്ങാതെ പലരും പലതും തർജ്ജമചെയ്യുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്ന കൂട്ടത്തിൽ ആത്മോപഹാരവും വന്നുകൂടിയതാവും എന്നു വിചാരിച്ചുപോയി. വേശ്യയുടെ മകൾ കാണാനിടയായ ശ്രീ പെരുന്നയും അങ്ങനെ തന്നെ വിചാരിച്ചു. അതിനുശേഷം ആ പ്രസാധകനെ കണ്ട അവസരത്തിൽ ഞാൻ ഇതേപ്പററി സംസാരിച്ചു. ശ്രീ കെ. എൻ. നായക്ക് ശ്രീ. അബ്ബാസിൽനിന്നു് അനുമതി കിട്ടിയിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. വേശ്യയുടെ മകളും അനുവാദത്തോടുകൂടിയാണു് പ്രസിദ്ധം ചെയ്തതെന്ന വസ്തുത ഞാനും പറഞ്ഞു. പക്ഷെ ആ പ്രസാധകൻ അതു പൂർണ്ണമായി വിശ്വസിക്കുന്നതായി തോന്നിയില്ല. അങ്ങനെ കാലം കുറെ കഴിഞ്ഞു.

അടുത്ത ഒരവസരത്തിൽ ശ്രീ പെരുന്ന കെ. എൻ നായരെ സന്ദർഭവശാൽ കണ്ടുമുട്ടുകയുണ്ടായി. മനോരാജ്യത്തിലെ ലേഖനപരമ്പര താൻ വായിക്കുന്നുണ്ടെന്നു് അദ്ദേഹം പറഞ്ഞു. തുടർന്നു് ഇത്രയും കൂടി:- "അതു വായിച്ചപ്പോൾ ഒരു പഴയ സംഗതി ഞാനോർത്തു. അതും എഴുതിയാലോ എന്നു വിചാരിച്ചു." എന്താണു് ആ പഴയ സംഗതിയെന്നു ചോദിച്ചപ്പോഴാണു് വേശ്യയുടെമകളും ആത്മോപഹാരവും സംബന്ധിച്ചുള്ള ആ തെററിദ്ധാരണ ഇപ്പോഴും അദ്ദേഹത്തിൻെറ മനസ്സിൽ അങ്ങനെതന്നെ നിൽക്കുന്നു എന്നു മനസ്സിലായതു്. ഇത്തരം വഞ്ചന കാണിക്കുന്ന ഒരു പ്രസാധകനാണു് ഈ അനുഭവങ്ങൾ എഴുതുന്നതു് എന്ന ഒരു ദുസ്സൂചനയായിരുന്നു അദ്ദേഹത്തിൻെറ പ്രസ്താവനയുടെ ഉള്ളടക്കം എന്നു മനസ്സിലായി. ഞാൻ വസ്തുതകൾ സത്യമായി അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിനു വിശ്വാ

സമായി തോന്നിയോ എന്നെനിക്കു് നിശ്ചയമില്ല. അങ്ങനെയൊരു തെററിദ്ധാരണ വർഷങ്ങൾ കഴിഞ്ഞിട്ടും നിലനിൽക്കുന്നു എന്നു കണ്ടതുകൊണ്ടാണു് ഇത്രയും വിശദമായി ഇതിവിടെ കുറിക്കുവാനിടയതു്. ചോദിക്കുന്നവർക്കൊക്കെ അനുവാദം കൊടുക്കുവാൻ തയ്യാറായ ശ്രീ 'അബ്ബാസിൻെറ മഹാമനസ്കത വരുത്തിവെച്ചവിന എത്രത്തോളമെന്നു നോക്കുക!

പരിഭാഷാകൃതികളുടെ ഭാഗത്താണു പ്രസാധകനെ സംബന്ധിച്ചിടത്തോളം എല്ലാ അപകടങ്ങളും പതിയിരിക്കുന്നതു്. സുദീർഘകാലത്തെ പരിചയത്തിൽനിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞ ഒരു വസ്തുതയാണതു് എന്നും പറയേണ്ടിയിരിക്കുന്നു.

# XVIII

## ശ്രീകൃഷ്ണസന്നിധിയിലെ കുചേലൻ

സ്നേഹിതന്മാരുടെ മാററങ്ങൾക്കുവേണ്ടി എന്റെ സുഹൃത്തുക്കളിൽ ചിലർ എന്റെ പേർക്കെഴുതിയ കത്തുകളെപ്പററി ഇതിനുപരി ചിലതൊക്കെ പറയേണ്ടിവന്നിട്ടുണ്ട്. ആ കത്തുകളെ ആദരിക്കാനൊരുങ്ങിയതിന്റെ ഫലമായി എനിക്കും ആ കത്തുകളെഴുതിയ സുഹൃത്തുക്കൾക്കുതന്നെയും അനുഭവപ്പെടേണ്ടിവന്ന ക്ലേശങ്ങളേയും മനോവേദനയേയും വിവരിച്ചും അവിടവിടെ ചിലതു കുറിക്കേണ്ടിവന്നിട്ടുണ്ട്. പക്ഷേ, അത്രയും മാത്രം കൊണ്ടു് വിട്ടുകളയാവുന്ന ഒരു പ്രശ്നമല്ലിതു്. ഒരു സ്നേഹിതൻ ആവശ്യപ്പെടുന്നതനുസരിച്ചു ഒരു ശുപാർശക്കത്തെഴുതിക്കൊടുക്കുന്നു എന്നുമാത്രമേ കത്തെഴുതുന്നയാൾ അതെഴുതുന്ന അവസരത്തിൽ ചിന്തിച്ചിരിക്കുകയുള്ളൂ. മാററത്തിന്റെ നന്മതിന്മകളെ പരിഗണിക്കാതെ, താനെഴുതുന്ന കത്തിനെ ബഹുമാനിച്ചു് പ്രസാധകൻ പ്രവർത്തിച്ചേക്കുമെന്നും പിന്നീടതിൽ എന്തെതിലും പാകപ്പിഴയുണ്ടാകുവന്നാൽ "അദ്ദേഹം ആവശ്യപ്പെട്ടിട്ടാണല്ലോ ഞാനിതു ചെയ്തുപോയതു്. ഇങ്ങനത്തെ ഒരു അപകടത്തിൽ അദ്ദേഹം എന്നെ ചാടിച്ചുകളഞ്ഞല്ലോ" എന്നൊരു ഖേദം ആ പ്രസാധകന്റെ ഹൃദയത്തിൽ ഏററവും ഒതുങ്ങിയ ഒരു ഭാഗത്തു് ചിരകാലം നിലനില്ക്കും എന്നും

കൂടി ഈ സുഹൃത്തുക്കൾ ഓർത്തിരിക്കേണ്ടതല്ലേ? ആ വശത്തേയ്ക്കു് ആരും ചിന്തിക്കാറില്ലെന്നുള്ളതാണു് സത്യം.

എന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ചു് 1965-ൽ ശ്രീ സ്വാമി ബ്രഹ്മവ്രതൻ കൺവീനറായി ഒരു സ്വാഗതസംഘം രൂപംകൊണ്ടു. മൂന്നുദിവസത്തെ ആഘോഷപരിപാടികൾക്കും ഒരു ഉപഹാരഗ്രന്ഥത്തിനും സ്വാഗതസംഘം പ്ലാൻചെയ്തു. ആ പ്ലാൻ പരിപൂർണ്ണവിജയത്തിലെത്തിക്കുന്ന കാര്യത്തിൽ ശ്രീ. എം. പി. അപ്പന്റെ സഹകരണം വളരെ മഹത്തായിരുന്നു എന്നു് കൺവീനറിൽനിന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ആയിടയ്ക്കു് അദ്ദേഹത്തിൽനിന്നു് നേരിട്ടു പല കത്തുകളും എനിക്കു ലഭിക്കുകയുംചെയ്തിരുന്നു. മനുഷ്യസഹജമായ വികാരങ്ങൾക്കു വിധേയനാണല്ലൊ ഞാനും. ശ്രീ. എം. പി. അപ്പനിൽ എനിക്കുണ്ടായ കൃതജ്ഞതാതിരേകം പറഞ്ഞറിയിക്കുക എളുപ്പമല്ല. അത്രയേറെ അദ്ദേഹം എന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നു.

ശ്രീ. എം. പി. അപ്പന്റെ ശുപാർശക്കത്തുമായി ഒരു സ്നേഹിതൻ ആയിടയ്ക്കൊരുദിവസം എന്നെ സമീപിച്ചു. രണ്ടുമൂന്നു മാറ്റർ സ്വീകരിച്ചു് പ്രതിഫലം ഉടനെകൊടുത്തു് ആ സ്നേഹിതനെ സഹായിച്ചാൽകൊള്ളാം എന്നതാണു് കത്തിന്റെ ചുരുക്കം. ആ കത്തിനെ അങ്ങേയററം ആദരിക്കുവാൻ മനസ്സുവെമ്പുന്നകാലമാണു്. രണ്ടുകൈയെഴുത്തുപ്രതികളും മററൊരു പ്രസാധകൻ ഒന്നാംപതിപ്പു് അച്ചടിപ്പിച്ച ഒരു പുസ്തകത്തിന്റെ ബാക്കി അവകാശവും ആണു് ആ സ്നേഹിതന്റെ പക്കൽ ഉള്ളതു്. ഒന്നാംപതിപ്പിലെ കോപ്പികൾ വിററവതീർന്നിട്ടില്ല, എങ്കിലും ആ പുസ്തകം സ്കൂൾ ലൈബ്ര

റികൾക്കു അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഇവിട ത്തെ ബിസിനസ്സിൻെറ സിംഹഭാഗവും സ്കൂൾ ലൈബ്ര റികളുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഘട്ടമാകയാൽ അം ഗീകൃതപുസ്തകങ്ങളോട്ട് പ്രത്യേകമായ താല്പര്യമുണ്ടു താനും.

ഒരു പതിപ്പ് മറെറാരു പ്രസാധകൻ അച്ചടിച്ച പുസ്തകത്തെ് സംബന്ധിച്ചിടത്തോളം ഞാൻ നിർബ്ബന്ധ പൂർവ്വം സ്വീകരിച്ചുപോരുന്ന ചില നടപടിക്രമങ്ങൾ ഉണ്ട്. അക്കാര്യത്തിൽ ഗ്രന്ഥകാരൻെറ ഉറപ്പുമാത്രം മതിയാവുകയില്ല. ഒരു പതിപ്പിനു മാത്രമേ തനിക്കവ കാശം സിദ്ധിച്ചിട്ടുള്ളു എന്നും ആ പതിപ്പിലെ കോപ്പി കൾ വിററുതീൎന്നു എന്നും കാണിച്ചുള്ള ആ പ്രസാധക ൻെറ കത്തുകിട്ടണം.

അത്തരം കത്തുകൾ ഗ്രന്ഥകാരൻ തന്നെ വാങ്ങി ക്കൊണ്ടു് പോന്നാൽ മതിയെന്നു വെച്ചിരുന്നു. പക്ഷേ; അതും ഒരിക്കൽ അബദ്ധത്തിലായി. സ്നേഹപൂർവ്വം ഗ്രന്ഥകാരൻ തൻെറ പ്രസാധകനെ സമീപിച്ചു. ഒരു ലെററർ ഹെഡ് കരസ്ഥമാക്കി അതിൽ വേണ്ട കാര്യ ങ്ങൾ എഴുതി ആ പ്രസാധകൻേറതായി ആ കത്ത് എ ഗ്രിമെൻെറാന്നിച്ച് ഇവിടെ തന്നു. പുതിയ പതിപ്പ് ഇവിടെ അച്ചടിച്ചു കഴിഞ്ഞതിനുശേഷമാണ് സത്യം മനസ്സിലാകുന്നതു്. മുൻപ്രസാധകനു് ഒരു പതിപ്പിനേ അവകാശമുണ്ടായിരുന്നു എന്നതിൽ തർക്കമില്ല. കോ പ്പികൾ വിററുതീർന്നു എന്നതിലാണ് പിശക്. ആ പുസ്തകം ഇപ്പോഴും ആ പ്രസാധകൻേറതായി അവരു ടേയും ഇവിടത്തെ പ്രസിദ്ധീകരണമായി ഇവിടത്തെയും കാററ്ലോഗുകളിൽ ഉൾപ്പെട്ടുപോരുന്നു. ഈ അനുഭവ ത്തിനുശേഷം ഗ്രന്ഥകാരൻ വാങ്ങിക്കൊണ്ടുപോരുന്ന ഇത്തരം കത്തുകളെ ഇവിടെ പരിഗണിക്കാറില്ല. ഇവി

ടെനിന്നും പ്രസാധകനു് നേരിട്ടെഴുതി പോസ്റ്റു വഴി മറുപടി കിട്ടിയിട്ടേ അത്തരം ഇടപാടുകളെപ്പററി ആലോചിക്കൂ എന്നാണു വച്ചിരിക്കുന്നതു്.

ഇങ്ങനെയൊക്കെയുള്ള നടപടി ക്രമങ്ങളെക്കുറിച്ചൊന്നും ആ സന്ദർഭത്തിൽ പരിഗണിക്കാൻ പററിയില്ല. എല്ലാററിനും മീതെയായി നിന്നിരുന്ന ആ ശുപാർശക്കത്തു്. ഗ്രന്ഥകാരനുമായി പറഞ്ഞൊത്തു് എഗ്രിമെൻറ് എഴുതി തുകയും കൊടുത്തു് കക്ഷിയെ അന്നു തന്നെവിട്ടു. കൈയെഴുത്തു പ്രതികൾ വായിച്ചുനോക്കിയതു് പിന്നീടാണെന്ന വസ്തുത പ്രത്യേകം പറയേണ്ടതില്ലല്ലൊ. വളരെവേഗം അച്ചടിപ്പിക്കേണ്ട പ്രാധാന്യം തോന്നാത്തതു കൊണ്ടാവാം അവ ഇനിയും പ്രസ്സിൽ എത്തിക്കഴിഞ്ഞിട്ടില്ല. ഒന്നാംപതിപ്പു് വേറൊരു പ്രസാധകൻ അച്ചടിപ്പിച്ച ആ അംഗീകൃത പുസ്തകത്തിൻെറ കഥയാവട്ടെ കുറേക്കൂടി വിശേഷമാണു്. തനിക്കു് ഒന്നാംപതിപ്പിനേ അവകാശമുണ്ടായിരുന്നുള്ളു എന്നു സമ്മതിക്കാൻ ആ പ്രസാധകൻ മടിക്കുകയാണു്; മാത്രമല്ല ഒന്നാംപതിപ്പെന്നോ രണ്ടാം പതിപ്പെന്നോ പറയാതെ, ഒരു പതിപ്പു് ഈയിടെ ആ പ്രസാധകൻ അച്ചടിപ്പിക്കുകയും ചെയ്തു. ആ ശുപാർശക്കത്തു് എന്നിൽ ചെലുത്തിയ പ്രേരണ ഇപ്പോൾ ഒരു കേസ്സിൽ ചെന്നു ചാടുവാൻ എന്നെ നിർബന്ധിതനാക്കിത്തീർത്തിരിക്കുകയല്ലേ? ഇങ്ങനെ വല്ല കുഴപ്പവും ഇതിലുണ്ടെന്നു് നേരിയ ഒരു സംശയമെങ്കിലും ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം ശുപാർശക്കത്തെഴുതുമായിരുന്നില്ല എന്നുള്ളതു് തീർച്ചയാണു്. അങ്ങനെയൊരു സംശയത്തിൻെറ കണികപോലും എനിക്കില്ലതാനും. ആത്മാർത്ഥമായി എഴുതപ്പെടുന്ന കത്തുകൾപോലും പിന്നീടു് ഉണ്ടാക്കിത്തീർ

കുന്ന ഭവിഷ്യത്തുകൾക്കു് ഒരു ദൃഷ്ടാന്തമായിരിക്കുന്നു ഇതു് എന്നേ ഞാൻ പറയുന്നുള്ളു.

ഇനിയും ഇതിൻെറ തലക്കുറിയായി ചേർത്തിരിക്കുന്ന പദങ്ങൾ അടങ്ങിയ ഒരു ശ്രുപാർശക്കത്തിനെപ്പററി ചിലതു കുറിക്കാം.

ഒരു എഴുത്തുകാരൻ ഒരിക്കൽ കുറേ ചെറുകഥകളുടെ കൈയെഴുത്തു പ്രതിയുമായി ഇവിടെവന്നു. ചെറുകഥകൾ സാധാരണ വന്നുചേരാറുള്ളതു് പേപ്പർ കട്ടിംഗ്സിൻെറ രൂപത്തിലാണു്. ഏതെങ്കിലും വാരികകളിലോ മാസികകളിലോ ആദ്യമായി പ്രസിദ്ധപ്പെട്ടതും അഞ്ചാറെണ്ണമാകുമ്പോൾ ആ കട്ടിംഗ്സ് എല്ലാം കൂട്ടിച്ചേർത്തു് പ്രസാധകനെ സമീപിക്കും. അതാണു് സാധാരണ അനുഭവപ്പെടുന്നരീതി. ഇതങ്ങനെയൊന്നുമല്ല. ആറേഴകഥകൾ ഉണ്ടു്. എല്ലാം കൈ എഴുത്തു പ്രതികളാണു്. എങ്ങും പ്രസിദ്ധം ചെയ്തുവയല്ല. ഇത്രയും കഥകൾ എഴുതിവച്ചിട്ടു് ഒരെണ്ണവും എങ്ങും പ്രസിദ്ധം ചെയ്യാത്തതെന്തു് എന്നെനിക്കു തോന്നിപ്പോയി; നിങ്ങൾക്കൊക്കെയും തോന്നാവുന്ന സംശയം തന്നെയാണല്ലൊ അതു്.

പുതിയ മാററർ സ്വീകരിക്കുന്നതിനുള്ള പ്രയാസങ്ങളും ചെറുകഥാ സമാഹാരങ്ങൾ താരതമ്യേന വില്പനയ്ക്കു കിട്ടാത്ത ഇനമായിത്തീർന്നിരിക്കുകയാണെന്നുള്ള വസ്തുതയുമെല്ലാം ഞാൻ വിശദമായി കക്ഷിയെ പറഞ്ഞു മനസ്സിലാക്കി. ഒരു ടൺ കേട്ടുകഴിയുമ്പോൾ കഷ്ടിച്ചു് ഒരു ഔൺസുമാത്രം മറുപടി പറയുന്നതരത്തിലുള്ള ഒരു മൗനിയാണു കക്ഷി. കഥകൾ ഇവിടെ ഇരിക്കട്ടെ, ഒന്നു വായിച്ചുനോക്കുക; ഞാൻ അടുത്ത ഒരു ദിവസം വരാം." എന്നുപറഞ്ഞു് അന്നു മടങ്ങിപ്പോയി.

അടുത്ത ഒരു ഞായറാഴ്ച, ഞാൻ പ്രിഡൻറായുള്ള ലൈബ്രറി യൂണിയൻ കമ്മററിയുടെ ഒരു യോഗം ഇവിടെവച്ച് നടക്കുന്ന ദിവസം. ഗൗരവമേറിയ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത ഗ്രന്ഥകാരൻ വന്നിട്ടുണ്ടെന്നും രണ്ടുമണിക്കൂറായി കാത്തിരിക്കുകയാണെന്നും അറിഞ്ഞു; വിവരം അറിഞ്ഞ ഉടനെ ഞാൻ ചെന്നുകക്ഷിയെകണ്ടു. ഒരു കത്ത് ഉടനെ കക്ഷി എന്നെ ഏൽപ്പിച്ചു. പ്രസ്തുത ഗ്രന്ഥകാരൻ വളരെ സാധുവാണെന്നും പാർട്ടി പ്രവത്തകനായിരുന്നു എന്നും അവിടെനിന്നും പിരിയുകയോ പുറന്തള്ളപ്പെടുകയോ ഉണ്ടായി എന്നും ഇപ്പോൾ വളരെ കഷ്ടതയിലാണെന്നും പുസ്തകം സ്വീകരിച്ച് എന്തെങ്കിലും സഹായം ചെയ്യണമെന്നും മററമാണു കത്തിൽ. കത്തെഴുതിയിരിക്കുന്നതാകട്ടെ എനിക്കേററവും വേണ്ടപ്പെട്ട ഒരു ബന്ധുവും സുഹൃത്തും ഒക്കെയായ ആളാണ്. കത്തിൻെറ അവസാനഭാഗം ഇങ്ങനെയായിരുന്നു:- "അങ്ങയെ സമീപിക്കുന്ന ശ്രീ-ന് ശ്രീകൃഷ്ണസന്നിധിയെ അഭയം പ്രാപിച്ച കുചേലനുണ്ടായ അനുഭവങ്ങൾതന്നെ ഉണ്ടാകട്ടെ എന്നു ഞാൻ പ്രാത്ഥിക്കുന്നു."

കക്ഷിയെ കാണാനും സംസാരിക്കാനും കത്തുവായിക്കാനും വിനിയോഗിച്ച നാലഞ്ചുമിനിട്ടുതന്നെയും കമ്മിററി യോഗത്തെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടിരിക്കുകയാണ്. നടപടികൾ തുടരുന്നതിനു് ഞാൻ തിരിച്ചുചെല്ലാൻ കാത്തിരിക്കുകയാണ് കമ്മിററിയംഗങ്ങൾ. വളരെയേറെ ചിന്തിക്കാൻ നേരമില്ല; അടുത്ത ഒരവസരത്തിൽ കണ്ടു സംസാരിക്കാമെന്നു കക്ഷിയോടു പറഞ്ഞു. ഒരു ചെറിയ തുക ഉടനെ കക്ഷിക്കു കൊടുക്കാൻ ചട്ടം കെട്ടുകയും ചെയ്തു.

മീററിംഗ് പിരിഞ്ഞു് സാവകാശം കിട്ടിയപ്പോൾ ഞാൻ ആ കത്തു് വീണ്ടുംവായിച്ചു. അതേപ്പററി ചിന്തിക്കുകയുംചെയ്തു. ശ്രീകൃഷ്ണസന്നിധിയിൽനിന്നു് കുചേലനു സിദ്ധിച്ച ആ ഭാഗ്യം ഒരാൾക്കു കൈവരുത്തുവാൻ ഞാൻ ആരാണു്? കക്ഷിയുമായി ഇവിടെ ഇരുന്നു സംസാരിക്കുകയും അതേ അവസരത്തിൽ ഒരാളെ കക്ഷിയുടെ നാട്ടിലേയ്ക്കയച്ചു് കക്ഷിക്കുവേണ്ട സകലസൗഭാഗ്യങ്ങളും അവിടെ സൃഷ്ടിക്കുകയും ചെയ്യുന്നതിനെപ്പററി സ്വപ്നം കാണുവാൻപോലും എനിക്കു് സാധ്യമാണോ? എഴുത്തെഴുതിയ ആളും ഞാനും തമ്മിലുള്ള നിലപാടിനെപ്പററി നോക്കിയാൽ എങ്ങനെ ആ കത്തിനെ അവഗണിക്കാൻ കഴിയും? ഒരു വാരികയോ മാസികയോ ചെറുകഥയായി പ്രസിദ്ധംചെയ്യാൻ തയാറാകാത്ത തരത്തിലുള്ളവയാണു കഥകൾ. ഇതൊക്കെ എങ്ങനെ തുറന്നുപറയും?

അടുത്ത ഒരു ദിവസം കക്ഷി വീണ്ടും വന്നു. കാര്യങ്ങളെല്ലാം ഞാൻ വിശദമായി സംസാരിച്ചു. "ആ കഥകൾ ഇവിടെനിന്നും പ്രസിദ്ധംചെയ്യുക പ്രയാസമാണു്. കഴിഞ്ഞ ദിവസംകൊണ്ടുവന്നു തന്ന കത്തിനെ ആദരിച്ചാണു് കുറച്ചുതുക തന്നതു്. അതു തിരിച്ചുതരേണ്ട. കഥകൾ മറേറതെങ്കിലും സ്ഥലത്തുനിന്നു് പ്രസിദ്ധംചെയ്യത്തക്കവിധത്തിൽ ശ്രമിച്ചുനോക്കൂ" ഇത്രയും വിവരം ധരിപ്പിച്ചു;

അതുവരെ മൗനിയായി കാണപ്പെട്ടയാൾ ഒരു വാചാലനായിമാറുന്നതുകണ്ടു. "ആരുടേയും സൌജന്യമായി യാതൊന്നുംവേണ്ട. കത്തുതന്ന വ്യക്തിയോടുള്ള സ്നേഹംകൊണ്ടുള്ള പരിഗണനയും എനിക്കാവശ്യമില്ല. കഥകളുടെ മെച്ചവും അതുകൊണ്ടു നിങ്ങൾക്കുണ്ടാകാവുന്ന

ലാഭവും മാത്രം നോക്കിയാൽമതി, വേറെ പ്രസാധകർ എന്നോടു മാററർ ചോദിച്ചതാണു്. അവിടെ കൊടു ത്തു് ഉടനെ പ്രസിദ്ധം ചെയ്യിക്കാം" എന്നിങ്ങനെ കക്ഷി പലതും പറഞ്ഞു. അതിലൊന്നും അന്ധാളിക്കാതെ മാ ററർ തിരിച്ചു കൊടുത്തുവിട്ടു.

രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു കക്ഷിയുടെ കത്തു കിട്ടി. ''അവിടെ സൗകര്യമാവട്ടെന്നു കരുതി ഇത്രയും കാലം ഞാൻ കാത്തിരിക്കുകയായിരുന്നു. ഇനിയെങ്കിലും എൻെറ കഷ്ടത മനസ്സിലാക്കി എന്നെ സഹായിക്കണം. ചെറുകഥകൾക്കു പുറമേ ഞാനൊരു നോവലും എഴുതി തയ്യാറാക്കിയിട്ടുണ്ടു്. അടുത്ത ഞായറാഴ്ച അതെല്ലാം കൊണ്ടു ഞാനങ്ങോട്ടു പോരും'' സൗകര്യങ്ങളൊന്നുമായി ട്ടില്ലെന്നും, തൽക്കാലം മാററർ വേണ്ടെന്നും, ഞായറാഴ്ച ഞാനിവിടെ ഉണ്ടായിരിക്കുകയില്ലെന്നും കാണിച്ചു മറു പടി അയച്ചു. മറുപടി കിട്ടിയെങ്കിലും കക്ഷി ഞായ റാഴ്ച വരികതന്നെ ചെയ്തു. മുമ്പത്തെ കഥകളുടെ മാ ററവും ഒരു നോവലിൻെറ മാററവും ഇവിടെ ഏൽപ്പിച്ചു മടങ്ങി. ഞാനെന്തു ചെയ്യാനാണു്? അതു് അച്ചടി ച്ചാൽ ഇരുപതുകൊല്ലംകൊണ്ടുപോലും കോപ്പികൾ കൈ യ്യൊഴിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഈ വി വരം നേരിട്ടും കത്തുമൂലവും ഒട്ടേറെ പ്രാവശ്യം അറിയി ച്ചു. പക്ഷെ ഇന്നും മാററർ ഇവിടെ ഇരിക്കുകയാണു്.

## XIX

## അശ്ലീലസാഹിത്യം

ഇവിടത്തെ പ്രസിദ്ധീകരണങ്ങളിൽ ഒന്നായ "ഒരു പിടി ചോറ്" എന്ന പുസ്തകം അശ്ലീലസാഹിത്യത്തിന്റെ പേരിൽ സർക്കാർ കണ്ടുകെട്ടിയതിനെ സംബന്ധിച്ച് അല്പമായി ചിലതു് മുമ്പു വിവരിച്ചിട്ടുണ്ടു്. സർക്കാരിന്റെ ആ നടപടിയിൽ എനിക്കു സന്തോഷമേ ഉള്ളു എന്നും ഞാൻ രേഖപ്പെടുത്തിയിട്ടുണ്ടു്. മൂന്നു മാസം കൊണ്ടു് ഒരു പതിപ്പ് വിൽക്കാൻ കഴിയും എന്നു് ഒരു ഗ്രന്ഥകാരൻ ഉറപ്പുപറഞ്ഞ ഒരു പുസ്തകം, ഒരു പക്ഷേ അതു സാദ്ധ്യമായേക്കാവുന്ന പരിതസ്ഥിതി കാണാൻ കഴിയുമായിരുന്നിട്ടും, ഉപേക്ഷിച്ചതിനെ സംബന്ധിച്ചും ചിലതു പറഞ്ഞുവച്ചിട്ടുണ്ടു്.

എന്താണു് ഈ ചിന്താഗതിക്കു നിദാനം? ഒരു പ്രസാധകന്റെ പ്രവത്തനപരിധിയിൽ പെടുന്നതല്ലെന്നു് ആരെങ്കിലും വാദിച്ചാൽക്കൂടിയും, സാഹിത്യധർമ്മത്തെപ്പററി പ്രസാധകനും ചില വിശ്വാസപ്രമാണങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. ജനസമൂഹത്തെ സാംസ്കാരികമായി ഉയത്താൻ കഴിവുള്ളതായിരിക്കണം സാഹിത്യം. ലോകത്തിൽ നടക്കുന്നതെല്ലാം, അഥവാ നടക്കാവുന്നതെല്ലാം യഥാതഥമായി എഴു

തിക്കൂട്ടിവയ്ക്കുകയല്ല ഒരു സാഹിത്യകാരൻെറ ചുമതല. എന്തെല്ലാം സംഭവിക്കുന്നു എന്നതു് അനുഭവസ്ഥന്മാക്കും കാഴ്ചക്കാക്കുമെല്ലാം അറിയാം. അതറിയുന്നതിനു് സാഹിത്യത്തിൻെറ ആവശ്യവുമില്ല. പുസ്തകങ്ങൾ വായിക്കാൻ മെനക്കെടാതെ ചുററുമൊന്നു കണ്ണോടിച്ചാൽതന്നെ ആ ആവശ്യം സാധിക്കും. ലോകം എങ്ങനെ നീങ്ങുന്നു എന്നു് വിവരിക്കുകയല്ല, എങ്ങനെ നീങ്ങണം എന്നു പ്രസ്താവിക്കുകയാണു് സാഹിത്യകാരൻെറ ധർമ്മം. മനുഷ്യസമുദായത്തിൻെറ പുരോഗതിയെ സംബന്ധിച്ചിടത്തോളം ഒരു ലക്ഷ്യമുണ്ടായിരിക്കണമെന്നും, ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇന്നിന്നമാൎഗ്ഗങ്ങൾ സ്വീകരിക്കപ്പെടണമെന്നും ചിന്തിക്കാനും പ്രതിപാദിക്കുവാനും കഴിവുള്ള ഒരു സാഹിത്യകാരനുമാത്രമേ ലോകത്തിനു നന്മചെയ്യാനാവൂ എന്നു ഞാൻ വിശ്വസിക്കുന്നു. സാഹിത്യകാരൻെറയും വായനക്കാരൻേറയും ഇടയ്ക്കു നില കൊള്ളുന്ന പ്രാധകൻെറ ഈ കാൎയ്യം വിസ്മരിക്കാൻ പാടുള്ളതല്ല.

കള്ളനാണയങ്ങൾ എവിടേയും ഉണ്ടു്. പ്രസാധകരുടെ കൂട്ടത്തിലും കള്ളനാണയം ഉണ്ടാവാൻ പാടില്ലെന്നില്ല. പ്രസാധകൻെറ മൗലികമായ ചുമതലമറന്നു് അതൊരു വ്യവസായം മാത്രമായി കരുതി പ്രവൎത്തിക്കുന്നവരുണ്ടായേക്കാം. സാമ്പത്തികമായ നേട്ടം മാത്രമായിരിക്കും അവരുടെ ഉന്നം. പെട്ടെന്നു വിററഴിയാൻ കഴിയുന്ന പുസ്തകങ്ങൾ പ്രസിദ്ധംചെയ്യുന്നതിലായിരിക്കും അവർക്കു ശ്രദ്ധ മുഴുവൻ. യുവതീയുവാക്കന്മാരെ ഇക്കിളിപ്പെടുത്താൻ കഴിയുന്ന അഥവാ യൗവനത്തിലേയ്ക്കു് കടക്കാൻപോകുന്ന ചെറുപ്പക്കാൎക്കു് ഒട്ടൊക്കെ കൗതുകമുണ്ടാക്കാൻ ഉതകുന്നതരം പുസ്തകങ്ങൾ പ്രസി

ദ്ധംചെയ്താൽ അവയ്ക്കു് നല്ല മാക്കററുണ്ടാകുമെന്നവക്ക റിയാം. ഉള്ളടക്കവുമായി പൊരുത്തമുണ്ടെങ്കിലും ഇല്ലെങ്കിലും ചില നഗ്നചിത്രങ്ങരം കവർപേജായി ഉപയോഗിക്കാൻ തരപ്പെട്ടാൽ വിജയം സുനിശ്ചിതമായി. പുസ്തകത്തിനു നല്ല മാക്കററുണ്ടാകും. മാസങ്ങളോ ആഴ്ചകളോ പിന്നിട്ടുമ്പോരംതന്നെ പുതിയ പുതിയ പതിപ്പുകരം ആവശ്യമായിത്തീരുകയുംചെയ്യും. പക്ഷേ സാമ്പത്തികമായ നേട്ടം മാത്രമാണു് ഉദ്ദേശമെങ്കിൽ, ഇതിനേക്കാരം വേഗം ഇതിനേക്കാളധികം പണം കിട്ടത്തക്കമാർഗ്ഗങ്ങരം വേറെ എത്രയോ ഉണ്ടല്ലോ. ആ രംഗങ്ങളിലേയ്ക്കു കടക്കുകയല്ലേ ഭംഗി?

ഇത്തരം വൃത്തികെട്ട പുസ്തകങ്ങരം വായനക്കാരുടെ കൈയിൽ എത്തിക്കുന്ന പ്രസാധകർ ഒരു തരത്തിൽ അവരുടെ കൃത്യനിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം വ്യഭിചരിക്കുകയാണു ചെയ്യുന്നതെന്നു് പലരും അഭിപ്രായപ്പെടാറുണ്ടു്. ഏറെക്കുറെ അതു സത്യമാണുതാനം. സാഹിത്യത്തിൽനിന്നു് ഇത്തരം അഴുക്കുകരം നീക്കംചെയ്യുവാൻ എന്തെല്ലാം നടപടികരം സ്വീകരിക്കപ്പെട്ടാലും, അതുമൂലം ഉദ്ദേശിക്കുംവിധമുള്ള പ്രയോജനമുണ്ടാവുകയില്ല. അത്തരം പുസ്തകങ്ങരം കണ്ടുകെട്ടുന്ന നടപടി നാം കണ്ടുകഴിഞ്ഞു. ആദ്യപതിപ്പോ ചിലപ്പോരം വീണ്ടും ഒരു പതിപ്പുകൂടിയോ വിററുതീന്ന ശേഷമായിരിക്കും ഇത്തരം നടപടികരം ഒരു തീരുമാനത്തിലെത്തിച്ചേരുക. വെള്ളം മുഴുവൻ വാന്നൊലിച്ചു പോയിക്കഴിഞ്ഞതിനുശേഷം ചിറകെട്ടിയിട്ടെന്താണു പ്രയോജനം? ആ പുസ്തകം കൊണ്ടുണ്ടാകുന്ന ദൂഷിപ്പു് ഉണ്ടായിക്കഴിയുകതന്നെ ചെയ്യുന്നു. ഗവണ്മെൻറ ലവലിൽ നടക്കുന്ന

നടപടികൾകൊണ്ടു് ഏറെ പ്രയോജനമുണ്ടാവുകയില്ല എന്നു പറയുന്നതിനുള്ള കാരണമിതാണു്.

ഒരു പ്രസാധകനിൽ കൂടിയല്ലാതെ ഒരു പുസ്തകം പുറത്തിറങ്ങുക വളരെ പ്രയാസമാണു് എന്ന സ്ഥിതി വന്നുകൂടിയിട്ടുണ്ടിപ്പോൾ. സ്വന്തമായി അടിച്ചു് സ്വയം അതു കൊണ്ടുനടന്നു വിററു് ആദായമുണ്ടാക്കാൻ കഴിവുള്ള ഗ്രന്ഥകാരന്മാർ അങ്ങിങ്ങായി കാണപ്പെട്ടാൽതന്നെയും അക്കൂട്ടരുടെ എണ്ണം നൂറിനു് ഒന്നുപോലും വരുമെന്നു തോന്നുന്നില്ല. സാമാന്യേന ഒരു പ്രസാധകനിൽ കൂടിയേ ഒരു പുസ്തകം പ്രകാശം കാണുകയുള്ളു എന്നു വന്നുകഴിഞ്ഞാൽ, പ്രകാശംകാണാൻ അർഹതയില്ലാത്തവ പ്രകാശം കാണാതിരിക്കുന്നതിനു് പ്രസാധകന്മാർ മാത്രം വിചാരിച്ചാൽ മതിയാകുമല്ലോ. അശ്ലീലസാഹിത്യത്തിൻെറ പ്രകാശനവും പ്രചാരവും തടയുവാൻ പററിയവിധത്തിൽ സഫലമായി പ്രവത്തിക്കാൻ കഴിവുള്ള കൂട്ടർ പ്രസാധകരാണെന്നാണു് എൻെറ വിശ്വാസം. അവർ അക്കാര്യത്തിൽ താല്പര്യം കാണിക്കുന്നു എങ്കിൽ അശ്ലീലസാഹിത്യം നിരോധിക്കാൻ മററു യാതൊരു യത്നവും ആവശ്യമായി വരികയില്ല.

മിശ്രവിവാഹത്തെപ്പററി ധീരധീരം പ്രസംഗിച്ചു നടന്ന ഒരു മഹാൻെറ പുത്രി ഒരു പുലയയുവാവിൽ അനുരക്തയാണെന്നറിഞ്ഞതു നിമിത്തം ആ പിതാവു് ആത്മഹത്യയ്ക്കു പോലും ഒരുങ്ങിയ സംഭവം നാം കേട്ടിട്ടുണ്ടു്. താൻ എഴുതിയ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലാണു തൻെറ മക്കൾ ജീവിക്കാൻ ഒരുങ്ങുന്നതെന്നു കണ്ടു് പശ്ചാത്താപപൂർവ്വം ഗ്രന്ഥരചന തന്നെ വെണ്ടെന്നുവച്ച എഴുത്തുകാരനെപ്പററിയും നാം കേട്ടിട്ടുണ്ടു്. പ്രസംഗവും ഗ്രന്ഥരചനയുമൊക്കെ മററു

ള്ളവർക്കുവേണ്ടി മാത്രമാണെന്നാണല്ലോ ഇതിൻെറ അത്ഥം. തന്നെത്തന്നെ അതു ബാധിക്കുമ്പോൾ പൊള്ളിപ്പോകുന്നു! ഗ്രന്ഥകാരന്മാക്കുണ്ടാകുന്ന ഈ അനുഭവം പ്രസാധകവഗ്ഗത്തിനും ഉണ്ടാവാൻ പാടില്ലെന്നില്ല. തനിക്കുവേണ്ടി ഒരു തത്വസംഹിതയും മററുള്ളവക്കുവേണ്ടി മറെറാരു തത്വസംഹിതയും വച്ചുപുലത്തിക്കൊണ്ടുപോരിക എന്നതു് അവനവനോടുതന്നെ കാണിക്കുന്ന ഒരു വഞ്ചനയാണു്. അതിനു്, സാംസ്കാരികസരണിയിൽ പ്രവത്തിക്കുന്ന ഒരു ഗ്രന്ഥകത്താവോ പ്രസാധകനോ ഒരുങ്ങരുതു്. അഥവാ ഗ്രന്ഥകാരനൊരുങ്ങിയാലും പ്രസാധകൻ അക്കായ്യത്തിൽ അയാൾക്കു കൂട്ടുനിൽക്കരുതു്.

എന്താണു് അശ്ലീലം എന്ന ഒരു ചോദ്യം ഈ സന്ദർഭത്തിൽ പൊങ്ങിവരുന്നുണ്ടു്. ആക്കും വ്യക്തമായി ഒരു മറുപടി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ചോദ്യമാണതു്. അടുത്ത കാലത്തു് കേരള നിയമസഭയിൽ ഒരു മെംബർ അശ്ലീലത്തിനൊരു നിവ്വചനം അവതരിപ്പിക്കയുണ്ടായി. ആ നിവ്വചനത്തിനനുസരിച്ചു് നോക്കിയാൽ അശ്ലീലമല്ലാതെ ലോകത്തൊന്നുമുണ്ടാവുകയില്ല. അശ്ലീലത്തിനു് സവ്വസമ്മതമായ ഒരു നിവ്വചനം നൽകാൻ ആർക്കും സാദ്ധ്യമല്ല എന്ന വസ്തുതയ്ക്കു് തെളിവാണിതൊക്കെ.

“അമ്മായി അമ്മ” എന്ന പേരിൽ ഒരു നോവലെററ് പത്തുമുപ്പതു കൊല്ലങ്ങൾക്കുമുമ്പു് ഞാൻ എഴുതുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. തോമസ് പോളിൻെറ ഉടമസ്ഥതയിൽ വളരെ അന്തസ്സായി നടന്നുപോന്ന ‘ദീപം’ മാസികയിൽ പ്രസിദ്ധം ചെയ്തശേഷമാണു് അതു് പുസ്തകരൂപത്തിലാക്കിയതു്. കേരളഗ്രന്ഥശാലാ സംഘത്തിൻെറ മുഖപത്രമായ ഗ്രന്ഥാലോക

ത്തിൽ ആ പുസ്തകത്തെപ്പററി വന്ന അഭിപ്രായം ഈ അവസരത്തിൽ ഓർത്തുപോവുകയാണു്. അശ്ലീലസാഹിത്യം വായിക്കാൻ താല്പര്യമുള്ളവക്കു് പ്രയോജനപ്പെട്ടുന്ന ഒരു പുസ്തകമാണെന്നായിരുന്നു മാന്യനായ നിരൂപകൻെറ അഭിപ്രായം. ഞാൻ എഴുതിയ ഒരു ഗ്രന്ഥം എന്ന നിലയിൽ അതിലെ ഓരോ വാക്കും എനിക്കു ഓക്കുവാൻ കഴിയും. എങ്കിലും ആ അഭിപ്രായം പ്രസിദ്ധം ചെയ്തുകണ്ട ഉടനെ ഞാൻ പുസ്തകം സസൂക്ഷ്മം വായിച്ചുനോക്കുകയുണ്ടായി. അശ്ലീലത്തിൻെറ അടുത്തെങ്ങും എത്താൻ അർഹതയുള്ള ഒരൊററ പദമോ ഒരു സൂചനയോ എനിക്കതിൽ കാണുവാൻ കഴിഞ്ഞില്ല. അശ്ലീലസാഹിത്യം സമുദായത്തിനിടയ്ക്കു് ഗുണമല്ല ദോഷമാണു ചെയ്യുന്നതു് എന്നും, എന്തുലാഭമുണ്ടായാലും അത്തരം ഗ്രന്ഥങ്ങൾ അച്ചടിക്കാനും വില്പന നടത്തുവാനും ഒരുങ്ങരുതെന്നും ആത്മാർത്ഥമായി വിശ്വസിച്ചുപോരുന്ന ഞാൻ എഴുതുകയും ഞാൻതന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്ത ഒരു പുസ്തകം അശ്ലീലസാഹിത്യമായി ആ മാന്യൻ കരുതുന്നു. ഈ അനുഭവം ഞാൻ ഇവിടെ എടുത്തു പറയുന്നതു അശ്ലീലത്തെ സംബന്ധിച്ചു് പലർക്കുമുള്ള അഭിപ്രായങ്ങൾക്കു തമ്മിൽ വളരെ അന്തരമുണ്ടെന്നു കാണിക്കാൻവേണ്ടി മാത്രമാണു്. ഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചു് ഉള്ളടക്കത്തിലാകട്ടെ ഗ്രന്ഥനാമത്തിലാവട്ടെ അശ്ലീലത്തിൻെറ നിഴലെങ്കിലും വീശിയിട്ടുണ്ടെന്നു കണ്ടാൽ തിരസ്കരിച്ചു കളയാനും അങ്ങിനെയൊന്നുമില്ലെന്നു ബോദ്ധ്യമായാൽമാത്രം അംഗീകരിക്കുവാനുംവേണ്ടി നിയുക്തമായിട്ടുള്ള സ്കൂൾ ലൈബ്രറി ബുക്കു സെലക്ഷൻ കമ്മിററി "അമ്മായി അമ്മ"യ്ക്കു് അംഗീകാരം നൽകിയപ്പോൾ എനിക്കല്പം സമാധാന

മായി. എൻെറ അഭിപ്രായത്തിനാണു് ആ നിരൂപക ൻെറ അഭിപ്രായത്തിനല്ല പിൻതുണയുള്ളതു് എന്നുക ണ്ടു് ഞാൻ സമാധാനിച്ചു. അങ്ങതന്നെ നിൽക്കട്ടെ.

സ്ത്രീപുരുഷബന്ധത്തെ സംബന്ധിച്ചു് പ്രതിപാ ദിക്കുന്ന ഗ്രന്ഥങ്ങളെല്ലാം അശ്ലീലവിഭാഗത്തിൽ പെടു മോ? പെടും എന്നു വിശ്വസിക്കുന്ന ഒരു കൂട്ടരുണ്ടു്. ഗ്ര ന്ഥങ്ങൾ ആരെ ഉദ്ദേശിച്ചു് എഴുതപ്പെടുന്നവയാണെന്നു കൂടി മനസ്സിലാക്കിക്കൊണ്ടേ അതു സംബന്ധിച്ചു് ഒരു അഭിപ്രായം പറയാനൊരുങ്ങാവൂ. നാലപ്പാടൻെറ രതി സാമ്രാജ്യം ഒരു അശ്ലീലഗ്രന്ഥമാണോ? അതുപോലെ തന്നെ മദനമഞ്ജൂഷയൊ? അവയൊക്കെ ചെറുപ്പക്കാ രെ ഇക്കിളികൂട്ടുവാൻവേണ്ടി രചിക്കപ്പെട്ടിട്ടുള്ളവയല്ലം മനുഷ്യർ അറിയേണ്ട കാര്യങ്ങളെ ശാസ്ത്രീയമായ രീതി യിൽ വിശകലനം ചെയ്തു് രചിക്കപ്പെട്ട മഹത്തായ ഗ്ര ന്ഥങ്ങളത്രെ. രാമായണത്തിൽ അശ്ലീലമല്ലേ? മഹാ ഭാരതത്തിൽ അശ്ലീലമില്ലേ? ശ്രീകൃഷ്ണൻ ഒരു അശ്ലീല പ്രവത്തകനായിരുന്നില്ലേ? എന്നൊക്കെ ചോദിക്കുന്ന വരുടെ ചോദ്യങ്ങളെപ്പററി അധികം ചിന്തിക്കാനില്ല. തങ്ങളുടെ അശ്ലീലവ്യവസായത്തെ ന്യായീകരിക്കാൻ വ്യഗ്രത കാട്ടുന്നവരുടെ ചോദ്യങ്ങളാണവ. രാമായണ ത്തേയും മഹാഭാരതത്തേയും ശ്രീകൃഷ്ണനേയും ഒക്കെ അ വരുടെ കണ്ണുകൾകൊണ്ടു് കാണാനാണവർ ശ്രമിക്കുന്ന തു് എന്നു സമാധാനിക്കാനേ ഉള്ളു.

ചുരുക്കത്തിൽ ഞാനിവിടെ പറയുന്നതു് ഇത്രമാത്ര മാണു്. സാഹിത്യത്തിനു് ചില ധർമ്മങ്ങളൊക്കെ യുണ്ടു്. അശ്ലീലസാഹിത്യം ആ ധർമ്മങ്ങളെ വ്യഭിച രിക്കുകയാണു് ചെയ്യുന്നതു്. പ്രസാധകന്മാർ അത്തരം സാഹിത്യകൃതികളെ പ്രോത്സാഹിപ്പിച്ചുകൂടാ. അശ്ലീ

ലത്തെ നിരുത്സാഹപ്പെടുത്തുവാൻ ഏററവും കഴിവുള്ള വർ പ്രസാധകരാണു്.

ഈയിടെ എനിക്കു് കിട്ടിയ ഒരു കത്തിലെ ഏതാനും ഭാഗങ്ങൾ ഇവിടെ എടുത്തുചേക്കുന്നതു് നന്നാണെന്നു ഞാൻ കരുതുന്നു. പാലായ്ക്കടുത്ത ദേശത്തുനിന്നു് ഒരു സഹൃദയൻ 2-12-'67ൽ എഴുതിയതാണാ കത്തു്.

"—താങ്കളുടെ പത്താമത്തെ ലേഖനമാണു് എന്നെ ഏററവും ആകർഷിച്ചതു്. 'ഞാൻ പ്രസിദ്ധം ചെയ്യുന്ന പുസ്തകങ്ങൾ എന്റെ കുട്ടികൾ വായിക്കാനെടുക്കുമ്പോൾ, അരുതു് എന്നു പറയുവാൻ പററുമോ?' എന്നു താങ്കൾ എഴുതിയപ്പോൾ, പ്രസാധകവർഗ്ഗത്തിലെ ഒരു വലിയ മനുഷ്യനെ ഞാൻ കണ്ടെത്തുകയായിരുന്നു. ഇത്തരം എത്ര പ്രസാധകരുണ്ടു് നമ്മുടെ നാട്ടിൽ എന്നും ചിന്തിച്ചുപോയി.

സിനിമാ നടികളുടേയും വേശ്യകളുടേയും മാറിടങ്ങളിലും നിതംബങ്ങളിലും മാത്രം റിയലിസം കണ്ടെത്തുന്ന കുറെ എഴുത്തുകാർ നമുക്കുണ്ടു്. കുറേ ലൈംഗീക അരാജകത്വം വാരിവിളമ്പി, ഒരു യുവതിയുടെ നഗ്നമായ ഫോട്ടോ പുറംചട്ടയായും ചേർന്നാൽ അതൊരു മികച്ച കലാസൃഷ്ടിയായി എന്നു കരുതുന്നവരുമുണ്ടു്. വേശ്യാലയങ്ങളിലും നിശാക്ലബ്ബ്കളിലും മാത്രമേ അക്കൂട്ടർ യഥാർത്ഥജീവിതം കാണുന്നുള്ളു എന്നു തോന്നുന്നു. അത്തരക്കാരെ ബോധപൂർവ്വം നിരുത്സാഹപ്പെടുത്തേണ്ടതു് സഹൃദയരായ പ്രസാധകരാണു്.ഇക്കാര്യത്തിൽ അങ്ങു് എടുത്തിട്ടുള്ള തീരുമാനങ്ങളെ ഞാൻ നന്ദിയോടെ സ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു."

ഇത്തരം ചിന്താഗതിയോടുകൂടിയ വായനക്കാർ വളരെയേറെ ഉണ്ടെന്നു കാണിക്കുവാൻവേണ്ടി മാത്രമാണു് ഇത്രയും ഇവിടെ ഉദ്ധരിച്ചതു്.

# XX

## അദ്ധ്യാൻസുകൾ

സാഹിത്യപ്രവൎത്തനം പേരിനും പെരുമയ്ക്കും മാത്രം ഉതകുന്ന ഒരു കാൎയ്യമായിരുന്നു ഏറെക്കാലത്തിനു മുൻപുവരെ. അപൂൎവ്വം ചിലൎക്കുമാത്രം വല്ലപ്പോഴും വല്ലതും പ്രതിഫലം കിട്ടുക എന്ന സമ്പ്രദായമേ മലയാളത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നുള്ളു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയൊന്നും ഇല്ല. ആ നിലയൊക്കെ മാറിത്തുടങ്ങി എന്നല്ല ഇപ്പോൾ പറയേണ്ടതു്—വളരെ മാറി എന്നുതന്നെയാണു്. സാഹിത്യപ്രവൎത്തനംമാത്രം കൊണ്ടു ജീവിക്കാനും നല്ല സമ്പാദ്യമുണ്ടാക്കുവാനും കഴിഞ്ഞ ആളുകൾ അപൂൎവ്വമല്ല ഇന്നു മലയാളത്തിൽ. കണക്കുപറഞ്ഞും വിലപേശിയും നല്ല വിലയ്ക്കു ചരക്കുവില്ക്കാൻ ഇന്നു് എഴുത്തുകാൎക്കു് കഴിവുണ്ടു്; അതിനു സൗകര്യവുമുണ്ടു്. എഴുത്തുകാർ പ്രസാധകരെ തിരക്കിപോകുക എന്ന രീതിമാറി, കുറേപ്പേരെ സംബന്ധിച്ചെങ്കിലും പ്രസാധകർ എഴുത്തുകാരെ തിരക്കിപ്പോകുക എന്ന രീതി വന്നുകഴിഞ്ഞിട്ടുണ്ടെന്നു പോലും പറയേണ്ടിയിരിക്കുന്നു.

മററൊറിനു് വല്ല പ്രതിഫലവും കിട്ടുമെന്നുവന്നാൽ തന്നെയും, അതച്ചടിച്ചുവിട്ടു് പ്രസാധകനു് ഉണ്ടാകുന്ന

ലാഭത്തിൽ നിന്നായിരിക്കും അതു കിട്ടുക എന്ന കാലമൊക്കെ പോയി. കടലാസിനും അച്ചടിക്കൂലിക്കും വേണ്ടപണം സംഭരിക്കുന്നതിനു മുൻപുതന്നെ ഗ്രന്ഥകാരനുള്ള പ്രതിഫലത്തുക മുടക്കേണ്ടിയിരിക്കുന്നു എന്നാണു് പ്രസാധകൻെറ ഇന്നത്തെ അനുഭവം. ഗ്രന്ഥകാരന്മാരെ സംബന്ധിച്ചിടത്തോളം അങ്ങിനെയൊരു നല്ലകാലം വന്നു ചേൎന്നതിൽ പ്രസാധകൻ സന്തോഷിക്കുന്നുണ്ടു്. ഗ്രന്ഥകാരന്മാരുടെ നില ഇനിയും ഉയൎന്നുയൎന്നു വരണമെന്നുതന്നെയാണു് പ്രസാധകരുടെ താല്പൎയ്യവും. എന്തുകൊണ്ടെന്നാൽ പ്രസാധകൻെറ ബിസിനസ്സു് മുഴുവനായി തന്നെ ഗ്രന്ഥകാരന്മാരെ ആശ്രയിച്ചാണല്ലോ നില്ക്കുന്നതു്.

എഴുത്തുകാരോടുള്ള പ്രസാധകരുടെ മമത വൎദ്ധിച്ചതോടെ, എഴുതിയ മാററിനു പ്രതിഫലം കിട്ടുക എന്നതും കഴിഞ്ഞിട്ടു് എഴുതാൻ ഉദ്ദേശിക്കുന്ന ഗ്രന്ഥത്തിനു് അഡ്വാൻസു് പ്രതിഫലം കിട്ടുക എന്ന സമ്പ്രദായം വരെ ഇന്നു നിലവിലുണ്ടു്. പ്രതിഫലം അഡ്വാൻസു് ചെയ്തതുമൂലം സംഭവിച്ച അനൎത്ഥങ്ങളെപ്പററി പ്രസിദ്ധരായ പ്രസാധകൎക്കു് പല അനുഭവ കഥകളും പറയാനുണ്ടാവും. ചിലരിൽനിന്നു് പലതുമങ്ങിനെ നേരിട്ടുകേൾക്കാനും ഇടയായിട്ടുണ്ടു്. പുസ്തകങ്ങളുടെ വിലനിരക്കു് 100 പേജിനു് ഒരുരൂപ എന്ന തത്വം സാമാന്യമായി എല്ലാവരും അംഗീകരിച്ചുപോന്ന ഒരു കാലഘട്ടത്തിൽ അൻപതു പേജോളം വരുന്ന ഒരു പുസ്തകത്തിനു് ഒരു പ്രസാധകൻ ഒരു രൂപ വിലവച്ചിരിക്കുന്നതായി കണ്ടു. അതുകുറെ സാഹസമായില്ലെ എന്നു് ഒരു സന്ദർഭത്തിൽ ആ പ്രസാധകനോടു് ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നു:- "വളരെ കഷ്ടമായിപ്പോയി, എന്തു

ചെയ്യാം. പുസ്തകം എഴുതിത്തീരാറായി. ഇരുനൂറു പേജോളംവരും എന്നുപറഞ്ഞു ഗ്രന്ഥകാരൻ ഒന്നാംപതിപ്പിനുള്ള പ്രതിഫലമായി അഞ്ഞൂറുരൂപ വാങ്ങി. കുറേക്കാലം കാത്തിരുന്നു കഴിഞ്ഞിട്ടു് കിട്ടിയതു് ഇതാണു്. ആ തുകയും അച്ചടിക്കൂലിയും കടലാസും കഴിച്ചാൽ പരസ്യച്ചെലവുപ്പോലും ഈടായിക്കിട്ടുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു." എത്രയെത്ര പുസ്തകങ്ങളുടെ പിന്നിൽ ഇത്തരം എത്രയെത്ര കഥകൾ നിലകൊള്ളുന്നുണ്ടെന്നു് വായനക്കാരോ നിരൂപകരോ അറിയുന്നുണ്ടോ?

പുസ്തകം എഴുതിത്തന്നു് അതിൻെറ പ്രതിഫലം കൊണ്ടു് കടംപോക്കിക്കൊള്ളാം എന്ന വ്യവസ്ഥയിൽ എൻെറ പക്കൽനിന്നും കടം പററിയ ഗ്രന്ഥകാരൻ പിന്നീടു് ആ വഴിക്കു് തിരിച്ചിട്ടില്ലെന്ന അനുഭവം എനിക്കുണ്ടു്. റോയൽററിയിന്മേൽ ഒരു പതിപ്പിനുള്ള അവകാശം വാങ്ങി അടിച്ച പുസ്തകത്തിൻെറ അടുത്ത പതിപ്പുകൂടി തന്നുകൊള്ളാമെന്നും അതിൻെറ പ്രതിഫലത്തിൽ വകവയ്ക്കാമെന്നും പറഞ്ഞു് തുക പററിയശേഷം അടുത്ത പതിപ്പു് വേറൊരു പ്രസാധകനു് കൊടുക്കുകയും ഞാൻ വിവരമാരാഞ്ഞപ്പോൾ കൈമലത്തുകയും ചെയ്ത ഗ്രന്ഥകാരനുമുണ്ടു്. ഇത്തരം ഓരോ അനുഭവവും പിന്നീടുള്ള നീക്കത്തിനു് ഓരോ പാഠമായിരിക്കുന്നു എന്നതിനു തർക്കമില്ല. ഒരബദ്ധം പററാത്തവനും പത്തബദ്ധം പററിയവനും ഉണ്ടാവുകയില്ലന്നാണല്ലോ ചൊല്ലു്.

അഡ്വാൻസിനെ സംബന്ധിച്ചിടത്തോളം പ്രത്യേകം എടുത്തു പറയാൻ തോന്നുന്ന ഒരനുഭവം ഉണ്ടു്.

ഒരു ഗ്രന്ഥകാരൻ - പ്രശസ്തനായ ഗ്രന്ഥകാരൻ എന്നുകൂടി പറയേണ്ടിയിരിക്കുന്നു - ഒരു നോവലിൻെറ മാററുമായി ഇവിടെവന്നു. ബാങ്കിൽ സ്വർണ്ണം കൊ

ണ്ടുചെന്നു കൊടുത്തു് പണം ചോദിക്കുന്നതുപോലെയാണല്ലൊ അല്പം പ്രശസ്തി യാജ്ജിച്ചു കഴിഞ്ഞ എഴുത്തുകാർ മാററവുമായി പ്രസാധകരെ സമീപിക്കുക. മണിക്കൂറുകൾപോലും താമസിക്കുക വിഷമമെന്നായിരിക്കും പറയപ്പെടുക. ഒരാനുകാലിക പ്രസിദ്ധീകരണത്തിൽ തുടക്കഥയായി പ്രസിദ്ധം ചെയ്യുതാണുമാററർ കുറേ ചിത്രങ്ങളൊക്കെ ചേർത്തിട്ടാണു് ആ വാരിക ആ തുടക്കഥ പ്രസിദ്ധം ചെയ്തതു്. ഒരു നൂററിരുപതുപേജിൽ കവിയുകയില്ല അതു പുസ്തകമാക്കിയാൽ എന്നെനിക്കുതോന്നി. അതിനനുസരണമായി ഞാൻ ഒരു പ്രതിഫലവും നിശ്ചയിച്ചു. അത്രയും പേജിനു് ആ പ്രതിഫലം പോരാത്തതാണെന്നു് കഥാകൃത്തിനു് അഭിപ്രായമില്ല. പക്ഷെ 120 പേജ് എന്ന അഭിപ്രായം തെററാണെന്നു് കക്ഷി പറഞ്ഞു 300 പേജുവരും. എത്ര ചുരുങ്ങിയാലും 250ൽ കുറയുകയില്ല എന്നാണുപക്ഷം. "ഏതായാലും ഒന്നുക്രുടി കണക്കാക്കിനോക്കൂ, ഇപ്പോൾ കുറെ തുക തരു," എന്നായി കക്ഷി. കക്ഷിയുടെ ആവശ്യത്തെ ആദരിച്ചു് നിസ്സാരമല്ലാത്ത ഒരു തുക കൊടുത്തുവിട്ടു.

ഏതാനും ദിവസം കഴിഞ്ഞു് കക്ഷി വീണ്ടും വന്നു. ക്രൌൺ എട്ടിലൊന്നു സൈസിൽ— മലയാള പുസ്തകങ്ങളുടെ സാധാരണ സൈസിൽ— ഒരു പേജിൽ 550നും 600 നും ഇടയ്ക്കു് അക്ഷരങ്ങൾ ഉൾക്കൊള്ളുമെന്നാണു് ഞാനൊന്നു മനസ്സിലാക്കി വച്ചിട്ടുള്ളതു്. അക്ഷരങ്ങളുടെ ബോഡിവ്യത്യാസംകൊണ്ടു് അല്പസ്വല്പമായ മാററം വന്നെങ്കിലേ ഉള്ളു. എന്റെ അനുഭവത്തിൽ പെട്ടിടത്തോളം കണക്കുകൾ വച്ചുകൊണ്ടു നോക്കിയിട്ടും ആ പുസ്തകം 120 പേജിൽ കവിഞ്ഞു പോകുമെന്നു കാണാൻ കഴിയുമായിരുന്നില്ല. കക്ഷി അതു

പാടേ നിഷേധിക്കുകയും ചെയ്യുന്നു. വേറൊരു പ്രസാധകനു കൊടുക്കാൻ സൗകര്യമുണ്ടെന്നും നല്ല പ്രതിഫലം കിട്ടുമെന്നും മാററർ തിര്യേ ഏല്പിച്ചാൽ അവിടെ കൊടുത്തു് പ്രതിഫലം വാങ്ങി ഒരാഴ്ചയ്ക്കകം അഡ്വാൻസ്സ് തുക തിര്യേ തന്നുകൊള്ളാമെന്നും ഗ്രന്ഥകാരൻ പറഞ്ഞു. കൊടുത്ത തുക തിര്യേ വാങ്ങിയിട്ടു് മാററർ മടക്കിക്കൊടുക്കുന്നതാണു് നല്ലതെന്നു് എന്റെ പിൻഗാമികളിൽ ഒരാൾ എന്നോടു് പറയാതിരുന്നില്ല. എങ്കിലും ആ ഗ്രന്ഥകാരന്റെ പേരിനെയും വാക്കിനേയും ആദരിച്ചു് മാററർ കൊടുത്തു. ഒന്നു രണ്ടാഴ്ചയ്ക്കകം പുതിയ പ്രസാധകന്റെ പരസ്യം കണ്ടു. ആ പുസ്തകത്തിനു് നാലുരൂപവില നിശ്ചയിച്ചുകൊണ്ടു്. എന്താണിതെന്നു വളരെ അന്ധാളിപ്പുതോന്നി. മൂന്നുമാസം കഴിഞ്ഞപ്പോൾ അച്ചടിച്ചപുസ്തകം ഇവിടെ വില്പനയ്ക്കു വന്നുകിട്ടി. പേജു് 107 വില ഒന്നരരൂപയും.

എന്റെ അനുമാനം ശരിയായിരുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ടെന്നും പുസ്തകം വില്പനയ്ക്കായി എത്തിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഒരാഴ്ചയ്ക്കകം എന്നു പറഞ്ഞ അഡ്വാൻസു തുക ഉടനെ അയച്ചുതരണമെന്നും കാണിച്ചു് ഗ്രന്ഥകാരനു കത്തയച്ചു. പുതിയ പ്രസാധകനിൽനിന്നു തുക നേരത്തെ കിട്ടി എന്നും അതൊക്കെ ചെലവായിപ്പോയി എന്നും അധികം താമസിയാതെ ഒക്കെ ശരിപ്പെടുത്താമെന്നും മറവമായിരുന്നു മറുപടി.

ഒരാഴ്ചയ്ക്കുപകരം ഇപ്പോൾ ആഴ്ചകൾ നൂറല്ല നൂററിയൻപതല്ല കഴിഞ്ഞുപോയിട്ടുള്ളതു്. ഇന്നും വള്ളം തിരുനക്കരതന്നെയാണു്. ഇതു സംബന്ധിച്ചു അയച്ച കത്തുകളോ ലഭിച്ചമറുപടികളോഇവിടെചേർത്തുകൊണ്ടു

പ്രയോജനമില്ല. ആ തുക തിരച്ചു ചോദിക്കുന്നതു് തീരെ അനുചിതമാണെന്നത്രേ ഗ്രന്ഥകാരൻെറ പക്ഷം എന്നു തോന്നുന്നു. മറുപടികളിലെ ധ്വനി ഏതാണ്ടു് ആ വിധത്തിലാണു്.

തൊഴിലുടമകളും തൊഴിലാളികളും തമ്മിൽ എപ്പോഴും മത്സരം നടന്നുകൊണ്ടിരിക്കുന്നതായി നാമിപ്പോഴും കാണുന്നുണ്ടു്. തൊഴിലുടമ എന്ന ആശയം ലോകത്തുനിന്നും പാടേ തുത്തെറിഞ്ഞാൽ അതോടുകൂടിത്തന്നെ തൊഴിലാളി എന്ന ആശയവും തുത്തെറിയപ്പെടുകയല്ലേ ചെയ്യുക? പ്രസാധകരെയൊക്കെ പാടേഹിംസിച്ചുകഴിഞ്ഞാൽ എഴുത്തുകാരുടെ കാര്യത്തിലും ചില പരുങ്ങലുകളൊക്കെ ഉണ്ടായി എന്നുവരില്ലേ? പ്രസാധകരും ജീവിച്ചുകൊള്ളട്ടെ എന്നു വിചാരിക്കേണ്ടതു് സ്വന്തം നന്മയെ ലാക്കാക്കിയെങ്കിലും ഗ്രന്ഥകാരന്മാൎക്കു് ആവശ്യമല്ലേ?

പ്രസാധകർ പെരുകുന്തോറും വിലപേശി നല്ല പ്രതിഫലം വാങ്ങുവാൻ സൗകര്യം വൎദ്ധിക്കുകയല്ലേ ചെയ്യുന്നതു്? ഇതൊക്കെ ഗ്രന്ഥകാരന്മാർ മനസ്സിലാക്കായ്കയാവില്ല— മനസ്സിലായില്ലെന്നു് ഭാവിക്കുകയാവാമെന്നു തോന്നുന്നു.

## XXI

## പ്രത്യവലോകനം

പ്രസാധകവർഗ്ഗം ഗ്രന്ഥകാരന്മാരുടെ ചോരയൂററി ക്കുടിച്ചു് തടിച്ചുവീൎത്തുകഴിയുന്ന ഒരു കൂട്ടരാണെന്നാണു് പലരുടേയും ധാരണ. ഹൃദ്യമായ വിധത്തിൽ എഴുതി ഫലിപ്പിക്കുവാൻ ജന്മനാവൈദഗ്ദ്ധ്യമുള്ള ഗ്രന്ഥകാര ന്മാൎക്കു് ആ ധാരണയെ പരിപോഷിപ്പിക്കാനുള്ള കഴിവു മുണ്ടു്. മറെറാരു കൂട്ടരുടെ ചുമലിൽ അപരാധഭാണ്ഡം കെട്ടിവയ്ക്കുകയും, അവരുടെ ചൂഷണത്തിനു് വിധേയ രായി തങ്ങൾ വശംകെട്ടുകയാണെന്നു് വിലപിക്കുകയും ചെയ്താൽ ബഹുജനങ്ങളുടെ അനുകമ്പ സ്വയമേവ തങ്ങ ളിൽ വൎഷിക്കും എന്നു വിശ്വസിക്കുകയും അതിന്നനു സരണമായി പ്രവൎത്തിക്കുകയുംചെയ്യുന്നആളുകളും ഗ്രന്ഥ കാരന്മാരുടെ കൂട്ടത്തിലുണ്ടു്. തങ്ങൾ മററ വല്ലവിധ ത്തിലും ആൎജ്ജിച്ചിട്ടുള്ള രക്തം ഊററിക്കുടിക്കുന്ന നിര വധി അട്ടകൾ തങ്ങളുടെ ഉടലിലെമ്പാടും തൂങ്ങിക്കിടക്കു കയാണെന്നുള്ള പരമാൎത്ഥം പ്രസാധകൎക്കേ അറിയാവൂ. ആയിരമായിരം തിക്തകാനുഭവങ്ങൾകൊണ്ടു് അവർ വീൎപ്പുമുട്ടിക്കഴിയുകയാണെന്നുള്ളതാണു് യാഥാൎത്ഥ്യം. പക്ഷെ, അവർ എഴുത്തുകാരല്ലാത്തതുകൊണ്ടു് ആ അനു ഭവങ്ങൾ സ്വയം സഹിക്കാനല്ലാതെ മററാരെയും അറി

യിക്കുവാനുള്ള കഴിവ് അക്കൂട്ടക്കില്ല. ഒച്ചത്തിൽ വിളിച്ചുപറയുന്നതു കേൾക്കുന്ന പൊതുജനത്തിനു അതുതന്നെ ശരി എന്നു വിധിക്കാനേ ആവൂ. അങ്ങനെ എല്ലാ വിധത്തിലും അവശതകൾ അനുഭവിക്കുകയും എന്നിട്ടും പൊതുജനക്കോടതിയിൽനിന്നും തെററായും ഏകപക്ഷീയമായും ഉണ്ടാകുന്ന വിധിക്ക് കീഴടങ്ങേണ്ടി വരികയും ചെയ്യുന്ന ദൗർഭാഗ്യാവസ്ഥയിലാണു് പ്രസാധകർ കഴിയുന്നതു്.

പ്രസാധകത്വം കൈയേററുകൊണ്ടു് ഒരു പുസ്തകം ആദ്യമായി ഞാൻ പ്രസിദ്ധപ്പെടുത്തിയതു് 1925ൽ ആയിരുന്നു. സാഹിത്യത്തറവാട്ടിലെ തലയെടുപ്പുള്ള കാരണവന്മാരുടെ മുൻപന്തിയിൽ നില്ക്കുന്ന ആളായി ആദരിക്കപ്പെടുന്ന സാഹിത്യകുശലൻ ശ്രീ. ഏ. ഡി. ഹരിശർമ്മയുടെ 'രസികൻ കഥകൾ' എന്ന പുസ്തകമായിരുന്നു അതു്. ശ്രീ. ശർമ്മതന്നെ അതേപ്പററി വായനക്കാരോടല്പം സംസാരിച്ചുകൊള്ളട്ടെ:-

"നരസിംഹവിലാസം ബുക്കുഡിപ്പോ മൂലം 'ഗ്രന്ഥകാര'ന്മാരായിത്തീർന്ന അപൂർവ്വം ചിലരെങ്കിലും ഇന്നു നമ്മുടെ ഇടയിലുണ്ടു്. പില്ക്കാലത്തു് ഒന്നാംകിടസാഹിത്യകാരന്മാരായിത്തീർന്ന ചിലർ തങ്ങളുടെ ഒന്നാമത്തെ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി മാധവപ്പിള്ളയുടെ പിന്നാലെ നടന്ന കഥയും എനിക്കറിയാം. പരമാർത്ഥം പറഞ്ഞാൽ എന്റെ 'രസികൻ കഥകൾ' എന്ന ചെറുകഥാസമാഹാരം പുസ്തകരൂപം കൈക്കൊണ്ടതു തന്നെ ശ്രീ മാധവപ്പിള്ള നിമിത്തമാണു്. ഞാൻ ഒരു കഥയെഴുത്തുകാരനല്ലെന്നു് മററുള്ളവരെക്കാൾ കൂടുതലായി എനിക്കറിയാം. യൗവ്വനത്തിലെ ചാപല്യഫലമായി അന്നു ചില കഥാമാസികകളിൽ ചിലതൊക്കെ എഴുതി

എന്നുമാത്രം. അതൊക്കെ സമാഹരിച്ച് പുസ്തകരൂപത്തിലാക്കാൻ മുൻകൈ എടുത്തു പ്രവർത്തിച്ചതു് ശ്രീ. മാധവപ്പെെ ആണു്. ആ കഥയില്ലാത്ത കഥാപുസ്തകത്തിനു് ഇതിനകം മൂന്നോ നാലോ പതിപ്പുകൾ കഴിഞ്ഞിരിക്കുന്നുവത്രെ! നമ്മുടെ വായനക്കാരുടെ അഭിരുചിയെഓർത്തു് അത്ഭുതപ്പെടുകയോ, മാധവപ്പെെയുടെ വ്യാപാരസാമർത്ഥ്യത്തെ പുകഴ്ത്തുകയോ എന്താണു് ഇക്കാര്യത്തിൽ വേണ്ടതെന്നു നിശ്ചയമില്ല.''

പ്രസാധനവും ഞാനും തമ്മിൽ പൊരുത്തപ്പെട്ടു തുടങ്ങിയിട്ടു് ഇപ്പോൾ നാല്പതിലധികം കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. വളരെയേറെ ഗ്രന്ഥകാരന്മാരുമായി പരിചയപ്പെടുവാൻ ഇതിനകം അവസരം ലഭിച്ചിട്ടുണ്ടു്. അവരുടെയൊക്കെ വ്യക്തിത്വം അനുഭവങ്ങളിൽ കൂടി തന്നെ ശരിക്കറിയാനും ഇടയായിട്ടുണ്ടു്. അങ്ങനെ ഉണ്ടായിത്തീർന്നിട്ടുള്ള അനേകമനേകം അനുഭവങ്ങളെയെല്ലാം ഇവിടെ നിരത്തിവയ്ക്കാനൊരുമ്പെടുന്നതു് ആശാസ്യമായിരിക്കുകയില്ല. പ്രസാധകരെ ചൂഷകവർഗ്ഗമായി മുദ്രയടിക്കുന്ന പൊതുജനങ്ങളുടെ മുമ്പിൽ വസ്തുതകൾ ചുരുക്കമായെങ്കിലും അവതരിപ്പിക്കേണ്ടതുണ്ടെന്നു തോന്നിയതിനാൽ, ആ നിരവധി അനുഭവങ്ങളിൽനിന്നു് ചുരുക്കം ചിലതു് ഇങ്ങനെ ഈ പംക്തികളിൽ കുറിക്കുവാനിടയായതാണു്. ഈ ലേഖനപരമ്പരയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ ഏറിയകൂറും ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നവരാകയാൽ അവരോടു് അങ്ങേയററം സത്യസന്ധത പാലിക്കുവാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു് എന്ന വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു. കത്തുകൾ ഉദ്ധരിക്കുമ്പോൾ ഏറെ വഷളായതു് ഉദ്ധരിക്കാതിരിക്കുവാനും, വിശദീകരണം ആവുന്നത്രമയപ്പെട്ട

ത്താനും അങ്ങേയററം ഉത്സാഹിച്ചിട്ടുണ്ടെന്നുള്ളതാണു സത്യം. ഇവിടെ പ്രതിപാദിച്ചിട്ടുള്ളവയെക്കാറം ഏറെ ഞെട്ടിപ്പിക്കത്തക്ക അനുഭവങ്ങരം ചിലതുണ്ടെങ്കിലും, അവയൊക്കെ ഒരിക്കലും വിസ്മരിക്കാനാവാത്തതാണെന്നിരുന്നാലും, അവയുമായി ബന്ധപ്പെട്ട വ്യക്തികളുടെ നേക്ക് എനിക്കുള്ള ആദരവിൻെറ ഫലമായി അതൊക്കെ വിട്ടുകളഞ്ഞിട്ടുണ്ടു്. അനുഭവങ്ങളിൽ ഏതാനും ചിലതുമാത്രമേ ഇവിടെ പ്രതിപാദിച്ചിട്ടുള്ളു എന്നതിനാൽ അങ്ങനെ ചിലതു് മനഃപൂവ്വം വിട്ടുകളഞ്ഞതു് സത്യസന്ധതയ്ക്കു പോരാത്തതായിപ്പോയി എന്നു് വായനക്കാരിലാരുംതന്നെ എന്നെ കുററപ്പെടുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മനുഷ്യരുടെ യഥാത്ഥമായ മുഖങ്ങളല്ല, അവർ വച്ചുകെട്ടിയ അഴകേറിയ പൊയ്മുഖങ്ങളാണു് ഇന്നു് അധികവും നാം കാണുന്നതു്. പൊയ്മുഖങ്ങരം വച്ചുകെട്ടേണ്ടതു് ആവശ്യമാണെന്നു തോന്നിയ കാലം മുതല്ക്കാണു് അക്കൂട്ടർ പൊയ്മുഖങ്ങരം വച്ചുകെട്ടി സഞ്ചരിച്ചു തുടങ്ങീട്ടുള്ളതു്. അതിനു മുമ്പും അവർ ജീവിച്ചിരുന്നു. പലതും പ്രവത്തിച്ചിരുന്നു. പൊയ്മുഖം വച്ചുകെട്ടിയതോടെ പഴയ കാര്യങ്ങളെല്ലാം മാഞ്ഞുപോയി എന്നാവാം അവർ കരുതുന്നതു്. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ സത്യസന്ധതയോടുകൂടിയാണെങ്കിലും പഴയ കാര്യങ്ങളെപ്പററി പരമാർശനമുണ്ടാകുന്നതു് അവക്കിഷ്ടപ്പെട്ടു എന്നു വരികയില്ല. അവിടെ ഞാൻ അപരാധിയായി എണ്ണപ്പെട്ടും. ചില വസ്തുതകരം വെളിപ്പെടുത്തുന്നു എന്നല്ലാതെ ആ വ്യക്തികളോടു് വ്യക്തിപരമായ വൈരാഗ്യം ഒന്നും എനിക്കില്ലെന്നും ഈ പരമാശ്ശനം മൂലം അവക്കു് തെല്ലെങ്കിലും മനോവേദന ഉണ്ടാകുന്നു

എങ്കിൽ അതിലധികം മനോവേദനയാണു് അങ്ങനെ വേണ്ടിവന്നതിൽ ഞാൻ അനുഭവിക്കുന്നതു് എന്നു് അവർ മനസ്സിലാക്കണമെന്നും എന്നോടു് അക്കാര്യത്തിൽ ക്ഷമിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഗ്രന്ഥകർത്താക്കളിൽനിന്നുണ്ടായിട്ടുള്ള അനുഭവങ്ങളെപ്പററി മാത്രമാണു് ഇവിടെ പരാമർശിച്ചിട്ടുള്ളതു്. പ്രസാധകൻ പലരുമായും ഇടപെടേണ്ടിവരുന്നുണ്ടു്. അവരിൽ ഒരു കൂട്ടർ മാത്രമാണു് ഗ്രന്ഥകർത്താക്കൾ. അച്ചടിശാലക്കാർ, ചിത്രകാരന്മാർ, ബ്ലോക്കുനിർമ്മാതാക്കൾ, കടലാസുവ്യാപാരികൾ സർവ്വോപരി നിരൂപകന്മാർ എന്നിങ്ങനെ പല കൂട്ടരുണ്ടു് പ്രസാധകന്മാരുമായി ഇടപെടുന്നവരായിട്ടു്. ആ രംഗങ്ങളിലേക്കു് കടന്നാലും ഉണ്ടാവും രസകരങ്ങളും ഖേദകരങ്ങളുമായ പല അനുഭവങ്ങൾ. അതൊക്കെയുംകൂടി ചേർന്നു വന്നാലേ ഈ പ്രതിപാദനം ഒരു വിധത്തിലെങ്കിലും പൂർണ്ണമാവുകയുള്ളു. സൗകര്യം കിട്ടിയാൽ ഇനിയൊരിക്കൽ അതിന്നായി യത്നിച്ചുകൊള്ളാമെന്നുമാത്രം ഇവിടെ പറഞ്ഞുവയ്ക്കട്ടെ.

പ്രസാധകർ പല കൂട്ടരുമായി ഇടപെടേണ്ടതുണ്ടെന്നിരുന്നാലും അവരിൽ മററെല്ലാവരേയും അപേക്ഷിച്ചു് പ്രത്യേകമായി ഒരു മമതാബന്ധം ഗ്രന്ഥകാരന്മാരുമായി അവൎക്കുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. ഗ്രന്ഥകർത്താക്കളും പ്രസാധകന്മാരും പരസ്പര പൂരകങ്ങളായ രണ്ടു ഘടകങ്ങളാണെന്നുള്ളതാണു സത്യം. അങ്ങനെ പറയുന്നതു് ഇഷ്ടപ്പെടാത്ത ഗ്രന്ഥകർത്താക്കൾ എന്നോടു ക്ഷമിക്കട്ടെ. ഗ്രന്ഥകർത്താക്കൾ വളരാൻ കൊതിക്കുന്നവനാണു് പ്രസാധകൻ; അവർ തളരുന്നതു് അയാൾക്കൊരിലും സന്തോഷമാവില്ല. ഈ ഒരു ചിന്താഗതി അയാൾക്കുണ്ടാകുന്നതിൽ അല്പം സ്വാർത്ഥംഉൾക്കൊണ്ടി

ട്ടുണ്ടെന്നു് പറയാമെന്നിരുന്നാൽ തന്നെയും, അതൊരു സത്യമാണു്. ഗ്രന്ഥകൎത്താക്കൾക്കും ഇതേ ചിന്താഗതിയുണ്ടായിക്കാണുവാൻ പ്രസാധകൻ കൊതിക്കുന്നു. പ്രസാധകൻ തളരുകയല്ല വളരുയാണു് വേണ്ടതെന്നു് ഗ്രന്ഥകൎത്താക്കൾ കരുതണം. സ്വാതന്ത്ര്യത കൈവെടിയാതെ തന്നെ ആയാലുംമതി അതു്. പരസ്പരം മത്സരിച്ചു കഴിയുന്ന രണ്ടു കൂട്ടരായി അവരെ കാണുവാൻ പൊതുജനങ്ങൾക്കു് ഇടയാവാതിരിക്കട്ടെ. ഇരുകൂട്ടരുടേയും നന്മയ്ക്കുള്ള ഒരു മാൎഗ്ഗമാണതു്.

എഴുത്തുകാരെല്ലാം മോശക്കാരാണെന്നോ പ്രസാധകരെല്ലാം നല്ല കൂട്ടരാണെന്നോ സ്ഥാപിക്കുവാൻ ഞാൻ ശ്രമിക്കുന്നതായോ ശ്രമിച്ചിട്ടുള്ളതായോ ആരും തെററിദ്ധരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെ തെററിദ്ധരിക്കരുതെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു. ഏതുരംഗത്തും കാണാം നമുക്കു് നല്ലയാളുകളേയും മോശക്കാരേയും. സത്യസന്ധതയോടുകൂടിമാത്രം പെരുമാറുന്ന ഹൃദയാലുക്കൾ എത്രയോ പേരുണ്ടു് എഴുത്തുകാരുടെ കൂട്ടത്തിൽ. അവരെപ്പററി ചിന്തിക്കുമ്പോൾതന്നെ നമ്മുടെ ശിരസ്സ് താനേ കുനിഞ്ഞുപോകും. ലാഭംമാത്രം ഇച്ഛിച്ചു് എന്തും പ്രവൎത്തിക്കാനും ഏതു നെറികേടും കാണിക്കാനും തയാറുള്ളവർ പ്രസാധകവൎഗ്ഗത്തിലും ഉണ്ടു്. അവരെപ്പററി ചിന്തിക്കുമ്പോഴൊക്കെ ലജ്ജിക്കാതെയും കഴിയുകയില്ല. പക്ഷെ എല്ലാവരും അങ്ങിനെയാണെന്നു കരുതിക്കൂടല്ലൊ. രണ്ടുകൂട്ടരുടെ ഇടയിലും കാണും രണ്ടു തരക്കാരെയും കഞ്ചാവിൽ ഉമ്മത്തിൽകുരു ചേൎന്നുകൊള്ളട്ടെ; വിലക്കിയാലുണ്ടോ അവ സമ്മതിക്കാൻ പോകുന്നു! കളഭവും കസ്തൂരിയുമായി കൂട്ടുകൂടുന്നതിനെ വിലക്കുവാൻ അവയ്ക്കും കഴിയുന്നതല്ലല്ലൊ. ഹൃദയമുള്ള

എഴുത്തുകാരും സത്യസന്ധതയുള്ള പ്രസാധകരും എണ്ണത്തിൽ കുറവാണെന്നിരുന്നാൽതന്നെയും അവരുടെ ആത്മാർത്ഥമായ അന്യോന്യസഹകരണം മഹാകാര്യങ്ങൾ സാധിക്കുവാൻ ശക്തിയുള്ളതായിത്തീരുകതന്നെചെയ്യും.

ഞാൻ ഒരു മികച്ച പ്രസാധകനായി സ്വയം പ്രഖ്യാപിക്കാൻ പാഴ്‌യത്നംചെയ്യുകയാണെന്നു ആരുംവിചാരിക്കരുതെന്നും വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു. കുററവും കുറവുമുള്ള സാധാരണ മനുഷ്യരിൽ ഒരുവൻ മാത്രമാണു ഞാൻ. ധാരാളം കുററങ്ങളും കുറവുകളും എന്നിലുമുണ്ടാകും. അതുമൂലം ഇടപാടുകളിൽ ചിലപ്പോൾ ചിലൎക്കു് അരോചകം തോന്നാൻ സംഗതിയായിട്ടുമുണ്ടാകും. മനുഷ്യസഹജമായ എന്നിലെ കുറവുകൾ കൊണ്ടു് അങ്ങനെ സംഭവിച്ചുപോകുന്നതാണു്. പക്ഷേ, ഒന്നു ഞാൻ ചെയ്യാറുണ്ടു്; എന്നെ സംബന്ധിച്ചു് ആൎക്കെങ്കിലും പറയാനുള്ള കുററങ്ങൾ ശ്രദ്ധാപൂൎവ്വം കേൾക്കുവാനും മററുള്ളവർ ചൂണ്ടിക്കാണിക്കുന്നതും എനിക്കുതന്നെ സ്വയം കാണാൻ കഴിയുന്നതുമായ കുററങ്ങളിലും കുറവുകളിലുംനിന്നു് വളരെ അകന്നു നില്ക്കുവാനും ഞാൻ സ്വയം പരിശ്രമിക്കുന്നു. ആ പരിശ്രമങ്ങൾ നൂറുശതമാനവും വിജയിക്കുന്നുണ്ടെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. ഇപ്പോഴും അത്തരം പരിശ്രമങ്ങളിൽ തന്നെയാണു് ഞാൻ എന്നെനിക്കു പറയുവാൻ കഴിയും.

വായനക്കാൎക്കെല്ലാം നന്ദിപറഞ്ഞുകൊണ്ടു് തല്ക്കാലം ഞാനിതു് ഉപസംഹരിച്ചുകൊള്ളട്ടെ.

---

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M07 Acc. No. 37877

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M07 37877

മാധവപൈ. ആർ. ഇടവൂർ

ഒരു പ്രസാധകന്റെ അനുഭവങ്ങൾ

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M07 Acc. No. 37877

Author [illegible]

Title ഒരു പ്രസാധകന്റെ അനുഭവ ങ്ങൾ

cm

gpura.org